# സമർപ്പണം

കേരളത്തിലെ ഗൗഡ സാരസ്വത ബ്രാഹ്മണസമാജം ഒരു നവോത്ഥാനത്തിന്റെ കാലഘട്ടത്തിലാണ്. പരമ്പരാ പ്രാപ്ത ങ്ങളായ ആചാരാനുഷ്ഠാനങ്ങളും, ജീവിത മൂല്യങ്ങളും ആധുനിക കാലത്തിന്റെ കുത്തൊഴുക്കിൽ സമാജത്തിൽ നിന്നും ചോർന്നുപോകുന്ന ദു:ഖ സത്യം കണ്ട് മനം നൊന്ത്, കിം കർത്തവ്യതാമൂഢരായി നിൽക്കുന്ന നമ്മുടെ സമാജാംഗ ങ്ങൾക്ക് പ്രതീക്ഷയും വിശ്വാസവും നൽകുന്ന ഒരു ആശാ കിരണമാണ് ജി. എസ്സി. ബി. മഹാസഭ - കേരള. നമ്മുടെ ധർമ്മഗുരു കാശീമഠാധിപതി ശ്രീമദ് സുധീന്ദ്ര തീർത്ഥസ്വാമി തൃപ്പാദങ്ങൾ നമുക്കു വേണ്ടി പ്രത്യേകം രൂപകൽപനചെയ്തു നൽകിയ ഈ മഹാസഭ പ്രവർത്തനങ്ങൾക്കുള്ള പച്ച ക്കൊടിക്കു വേണ്ടിയാണ് നാം വർഷങ്ങളായി കാത്തിരുന്നത്. ഒടുവിൽ 2012 ഏപ്രിൽ മാസം 8നു ശ്രീമദ് സംയമീന്ദ്ര തീർത്ഥസ്വാമി തൃപ്പാദങ്ങളുടെ ദിവ്യസാന്നിദ്ധ്യത്തിൽ കൊച്ചിയിലെ തിരുമല ക്ഷേത്രാഗ്രശാലയിൽ കേരളത്തി ലെമ്പാടുമുള്ള സമുദായാംഗങ്ങളുടെ യോഗത്തിൽ വച്ചു മഹാസഭാ പ്രവർത്തനം പുനരാരംഭിച്ച് മുന്നേറുവാൻ തീരുമാനിച്ചു. തുടർന്ന് ഗ്രാമസഭാസമിതികളും, സംയുക്ത ഗ്രാമസഭസമിതികളും രൂപികരിച്ചു പ്രവർത്തനങ്ങൾ ആരംഭിച്ചു.

മഹാസഭയുടെ ഘടനയും, പ്രവർത്തനശൈലിയും മറ്റു സംഘടനകളിൽ നിന്നും തികച്ചു വ്യത്യസ്തമാണ്. സമാജത്തിന്റെ സർവ്വതോമുഖമായ ഉന്നമനത്തിന് കാലോചിതവും പ്രായോഗികവുമായ ഒരു നൂതന പ്രവർത്തനശൈലിയാണ് സ്വാമിതൃപ്പാദങ്ങൾ നമുക്കുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ളത്.

1985, 1986,1987 എന്നീ വർഷങ്ങളിൽ നടത്തിയ സ്വയം സേവക ശിബിരങ്ങളിൽ ശ്രീസ്വാമിതൃപ്പാദങ്ങൾ അരുളിയ ആശീർവാദപ്രവചനങ്ങളുടെ സംക്ഷിപ്ത സമാഹരമാണ് ഇതിന്റെ ഉള്ളടക്കം. കൂടാതെ സമൂഹപ്രാത്ഥനയും, സമാജപ്രവർത്തകർക്കുള്ള അക്കവിട്ട നിർദ്ദേശങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സ്വാമിതൃപ്പാദങ്ങളുടെ ആശീർവാദപ്രവചനങ്ങൾ വിവിധ തലങ്ങളിലുള്ള ഗ്രാമസഭാ പ്രവർത്തകർക്ക് പ്രചോദനവും, വഴികാട്ടിയുമായിരിക്കണമമെന്ന് ജഗദീശ്വരനോട് പ്രാർത്ഥിച്ചു കൊണ്ട് ശ്രീഹരി ഗുരുചരണാരവിന്ദങ്ങളിൽ സവിനയം ഈ പ്രവചനസമാഹാരം സമർപ്പിച്ചുകൊള്ളുന്നു.

## മഹാസഭാ ലക്ഷ്യങ്ങളിൽനിന്ന്

1. **ജി. എസ്സ്. ബി. സമാജാംഗങ്ങൾക്കിടയിൽ ഏകീകരണം വളർത്തുക, സമാജത്തിന്റെ സർവ്വതോ മുഖമായ ക്ഷേമത്തിനായി പരിശ്രമിച്ചുകൊണ്ടേയിരിക്കുക.**
2. **ജി. എസ്സ്. ബി സമാജത്തിന്റെ പാരമ്പര്യാധിഷ്ഠിതങ്ങളായ വിശ്വാസപ്രമാണങ്ങൾ, അനുഷ്ഠാനങ്ങൾ, ആചാരങ്ങൾ മുതലായവ സംരക്ഷിക്കുവാനും, നിലനിർത്തുവാനും പ്രവർത്തിക്കുക.**
3. **വിദ്യാഭ്യാസം, കല, എന്നിവയിൽ മികവുള്ളവർക്ക് തക്കതായ പുരസ്ക്കാരങ്ങൾ നൽകി അഭിനന്ദിച്ച് കഴിവും, സാമർത്ഥ്യവും വികസിപ്പിക്കുക.**
4. **ജി. എസ്സ. ബി. സമാജ വിദ്യാർത്ഥികൾക്കിടയിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ സദാ ജാഗരൂകരായി പ്രവർത്തിക്കുക.**

**ഗ്രാമ സ്വയംസേവക് ശിബിരം – 1985**

# 1. ഗുരുവര്യരുടെ ഉത്ഘാടന ആശീർവചനം

അഴീക്കൽ ശ്രീ വരാഹ ദേവസ്വം കല്യാണമണ്ഡപത്തിൽ സന്നിഹിതരായ സ്വയം സേവകരെ ഈശ്വര സ്മരണ പൂർവ്വകം ആശീർവദിച്ചുകൊണ്ട് ശ്രീമദ് സുധീന്ദ്രതീർത്ഥ സ്വാമികൾ പ്രവചനമാരംഭിച്ചു.

നമ്മുടെ സമാജത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഗൗഡ സാരസ്വത ബ്രാഹ്മണ മഹാസഭയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഈ ശിബിരത്തിൽ പങ്കെടുക്കുവാൻ അനേകം ഗ്രാമങ്ങളിൽ നിന്നും സ്വയം സേവകർ എത്തിച്ചേരുന്നിരിക്കുന്നു. സമാജത്തിന്റെ നന്മയ്ക്കായി നിങ്ങളുടെ കഴിവിനനുസരിച്ച് പ്രവർത്തിക്കുവാൻ സന്മനസ്സോടും, സദുദ്ദേശത്തോടും സസന്തോഷം മുന്നോട്ടു വന്ന നിങ്ങളിൽ ഈ ശിബിരം ഉണർവ്വും ഉത്സാഹവും ഉളവാക്കുന്നതായിരിക്കും.

നമ്മുടെ സമാജത്തെക്കുറിച്ച് ഈ അവസരത്തിൽ കുറച്ചെങ്കിലും അറിഞ്ഞിരിക്കുന്നത് ഉചിതമായിരിക്കും. കേവലം ഒരു സമാജമല്ല നമ്മുടേത്. നാം സാരസ്വത ബ്രാഹ്മണരാണ്. നമുക്ക് ത്യാഗോജ്വലമായ ഒരു ചരിത്ര പശ്ചാത്തലമുണ്ട്. ധർമ്മാധിഷ്ഠിതമായ ഒരു ജീവിതരീതിയുണ്ട്. ധർമ്മരക്ഷണാർത്ഥം ഗൗഡം, ഗോമന്തകം എന്നീ ദേശങ്ങളിലൂടെ പ്രയാണം ചെയ്താണ് നാം ഈ ദക്ഷിണ ദേശത്ത് എത്തിച്ചേർന്നത്. അങ്ങിനെ സ്വധർമ്മം രക്ഷിക്കുന്നതിനുവേണ്ടി നാടും, വീടും സ്വത്തും സമ്പത്തും ഉപേക്ഷിച്ചുള്ള ഒരു സുദീർഘ യാത്രയുടെ ചരിത്രമാണ് നമുക്കുള്ളത്. എല്ലാം ത്യജിച്ച് ധർമ്മബോധം കാത്തുവന്ന നമ്മുടെ പൂർവ്വികർ ധർമ്മാഭിമാനികൾ, ധർമ്മപ്രിയർ, എന്നെല്ലാം അറിയപ്പെട്ടു. ത്യാഗമനസ്ഥിതികൊണ്ടും, ധർമ്മാഭിലാഷം കൊണ്ടും അവർ ഒരു ഉത്തര ചരിത്രം സൃഷ്ടിച്ചു.

തുടർന്നും അവർ ഉദാസീനരായിരുന്നില്ല. വളരെയേറെ ജനങ്ങൾ ദക്ഷിണ ഭാഗത്തു വന്നിരുന്നില്ലെങ്കിലും ചെന്നിടങ്ങളിൽ അവർ അവരുടേതായ സങ്കേതങ്ങളും ഇശ്വരാരാധനയ്ക്ക് ക്ഷേത്രങ്ങളും നിർമ്മിച്ചു. കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും സസന്തോഷം സഹിച്ച് ത്യാഗത്തിലൂടെ ആ ക്ഷേത്രങ്ങൾ വികസിപ്പിച്ച് വൈഭവ സമൃദ്ധിവരുത്തി യോഗ്യരീതിയിൽ പരിപാലിച്ചുപോന്നു. ഇതിനൊന്നും അവർ പരസഹായം തേടിയില്ല. ഇന്നും നമ്മുടെ ക്ഷേത്രങ്ങൾക്ക് ഉന്നതസ്ഥാനവും, മാന്യതയും, കീർത്തിയുമുണ്ട്. സർക്കാർ തലത്തിലെ റിപ്പോർട്ടുകളിൽ പോലും നമ്മുടെ ക്ഷേത്രങ്ങൾ ഏറ്റവും നല്ല നിലയിൽ നടത്തുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

സ്വധർമ്മാചരണത്തിലുള്ള അചഞ്ചലമായ ശ്രദ്ധാഭക്തി വിശ്വാസങ്ങൾ നമുക്ക് അസാമാന്യ ധൈര്യവും, നിശ്ചയ ദാർഢ്യവും, ത്യാഗ മനോഭാവവും നൽകുന്നു. ഇതിനു പോൽബലകമായി രോമാഞ്ച ജനകമായ അനേകം ചരിത്ര സംഭവങ്ങൾ ഉണ്ട്. ശക്തൻതമ്പുരാൻ നമ്മുടെ കൊച്ചി തിരുമലക്ഷേത്രം ആക്രമിക്കുവാനൊരുങ്ങിയപ്പോൾ അന്നത്തെ ധർമ്മഗുരുവായ ശ്രീമദ് രാജേന്ദ്ര തീർത്ഥ സ്വാമിജിക്ക് കൊച്ചിയിലെ ശിഷ്യഗണങ്ങൾ അയച്ച വിനന്തി പത്രത്തിൽ, ഏതു പ്രതികൂല പരിസ്ഥിതിയും നേരിടാനും, കഷ്ടതകൾ സഹിക്കുവാനും, തങ്ങൾ തയ്യാറാണെന്നും, ധർമ്മ പീഠത്തിൽ നിന്നുള്ള അനുഗ്രഹാശിസ്സുകൾ കൊണ്ട് ഇശ്വര കൃപയാൽ ഈ വിഷമ സന്ധി അതിജീവിക്കുവാൻ കഴിയുമെന്നും എഴുതിയിരുന്നു. ശക്തൻ തമ്പുരാന്റെ പടയാളികളെ ജനങ്ങൾ സധീരം ചെറുത്തു നിന്നു. ഗത്യന്തരമില്ലാതെ വന്നപ്പോൾ പത്തിരു പതുദിവസം പകൽ മുഴുവൻ കടലിൽ സഞ്ചരിച്ചു, രാത്രിയുടെ അന്ത്യയാമങ്ങളിൽ കരക്കണഞ്ഞ് പൂജാദികൾ നിർവ്വഹിച്ചും അജ്ഞാതവാസം നടത്തുകയും പിന്നീട് ആലപ്പുഴയിലെ പഴയ തിരുമല ക്ഷേത്രത്തിൽ അഗ്രശാല പണിത് ദേവരെ അവിടെ പ്രതിഷ്ഠിക്കുകയും ചെയ്തു. ഇതാണ് നമ്മുടെ പൂർവ്വികരുടെ അഭിമാനവും, ആവേശവും ഉണർത്തുന്ന ചരിത്രം. ഗൗഡ സരസ്വത ബ്രാഹ്മണരുടെ ചരിത്രം ഉൾക്കൊള്ളിക്കാത്ത കൊച്ചി സംസ്ഥാന ചരിത്രം അപൂർണ്ണമായിരിക്കും.

സമാജത്തിൽ കുറെക്കാലം മുമ്പു നടന്നിരുന്ന ഹൃദയസ്പർശിയായ ഒരു രംഗം അനുസ്മരിക്കാം. ആസന്നമരണനായിക്കിടക്കുന്ന പിതാവ് തന്റെ മക്കളെ അടുത്തു വിളിച്ചു പറഞ്ഞു. ഞാൻ വരുത്തിവച്ച കടം വീട്ടാതെ കിടക്കുന്നു. നിങ്ങൾ കഷ്ടപ്പാടുകൾ സഹിച്ചാലും പലിശയടക്കം ആ കടം കൊടുത്ത തീർക്കണം. എന്നെ ആ ഋണ ബാദ്ധ്യതയിൽ നിന്നും മുക്തനാക്കാമെന്ന് നിങ്ങൾ വാക്കു തരണം. ഞാൻ മന:ശ്ശാന്തിയോടെ മരിക്കട്ടെ. ശരി അച്ഛാ, ഞങ്ങൾ ആ കടം തീർച്ചയായും വീട്ടാം അവർക്കു വേണ്ടി പണിയെടുത്താണെങ്കിലും ആ കടം ഞങ്ങൾ വീട്ടും. അച്ഛന്റെ കാലുതൊട്ട് വന്ദിച്ച് മക്കൾ വാക്കു കൊടുത്തു. ആ പിതാവ്

എത്ര സന്തുഷ്ടനായി!

സ്വന്തം സമ്പത്ത് നഷ്ടപ്പെട്ടാലും ദൈവം നമ്മെ രക്ഷിക്കും എന്ന വിശ്വാസത്തോടെ സത്യത്തിലും വാക്കിലും ഉറച്ചുനിന്ന് , ആരേയും ചതിക്കാതെ, ദ്രോഹിക്കാതെ, വേദനപ്പെടുത്താതെയാണ് നമ്മുടെ പൂർവ്വജർ ജീവിച്ചത്.

ഇന്നോ? നമ്മുടെ കുട്ടികളുടെ കാര്യം തന്നെ നോക്കാം. പണ്ടുകാലത്ത് നമ്മുടെ കുട്ടികൾ ക്ലാസ്സുകളിൽ തോറ്റതായി കേൾക്കാറില്ലായിരുന്നു. എന്നാൽ ഇന്നങ്ങിനെയല്ല. ഇത് ബുദ്ധിയില്ലായ്മ കൊണ്ടല്ല. മറിച്ച് ദുർഗുണങ്ങൾ നമ്മിൽ കടന്നുകൂടിയിരിക്കുന്നതുകൊണ്ടാണ്. ദുശ്ശീലങ്ങൾ അധികരിച്ചിരിക്കുമന്നു. എന്തുകൊണ്ട് സദ്ഗുണങ്ങൾ വളരുന്നില്ല? ദൈവത്തോടടുക്കുവാനും, തെറ്റുകളിൽ പശ്ചാത്താപിച്ച് ക്ഷമായാചനം ചെയ്യുവാനും തയ്യാറല്ലാത്തതുകെണ്ടാണ്. ഈ അവസ്ഥയ്ക്ക് ഒരു നിയന്ത്രണം ഉണ്ടാകേണ്ടിയിരുക്കുന്നു. ഇന്നത്തെ ഈ പോക്ക് നല്ലതല്ല. അതു തടഞ്ഞേ തീരു. ഇതാണ് നമ്മുടെ ഉദ്ദേശം. സമാജത്തിലെ ദോഷങ്ങൾ നീക്കുന്നതും, ദുർഗ്ഗുണങ്ങൾ മാറ്റുന്നതും അത്ര എളുപ്പമുള്ള കാര്യമല്ല. അതിന് നിങ്ങൾ വേണ്ട വിധത്തിൽ തയ്യാറാകേണ്ടിയിരിക്കുന്നു. ഇവിടെയാണ് സ്വയം സേവകരുടെ ആവശ്യകത. അരുതാത്തത് ചെയ്യരുത് എന്നാരെങ്കിലും പറയണം. മാതാപിതാക്കളോ, സഹോദരങ്ങളോ ഇതു പറയുന്നില്ലെങ്കിൽ മറ്റാരെങ്കിലും ഇതു പറയേണ്ടേ? ഇതിനു വേണ്ടിയാണ് സ്വയം സേവക ദളം.

ഇതിനുവേണ്ടി സ്വയം സേവകർ യോഗ്യമായ രീതിയിൽ അച്ചടക്കത്തോടും, നിയമിതമായും പ്രവർത്തിക്കുവാൻ തയ്യാറാവണം. അവർ സമാജത്തിലെ ദോഷങ്ങൾ ദൂരീകരിച്ച് സദ്ഗുണങ്ങൾ വളർത്തിയെടുക്കണം. ശാരീരിക അസ്വാസ്ഥ്യങ്ങൾ ചികിത്സിക്കുവാൻ വൈദ്യനു കഴിയും. എന്നാൽ മാനസീകാസ്വസ്ഥ്യം കഷ്ടം തന്നെ. ന്യൂനത സ്വഭാവത്തിലാണെങ്കിലോ പരമകഷ്ടം തന്നെ. സ്വഭാവ ദോഷങ്ങൾ ഈശ്വരകാരുണ്യം കൊണ്ടു മാത്രമെ മാറുകയുള്ളൂ. നമുക്ക് ഡോക്ടറോ, എഞ്ചിനീയറോ, വ്യവസായിയോ ആകുവാൻ സാധിക്കും. എന്നാൽ ഒരു നല്ല മനുഷ്യനാകണമെങ്കിൽ ഈശ്വരാനുഗ്രഹം കൂടിയേ തീരു! ഒരു നല്ല മനുഷ്യൻ ഒരിക്കലും അരുതാത്തത് , അവിഹിതമായത് പ്രവർത്തിക്കുകയില്ല. ഒരു അദൃശ്യ ആന്തരിക ശക്തി ആ നല്ല മനുഷ്യനെ തിന്മയിൽ നിന്നും മാറ്റി നേർവഴിക്കു നയിക്കും.

മാനവ ജന്മം അസുലഭമാണ്. മറ്റുള്ള ജീവികളേക്കാൾ മഹത്വം ഉള്ളവനാണ് മനുഷ്യൻ. ജീവികളുടെ കഴിവുകൾ പരിമിതമാണ്. ജന്തുക്കൾക്ക് ആലോചന ശക്തിയില്ല. വിവേചന ശക്തിയില്ല. മനുഷ്യന്റെ സ്ഥിതി അതല്ല. അവൻ മൃഗങ്ങളെപ്പോലെ ഭക്ഷിക്കുന്നില്ല. ആഹാരപദാർത്ഥങ്ങളിലെ ദോഷങ്ങൾ നീക്കി പാകം ചെയ്ത് രുചിയോടെ ഭക്ഷണം കഴിക്കുന്നു. ഇത് മാനവ ജന്മത്തിന്റെ ശ്രേഷ്ഠതകളിലൊന്നാണ്. മനുഷ്യ ജന്മം ഈശ്വര ദത്തമാണ്. അനേകം പൂർവ്വജന്മങ്ങളിൽ നിന്ന് സമ്പാദിച്ച സുകൃതത്തിന്റെ ഫലമാണ് ഈ മാനവജന്മം. അത് കൊണ്ടു തന്നെയാണ് നരജന്മം വ്യർത്ഥമാക്കല്ലേ എന്ന് സജ്ജനങ്ങളും മഹാന്മാരും ഉദ്ഘോഷിക്കുന്നത്. ഈശ്വരൻ നമുക്ക് നൽകിയിട്ടുള്ള ഈ അസുലഭ സന്ദർഭം പാഴാക്കരുത്. കേവലം ഭോഗത്തിനുവേണ്ടി മാത്രം ജീവിച്ചാൽ മനുഷ്യൻ മൃഗസമാനനായിത്തീരും. തിന്നുക, കുടിക്കുക, ഉറങ്ങുക എന്നിവ മാത്രമാണ് മനുഷ്യൻ ചെയ്യുന്നതെങ്കിൽ എന്താണ് മനുഷ്യനും മൃഗവും തമ്മിൽ വ്യത്യാസം?

മാനവജന്മം സഫലമാക്കേണ്ടതെങ്ങനെ? ആദ്യമായി നിങ്ങളുടെ ജീവിതം നിയന്ത്രിതമാക്കണം. മുടങ്ങാതെ നിയമിതമായി ഈശ്വരാരാധനയും, ഉപാസനയും നടത്തണം. ബ്രാഹ്മണരായ നിങ്ങൾക്ക് സന്ധ്യാവന്ദനാദികളും, ഗായത്രീ ജപവും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. എന്താണ് സന്ധ്യാവന്ദനത്തിന്റെ പ്രാധാന്യം? ശരീരത്തിലെ നന്ധികളുടെ പ്രാധാന്യം നിങ്ങൾക്കറിയാമല്ലോ. അതുപോലെ കാലത്തിന് സന്ധ്യാസമയങ്ങൾ പ്രധാനമുള്ളതാണ്. രാത്രി മാറി പകൽ ആരംഭിക്കുന്ന സമയത്ത് പ്രത:സന്ധ്യയും പൂർവ്വാഹ്നവും അപരാഹ്നവും കൂടിച്ചേരുന്ന സൂര്യൻ ആകാശത്തിൽ നേർമുകളിൽ വരുന്ന സമയത്ത് മദ്ധ്യാഹ്ന സന്ധ്യയും, പകലും രാത്രിയും സന്ധിക്കുന്ന സമയത്ത് സായം സന്ധ്യയും അനുഷ്ഠിക്കേണ്ടതാണ്.

"അഹരഹ സന്ധ്യാം ഉപാസീത" ദിവസേന സന്ധ്യാകാലങ്ങളിൽ ഉപാസന നടത്തുക എന്നതാണ് വേദവാക്യം. "വേദോഹിധർമ്മ മൂലം", വേദങ്ങളാണല്ലോ ധർമ്മത്തിനാധാരം. "ശ്രുതിസ്മൃതിഹരേരെജ്ഞാ" എന്ന പ്രമാണം കൊണ്ട് സന്ധ്യാസമയത്ത് ഉപാസിക്കണമെന്നുള്ളത് ദൈവാജ്ഞ എന്നു സിദ്ധിക്കുന്നു. സന്ധ്യാവന്ദനം ശ്രദ്ധാഭക്തി വിശ്വാസങ്ങളോടുകൂടി അനുഷ്ഠിക്കണം. സന്ധ്യാവന്ദനാദികൾ ആചരിക്കാത്തവൻ "സർവ്വകർമ്മസുഅനർഹ:" അതായത് ഒരു സത്കർമ്മവും ചെയ്യാൻ അർഹനല്ല. അത്തരം വ്യക്തി നൽകുന്ന യജ്ഞാഹുതിപോലും സ്വീകരിക്കപ്പെടുന്നില്ല. സന്ധ്യാവന്ദനാദികൾ ചെയ്യുന്നത് നമ്മിലുള്ള ദോഷ നിവാരണത്തിനാണ്. ദേവസ്മരണയോടെ പ്രാണായാമം ശരീര

വ്യായാമത്തിനും, ആപ പ്രാശനം പാപ നിവാരണത്തിനും ഉതകുന്നു. ഋതുഭേദങ്ങൾ വരുന്നത് സൂര്യപ്രഭാവം കൊണ്ടാണെന്ന് ആധുനിക ശാസ്ത്രം പറയുന്നു.

"സുര്യ ആത്മാ ജഗത ചക്ഷുഷശ്ച"

ജഗത്തിന്റെ ആത്മാവും, കണ്ണുകളുമാണ് സൂര്യൻ. സൂര്യാന്തർഗത ശ്രീമൽ നാരായണനെ ധ്യാനിച്ച് അർഘ്യപ്രദാനം ചെയ്യണം. പിന്നീട് സദ്ബുദ്ധി ലഭിക്കുവാൻ ഗായത്രീജപം നടത്തണം. ഗായന്തം ത്രായതേ ഇതി ഗായത്രി. മനസ്സിലെ മാലിന്യങ്ങളിൽ നിന്നും മറ്റു ദോഷങ്ങളിൽ നിന്നും നമ്മളെ ഗായത്രി രക്ഷിക്കുന്നു. "വരണ്യം ഭർഗ്ഗഃ" ഉപാസിക്കുവാൻ സർവ്വഥാ യോഗ്യമായ ശ്രേഷ്ടമായ ആ തേജസ്സിനോടാണ് നാം പ്രാർത്ഥിക്കുന്നത്. എല്ലാവർക്കും നന്മ ലഭിക്കുന്നതിനായിട്ടുള്ള പ്രാർത്ഥനയാണ് ഉപസ്ഥാനത്തിലൂടെ ചെയ്യുന്നത്. സർവ്വോപരി, എല്ലാ പ്രവർത്തികളുടേയും സമർപ്പണവും ക്ഷമാപണ പ്രാർത്ഥനയും പ്രായശ്ചിത്താർത്ഥ ജപവും നടത്തി, സൽബുദ്ധിയും, സത്സ്വഭാവവും നൽകണമെന്ന് ഈശ്വരനോടു പ്രാർത്ഥിക്കണം.

സ്ത്രീജനങ്ങൾക്കുള്ള ആചാരങ്ങൾ ധർമ്മഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീജനങ്ങളുടെ മുഖ്യമായ സംസ്ക്കാരമാണ് വിവാഹം, ഈ വേളയിൽ വധുവിനെ ലക്ഷ്മീദേവിയായും വരനെ നാരായണ സ്വരൂപനായും സങ്കല്പിച്ച് ലക്ഷ്മി നാരായണനാണ് വിവാഹം നടത്തുന്നത്. വിവാഹത്തിനു ശേഷം അവർക്കുള്ള പ്രധാന ഉപാസന തുളസീപൂജ തന്നെ. തുളസി; നാരായണ മന: പ്രിയയത്രേ! അതുകൊണ്ട് തുളസീ സ്തോത്രം ചൊല്ലി കുങ്കുമം തൊട്ട് പൂക്കൾ ചൂടി പ്രദക്ഷിണം വെച്ച് മാംഗല്യത്തിനുവേണ്ടി പ്രാർത്ഥിക്കുക. ലക്ഷ്മീസ്തോത്രവും, വെങ്കിടേശ സ്തോത്രവും അവർക്ക് പാരാരയണം ചെയ്യാം. വിവാഹിതരായ സ്ത്രീകൾക്ക് ജപമന്ത്രം സ്വീകരിക്കാം, ലക്ഷ്മീ സ്തോത്രത്തിലെ ഓരോ ശ്ലോകവും ചൊല്ലി കുങ്കുമ പുഷ്പാദികൾ ലക്ഷ്മീ ദേവിയുടെ ചരണരവിന്ദങ്ങളിൽ ഭക്തിയോടെ അർപ്പിച്ച് അവർക്ക് പൂജ നടത്താം, ആരതി കാണിക്കാം. ഭക്തിയോടും വിശ്വാസത്തോടും കൂടി ശാന്തിക്കും, ഐശ്വരത്തിനും വേണ്ടി പ്രാർത്ഥിച്ചാൽ ദൈവം തീർച്ചയായും അവ നൽകും.

"യാത്ര നാര്യസ്തു പുജ്യന്തേ രമന്തേതത്ര ദേവതാ"

എന്ന് മനസ്മൃതി , സന്തുഷ്ടരായ സ്ത്രീകൾ ഉള്ള വീട് ഈശ്വരന്റെ ഇരിപ്പടമായിരിക്കും. അമിതമായ ആശയില്ലാതെ ജീവിച്ചാൽ വീട്ടിൽ സുഖവും, സന്തോഷവും, ശാന്തിയും വിളയാടും. സ്ത്രീകൾ മൂലമാണ് വീടുകളിലെ ആചാര വിചാരങ്ങൾ കാത്തു സൂക്ഷിക്കപ്പെടേണ്ടത്, അതുകൊണ്ട് സ്ത്രീകളെ രക്ഷിക്കേണ്ടത് പുരുഷന്റെ കർത്തവ്യമാണെന്ന് സ്മൃതികൾ ഘോഷിക്കുന്നു. സ്ത്രീകൾ രക്ഷിക്കപ്പെടും. അവരുടെ വഴി തെറ്റിയാൽ എല്ലാം നഷ്ടമാകും. സ്ത്രീകൾ പുരാണ പാരായണം നടത്തണം. ഭാരത, ഭാഗവതാദി പുരാണ പുസ്തകങ്ങൾ മലയാളത്തിലും ലഭ്യമാണല്ലോ. ഉത്തമ സ്ത്രീകളുടെ ചരിത്രവും മനസ്സിലാക്കേണ്ടതാണ്.

വസിഷ്ഠസ്യാപ്യരുന്ധതീ

കൗശികസ്യയഥാ സതീ

തഥാത്വ മപി ഭർത്തരി

വസിഷ്ഠന് അരുന്ധിതിയും കൗശികന് സതിയും വളരെ പ്രിയമുള്ളവരായിരുന്നു. അതു പോലെ നീയും നിന്റെ ഭർത്താവിന് പ്രിയമുള്ളവളായിരിക്കട്ടെ. എന്നാണ് സ്ത്രീകളെ അനുഗ്രഹിക്കുന്നത്.

സ്ത്രീകൾ വിചാരിച്ചാൽ ഒരു വീട്ടിൽ സുഖത്തിന്റെയും, ശാന്തിയുടെയും വാതാവരണം സൃഷ്ടിക്കുവാൻ കഴിയും. ഈ ശിബിരത്തിൽ കുറച്ചു സ്ത്രീകളെ വന്നെത്തിയിട്ടുള്ളൂ. എന്നാൽ നമ്മുടെ സമാജത്തിലെ സ്ത്രീ വിഭാഗത്തിന്റെ പ്രധിനിധികളായി നാം അവരെ കാണുന്നു. നിങ്ങൽ മൂലം ഈ വിവരങ്ങളെല്ലാം മറ്റുള്ളവരും അറിയണം. സമാജത്തിലെ ദോഷങ്ങൾ ദൂരീകരിക്കുവാൻ നിങ്ങൾ ആവുന്നതും ശ്രമിക്കുക.

ഏവർക്കും ആഹാരത്തിൽ കുറച്ചു നിയന്ത്രണം വേണം. അമിതാമായി ആഹാരം, ദഹനം വിഷമത്തിലാക്കും. ആലസ്യം വർദ്ധിക്കാനും ഇടവരുത്തും. പ്രാചീന യുഗത്തിൽ വായുകൊണ്ടുമാത്രം പ്രാണൻ നില നിന്നിരുന്നു. അതിനുശേഷം ജലം മാത്രം മതിയായിരുന്നു പ്രാണസംരക്ഷണത്തിന്. എന്നാൽ കലിയുഗത്തിൽ അന്നം തന്നെയാണ് ജീവന് ആധാരം. ഇന്നതുതന്നെ വേണം; ഇന്നതു കിട്ടിയേ തീരു എന്നാരും ശാഠ്യം പിടിക്കരുത്. ആരോഗ്യത്തിനു വേണ്ടി മാത്രമാണ് ആഹാരം; രുചിക്കു വേണ്ടിയല്ല. അത് പരിമിതവും ഉത്തമവും ആയിരിക്കണം. മിതം ഭുത്വാ എന്നാണ് പറയുന്നത്. കണ്ടതെന്തും കിട്ടിയതെന്തും ഭക്ഷിക്കുന്ന സ്വാഭാവം നമുക്ക് നല്ലതല്ല. അച്ഛനമ്മമാർ സമ്പാദിക്കുന്നത് യാതൊരു നിയന്ത്രണവുമില്ലാതെ, തോന്നിയ രീതിയിൽ നിർബന്ധം പിടിച്ച് കുട്ടികൾ ചിലവാക്കുന്ന രീതി സ്വയം

സേവകർ ഒരിക്കലും സ്വീകരിച്ചു കൂടാ. ഉദാഹരണത്തിന് വീട്ടിൽ ഭക്ഷണം കഴിച്ചതിനു ശേഷവും കൂട്ടുകൂടി ഹോട്ടലുകളിലും മറ്റും ചെന്ന് ഭക്ഷണം കഴിക്കുന്നവരുണ്ട്. സ്വയം സേവകർ ഉത്തമമായ ജീവിതരീതി പാലിക്കേണ്ടവരാണ്.

സന്ധ്യാ വന്ദനത്തിനു ശേഷം വിഷ്ണു സഹസ്ര നാമവും, ഭഗവദ്ഗീതയും പാരായണം ചെയ്യണം. മഹാഭാരതത്തിൽ മുഖ്യമായവയാണ് ഇവ രണ്ടും. ഈശ്വര സ്തുതികൊണ്ട് നമ്മിൽ ഭക്തിഭാവം മുളയ്ക്കുന്നു. ഭക്തന്റെ ജന്മം ധന്യമായിത്തീരും. വേദങ്ങളുടെ സാരവും സത്തുമാണ് ഗീത. അർത്ഥം മനസ്സിലായില്ലെങ്കിൽ പോലും ശ്രദ്ധാഭക്തി വിശ്വാസങ്ങളോടെ പാരായണം ചെയ്താൽ മതി. കൂടാതെ നിത്യവും ക്ഷേത്രങ്ങൾ സന്ദർശിച്ച് ദേവ ദർശനം നടത്തണം. ക്ഷേത്രങ്ങളിൽ ദേവദർശനത്തിന് ഒരു സമ്പ്രദായമുണ്ട്, ക്രമമുണ്ട്, രീതിയുണ്ട്. ആഫീസ് ഡ്രസ്സിലും മറ്റുമല്ലാതെ രണ്ടാം മുണ്ടോടുകൂടി ദേവ ദർശനത്തിന് പോകുന്നത് ഉത്തമമായിരുക്കും. ക്ഷേത്രത്തിൽ നമസ്ക്കരിച്ച്, പ്രദക്ഷിണം വെച്ച്, വീണ്ടും നമസ്ക്കരിച്ച്, തീർത്ഥ പ്രസാദവും വാങ്ങി കുറച്ചു നേരം പവിത്രമായ ക്ഷേത്ര പരിസരത്തു ഇരുന്നതിനു ശേഷം വീട്ടിലേക്ക് മടങ്ങണം.

സന്ധ്യാവന്ദനവും, പ്രാർത്ഥനയും, ക്ഷേത്രസന്ദർശനവും മറ്റും നിത്യവും ചെയ്യേണ്ടതെന്തിനാണ്? നിത്യവും നിയമിതമായി ഇവയെല്ലാം ആചരിച്ചാൽ അതൊരു അഭ്യാസമായി മാറും. ഗായത്രീ ജപവും, പ്രാണയാമവും മറ്റും നിത്യേന ചെയ്താൽ മനസ്സിനെ നിയന്ത്രിക്കുവാനും നല്ല രീതിയിൽ നയിക്കുവാനും സാധിക്കും. നിത്യാഭ്യാസം കൊണ്ട് ഉപാസനാ സമയത്ത് മനസ്സിനെ ഏകാഗ്രമാക്കുവാൻ സാധിച്ചാൽ ആ കഴിവ് നമുക്ക് പഠിത്തത്തിലും മറ്റു വിഷയങ്ങളിലും ഉപയോഗിക്കുവാൻ സാധിക്കും. നിത്യ നിയമിതമായി പ്രാർത്ഥിക്കുമ്പോൾ കരുണാമയനായ ഈശ്വരൻ അനുഗ്രഹിക്കും.

എന്തിനാണ് നാം ആരാധനയും ഉപാസനയും മറ്റും ചെയ്യേണ്ടത്? മനുഷ്യൻ പ്രകൃതിക്ക് വശംവദനായി ചെയ്യേണ്ടതും, ചെയ്യരുതാത്തതുമായ അനേകം കർമ്മങ്ങളിൽ ദിവസേന മുഴുകുന്നു. ചെയ്യേണ്ട കർമ്മങ്ങളിൽ നിന്നും പുണ്യവും, ചെയ്യരുതാത്തതിൽ നിന്നു പാപവും സമ്പാദിക്കുന്നു. ദിവസേനയുള്ള പ്രാർത്ഥന അന്നന്നു ചെയ്ത പാപനാശത്തിനു കാരണമാകുന്നു. മനസ്സിലെ മാലിന്യം കുറയുമ്പോൾ പാപചിന്തയും, പാപം ചെയ്യാനുള്ള പ്രേരണയും കുറയുന്നു. നിതാന്തമായ പ്രാർത്ഥന മൂലം നാം ഒടുവിൽ പാപം ചെയ്യാത്ത ഒരവസ്ഥയിലേക്ക് നീങ്ങും. ജന്മജന്മാന്തരങ്ങളിൽ സമ്പാദിച്ച ദോഷങ്ങൾ പ്രാർത്ഥനയിലൂടെ അങ്ങിനെ മാറ്റുവാൻ സാധിക്കും.

മേൽ പറഞ്ഞ രീതികളിൽ പ്രവർത്തിക്കുവാനും ജീവിക്കുവാനും ഈശ്വരൻ സന്മനസ്സ് നിങ്ങളേവർക്കും നൽകട്ടെ. നിങ്ങളിലൂടെ സമാജത്തിലെ തിന്മ ദുരീകരിച്ച് നന്മ വളരുവാൻ ഇടവരട്ടെ. നിങ്ങളുടെ ഈ സമാജ പ്രവർത്തനം ജന്മ സാഫല്യത്തിനും, ഈശ്വരാനുഗ്രഹത്തിനും കാരണമായി ഭവിക്കട്ടെ എന്ന് പുനർ ആശീർവദിച്ചുകൊണ്ട് സ്വാമിജി ശിബിരം ഉൽഘാടനം ചെയ്തു.

ഗ്രാമ സ്വയംസേവക് ശിബിരം – 1985

# 2. പ്രഥമദിന സായംകാലം പ്രവചനം

ഈശ്വര സ്മരണ പൂർവ്വകം ശിബിരത്തിൽ സന്നിഹിതരായവരെല്ലാവർക്കും ആശീർവാദങ്ങൾ. വിഭാവനം ചെയ്തപോലെ ഭംഗിയായും, ചിട്ടയായും, പ്രഥമദിനകാര്യ പരിപാടികൾ നടന്നു. ഇതുപോലെ നാളത്തെ പരിപാടികളും നടക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഇന്നു ഉച്ച തിരിഞ്ഞു നടന്ന ചർച്ചകളിൽ പല നല്ല അഭിപ്രായങ്ങളും ഉയർന്നുവന്നിട്ടുണ്ട്. സന്ധ്യാവന്ദന മന്ത്രാർത്ഥം മനസ്സിലാക്കണമെന്നതാണ് ഇതിലൊന്ന്. സന്ധ്യാ വന്ദനക്രമത്തിൽ പ്രാധാനപ്പെട്ടതാണ് ഗായത്രി. ഗായത്രി ത്രിപാദയാണ്. ഗായത്രിയുടെ മൂന്നു പാദങ്ങളിലായി ഋഗ്, യജ്ജുർ, സാമ വേദങ്ങളുടെ സാരം അടങ്ങിയിരിക്കുന്നു. ഈ മൂന്നു വേദ തത്വങ്ങൾ മൂന്നു പാദങ്ങളിലടക്കി എന്നു പറയുമ്പോൾ എത്ര മഹത്തായതാണ് ഗായത്രി എന്നു മനസ്സിലാക്കാം. അതിന്റെ അർത്ഥം എളുപ്പത്തിൽ ഒരു വാക്ക് കൊണ്ടോ, വാചകം കൊണ്ടോ അഥവാ ഒരു പുസ്തകം കൊണ്ടൊ വിവരിക്കാവുന്നതല്ല.

നാം സർവ്വാന്തർയാമി എന്ന് ഈശ്വരനെക്കുറിച്ച് പറയാറുണ്ട്. എന്താണ് അതിന്റെ അർത്ഥം? എല്ലാത്തിലും അടങ്ങിയിരിക്കുന്നത് എന്ന് എളുപ്പം പറയാം. സർവ്വം എന്നു പറഞ്ഞാൽ കുറച്ചു വല്ലതുമാണോ? നാം കാണുന്ന ഓരോ നക്ഷത്രവും ഓരോ സൂര്യനാണെന്നു ഇക്കാലത്തെ ശാസ്ത്രജ്ഞർ പറയുന്നു. സൂര്യനു ചുറ്റും അനേകം ഗോളങ്ങളും, അങ്ങനെ അനേകം സൗരയൂഥങ്ങൾതന്നെ യുണ്ട്. ഇവയെക്കുറിച്ച് പൂർണ്ണമായി ഗ്രഹിക്കുവാൻ മനുഷ്യനു സാദ്ധ്യമല്ല. അതായത് ഈ ബ്രഹ്മാണ്ഡത്തെ കുറിച്ച് മനസ്സിലാക്കുവാനുള്ള യോഗ്യത അല്ലെങ്കിൽ കഴിവ് മനുഷ്യ മനസ്സിനില്ല. ഇതിനെല്ലാം അടങ്ങിയിരുക്കുന്ന ഈശ്വരൻ ഇതിലും ബൃഹത്ത് ആയിരിക്കണമല്ലോ. സൃഷ്ടിക്ക് തന്നെ കാരണ ഭൂതനായ ഈശ്വരനെക്കുറിച്ച് എങ്ങനെ നമുക്ക് മനസ്സിലാക്കുവാൻ കഴിയും?

വിജ്ഞാനമവിജാനത

അവിജ്ഞാതം വിജാനത:

എല്ലാം മനസ്സിലാക്കി, എല്ലാം അറിയാം എന്ന് പറയുന്നത് അറിവില്ലായ്മ കൊണ്ടാണ്. അറിയേണ്ടതിന്റെ വ്യാപ്തി എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാത്തതുകൊണ്ടാണ്. അറിവ് അനന്തമാണെന്ന് മനസ്സിലാക്കിയവർ അറിയാത്തത് വളരെയേറെ ഉണ്ടെന്നു പറയും.

ജപാർത്ഥം വളരെ ഗഹനമാണ്. അർത്ഥം മനസ്സിലായില്ലെങ്കിൽ പോലും, അത് മഹത്തരമായ തത്വം ഉൾക്കൊള്ളുന്നതാണ് എന്ന് മനസ്സിലാക്കി ജപിച്ചാൽ ഫലം സിദ്ധിക്കും.

ഞാൻ പഠിച്ചു ഞാൻ മനസ്സിലാക്കി എന്നൊക്കെ നിങ്ങൾ പറയാറുണ്ട്. ഞാനാര്? ജീവാത്മാവെന്നു കരുതാമോ? അഹം എന്ന അസ്തിത്വം ദൈവം നൽകിയാൽ മാത്രം ഉദ്ഭൂതമാകുന്നു. ദൈവം കനിഞ്ഞു നൽകിയാൽ മാത്രം മനുഷ്യന് ലഭിക്കുന്നതാണ് ശക്തി. പരമാത്മാവ് നൽകുന്ന ശക്തിയേ ജീവാത്മാവിനുള്ള അജയ്യനെന്നു പ്രസിദ്ധനായ അർജ്ജുനൻ ശ്രീ കൃഷ്ണന്റെ അസാന്നിധ്യത്തിൽ കേവലം ഒരു വേടനോടു തോൽക്കുന്ന സംഭവം മഹാഭാരതത്തിലുണ്ട്. നിജധാമത്തിലേയ്ക്ക് മടങ്ങിയതിനുശേഷം ശ്രീ കൃഷ്ണന്റെ പതിനാറായിരത്തെട്ട് ഭാര്യമാരേയും ഒരു വേടന്റെ ആക്രമത്തിൽ നിന്നും രക്ഷിക്കുവാൻ ഗാണ്ഡീവധാരിയായ അർജ്ജുനന് സാധിച്ചില്ല. അർജ്ജുനന്റെ വാക്കുകൾ ശ്രദ്ധിക്കുക. ഈശ്വര! അങ്ങുള്ളപ്പോൾ മാത്രം എനിക്കു ശക്തി. അല്ലെങ്കിൽ ഞാൻ നിസ്സാഹായനാണ്. ശക്തിഹീനനാണ്. ദൈവം ചരടിൽ കളിപ്പിക്കുന്ന വെറും കളിപ്പാവകൾ മാത്രമാണ് നമ്മൾ.

ശ്രീകൃഷ്ണൻ ഉദ്ധവർക്ക് ഉപദേശിച്ച പതിനൊന്ന് ആരാധനാ മാർഗ്ഗങ്ങളുണ്ട്.

സുര്യോഗ്നിർ ബ്രാഹ്മണോ ഗാവോ

വൈഷ്ണവ ഖം മരുത് ജലം

ഭ്രൂ ആത്മ സർവ്വ ഭ്രൂ താനി

ഭദ്ര പൂജാമനാനിമേ.

അതിൽ ആദ്യം പറഞ്ഞിട്ടുള്ളത് സൂര്യാരാധനയാണ്. സന്ധ്യാവന്ദനം കൊണ്ട് നമ്മൾ ചെയ്യുന്നത് ശ്രേഷ്ഠമായ സൂര്യാന്തർഗത നാരായണ പൂജ തന്നെയാണ്. സന്ധ്യാവന്ദനത്തിലെ ഒരു ഭാഗമാണ് അഗ്നികാര്യം. അഗ്നിയിലുള്ള പരമാത്മാവിനെയാണ് ആരാധിക്കുന്നത്. ഇപ്പോൾ വീടുകളിൽ ബ്രാഹ്മണ പൂജയില്ല. ആനുകൂല്യ മില്ലാത്തതുകൊണ്ടാണെന്നു പലരും പറയുന്നു. ഗുരുവായൂ

രിലും, ഉഡുപ്പിയിലും ഒരു സമ്പ്രദായമുണ്ട്. ദേവന് നിവേദ്യം അർപ്പിക്കുമ്പോൾ തന്നെ ബ്രാഹ്മണ ഭോജനവും നടത്തുന്നു. അതിന് അനുയാഗം എന്നു പറയുന്നു. ബ്രാഹ്മണ മുഖത്തിലൂടെ ദൈവം സ്വീകരിക്കുന്നതായി സങ്കല്പിക്കുന്നു. കൊല്ലത്തിൽ ഒന്നോ രണ്ടോ തവണയെങ്കിലും ബ്രാഹ്മണ പൂജ ലഘുവായ തോതിൽ ആണെങ്കിലും നടത്തുന്നത് നന്നായിരിക്കും. വീട് അതുമൂലം പവിത്രവും, സന്തുഷ്ട വുമാകും.

പല കാരണങ്ങൾ കൊണ്ടും പശുക്കളെ വളർത്തലും കുറഞ്ഞിട്ടുണ്ട്. ഗോവിൽ ഭൂമാതാ മാത്രമല്ല, പതിനാലു ലോകങ്ങളും അടങ്ങിയിരിക്കുന്നതായി സങ്കല്പിക്കുന്നു. പശുവിന്റെ നേത്രങ്ങളെ സൂര്യചന്ദ്രന്മാരോടുപമിക്കുന്നു. ഗോസാവിത്രി എന്നൊരു സ്തോത്രമുണ്ട്. ഗോ പൂജനവും ഇപ്പോൾ ക്ഷേത്രങ്ങളിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു. വർഷത്തിലൊരിക്കലെങ്കിലും മഹാലയ അമാവാസി നാളിൽ ഗോപൂജ നടത്തുന്നത് നന്നായിരിക്കും.

വൈഷ്ണവ പൂജയാണ് മറ്റൊരു ആരാധനാക്രമം. “വൈഷ്ണവാനാം യഥാശംഭു” പരമേശ്വരനെപ്പോലെ വേറൊരു വൈഷ്ണവനിവല്ല. പരമശിവൻ എന്നും രാമ നാമം ജപിക്കുന്നു. പരമ ത്യാഗിയാണദ്ദേഹം. പാലാഴിമഥനസമയത്ത് കരാള വിഷം പൊങ്ങി വന്നു. അതിന്റെ വിഷജ്വാലകൾ കണ്ട് ദേവന്മാർ എന്തു ചെയ്യണമെന്നറിയാതെ ശങ്കിച്ചു നിന്നു. പരമശിവൻ പരമാനത്മാവിനെ ധ്യാനിച്ച് അതു മുഴുവനും കുടിച്ചു. പാർവ്വതി ഭയന്ന് കഴുത്തിൽ മുറുകെപ്പിടിച്ച് അതു കണ്ഠത്തിൽ നിന്നും ഇറങ്ങാതിരിക്കാൻ ശ്രമിച്ചു. അതവിടെത്തന്നെ ഉറച്ച് ശിവൻ നീല കണ്ഠനായി. പരമേശ്വരനെ ആരാധിക്കുന്നതുകൊണ്ട് നമ്മുടെ പരമ ശത്രുവായ അഹങ്കാരം നശിക്കും. അഹങ്കാരമാണ് പല വഴക്കുകൾക്കും കാരണം. യാതൊരാഡംബരവുമില്ലാത്ത വനാണ് ശിവൻ. മാധ്വരായ നമ്മളും പരമേശ്വരനെ ആരാധിക്കുന്നു. ശിവൻ എന്ന വാക്കിൽ നിന്നുതന്നെ മംഗലരൂപിയും ശാന്തസ്വരൂപനുമെന്ന് ധരിക്കാം. വൈഷ്ണവർ അതുപോലെ അഹങ്കാരവും ആഡംബരവുമില്ലാത്തവരും, വിനയമുള്ളവരുമായിരിക്കും.

ഖം-(ആകാശം), വായു, ജലം, ഭൂമി, ആത്മ, സർവ്വഭൂതങ്ങൾ ഇവയെ എല്ലാം ആരാധിക്കുവാൻ നമുക്ക് കഴിവോ സൗകര്യമോ ഇല്ലാത്തതുകൊണ്ട് ദേവ പൂജയിലൂടെ ആരാധന നടത്തുന്നു. കലശപൂജനം ദേവ പൂജയുടെ ഒരംഗമാണല്ലോ. അതിൽ ജലമെടുത്തു പൂക്കളും മറ്റു സുഗന്ധ വസ്ത്തുക്കളും ഭൂമിയുടെയും ആകാശത്തിന്റെയും പ്രതീകമായി ചേർക്കുന്നു. അങ്ങിനെ ദേവ പൂജാ സമയത്ത് ഖം, ജലം, ഭൂ എന്നിവയുടെ ആരാധനയും നടത്തുന്നു. ആത്മാവിൽ പരമാത്മാവിനെ പൂജിക്കാൻ യോഗികൾക്ക് മാത്രമെ സാധിക്കുകയുള്ളൂ. ഹോളി കഴിഞ്ഞു വരുന്ന മഞ്ഞക്കുളി സമയത്ത് കൊച്ചിയിലും മറ്റും സർവ്വ ഭൂത ബലിയിടുന്ന പതിവുണ്ട്.

ആരാധനാക്രമത്തിൽ സൂര്യാരാധനയാണ് ആദ്യം പറഞ്ഞിട്ടുള്ളത്. ഉപനയന സമയത്ത് യജ്ഞോപവീതധാരണം കഴിഞ്ഞ വടുവിനെ സൂര്യനിരീക്ഷണത്തിനു കൊണ്ടു പോകാറുണ്ട്.

യജ്ഞോപവീതാമാചമനാദിഹോമ:

ജലാഞ്ജലി സൂര്യനിരീക്ഷണശ്ച:

ആ സമയത്ത് സൂര്യനെ കാണിച്ചുകൊണ്ട് പറയുന്ന തെന്തെന്നാൽ ആ കാണുന്ന സൂര്യൻ പ്രത്യക്ഷ ദൈവമാണ്. സൂര്യനെ എന്നും ആരാധിക്കണം. ആത്മാവിന്റെ ഉദ്ധരണത്തിനാണ് നാം സന്ധ്യാവന്ദനാദികൾ ചെയ്യുന്നത്. ഇതുമൂലം നാം വിഷ്ണു പ്രീതിക്ക് അർഹരാകുന്നു. ദൈവപ്രീതി ലഭിച്ചാൽ നമുക്ക് പിന്നെന്തുവേണം? ഈ ജഗത് മുഴുവനും നമ്മുടേതാകും.

കർണ്ണാടകത്തിലെ ഒരു ഹരിദാസന്റെ കഥയുണ്ട്. ഒരിക്കൽ രാജാവ് തന്റെ മുമ്പിൽ ഹരികഥാകഥനം നടത്തുവാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ദൈവ പ്രീതിക്കായി ഹരികഥ പറഞ്ഞിരുന്ന ഹരിദാസന് രാജപ്രീതിക്കായി ഹരികഥ പറയുവാൻ മനസ്സ് വന്നില്ല. വിവരം പറഞ്ഞാൽ രാജകോപത്തിന് ഇരയാകുമോ എന്ന ഭയം മറുവശത്തും. ഏതായാലും താൻ ഹരിദാസനാണെന്നും നരദാസനല്ലെന്നും ദേവസന്നിധിയിൽ മാത്രമേ ഹരികഥ പറയുകയുള്ളു എന്നും അദ്ദേഹം തുറന്നു പറഞ്ഞു. രാജാവ് ബുദ്ധിമാനായിരുന്നു. കൊട്ടാരത്തിലെ ദേവസന്നിധിയിൽ പറഞ്ഞാൽ മതി എന്നായി രാജാവ്. ഹരിദാസ് സമ്മതിച്ചു. കഥാകഥനത്തിനിടക്ക് ഹരിദാസനോ, രാജാവോ ആരാണ് കൂടുതൽ ഭാഗ്യവാൻ? എന്ന് പ്രശ്നരൂപേണ ചോദിച്ചുകൊണ്ട് ഹരിദാസ് പറഞ്ഞു. “താങ്കളുടെ പക്കൽ രാജശ്രീ, ഐശ്വര്യം, അതായത് ലക്ഷ്മിയുണ്ട്. പക്ഷെ എന്റെ പക്കൽ ലക്ഷ്മീ ദേവിയുടെ നാഥൻ സാക്ഷാൽ നാരായണൻ തന്നെയാണുള്ളത്. അതുകൊണ്ട് ഞാൻ തന്നെ ധന്യൻ; അതു തന്നെ എന്റെ ഭാഗ്യം.”

# ആശീർവാദ പ്രവചന സമാഹാരം

ഇന്ന് സ്വയം സേവകരുടെ രണ്ടു സംഘങ്ങളെ അഭിമുഖ സംഭാഷണത്തിനു വിളിച്ചിരുന്നു. അവരോട് നാം ഒരു പ്രശ്നം ഉന്നയിച്ചു. എന്താണ് നിങ്ങളുടെ ജീവിത ലക്ഷ്യം ? ഒരു വ്യക്തിയൊഴികെ മറ്റാരും മറുപടി പറഞ്ഞില്ല. ഭൗതികസുഖം, താൽക്കാലികവും, നശ്വരവുമാണെന്നും, ശാശ്വതമായ, ആദ്ധ്യാത്മ സുഖത്തിനു വേണ്ടിയുള്ള പ്രയത്നമാണ് ലക്ഷ്യമെന്നും ലക്ഷ്മിനാരായണ ഭട്ട് പറഞ്ഞു. ഭൂരിഭാഗം യുവാക്കളും ജീവിതത്തിലെ ഉന്നത മൂല്യങ്ങളെക്കുറിച്ച് ചിന്തിക്കാറില്ലെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. ഏതാനും ചിലർ ഉന്നത ചിന്തകളുള്ളവരായി കാണുമായിരിക്കും. നമ്മുടെ സമാജത്തിലെ ചിലർ രാമകൃഷ്ണാമിഷനിൽ ഉന്നത പദവിയിൽ ഇരുന്നു പ്രവർത്തിക്കുന്നവരുണ്ട്. എന്നാൽ ഇവിടങ്ങളിൽ ആ ദിശയിൽ ചിന്തിക്കുന്നവർ കുറവാണെന്നു തോന്നുന്നു. ഇതിനുള്ള പ്രേരണ എവിടെ നിന്ന്? സ്വഗൃഹത്തിൽ നിന്നും തന്നെ ഇതിന് വെളിച്ചം കിട്ടണം. ലൗകികത്തിൽ അങ്ങേ അറ്റം മുങ്ങിക്കഴിയുന്ന മാതാപിതാക്കൾക്ക് മക്കളെ മറിച്ച് എങ്ങിനെ നയിക്കാനാവും.

സന്ധ്യാവന്ദന ക്രമത്തിൽ ഐക്യരൂപം വേണം എന്ന് ഇന്നത്തെ ചർച്ചയിൽ അഭിപ്രായപ്പെട്ടതായി നാം അറിഞ്ഞു. അതിനു മുന്നാലു പേരെ നിയോഗിച്ച് സംസ്ഥാനത്തിൽ നിന്നും വേണ്ട വ്യവസ്ഥ ചെയ്യുന്നതാണ്. സന്ധ്യാവന്ദന പദ്ധതി വ്യാഖ്യാന സഹിതം അച്ചടിച്ച് പ്രസിദ്ധപ്പെടുത്താവുന്നതാണ്. അപ്പോൾ ആർക്കും സംശയത്തിന് ഇടവരില്ലല്ലോ.

ചിലയിടങ്ങളിൽ നന്ധ്യാവന്ദനം പഠിപ്പിക്കുവാൻ സൗകര്യം വേണമെന്ന് അറിയുന്നു. അതിനും വേണ്ട വ്യവസ്ഥകൾ മഠത്തിൽ നിന്നും തന്നെ ചെയ്യുവാൻ ശ്രമിക്കുന്നതാണ്.

ഇന്നു നടന്ന പരിപാടികളെല്ലാം ഈശ്വര പ്രീതിക്ക് കാരണമാകട്ടെ. ഇതിൽ പങ്കുകൊള്ളുന്നു സ്വയം സേവകർക്കും, ഇതിനായി നിരന്തരം പ്രയത്നിക്കുന്ന സഹായികൾക്കും ആത്മ സംതൃപ്തിയുളവാകട്ടെ എന്ന് ഈശ്വരനോട് പ്രാർത്ഥിക്കുന്നു. ഈ ശിബിരത്തിൽ വെച്ച് കേട്ട് മനസ്സിലാക്കിയ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ.

**ഗ്രാമ സ്വയംസേവക് ശിബിരം – 1985**

# 3. ദ്വിതീയ ദിന പ്രാതഃകാല പ്രവചനം

ഈശ്വര സ്മരണയോടെ സന്നിഹിതരായ ഏവരേയും പ്രീതിയോടെ ആശീർവദിച്ചുകൊണ്ട് ഗുരുവര്യർ പ്രവചനം ആരംഭിച്ചു.

അസുലഭമായ മാനവ ജന്മത്തിലെ ശ്രേഷ്ഠമായ ബ്രാഹ്മണ കുലത്തിലാണ് നാം പിറന്നിരിക്കുന്നത്. ഈ ജന്മം വ്യർത്ഥമാക്കുവാൻ ഇടവരുത്തരുത്. അതിനായി നാം നിത്യവും ഈശ്വരാരാധനയും, ഉപാസനയും അനുഷ്ഠിക്കണം. എന്നാൽ മാത്രമേ നമ്മിലുള്ള ദോഷങ്ങൾ അകലുകയുള്ളൂ. ഈശ്വരാരാധനയിൽ കൂടിയാണ് നമ്മിൽ സദ്ഗുണങ്ങൾ വളരേണ്ടതും, വേണ്ടയോഗ്യതകൾ സിദ്ധിക്കേണ്ടതും. ഈ വിഷയങ്ങളെക്കുറിച്ച് ഇന്നലെ വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

ഇന്ന് ഷോഢശസംസ്ക്കാരങ്ങളെക്കുറിച്ച് ചില കാര്യങ്ങൾ പറയാം. ശാസ്ത്രങ്ങളിൽ 41 സംസ്ക്കാരങ്ങളെക്കുറിച്ച് പറയുന്നുണ്ടെങ്കിലും അതിൽ 16 എണ്ണമാണ് പ്രധാനം.

എന്തിനാണീ സംസ്ക്കാരങ്ങൾ? സ്വർണ്ണഖനികളിൽ നിന്നും കിട്ടുന്ന സ്വർണ്ണത്തിന്റെ അയിര് സ്വർണ്ണവും മറ്റനേകം മാലിന്യങ്ങളും കൂടിച്ചേർന്നാതാണ്. പല പ്രക്രിയകളിലൂടെ മാലിന്യങ്ങൾ നീക്കി, സംസ്ക്കരിച്ച് അതിൽ നിന്നും ശുദ്ധമായ സ്വർണ്ണം വേർതിരിച്ചെടുക്കുന്നു. അതുപോലെ ജന്മജന്മാന്തര ങ്ങളിലൂടെ ജീവനിൽ പറ്റിപ്പിടിച്ചുകിടക്കുന്ന ദോഷങ്ങളും, മാലിന്യങ്ങളും, പാപങ്ങളും അകറ്റി പരമാത്മാവിനെ സംബന്ധിച്ച ജ്ഞാനലബ്ധിക്ക് യോഗ്യതയുള്ളതാക്കി ത്തീർക്കുവാൻ സംസ്ക്കാരങ്ങൾ ഉതകുന്നു. സംസ്ക്കാരങ്ങൾകൊണ്ട് ശുദ്ധീകരിച്ച ജീവാത്മാവിന് പരമാത്മ ജ്ഞാനത്തിന് അർഹതയും, യോഗ്യതയും സിദ്ധിക്കുന്നു. ഇതിൽ നിന്നും ഷോഢശസംസ്ക്കാരങ്ങളുടെ ഉദ്ദേശം വ്യക്തമാണല്ലോ.

സംസ്ക്കാരങ്ങൾ രണ്ടായി തരം തിരിച്ചിരിക്കുന്നു. ബ്രാഹ്മ സംസക്കാരങ്ങളും, ദേവസംസ്ക്കാരങ്ങളും. ബ്രാഹ്മസംസ്ക്കാര ങ്ങളാണ് ഇപ്പോൾ അധികമാളുകളും ആചരിക്കുന്നത്. ദേവസംസ്ക്കാരങ്ങൾ ആചരിക്കുവാൻ വളരെ പ്രയാസ മുള്ളതുകൊണ്ട് അവയുടെ ആചരണം വിരളമാണ്.

ബ്രാഹ്മസംസ്ക്കാരങ്ങൾ രണ്ടു തരമുണ്ട്- ഗാർഭികവും, ബൈജികവും. ഗർഭാധാനം, പുംസവനം, സീമന്തം മുതലായ ഗാർഭിക സംസ്ക്കാരങ്ങളാണ്. ജീവൻ ഗർഭത്തി ലായിരിക്കുമ്പോൾ ദോഷ മാലിന്യങ്ങൾ ദുരീകരിക്കുവാനാണ് ഗാർഭിക സംസ്ക്കാരങ്ങൾ. അതുപോലെ ബീജദോഷങ്ങൾ നീക്കി ഉത്തമമായ പ്രജക്കുവേണ്ടിയാണ് ബൈജിക സംസ്ക്കാരങ്ങൾ. ജാതകർമ്മം ഇതിൽപ്പെടും.

കുടുംബത്തിന്റേയും, കാലത്തിന്റേയും പേരും, യശസ്സും കാത്തുരക്ഷിക്കുവാനും, വർദ്ധിപ്പിക്കുവാനും യോഗ്യതയുള്ള സുപ്രാജാദ്ധിക്കുവേണ്ടിയാണ് വിവാഹം. ശ്രേഷ്ഠ സന്താന ലബ്ധിക്ക് ഗർഭധാനവും പുത്രസന്താനത്തിനായി പുംസവന വും യഥാവിധി ആചരിക്കുന്നു. വംശ മഹിമയും , കുലത്തിന്റെ പേരും പെരുമയും വർദ്ധിപ്പിക്കുന്ന ഒരു സന്തതി ആ സംസ്ക്കാരങ്ങളിലൂടെ ലഭിക്കും.

ജാതകർമ്മം, മന്ദത മാറി മേധാശക്തി വർദ്ധിച്ച്, സദ്ബുദ്ധി ലഭിക്കുവാൻ വഴിതെളിക്കുന്നു. നെയ്യും, തേനും, കൂട്ടി അതിൽ പൊന്നരച്ച് നാവിൽ പുരട്ടുന്നത് ജാതകർമ്മത്തിനാണ്. സ്ത്രീ സന്തതിക്കും പുരുഷ പ്രജയ്ക്കും ജാതകർമ്മ സംസ്ക്കാരം ചെയ്യാവുന്നതും ചെയ്യേണ്ടതുമാണ്. സ്ത്രീ സന്തതിക്ക് മന്ത്രോച്ചാരണമില്ലെന്നു മാത്രം. പക്ഷേ പുരുഷ സന്തതിയേക്കാൾ പ്രധാനമാണ് സ്ത്രീ പ്രജയുടെ ജാതകർമ്മം. എന്തെന്നാൽ ജനിച്ചിടത്തും പോകുന്നിടത്തുമായി രണ്ടു കുടുംബങ്ങൾ ഉദ്ധരിക്കുവാൻ സത്രീക്ക് സാധിക്കും. എന്നാൽ പുരുഷന് താൻ ജനിച്ച് വളരുന്നിടത്തു മാത്രമേ ഇതു സാധിക്കുകയുള്ളൂ.

എന്തുകൊണ്ട്? എന്തിന്? എന്നുള്ള പ്രശ്നങ്ങൾ ഇവിടെ പ്രസക്തമല്ല. മാനവജന്മം സഫലമാക്കുവാനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ച് സുദീർഘവും, കഠിനവുമായ തപശ്ചര്യയിലൂടെ ജ്ഞാനമാർജിച്ച് ആവിഷ്കരിച്ച ഫലപ്രദങ്ങളായ പദ്ധതികളാ ണിവ. വിവാദത്തിനൊരുമ്പെടാതെ ഇവ സ്വീകരിച്ച് അനുഷ്ഠിക്കുക.

നിഷ്ക്രമണം, നാമകരണം, അന്നപ്രശാനം, ചൗളകർമ്മം മുതലായവയും സംസ്ക്കാരങ്ങളാണ്. ഒരാളുടെ പേരിലെന്തിരിക്കുന്നു? എന്ന് ചിലർ ചോദിക്കാം. യഥാവിധി നാമകരണം ചെയ്താൽ പേരിനനുസരിച്ചുള്ള ഗുണങ്ങളു ണ്ടാകും. സന്ദേഹം വേണ്ട. രാമദാസ് എന്ന പേരിട്ടാൽ ക്രമേണ ഈശ്വരസേവകനായിത്തീരാനുള്ള ഭാഗ്യം ആ നാമധാരിക്ക് സിദ്ധിക്കും. ശരിയാംവണ്ണം അന്നപ്രാശനം നടത്തിയാൽ വളർന്ന് വലുതാകുന്ന കുട്ടിക്ക് നിഷിദ്ധ ആഹാരം വേണ്ടെന്നു സ്വയം തോന്നും. ചൗളകർമ്മത്തിനും അതിന്റേതായ പ്രാധാന്യമുണ്ട്. യഥാവിധിയുള്ള ശിഖ തലച്ചോറിന് ഉത്തേജവും, ചോർച്ചയില്ലാതെ കാര്യക്ഷമമായ ബുദ്ധി പ്രവർത്തനത്തിനും ഉപകരിക്കുന്നു.

ഉപനയനമാണ് അടുത്ത മുഖ്യമായ സംസ്ക്കാരം.

ശ്രൗതസ്മാർത്ത യോഗ്യതാസിദ്ധ്യർത്ഥം

യജ്ഞോപവീതധാരണം കരിഷ്യേ:

എന്നാണ് സങ്കല്പം. വേദഭ്യാസത്തിനും, വൈദീക കർമ്മാനുഷ്ഠാനത്തിനുമുള്ള യോഗ്യതയും, ദൈവിക കർമ്മങ്ങൾക്കുള്ള അധികാരവും ഉപനയനത്തിനുശേഷം ലഭിക്കുന്നു. പഞ്ചഭൂതാത്മകമായ ശരീരാരോഗ്യത്തിന് പഞ്ചഭൂതങ്ങളെ ആരാധിച്ചു അനുഗ്രഹം ഏറ്റുവാങ്ങണം. കലിയുഗത്തിൽ ഉപനയനം പുരുഷൻന്മാർക്ക് മാത്രമേ വിധിച്ചിട്ടുള്ളൂ. കൃതായുഗത്തിൽ സ്ത്രീകൾക്കുമാകാ മായിരുന്നു. യജ്ഞവൽകൃപത്നി മൈത്രിക്ക് വേദാഭ്യാസ ത്തിനുള്ള യോഗ്യത സിദ്ധിച്ചിരുന്നു. യാജ്ഞവൽകൃനുമായി വേദവിഷയങ്ങളിലും മറ്റും മൈത്രി ചർച്ചകകൾ നടത്താ റുണ്ടായിരുന്നു.

അച്ഛനമ്മമാർ മനസാ ആശിർവദിച്ചാൽ ദൈവം അത് സത്യമാക്കും. അതുകൊണ്ട് കുട്ടികൾ ഒരിക്കലും അച്ഛന മ്മമാരെ വേദനിപ്പിക്കരുത്. അവരുടെ ഹിതത്തിനെതിരായി പ്രവർത്തിക്കരുത്. ഇതിനെല്ലാം വേണ്ടതായ സൽബുദ്ധി ഗായത്രീ ജപത്തിൽ നിന്നാണ് ലഭിക്കുന്നത്. ഇന്നധികം പേരും ധനസമ്പാദനമാർഗ്ഗങ്ങളിൽ സദാസമയവും വ്യാപൃതരായി രിക്കുകയാണ്. വീട് പണിയിക്കണം, വിവാഹം കഴിക്കണം, കുട്ടികളെ പോറ്റണം, പെൺകുട്ടികളെ വിവാഹം കഴിച്ച് കൊടുക്കണം, കുട്ടികൾക്ക് വിദ്യാഭ്യാസം നൽകണം- ഇത്തരം ചിന്തകളിലാണ് രാവും പകലും മുഴുകിയിരിക്കുന്നത്. വയസ്സാകുമ്പോൾ ഇതിൽ നിന്നെല്ലാം വിട്ട്, ചുമതലകൾ മക്കളെ ഏൽപ്പിച്ച് അദ്ധ്യാത്മിക വിഷയങ്ങളിലേക്ക് തിരിയാമെന്ന് ചിലർ വിചാരിക്കുന്നത്. അത് സാധിച്ചെന്നുവരില്ല. കാരണം ശീലിച്ചതേ പാലിക്കൂ. ജീവിതത്തിന്റെ സിംഹഭാഗവും സംസാരാ ർണ്ണവത്തിൽ മുങ്ങിക്കഴിയുന്നവർക്ക് വയസ്സുകാലത്തു പ്രാരബ്ധ ചിന്തകളിൽ നിന്ന് ഒഴിഞ്ഞുനിൽക്കുവാൻ സാദ്ധ്യമല്ല. സംസാര ജീവിതം പാടില്ലെന്നല്ല നാം പറയുന്നത്. ചുമതലകളിൽ നിന്ന് ഒഴിഞ്ഞുമാറണമെന്നുമല്ല ഉദ്ദേശിക്കുന്നത്. ദൈവത്തിൽ അചഞ്ചലമായ വിശ്വാസമർപ്പിച്ച് സംസാരഭാരം ജഗദീശ്വരനെ ഏൽപ്പിച്ച് കർത്തവ്യം മാത്രം ചെയ്യുക. ദൈവം നമ്മെ കാക്കുമെന്നും, കരുണാമയനും, ആപൽബാന്ധവനുമായ അദ്ദേഹം നമ്മെ കൈവെടിയുകയില്ലെന്നും ആത്മാർത്ഥമായ വിശ്വാസം കുട്ടിക്കാലം മുതൽ തന്നെ വളർത്തിക്കൊണ്ടുവരിക.

നാം സംസാരസാഗരത്തിൽ ജീവിക്കുകയാണെങ്കിലും അതിൽ മുങ്ങിപ്പോകരുത്. സംസാരത്തോട് ഒട്ടലില്ലാതെ തൊട്ടുതൊട്ടില്ല എന്ന മട്ടിൽ കഴിയണം. താമരയിലയിലെ വെള്ളത്തുള്ളിപോലെ സ്വതന്ത്രമായി നിൽക്കണം. കശുവണ്ടി കശുമാങ്ങയുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ അതിൽ നിമഗ്നമല്ല. രണ്ടും വേർപ്പെടുത്തിയാൽ രണ്ടിനും കോട്ടമില്ല. ഇതുപോലെയായിരിക്കണം ഓരോരുത്തരുടെയും സംസാരവുമായുള്ള ബന്ധം.

വിവാഹം ധർമ്മപ്രജാപ്രാപ്തിക്കുള്ള ഒരുപാധിയാണ്. കുടുംബരക്ഷയ്ക്കും, വംശവർദ്ധനയ്ക്കും, ശ്രേയസ്സിനും, മുതിർന്നവരുടെ ഉദ്ഗതിക്കും വേണ്ടിയുള്ള സംസ്ക്കാരമാണിത്. വെറും ഇന്ദ്രിയസുഖത്തിനുള്ളതല്ല. ഒരോ സ്ത്രീയിലും ലക്ഷ്മീദേവിയും, ഒരോ പുരുഷനിലും ശ്രീമൻ നാരായണനും വസിക്കുന്നു.

"ലക്ഷ്മിസ്വരൂപിണിം കന്യാം

നാരായണ സ്വരൂപിണേ വരായ"

എന്നാണ് സങ്കല്പം. വിവാഹത്തിനുശേഷം പുരുഷന് തന്നിഷ്ടം പാടില്ല. ധർമ്മാർത്ഥകാമ വിഷയങ്ങളിൽ പത്നിയെ വിട്ട് ഒന്നും ചെയ്യരുത്. അവരെ അടുത്തിരുത്തി ജലമൊഴിപ്പിച്ച് ദാനാദികർമ്മങ്ങളും മറ്റും ചെയ്യുന്നത് കണ്ടിട്ടില്ലേ? വസിഷ്ഠോപദേശപ്രകാരം അശ്വമേധായാഗസമയത്ത് സീതാദേവിയുടെ അഭാവത്തിൽ ശ്രീരാമൻ സുവർണ്ണ സീതാപ്രതിമ നിർമ്മിച്ച് പ്രാണപ്രതിഷ്ഠചെയ്ത് പാർശ്വത്തിൽ പ്രതിഷ്ഠിച്ചാണ് യാഗം നടത്തിയത്. സരസ്വതീദേവിയുടെ അഭാവത്തിൽ, ഒരു ഗോവാലിയെ ഗായത്രി എന്ന് നാമകരണം ചെയ്ത്, വിവാഹം കഴിച്ചതിനുശേഷമാണ് ബ്രഹ്മാവ് പോലും യജ്ഞം നടത്തിയത്. ഗായത്രീ സഹിത ബ്രഹ്മാവിന്റെ ക്ഷേത്രം പുഷ്കരത്തിലുണ്ട്.

ശ്രീകൃഷ്ണന്റെ പത്നി സത്യഭാമയ്ക്ക് ഒരിക്കൽ ഒരു സംശയമുദിച്ചു. ''അഞ്ചുഭർത്താക്കന്മാരുള്ള പാഞ്ചാലി എങ്ങനെ അഞ്ചുപേരെയും സന്തോഷിപ്പിച്ച്, പതിവ്രതയായി കഴിയുന്നു. എന്നെക്കൊണ്ട് ഒരു ഭർത്താവിനെ പോലും പരിചരിക്കുവാൻ സാധിക്കുന്നില്ലല്ലോ". ധർമ്മ രാജാവ്, ഇന്ദ്രൻ, മരുത്, അശ്വനീദേവികൾ ഇവരുടെ പത്നിമാർ പാഞ്ചാലിയിൽ അധിവസിച്ചിരുന്നു. പ്രഭാതത്തിൽ ആദ്യം ഉണർന്ന് അഞ്ചുഭർത്താക്കൻന്മാർക്കും വേണ്ടതെല്ലാം തയ്യാറാ ക്കുന്നതിൽ ദ്രൗപതിക്ക് യാതൊരു ആയാസവും തോന്നിയില്ല, പ്രകടിപ്പിച്ചില്ല. ഭർത്താക്കന്മാർക്ക് വേണ്ടി എന്തു ത്യാഗവും സഹിക്കുവാനും ദ്രൗപതിതയ്യാറായിരുന്നു. സദ്ഗുണയും, സുശീലയുമായിരുന്നു അവർ. അതിശക്തരായ അഞ്ചു ഭർത്താക്കന്മാരുണ്ടെങ്കിലും ഈശ്വരനോട് നീയേ ശരണം എന്നുള്ള മനോഭാവമായിരുന്നു പാഞ്ചാലിക്ക്. സന്ധിസംഭാഷണത്തിന് ദൂതുമായി ഭഗവാൻ കൗരവ സഭയിലേക്ക് പോകുവാൻ തുനിഞ്ഞപ്പോൾ ദ്രൗപദി പറഞ്ഞത് ഓർക്കുക. കൃഷ്ണാ! എനിക്ക് പതിമാർ അഞ്ചുണ്ട്. എന്നാൽ

എന്റെ രക്ഷകൻ അങ്ങുതന്നെയാണ്. എന്റെ മുടിയിതാ ഇന്നും അഴിഞ്ഞുകിടക്കുന്നു. ഇതുകേട്ട് ശ്രീകൃഷ്ണൻ നിന്റെ ശപഥം നിറവേറ്റാൻ വേണ്ടതു ഞാൻ ചെയ്യാം എന്ന് വാക്കുകൊടുത്തു. ദുശ്ശാസനന്റെ അപവിത്രമായ കൈകൾ സ്പർശിച്ച ഈ മുടി ദുശ്ശാസനന്റെ ചോരകൊണ്ടല്ലാതെ ഞാൻ കെട്ടുകയില്ല, എന്നാണ് പാഞ്ചാലി ശപഥം ചെയ്തത്. ഭക്തരുടെ വാക്കു പാലിക്കുവാൻ ഭഗവാൻ എപ്പോഴും ജാഗ്രരൂകനായിരുക്കും.

പണം ചിലവാക്കുന്ന കാര്യത്തിൽ സ്ത്രീകൾ പ്രത്യേകം ശ്രദ്ധിച്ചാൽ കുടുംബം ഭദ്രാമാകും, ധന്യമാകും. വസ്ത്രങ്ങൾക്കും, ആഡംബരങ്ങൾക്കുമുള്ള ചിലവ് കുറയ്ക്കുക. വിഭവങ്ങളുടെ എണ്ണം കുറവാണെങ്കിലും ഉള്ളത് ശുചിയായും രുചിയോടെയും കഴിക്കുക. ചെറിയ തുകയെങ്കിലും മിച്ചം വെച്ച് അത് സൽക്കാര്യങ്ങൾക്കായി വിനിയോഗിക്കുക. എല്ലാ കാര്യത്തിലും ഭർത്താവുമായി സഹകരിക്കുക. പുരുഷനെ വേദനിപ്പിക്കാതെ നോക്കണം. അതുപോലെ ഒരേ ആത്മാവെന്ന മനോഭാവത്തോടെ ദുഃഖിപ്പിക്കാതെ ഭാര്യയെ സംരക്ഷിക്കേണ്ടത് പുരുഷന്റെ ചുമതലയാണ്.

ഇനി വിവാഹം എങ്ങനെ നടത്തുന്നു എന്നു നോക്കാം. നമ്മുടേത് ബ്രഹ്മവിവാഹമാണ് കന്യാദാന ബ്രാഹ്മണ ഭോജനം എന്നൊരു ചടങ്ങുണ്ട്. ആ ബ്രാഹ്മണ ഭോജനം ഹീനമായ രീതിയിലാണ് ഇന്ന് നടത്തപ്പെടുന്നത്. രണ്ടു പേരുടെ ആജീവനാന്ത സുഖത്തിനും, ഐശ്വര്യത്തിനും, കുടുംബാഭിവൃദ്ധിക്കും, ശ്രേയസ്സിനും വേണ്ടിയുള്ള ഒരു കർമ്മാംഗമാണ് വിവാഹം. തുടക്കം തന്നെ അപവിത്രമാക്കി, ചെയ്യുന്ന കർമ്മങ്ങളെല്ലാം നിഷ്ഫലമാക്കുന്ന രീതിയിലാണ് ഇന്നിത് നടത്തുന്നത്. വൈദിക ചടങ്ങിൽ ന്യൂനതകളെന്തെങ്കിലുമുണ്ടെങ്കിൽ ബ്രാഹ്മണഭോജനം കൊണ്ട് ഇല്ലായ്മ ചെയ്ത് പവിത്രമാക്കുകയാണ് ഉദ്ദേശം.

സമസ്ക്കാരഫലമെന്ത്? ജീവന് ഈശ്വര പ്രീതിക്കുവേണ്ട യോഗ്യത നേടുക എന്നതുതന്നെ. പുല്ലും, പാഴ്ചെടികളും കളഞ്ഞ് വെടുപ്പാക്കിയ പാറമ്പും, അടുക്കും ചിട്ടയുമുള്ള വീടും മനസ്സിനെ ആകർഷിക്കുന്നതായിരിക്കും. അതുപോലെ സംസ്ക്കാരങ്ങൾകൊണ്ട് ജീവിതം ധന്യമാകുന്നു. മനുഷ്യൻ ത്യാഗിയാകണം. എന്നു വെച്ച് എല്ലാം വെടിഞ്ഞു സന്യാസിയാകണമെന്നല്ല. വിടേണ്ടതു വിടണം. ത്യജിച്ചതുകൊണ്ട് ദു:ഖം വരുരുത്. ഉള്ളതുകൊണ്ട് തൃപ്തനായിരിക്കണം. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായാലും സ്വരുമിച്ച് പ്രവർത്തിക്കാൻ കഴിയണം. ഭാര്യാഭർത്താക്കന്മാർ അനുനയത്തോടെ, സ്നേഹത്തോടെ ചെറിയ ബുദ്ധിമുട്ടുകൾ ത്യാഗിമനോഭാവത്തോടെ സഹകരിച്ച് സന്തോഷത്തോടെ ജീവിക്കണം.

ത്യാഗിയായാൽ മാത്രം പോരാ, സ്നേഹിയുമായിരിക്കണം. ത്യാഗിക്കേ സ്നേഹിക്കാൻ കഴിയൂ. ത്യാഗമില്ലാതെ സ്നേഹമില്ല. ത്യാഗത്തിലൂടെ നിർമ്മലപ്രീതിയുണ്ടാകും. വേദധർമ്മാദിവിഷയങ്ങൾ ഉപേക്ഷിച്ചാൽ ഭോഗിയും കോപിഷ്ഠനുമായിത്തീരും. പരോപകാരത്തിനും സഹകരണത്തിനും അടിസ്ഥാനം സ്നേഹമാണ്. വേണ്ടിവന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ വീട്ടിൽ ചോറുവെച്ച് വിളമ്പാനും ഗൃഹനാഥൻ തയ്യാറാകണം. ഹോട്ടലിൽനിന്ന് ആഹാരം വാങ്ങി കഴിക്കുകയും, കഴിപ്പിക്കുകയും ചെയ്താൽ സ്നേഹമെവിടെ, ത്യാഗമെവിടെ?

ഇതെല്ലാം ബ്രഹ്മസംസ്ക്കാരത്തെ സംബന്ധിച്ചുള്ളതാണ്. ഇതുമൂലം ഋഷിതുല്യരോ, ഋഷികളോ ആകാം. ദേവസംസ്ക്കാരംകൊണ്ട് ദേവതുല്യരായി സായൂജ്യമടയാം. പൂർവ്വസംസ്ക്കാരമെന്നും ഉത്തരസംസ്ക്കാരമെന്നും ദൈവസംസ്ക്കാരത്തെ രണ്ടായി വിഭജിക്കാം. ദൈവസംസ്ക്കാരത്തിൽ പഞ്ചമഹായജ്ഞങ്ങൾ, അതിഥിയജ്ഞം, ഭൂതബലി, അദ്ധ്യായനം, അദ്ധ്യാപനം, ശ്രാവണി, അഗ്രായണം, ചൈത്രി സോമയജ്ഞം, ജ്യോതിഷ്ടോമം എന്നിവയെല്ലാം ഉൾപ്പെടുന്നു. ഇക്കാലത്ത് ഇവ ആചരിക്കുവാൻ വൈഷമ്യങ്ങളുണ്ട്.

നിങ്ങൾ, സ്വയം സേവകർ സ്വയം ദൈവാരാധനയ്ക്കും ഉപാസനയ്ക്കും വേണ്ട പ്രേരണ നൽകുക. അങ്ങിനെ നിങ്ങളിലൂടെ സമാജത്തിന് ഒരു പരിവർത്തനം വരട്ടെ. അതിന് ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങളൊരിക്കലും നിരുത്സാഹരാകരുത്. ആത്മവിശ്വാസത്തോടും, ധൈര്യത്തോടും കൂടി നിങ്ങൾ മുന്നോട്ടു പോകുക. സമാജസേവ ദൈവപ്രീതിക്കു കാരണമാകും. സമാജസേവ വഴി സമാജത്തിനോടുള്ള നിങ്ങളുടെ കടപ്പാടു തീർക്കാൻ ശ്രമിക്കുക. നാം മാധ്വരാണ്. മാധ്വമതതത്വങ്ങൾ എത്ര പേർക്കറിയാം? അതിൽ പ്രാവീണ്യം നേടിയവർ എത്ര പേരുണ്ട്. നാം ബ്രാഹ്മണരാണ്. അനുഷ്ഠാനുങ്ങൾ ഉള്ളവർ എത്ര പേരുണ്ട്? ഈ സ്ഥിതി വിശേഷം മാറണം. അദ്ധ്യാത്മികമായി നാം മുന്നേറി, മറ്റുള്ളവർക്ക് മാതൃകയായിത്തീരണം. വേദവും സംസ്കൃതവും നാം പഠിക്കണം. തുംകൂറിലെ ഹനുമാൻ കോവിലിൽ വൈകുന്നേരം, നാല്പതും, അമ്പതും വയസ്സ് പ്രായമുള്ള ഡോക്ടർമാരും, വക്കീലന്മാരും പ്രമാണപദ്ധതി പഠിക്കുവൻ എത്തിച്ചേരുന്നു. നമ്മളും ചിലതെല്ലാം പഠിക്കാൻ പ്രയത്നിക്കണം. ജീവിതം സഫലമാക്കാം.

സ്വയം സേവകർ നിത്യനിയമിത അനുഷ്ഠാനാചാരങ്ങളുടെ നിരന്തരാഭ്യാസത്തിലൂടെ മുന്നോട്ടുപോയി സമുദായത്തിനാസകലം നന്മവരുത്തുന്ന വിധത്തിൽ പ്രയത്നിച്ച് ആനന്ദവും സന്തോഷവുമുള്ളവരായിത്തീരണം. അതിന് ഈശ്വരൻ അനുഗ്രഹിക്കട്ടെ.

ഗ്രാമ സ്വയംസേവക് ശിബിരം – 1985

# 4. ദ്വിതീയ ദിന സായംകാല പ്രവചനം

ഈശ്വരസ്മരണയോടെ സ്വാമിജി സന്നിഹിതരായ ഏവരേയും ആശിർവദിച്ച്, പ്രവചനമാരംഭിച്ചു.

ഇന്ന് യുവാക്കളുടെ സംഘടനയും, പ്രവർത്തനവും എന്ന വിഷയത്തെക്കുറിച്ച് ചർച്ചകൾ നടന്നു. ഒരു സമാജത്തിലെ യുവവിഭാഗം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണ്. കുട്ടിക്കാലം ബുദ്ധിയുറയ്ക്കാത്ത പ്രായവും പിന്നീട് വിദ്യാഭ്യാസകാലവുമാണ്. മറ്റുകാര്യങ്ങളൊന്നും വലിയതോതിൽ അവരെക്കൊണ്ട് സാധിച്ചെന്നുവരില്ല. വയസ്സായാൽ ആഗ്രഹമുണ്ടെങ്കിലും ആരോഗ്യം തടസ്സമായിരിക്കും. താരുണ്യമുള്ളപ്പോൾ ആരോഗ്യമുണ്ടാകും. ആരോഗ്യമുള്ള മനുഷ്യന്റെ മനസ്സ് പ്രസന്നമായിരിക്കും. പ്രസന്നമായ മനസ്സിൽ ഉത്സാഹവും കാണും. ആ ഉത്സാഹം വേണ്ടവിധത്തിൽ വളർത്തി, ശരിക്കും മുറയ്ക്കും തിരിച്ചുവിട്ടാൽ പല നല്ല കാര്യങ്ങളും ചെയ്യുവാൻ സാധിക്കും. രക്തബലമാണ് ശരീരബലം. രക്ത ബലം ക്രിയാശക്തി നൽകുന്നു. സമാജത്തിന് തരുണരാണ് ബലമേകുന്നത്. രക്തത്തിന് ദൂഷ്യം സംഭവിച്ചാൽ അതു ശരീരത്തെ ആകെ ബാധിക്കുന്നതുപോലെ തരുണവർഗ്ഗം ദുഷിച്ചുപോയാൽ അതിന്റെ ദോഷം സമാജമാസകലം ബാധിക്കും. വീണ്ടും നല്ല നിലയിലാക്കാൻ വളരെ വിഷമമാണ്.

തരുണവർഗ്ഗം സമാജത്തിന്റെ പ്രധാന ഘടകമാണ്. വ്യവസ്ഥാബദ്ധമല്ലെങ്കിൽ പല ദോഷങ്ങളും കടന്നുകൂടും. പക്ഷേ യുവാക്കൾ വ്യവസ്ഥയോടെ, ചിട്ടയോടെ പ്രവർത്തിച്ചാൽ പല നല്ല കാര്യങ്ങളും ചെയ്യുവാൻ സാധിക്കും. യുവാക്കളിൽ പല നല്ല ഗുണങ്ങളുമുണ്ട്. കൂട്ടത്തിൽ ചില ദോഷങ്ങളുമുണ്ട്. രണ്ടുമൂന്നുദിവസം ഉറക്കമൊഴിച്ചാലും യുവാക്കൾക്ക് വലിയ വൈഷമ്യമില്ല. കുട്ടികൾക്കോ, വൃദ്ധന്മാർക്കോ ഇതു സാധിച്ചെന്നു വരില്ല. ചിന്തിക്കുവാനും പ്രവർത്തിക്കാനുമുള്ള കഴിവ് യുവാക്കൾക്കുണ്ട്. ഏതാണ്ട് പതിനാറു വയസ്സാകുമ്പോൾ താരുണ്യത്തിൽ പ്രവേശിക്കുന്നു. ആ കാലഘട്ടത്തിൽ ചില വികാരങ്ങളും അവരിൽ വളരും. താടി, മീശ, മുതലായവ പോലെ, താനെ മുളയ്ക്കുന്നവയാണ് വികാരങ്ങളും. അതൊഴിവാക്കുക സാദ്ധ്യമല്ല. ആ വികാരങ്ങൾ നന്മയ്ക്കും തിന്മയ്ക്കും വഴിതെളിക്കുവാൻ പര്യാപ്തങ്ങളാണ്.

ഈ പ്രായത്തിൽ സൗന്ദര്യബോധവും മനസ്സിൽ മുളയ്ക്കുന്നു. സ്വയം കണ്ണാടി നോക്കി വളരെനേരം ആസ്വദിക്കും. തന്റെ സൗന്ദര്യം പ്രദർശിപ്പിക്കാൻ ഇഷ്ടപ്പെടും. അതു രൂപമദം എന്ന ദോഷം വളർത്തുന്നു. യഥാസമയം അതു നിയന്ത്രിച്ചില്ലെങ്കിൽ വളരെ ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്ക് നയിക്കും. ബലമദമാണ് അടുത്ത ദോഷം. ഒരുതരം മുഷ്ക്ക്, യാതൊന്നിനും കൂസലില്ലായ്മയും ഇതിന്റെ ലക്ഷണങ്ങളാണ്. പ്രതികാരബുദ്ധിയിലെത്തിക്കുന്ന ദോഷം വിനാശത്തിലേക്ക് നയിക്കും. നല്ല ഉദ്യോഗവും, സമ്പാദ്യവുമുള്ളവന് ധനമദം പിടിപെട്ടേയ്ക്കാം. ഇങ്ങനെ യൗവനാരംഭത്തോടെ പലതരത്തിലുള്ള മദങ്ങൾക്കടിമയായി ഗർവ്വ്, ദ്വേഷം മുതലായ ദോഷങ്ങൾ വളർന്ന് അനർത്ഥം ചെയ്യിക്കുന്നു.

യൗവനം ധനസമ്പത്തി:

പ്രഭുത്വമവിവേകിതാ

ഏകൈകമപ്യനർത്ഥായ

കിമുയത്രചതുഷ്ടയം.

യൗവനം, ധനം, അധികാരം, അവിവേകം ഇവ ഓരോന്നും അനർത്ഥങ്ങൾ തന്നെ. നാലും ഒരുമിച്ചുകിട്ടിയാലോ? എന്നാൽ ഈ ദോഷങ്ങളകറ്റാൻ മദങ്ങളെ നിയന്ത്രിക്കാൻ വിവേകമുണ്ടെങ്കിൽ സാധിക്കും. യൗവനം, മദോന്മത്തനാക്കി അനർത്ഥങ്ങൾ ചെയ്യിക്കുന്നു. അല്പം അധികാരവും, സമ്പത്തുമുണ്ടെങ്കിൽ അത് ദുരുപയോഗപ്പെടുത്തി, എന്തെല്ലാം ചെയ്യില്ല? ഇഷ്ടം പോലെ ജീവിക്കരുത്. ചില നിയന്ത്രണങ്ങൾ വേണം. ധർമ്മഗ്രന്ഥങ്ങൾ, ഗുരുജ്ഞാനികൾ, മുതിർന്നവർ, സമാജസമ്പ്രദായം നമ്മെ ശരിയായ വഴിയിലേക്ക് നയിക്കുന്നു. ആചാരക്രമങ്ങളനുസരിച്ച് ജീവിക്കണം. വികാരങ്ങളെ നിയന്ത്രിച്ച് സദ്വിചാരങ്ങൾ വളർത്തിയെടുക്കണം. ഇതിനുള്ള ബോധം, നല്ലതും ചീത്തയും വിവേചിച്ചറിയാനുള്ള കഴിവ് വളർത്തണം. ധർമ്മഗ്രന്ഥങ്ങളിൽ അരുത് എന്നു പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒരിക്കലും ചെയ്യരുത്. ആകാം എന്നു പറഞ്ഞിട്ടുള്ളവ ചെയ്യുകതന്നെ വേണം. നല്ലവരായ മുതിർന്നവരെ മാനിച്ചും, അവരോടാലോചിച്ചും അവരുടെ അനുഗ്രഹാശിസ്സുകളോടേയു പ്രവർത്തിക്കണം. ഈ കാര്യങ്ങളൊക്കെയും യുവാക്കളെ ഉദ്ബോധിപ്പിക്കാൻ ഒരു സംഘടനയോ, ഉപദേശകസമിതിയോ ഉണ്ടെങ്കിൽ നന്ന്. ജി. എസ്സ്. ബി. മഹാസഭയ്ക്ക് ഇത്തരം കാര്യങ്ങൾ ചെയ്യുവാൻ സാധിക്കണം.

ആഴ്ചതോറും യുവാക്കൾ കൂടുന്നത് നല്ല കാര്യമാണ്. അതിൽ ഹാജർ കുറയുകയോ, കൂടുകയോ ചെയ്തേക്കാം.

ഒരു ഗ്രാമസഭയിലെ 20-25 അംഗങ്ങളിൽ 4-5 പേർ മാത്രം യോഗത്തിൽ സന്നിഹിതരായിരിക്കാം. നിരാശരാകരുത്. മറ്റുള്ളവരെയും സാവകാശം പറഞ്ഞു ധരിപ്പിച്ച്, പ്രേരിപ്പിച്ച്, കൂട്ടത്തിൽ കൊണ്ടുവരാൻ ശ്രമിക്കണം. സദാചാരബോധത്തോടെ ഉയർന്ന ചിന്തകളും, ഉന്നതമൂല്യങ്ങളും മനസ്സിലാക്കി വളരണം. വലിയവർ എന്നു നടിക്കുന്നവർ വിലിയവരല്ല. യഥാർത്ഥത്തിൽ വലിയവനാണെങ്കിൽ അവന് ഗർവ്വ് ഉണ്ടായിരിക്കുകയില്ല. അവൻ വിനയമുള്ളവനാ.യിരിക്കും. ആരേയും വേദനിപ്പിക്കാതെ, ആരേയും ചൊടിപ്പിക്കാതെ, ദേഷ്യം ലവലേശമില്ലാതെ, എപ്പോഴും മന്ദഹാസത്തോടെ സംസാരിക്കണം. മഹാന്മാരുടെ ചരിത്രം, അവരുടെ സവിശേഷതകളും സദ്ഗുണങ്ങളും മനസ്സിലാക്കുകയും ചർച്ച ചെയ്യുകയുമാവാം. ദേഷ്യം വരാവുന്ന സന്ദർഭങ്ങൾ ഒഴിവാക്കുവാൻ ശ്രമിക്കുക. ദേഷ്യസ്വഭാവക്കാരാനാണെങ്കിൽ ചർച്ചാസമയത്ത് മിണ്ടാതിരുന്ന് ശ്രദ്ധിക്കണം. ബുദ്ധിയും യുക്തിയും കൊണ്ട് ക്രമേണ കോപത്തെ കീഴടക്കാം.

യുവാക്കൾ ജോലികൾ ക്ലിപ്തപ്പെടുത്തി, ദിവസം മുഴുവനും പ്രവർത്തനനിരതരായി കഴിയണം. ഒരിക്കലും അലസരാവരുത്. സ്വന്തം വസ്ത്രങ്ങൾ അലക്കുക മുതലായവ പോലും സ്വയം ചെയ്ത് അദ്ധ്വാനശീലരും സ്വാശ്രയശീലരുമാകണം. കിട്ടിയ സമയം സദുപയോഗം ചെയ്യുവൻ യത്നിക്കണം. പരദൂഷണം പറഞ്ഞ്, സമയം വ്യഥാകളഞ്ഞ് മനസ്സ് കലുഷിതമാക്കരുത്. മഹാത്മാരുടെ കഥകൾ ശ്രദ്ധാപൂർവ്വം വായിച്ച് അതിലെ സാരാംശങ്ങൾ മനസ്സിലാക്കി അനുകരിക്കാൻ ശ്രമിക്കണം. ധാർമ്മിക പ്രശ്നങ്ങൾ ചർച്ചചെയ്യുക, സ്തോത്രങ്ങൾ ചൊല്ലുക, നീതികഥകൾ കേൾക്കുക മുതലായവ സൽപ്രവർത്തികളിൽ നിമഗ്നരായിക്കണം. മനുഷ്യ സ്വഭാവത്തെ ശുദ്ധീകരിച്ച് നേർവഴിക്ക് നയിക്കുവാൻ ഈ സൽപ്രവർത്തി സഹായിക്കും.

വനിതാവിഭാഗ് വേണമെന്ന് ഇന്നു ചർച്ചയിൽ ഉദിച്ചുവരുന്ന ആശയം നല്ലതാണ്. വനിതകൾ മാത്രം ചർച്ച ചെയ്തു തീർക്കാവുന്ന അവരുടേതായ പല പ്രശ്നങ്ങളുമുണ്ടാകാം. അതിനുവേണ്ടി മഹാസഭയുടെ അനുബന്ധമായി കേരള മൊട്ടുക്ക് മഹിളാവിഭാഗ് സംഘടിപ്പിക്കാവുന്നതാണ്.

ഒരുവിധത്തിലും വിരസതയോ, താത്പര്യമില്ലായ്മയോ നമ്മുടെ പ്രവർത്തനത്തിൽ കടന്നുകൂടാൻ അനുവദിക്കരുത്. ലക്ഷ്യബോധത്തോടെ, ദൃഢനിശ്ചയത്തോടെ നാം മുന്നേറണം. പ്രതിബന്ധങ്ങൾ നമ്മുടെ മനസ്സിനെ ബലഹീനമാക്കുവാൻ അനുവദിക്കരുത്. കൽക്കത്തയിലെ രമപ്പൈ, അഭിമാനത്തോടെ, ആനന്ദഗദ്ഗദത്തോടെ ഒരനുഭവം നമ്മോടു പറഞ്ഞു. എത്രയോ മൈലുകൾ യാത്ര ചെയ്തു രാമപ്പൈ ഗംഗാസ്നാനം ചെയ്യാറുണ്ടായിരുന്നു. ഒരിക്കൽ യാത്രയ്ക്ക് പല തടസ്സങ്ങളും നേരിട്ടു. വാഹനം കിട്ടിയില്ല. അമ്പതോളം മൈൽ യാത്ര ചെയ്യണം. അദ്ദേഹം യാതൊന്നും കൂസാതെ നടന്നു തുടങ്ങി. കുറെ ചെന്നപ്പോൾ ആ വഴിയെ പോയിരുന്ന ഒരു വാഹനം 20 മൈൽ വരെ അദ്ദേഹത്തെ കൊണ്ടെത്തിച്ചു. അവിടെനിന്നും പൈ വീണ്ടും നടന്നുതുടങ്ങി. കുറെദൂരം ഒരു കാളവണ്ടിയിൽ യാത്രചെയ്തും വീണ്ടും നടന്നും സമയത്ത് ഗംഗാസ്നാനത്തിനെത്തിയത്രെ. വ്രതഭംഗം വരാതെ കാത്തതിന് ഈശ്വരനോട് വളരെ കൃതാർത്ഥനാണെന്ന് രാമപ്പൈ പറഞ്ഞു. നാം ദൃഢവ്രതരാകണം. വ്രതഭംഗം വന്നാൽ ഈശ്വരനോട് മാപ്പിരക്കുക. തെറ്റിൽ പശ്ചാത്താപിക്കുക. ഭക്തി, സദ്ഗുണങ്ങൾ, സദ്വിചാരങ്ങൾ ഇവ നൽകണേ എന്ന് ഈശ്വരനോട് പ്രാർത്ഥിക്കുക. ഇതുകൊണ്ട് ആർക്കും ദോഷമില്ല. നഷ്ടമില്ല.

നമസ്ക്കാരവന്ദനത്തിനും വലിയ സ്ഥാനമുണ്ട്. മാന്യരെ മാനിക്കുന്നതിനും വലിയ സ്ഥാനമുണ്ട്. മാന്യരെ മാനിക്കുന്നതാണ് നമസ്ക്കാരം. നമസ്ക്കാരവന്ദനം കൊണ്ട് ശരീരം നമിക്കുന്നു, കുനിയുന്നു; ക്രമേണ മനസ്സും കുനിയും, വളയും. അതായത് ഗർവ്വ് നശിക്കും. ഈശ്വരൻ, ധർമ്മഗുരു, അച്ഛൻ, പുരോഹിതൻ ഇവരെയെല്ലാം സാഷ്ടാംഗം നമസ്ക്കരിക്കാം, നമസ്ക്കരിക്കണം. ബഹുമാനിച്ചവന് ബഹുമാനം കിട്ടും. ബഹുമാനിച്ചാൽ അപമാനമില്ല.

ശ്രദ്ധയോടെ പ്രാർത്ഥിച്ചാൽ ഫലം സിദ്ധിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നാം പല കാര്യസിദ്ധികൾക്കുവേണ്ടിയും ദൈവത്തോട് പ്രാർത്ഥിക്കും. പക്ഷെ ദൈവത്തിനറിയാം നമുക്ക് വേണ്ടതെന്താണെന്നും, എത്രയാണെന്നും, എപ്പോഴാണെന്നും മറ്റും. അതനുസരിച്ച് അദ്ദേഹം നമുക്ക് നൽകും. ഒരു കൊച്ചുകുട്ടി അമ്മയോട് അച്ചാർ വേണമെന്ന് പറഞ്ഞുകരയുന്നു. അവനത് വളരെ ഇഷ്ടമാണ്. വീണ്ടു വീണ്ടും ആവശ്യപ്പെടുന്നു. പക്ഷെ അമ്മയ്ക്കറിയാം,അത് അധികം കഴിച്ചാൽ അവന്റെ ഇളം വയറിന് തകരാറു സംഭവിക്കുമെന്ന്. അമ്മ വളരെ കുറച്ചുമാത്രം അവന് കൊടുത്തു. മറ്റു കാര്യങ്ങൾ പറഞ്ഞ് ഉപായത്തിൽ അവന്റെ ശ്രദ്ധ മറ്റു വിഷയങ്ങളിലേക്ക് തിരിച്ചുവിടുന്നു. അതുപോലെയാണ് ദൈവവും, നാം ദൈവത്തെ അമ്മ, അച്ഛൻ, ബന്ധു, സഖാ, ഗുരു എന്നെല്ലാം കരുതിയാണ് ആരാധിക്കുന്നത്. നാം ദിവസേന പ്രാർത്ഥിക്കണം.

ഒരിക്കലെങ്കിലും ദൈവം ദയ കാണിക്കും. ചുമതലകൾ എല്ലാം ദൈവത്തെ ഏൽപിക്കുക. അദ്ദേഹം നമ്മെ നല്ലപോലെ കാത്തുസൂക്ഷിക്കും.

സ്വയം സേവകർ ആഴ്ചയിലൊരിക്കൽ അവരെ ഏല്പിച്ച വീടുകൾ സന്ദർശിക്കണം. ദേവാരാധാന, ഉപാസന എന്നിവയെപ്പറ്റി വീട്ടുകാരോടു പറയണം. കുറെയെങ്കിലും ഫലം സിദ്ധിക്കാതിരിക്കില്ല. നിരന്തരം ഇതിനുവേണ്ടി പ്രയത്നിക്കണം. ആ വീടുകളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. അവരുടെ വിദ്യാഭ്യാസപുരോഗതി മാസംതോറും വീക്ഷിച്ചു കൊണ്ടിരിക്കണം. നന്നായി പഠിക്കുവാനുള്ള പ്രേരണ നൽകണം. ഇടയ്ക്ക് വിദ്യാലയങ്ങളിൽ ചെന്ന്, ക്ലാസ്സുകൾ സന്ദർശിക്കുന്നതും നല്ലതാണ്.

ഈ ശിബിരത്തിൽ നിന്നും നല്ല കാര്യങ്ങൾ മനസ്സിലാക്കി അത് പ്രചരിപ്പിക്കണം. തന്മൂലം ഈശ്വരപ്രീതിയുണ്ടാവട്ടെ. ഈ പ്രവർത്തനത്തിന് ഉത്സാഹം വളരട്ടെ. അടുത്ത ശിബിരം ഇതിനേക്കാൾ പ്രൗഢമായി നടത്തുവാൻ ഇടവരട്ടെ.

ഗ്രാമ സ്വയംസേവക് ശിബിരം – 1985

# 5. തൃതീയ ദിന പ്രാതഃകാല പ്രവചനം

ഈശ്വരസ്മരണയോടെ സന്നിഹിതരായവരെ ആശീർവദിക്കുന്നു. രണ്ടുദിവസമായി നിഷ്ഠയോടെ, ക്രമാനുസൃതമായി നല്ലരീതിയിൽ പരിപാടികൾ നടന്നിരുന്നു. ഇന്ന് ശിബിരം സമാപിക്കുകയാണ്. കഴിഞ്ഞ രണ്ടുദിവസങ്ങളിലെപോലെ മംഗളകരമായി പരിപാടികൾ ഇന്നും നടക്കാൻ കൃപയുണ്ടാകണമെന്ന് ദൈവത്തോട് പ്രാർത്ഥിക്കുന്നു.

നമുക്കു കിട്ടിയ ഈ അമൂല്യവും, അസുലഭവുമായ മനുഷ്യജന്മം നാം സഫലമാക്കണം. വ്യർത്ഥമാക്കരുത്. മനുഷ്യജന്മത്തിന്റെ ലക്ഷ്യമെന്ത്?

അത്മാവാ *f* രേ ശ്രോതവ്യ: മന്തവ്യ: ദൃഷ്ടവ്യ നിരിധ്യാസിതവ്യ:

എന്ന് വേദവാക്യം ബഹുമാന്യരേയും യോഗ്യരേയും ഉദ്ദേശിച്ച് അരേ എന്നു സംബോധന ചെയ്തിരിക്കുന്നു.

"പ്രാശസ്തേനവ്യപദേശാ ഭവന്തി" എന്ന പ്രമാണപ്രകാരം ആനയ്ക്ക് കരി എന്ന പേരുണ്ട്. കരി എന്നാൽ കൈയുള്ളത് എന്നർത്ഥം. മറ്റു പല ജന്തുക്കൾക്കും കൈയ്യുണ്ടെങ്കിലും/ ആനയെ മാത്രം കരി എന്നു പറയുന്നു. അതിന്റെ സമർത്ഥമായ തുമ്പികൈ വളരെ ശ്രേഷ്ഠമാണ്. പല വിശേഷഗുണങ്ങളുമതിനുണ്ട്. അതുകൊണ്ട് പല കാര്യങ്ങളും ചെയ്യുവാൻ സാധിക്കും. അതുപോലെ പ്രാണികളിൽ ശ്രേഷ്ഠനാണ് മനുഷ്യൻ. മനുഷ്യൻ മനുഷ്യരിൽ ശ്രേഷ്ഠൻ ബ്രാഹ്മണനും അതുകൊണ്ട് യോഗ്യനായ ബ്രാഹ്മണനെ അരേ എന്ന സംബോധന ചെയ്തിരിക്കുന്നു. വേദപുരുഷൻ പറയുന്നത് ആത്മാവിനെ സാക്ഷാത്കരിക്കുവാൻ ശ്രമിക്കണമെന്നാണ്-ഇതായിരിക്കണം നമ്മുടെ ലക്ഷ്യം.

"അനേകജന്മനാമന്തേ ജ്ഞാനവാൻ മാം പ്രപദ്യതേ" എന്നു പറഞ്ഞിരിക്കുന്നു. അനേകം ജന്മങ്ങൾക്കുശേഷം ഒരു ജ്ഞാനിയാണ് എന്നിൽ ലയിക്കുന്നത്. ഇതു പ്രായോഗികമാണോ എന്നെല്ലാം സംശയിക്കാതെ നാം സാക്ഷാത്കാരത്തിനുവേണ്ടി പ്രയത്നിക്കുക. ഒരുപക്ഷേ ഈ ജന്മാവസാനം തന്നെ അതു സാധിക്കും. ശ്രമിക്കുന്നതിനു മുമ്പ് നമ്മൾ സാക്ഷാത്കാരത്തിന് യോഗ്യരാണോ എന്ന് ആലോചിക്കണം. ആ യോഗ്യതാസിദ്ധിക്കുവേണ്ടിയാണ് ഉപനയനം എന്ന സംസ്ക്കാരം. കണ്ണുകൾ ബാഹ്യദൃഷ്ടിക്കുള്ളവയാണ്. ആന്തരികദൃഷ്ടിയാണ് ഉപനയനം കൊണ്ട് നമുക്കു ലഭിക്കുന്നത്.

നാം ഋഷിവംശത്തിൽ പിറന്നവരാണ്. ഋഷികളുടെ ഏഴു ഗണങ്ങളുണ്ട്; ഏഴിവംശങ്ങളിൽ പരമാത്മാവ് അവതരിച്ചിട്ടുണ്ട്. ആ വംശങ്ങളിൽ ജനിച്ച ബ്രാഹ്മണരാണ് നമ്മളും. ഇതിലും വലിയ ഭാഗ്യമെന്ത്? യോഗ്യതയെന്ത്? വേദപുരുഷാജ്ഞ - ആത്മാവിനെ കാണുക, ഈശ്വരനെ സാക്ഷാത്കരിക്കുക - നിറവേറ്റേണ്ടത് നമ്മുടെ കർത്തവ്യമാണ്.

ആദ്യം ഈശ്വരനെക്കുറിച്ച് കേൾക്കുക. ഈശ്വരനെക്കുറിച്ച് ആലോചിക്കുക.,ഈശ്വരനെ ധ്യാനിക്കുക. ഈശ്വരനെ സാക്ഷാത്കരിക്കുക. ശ്രവണം, ചിന്തനം, മനനം ഇവയിലൂടെ ഭക്തിഭാവം അങ്കരിക്കുന്നു. ദയാസാഗരനായ ഭഗവാനേ! അങ്ങയെ ഞാൻ ആരാധിക്കുന്നു, ദർശിക്കുവാൻ ആശിക്കുന്നു. അങ്ങയെക്കുറിച്ച് കേൾക്കുവാനും, ചിന്തിക്കുവാനും, മനസ്സിലാക്കുവാനും, ആഗ്രഹിക്കുന്നു. അങ്ങ് കനിഞ്ഞ് അനുഗ്രഹിക്കണേ ! എന്നായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന. നിരന്തരമായ പ്രാർത്ഥനയിലൂടെ, ദൈവം കനിയും എന്ന ഉറച്ച വിശ്വാസത്തോടെ ഭക്തമീരാബായ് ഈശ്വരനെ അഭിസംബോധന ചെയ്തു.

ധർമ്മസ്വനുഷ്ഠിതപുസാം

വിഷ്വക്സേനാകഥാശ്രയം

നോത് പാദയേമതിമ തിം

ശ്രമയേവഹി കേവലം

എന്ന് ഭാഗവതത്തിൽ പറഞ്ഞിട്ടുണ്ട്.

ശരിയായി ധർമ്മം അനുഷ്ഠിക്കുന്നവന് ഈ ശ്വരകഥകൾ കേൾക്കുവാൻ താല്പര്യവും ഇച്ഛയും ഉണ്ടാകും. അല്ലെങ്കിൽ നമ്മുടെ അഭ്യാസം വെറും ആയാസമായിത്തീരും. ജന്മോദ്ധാരണത്തിനാണ് ധർമ്മം. അതിനാണ് അനുഷ്ഠാനവും. സത്യം പറയണമെന്നു അറിഞ്ഞാൽ മാത്രം പോരല്ലോ. സത്യം പറയുകയും വേണം- അത് കർമ്മരൂപധർമ്മം.

എന്താണീ ധർമ്മം? ഒരുത്തനുതന്നെ നാനാവിധത്തിലുള്ള ധർമ്മങ്ങളുണ്ട്. ഉദാഹരത്തിന് ഒരേ വ്യക്തി ഒരേ സമയത്ത് അച്ഛൻ, മകൻ, ഭർത്താവ്, സഹോദരൻ, ശിഷ്യൻ എന്നിങ്ങനെ പല നിലയിൽ കഴിയുന്നു. ഓരോരുത്തരോടും അനുയോജ്യമായ രീതിയിലായിരിക്കണം പെരുമാറ്റം. അച്ഛനോട് പുത്രധർമ്മം പരിപാലിക്കണം, മകനോട് പിതൃധർമ്മം, ഭാര്യയോട് ഭർത്തൃധർമ്മം എന്നിങ്ങനെ സന്ദർഭാനുസരണം ധർമ്മം കർമ്മഭാവത്തിൽ പ്രാവർത്തികമാക്കണം. ഇവയെല്ലാം

പാലിക്കുന്നില്ലെങ്കിൽ ധർമ്മാനുഷ്ഠാനം പൂർണ്ണമാകുന്നില്ല. ധർമ്മം കർമ്മാനുഷ്ഠാനങ്ങൾകൊണ്ടാണ് പ്രകടമാകുന്നത്. ഒരുത്തന് മാതാപിതാക്കളോടും, കുടുംബത്തോടും കടമയുണ്ട്. എന്റെ കുലത്തിൽ ആരും കെട്ടവരയിപ്പോകരുത്; വഴി തെറ്റിപ്പോകരുത് എന്ന് ഒരോരുത്തരും ആശിക്കണം, അങ്ങനെ സംഭവിക്കാതിരിക്കാൻ പ്രയത്നിക്കണം. അതു പോലെ സമാജത്തിനോടും, രാജ്യത്തിനോടും നമുക്ക് കടപ്പാടുകൾ ഉണ്ട്. ഇവയെല്ലാം നിറവേറ്റേണ്ട നമ്മുടെ ധർമ്മമാണ്.

വനവാസത്തിനു പുറപ്പെടുന്ന ശ്രീരാമചന്ദ്രനോട് മാതാവായ കൗസല്യ തന്നേയും കൂട്ടിക്കൊണ്ടുപോകണമെന്ന് ആവശ്യപ്പെടുന്നു. അതു നിരസിച്ച ശ്രീരാമചന്ദ്രൻ, അതേസമയം, സീതാദേവി ആവശ്യപ്പെട്ടപ്പോൾ സമ്മതിച്ചു. കാരണമാരഞ്ഞ കൗസല്യാദേവിയോട് ശ്രീരാമചന്ദ്രൻ പറഞ്ഞു. അമ്മേ അമ്മയ്ക്ക് നാഥൻ ദശരഥമഹാരാജാവാണ്. കൈകേയിയോട് കോപിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ അദ്ദേഹത്തെ പരിചരിക്കേണ്ടത് ഭഗവതിയാണ്. അതേ സമയം സീതയുടെ നാഥനാണ് ഞാൻ. അതുകൊണ്ട് മാത്രമാണ് അവളെ ഞാൻ കൂടെക്കൊണ്ടു പോകുന്നത്.

പാണ്ഡവർ ജയിച്ച്ത് ധർമ്മംകൊണ്ടാണ്. ധർമ്മമുള്ളിടത്ത് ദൈവമുണ്ട്. ദൈവമുള്ളിടത്ത് ജയമുണ്ട്.

"യതോ ധർമ്മ, താതോ ജയ:"

നമുക്ക് ജയം വേണ്ടേ? അപ്പോൾ ധർമ്മവും വേണം. ധർമ്മാചരണത്തിൽ ചിലപ്പോൾ സംശയമുദിച്ചേക്കാം. അപ്പോഴെല്ലാം നിഷ്ഠവാന്മാരായ മുതിർന്നവരോടും, വിദ്യാഭ്യാസസമ്പന്നരായ സജ്ജനങ്ങളോടു ചോദിച്ചു മനസ്സിലാക്കാം.

പ്രാരബ്ധഭോഗത്തിനും കൂടിയാണ് ഈ ജന്മം. പല തരത്തിലുള്ള കടപ്പാടുകൾ വീട്ടുവാനും, കടമകൾ നിർവ്വഹിക്കുവാനും, കർത്തവ്യങ്ങൾ ചെയ്തു തീർക്കുവാനുമാണ് ഈ ജന്മം ഈശ്വരൻ നൽകിയിരിക്കുന്നത്. മുക്തിയാണ് നമ്മുടെ അന്തിമലക്ഷ്യമെങ്കിൽ ഇതെല്ലാം ആവും വിധത്തിൽ നിർവ്വഹിച്ചിരിക്കണം. സ്വയം സേവകരായ നിങ്ങൾ കർത്തവ്യ പരിപാലനത്തിൽ ആദ്യം ശ്രദ്ധയുള്ളവരാകുവിൻ. സമാജസേവ മുഖേന ഈശ്വരന്റേയും ഗുരുവിന്റെയും അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാകുമെന്ന വിശ്വാസത്തോടെ നിങ്ങൾ മുന്നോട്ടു വന്നിരിക്കുന്നു. നിങ്ങളുടെ വിശ്വാസം സഫലമാകട്ടെ എന്ന് ഈശ്വരനോട് പ്രാർത്ഥിക്കുന്നു.

സാമാന്യമായി പറഞ്ഞാൽ ബ്രാഹ്മണരായ നമ്മുടെ അടിസ്ഥാനപരമായ സുപ്രധാനമായ ധർമ്മം സന്ധ്യാവന്ദമാണ്. അതു മുടങ്ങാതെ നിർവ്വഹിക്കണം.

രാവിലെ ഉണർന്നാൽ മുതിർന്നവരെ സ്മരിക്കണം. നമസ്ക്കരിക്കണം. ഇതുകൊണ്ടെന്താണ് നമുക്ക് കിട്ടുക? നമ്മിലുള്ള ഒരു വലിയ ശത്രു - അഹങ്കാരം അഥവാ ഗർവ്വ് - നശിക്കും. അഹങ്കാരമില്ലാത്തവന് കോപം വരില്ല. നമസ്ക്കാരം കൊണ്ട് മനസ്സ് മൃദുലമാകും, അഹങ്കാരം കുറയും.

അമിതമയ ആശയ്ക്കും, ദുരാഗ്രഹത്തിനും, അസൂയയ്ക്കും നിദാനമായതാണ് ലോഭം. എനിക്കു മാത്രം കിട്ടണം, മറ്റുള്ളവർക്ക് കിട്ടരുത്; മറ്റുള്ളവരുടെ ഉയർച്ചയിൽ സന്തോഷിക്കുന്നതിനുപകരം അസൂയാലുക്കളാകുക; ഇത്തരത്തിലുള്ള ലോഭം ബാധിക്കാതിരിക്കണമെങ്കിൽ ദാനം ചെയ്യണം. പണം മാത്രമല്ല ദാനം ചെയ്യേണ്ടത്. ശ്രമദാനവുമാകാം. മാനസികദാനവുമുണ്ട്. മറ്റുള്ളവരുടെ സൽപ്രവൃത്തികളെക്കുറിച്ച് നല്ല വക്കുകൾ പറയുക. മറ്റുള്ളവരുടെ ഉയർച്ചയിൽ ഉള്ളുകൊണ്ട് സന്തോഷിക്കുക. കൊച്ചിയിലെ രാജഗോപുരനിർമ്മാണത്തിന് നടന്ന മഹാശ്രമദാനത്തെപ്പറ്റി കേട്ടിട്ടില്ലേ? ശാരീരികമായി കെല്പില്ലെങ്കിലും മറ്റുള്ളവർക്കുവേണ്ട പ്രേരണയും പ്രോത്സാഹനവും നൽകുന്നതും മാനസികദാനമാണ്.

അസൂയ, കണ്ണുകടി എന്നൊക്കെ നാം കേട്ടിട്ടുണ്ട്. ചിലർക്ക് മറ്റുള്ളവരുടെ ഉയർച്ച സഹിക്കാനാവില്ല. സ്നേഹം എന്ന ഉപാധികൊണ്ടുമാത്രമേ ഈ ദോഷം അകറ്റാൻ കഴിയുകയുള്ളൂ. സ്വന്തം അമ്മ കുട്ടിയുടെ ഉയർച്ചയിൽ അസൂയപ്പെടുകയില്ല. അതിൽ സന്തോഷിക്കും. കാരണം കുട്ടിയോടുള്ള സ്നേഹമാണ്. സ്നേഹമില്ലാത്തിടത്താണ് അസൂയ തലപൊക്കുന്നത്. അസൂയ തോന്നാതിരിക്കുകയാണ് അനസൂയ.

ദയയാണ് മറ്റൊരു സുപ്രധാന ആത്മഗുണം. ദയാഗുണമുള്ളവർക്കേ അന്യരുടെ ദു:ഖത്തിൽ സഹതപിക്കാൻ സാധിക്കൂ. അമേരിക്കയിലെ പ്രസിഡന്റായിരുന്ന വാഷിങ്ടൻ കൃത്യനിഷ്ടയുള്ളവനും,നല്ല ഗുണങ്ങളുള്ളവനുമായിരുന്നു. ഒരു ദിവസം പതിവിനു വിപരീതമായി അരമണിക്കൂർ വൈകിയാണ് അദ്ദേഹം ആഫീസൽ എത്തിയത്. വന്നയുടനെത്തന്നെ കാത്തിരുന്നവരോട് അദ്ദേഹം മാപ്പപേക്ഷിച്ചു. പിന്നീട് വൈകാനുള്ള കാരണവും വിശദീകരിച്ചു. വഴിമദ്ധ്യേ ഒരു കുഴിയിൽ കിടന്നു പിടയ്ക്കുന്ന ഒരു പന്നിക്കുട്ടിയെ കരയകയറ്റി രക്ഷപെടുത്തവെ അഴുക്കായ വസ്ത്രങ്ങൾ മാറ്റുവാൻ പോയതുകൊണ്ടാണത്രെ അദ്ദേഹം വൈകിയത്. ആ ദീനരംഗം കണ്ടപ്പോൾ തന്റെ മനസ്സിൽ വളരെ ദു:ഖമുണ്ടായെന്നും ആ ദു:ഖമകറ്റുവാനാണ് താൻ ആ പന്നിക്കുട്ടിയെ രക്ഷപെടുത്തിയതെന്നും വ്യക്തമാക്കി.

ഇതുകേട്ട് സഹപ്രവർത്തകർ അദ്ദേഹത്തെ ദയാലു എന്നു വാഴത്തി. ദയയിൽ നിന്നാണ് അഹിംസാഭാവം ഉടലെടുക്കുന്നത്.

സ്വന്തം മകൻ തെറ്റു ചെയ്താൽ അമ്മ ക്ഷമിക്കുന്നു. അതേ തെറ്റ് മറ്റൊരു കുട്ടിയാണ് ചെയ്യുന്നതെങ്കിൽ അതേ അമ്മ ക്ഷമ കാണിക്കുന്നില്ല. മകനോടുള്ള വാത്സല്യമാണ് അവിടെ ക്ഷമയ്ക്കു നിദാനം. അതു ശരിയായ ക്ഷമയല്ല. ദേഷ്യപ്പെടുവാൻ മാത്രം കാരണമുണ്ടെങ്കിൽപോലും ദേഷ്യപ്പെടരുത്. അതാണ് ക്ഷമ. സുകൃതീന്ദ്രസ്വാമികൾക്ക് ദേഷ്യമോ, കോപമോ ഇല്ലായിരുന്നു. ഒരു ശിഷ്യൻ അതിനു കാരണമാരാഞ്ഞു. എന്തിനു ദേഷ്യപ്പെടണം? മന:പ്പൂർവ്വം ആരും തെറ്റു ചെയ്യുന്നില്ലല്ലോ. എന്നായിരുന്നു ഗുരുവര്യരുടെ മറുപടി.

ശൗചവും മനുഷ്യനുവേണ്ട ഒരു ഗുണവിശേഷമാണ്. വൃത്തിയും, ശുദ്ധിയും പാലിക്കുവാൻ എപ്പോഴും ശ്രദ്ധിക്കണം. പശുക്കൾ പോലും അവരുടെ മലമൂത്രാദികളിൽ നിന്നും ഒഴിഞ്ഞുമാറിയാണ് കിടക്കുന്നതും, ഉറങ്ങുന്നതും. ചെളിക്കുണ്ടിൽ വീണ കുട്ടിക്കൊന്നും പറ്റിയില്ലെങ്കിലും നനഞ്ഞു ചെളി പുരണ്ട ഉടുപ്പ് മാറ്റുന്നതുവരെ ആ കുട്ടി കരഞ്ഞുകൊണ്ടിരിക്കും. ഇതിന് ശരീരശൗചം എന്നു പറയാം. ആന്തരികശൗചത്തിനും ശുദ്ധിക്കുമാണ് സന്ധ്യാവന്ദനം.

അനായാസ- ആവശ്യമില്ലാത്ത കാര്യങ്ങൾക്കുവേണ്ടി വൃഥാ പ്രയത്നിക്കുക. ശ്രമിക്കുക- ഇത് ആയാസം. ആവശ്യമുള്ളതും, നല്ലതുമായ കാര്യങ്ങൾക്ക് വേണ്ടി ശ്രമിക്കുന്നത് അനായാസം.

മാംഗല്യം - മനസ്സിനെ നിർമ്മലമാക്കി വെയ്ക്കലാണ് ഏറ്റവും വലിയ മാംഗല്യം. മനംപോലെ മാംഗല്യം എന്നാണല്ലോ ചൊല്ല്.

അകാർപണ്യം : കാർപണ്യം ലോഭമാണ്. ആർക്കെങ്കിലും കൊടുക്കുമ്പോൾ മനസ്സിനൊരു പ്രയാസം. പണം ചിലവാക്കുവാൻ വളരെയേറെ മടി. സമ്പാദിച്ച കൂട്ടിവയ്ക്കുന്ന കാര്യത്തിൽ മാത്രം അതീവ താൽപര്യം. ഇതെല്ലാം കാർപണ്യദോഷമുള്ളവർ ചെയ്യുന്നതാണ്. മറിച്ചുള്ള സദ്ഗുണമാണ് അകാർപണ്യം. 50 വർഷം മുമ്പുനടന്ന ഒരു സംഭവം പറയാം. അതീവ ലോഭിയും, ലുബ്ധനുമായ ഒരു ലക്ഷാധിപതിക്ക് 60 വയസ്സ് തികഞ്ഞു. ഷഷ്ഠിപൂർത്തി ആഘോഷിക്കുവാൻ അയാളുടെ മക്കൾ തീരുമാനിച്ചു. അച്ഛനോട് വിവരം പറഞ്ഞെങ്കിലും കേമമായി നടത്താനുള്ള ഒരുക്കങ്ങളെല്ലാം മക്കൾ സ്വയം ചെയ്തു തുടങ്ങി. പുരോഹിതനേയും മറ്റും വിളിച്ച് വേണ്ട സാമഗ്രികളുടെ പട്ടിക തയ്യാറാക്കി. സാമഗ്രികളെല്ലാം വാങ്ങിക്കൊണ്ടുവന്നു. തലേദിവസം അച്ഛൻ ഷഷ്ഠിപൂർത്തിക്കു വേണ്ട ഒരുക്കങ്ങളെന്തെല്ലാമാണെന്ന് അന്വേഷിച്ചു. അച്ഛൻ ചടങ്ങിൽ സംബന്ധിച്ചാൽ മാത്രം മതി, മറ്റെല്ലാ കാര്യങ്ങളും തങ്ങൾ ചെയ്തുകൊള്ളാം എന്ന് മക്കൾ വിനയപുരസ്സരം അപേക്ഷിച്ചു. സംഭരിച്ച സാധനങ്ങളുടെ പട്ടിക കാണണമെന്ന് നിർബന്ധിച്ചപ്പോൾ ഗത്യന്തരമില്ലാതെ മക്കൾ പട്ടിക കാണിച്ചു. അതൊന്ന് ഓടിച്ചു നോക്കി, അതിനുവേണ്ട ചിലവുകൾ ഓർത്ത് അദ്ദേഹം ഹൃദയം സ്തംഭിച്ചു മരിക്കുകയുണ്ടായി.

മറ്റൊരു ലോഭിയുടെ കഥ കേൾക്കണോ? തീവണ്ടി സ്റേഷനുമുന്നിൽ നിന്നും ഉദ്ദിഷ്ടസ്ഥലത്തേക്കു പോകാൻ ടോംഗാക്കാരൻ 50 പൈസയാണ് ആവശ്യപ്പെട്ടത്. ഇയാൾ പകുതി കൊടുക്കാനേ തയ്യാറായുള്ളൂ. അവസാനം തർക്കിച്ച് വാശിയോടെ നടന്നുതുടങ്ങി. വഴിയിൽ അവിടവിടെയായി വെള്ളം കെട്ടിക്കിടക്കുന്നുണ്ടായിരുന്നു. ഒരു കുഴിയിൽ വീണു വസ്ത്രമെല്ലാം നനഞ്ഞു മലിനമായി. അതുവഴി വന്ന ഒരു സ്നേഹിതൻ ടോംഗായിൽ പോകാത്തതെന്താണെന്നു ചോദിച്ചു സഹതപിച്ചു. ഇയാൾ പറഞ്ഞതെന്തെന്നോ? കൂടുതൽ കൂലി ചോദിച്ചാൽ എന്തുചെയ്യു. 25 പൈസ കൊടുക്കാമെന്ന് പറഞ്ഞതാണ്. 25 പൈസ അത്ര നിസ്സാരമണോ? എന്റെ നെഞ്ചത്തു കത്തി വെയ്ക്കുവാനാണ് ടോംഗക്കാരൻ ശ്രമിക്കുന്നത്. ഞനൊരിക്കലും അതി സമ്മതിക്കില്ല. ഇതാണ് ലോഭിയുടെ അവസ്ഥ.

ബി. കോമിനു പഠിക്കുന്ന മകൻ ഷേവ് ചെയ്യാൻ ഒരു ബ്ലേഡും, റേസറും വാങ്ങിച്ചു. ലുബ്ധനായ അച്ഛന് ഇതൊട്ടും സഹിച്ചില്ല. ഇങ്ങനെ പണം ചിലവാക്കിയാൽ നീ കുടുംബം മുടിക്കും എന്നു പറഞ്ഞ് മകനെ ശകാരിച്ചു. ഈ മാനസികാഘാതം കൊണ്ട്, മന്ദബുദ്ധിയായിത്തീർന്ന ആ മകൻ പിന്നീടൊരിക്കലും താടി വടിക്കുകയുണ്ടായില്ല.

അസ്പൃഹ:- തന്റേതല്ലാത്തതൊന്നും തന്നെ വേണ്ട, തന്റേതു നഷ്ടപ്പെട്ടാലും വേണ്ടില്ല. അന്യന്റെ സ്വത്തോ, സമ്പത്തോ ആശിക്കാതിരിക്കുക. ഷഹറാൻപൂർകാരനായ ഒരച്ഛൻ ഡൽഹിലായിരുന്ന മകന് അയച്ച കത്തിലെ സ്റ്റാമ്പിൽ തപാൽ വകുപ്പ് മുദ്രവെയ്ക്കുവാൻ വിട്ടുപോയി. മകൻ ആ സ്റ്റാമ്പെടുത്ത് മറുപടിക്കത്തിൽ ഒട്ടിച്ച് അച്ഛനയക്കുന്നു. വസ്തു മനസ്സിലാക്കിയ അച്ഛൻ ഇനി അയക്കുന്ന കത്തിൽപിഴയായി ഇരട്ടി സ്റ്റാമ്പൊട്ടിക്കണമെന്ന് മകനെ ശാസിക്കുന്നു. അർഹതയില്ലാത്ത ധനം തികച്ചും വേണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അനർഹമായ യാതൊന്നും വേണ്ട. ഇതൊരു വലിയ ഗുണമാണ്.

ബഹുമതിയും, മാന്യതയും നൽകേണ്ടതു ആർക്കാണെന്ന് മനു പറഞ്ഞിട്ടുണ്ട്. ഒരു സദസ്സിൽ ഏറ്റവും പ്രായം ചെന്ന

ആയുഷ്മാനാണ് മര്യാദ അർഹിക്കുന്നത്. ആയുഷ്മാനാണ് ബ്രാഹ്മണൻ, ജ്ഞാനി, നാരായണ പ്രതീകനായ വരൻ ഇവരെല്ലാം മാനിക്കപ്പെടേണ്ടവരാണ്.രാജാവ് പോലും ആഭൂഷണത്തോടുകൂടിയാണ് വരന് വഴിമാറിക്കൊടുക്കണമെന്ന് ശാസ്ത്രം പറയുന്നു. ഏറ്റവും വലിയ യോഗ്യത ജ്ഞാനം തന്നെയാണ്. വസിഷ്ഠപരാശരാദി മഹർഷി പുംഗവന്മാർ ഉപവിഷ്ടരായ സദസ്സിൽ സനകസനന്ദനാദികുമാരന്മാർ എത്തിയപ്പോൾ വസിഷ്ഠാദികൾ എഴുന്നേറ്റ് ആദരവ് പ്രകടിപ്പിച്ച സന്ദർഭമുണ്ട്. യോഗ്യതയുള്ളവരെ ബഹുമാനിക്കണം. അതാണ് നല്ലരീതി. ലോകത്തിൽ മുതിർന്നവർക്ക് അനുഭവങ്ങൾ ഏറും. അവർ അനുഭവങ്ങളുടെ വെളിച്ചത്തിൽ പറയുന്നത് മറ്റുള്ളവർ അനുസരിക്കണം. ഇതായിരുന്നു നമ്മുടെ സമ്പ്രദായം. എന്നാൽ ഇക്കാലത്തു പറഞ്ഞാൽ കുട്ടികൾപോലും അനുസരിക്കുമോ, അവഗണിക്കുമോ എന്ന ഭയംമൂലം, മുതിർന്നവർ ഒന്നുംതന്നെ പറയുന്നില്ല. തെറ്റുകൾ ചെയ്താൽ പോലും കണ്ണടയ്ക്കുന്നു. ഈ രീതി നമുക്ക് ദോഷം ചെയ്യും. മുതിർന്നവർ പറയുന്നത് അനുസരിക്കുവാനുള്ള സന്മനസ്സ് നമ്മുടെ സമാജത്തിലെ കുട്ടികൾ വളർത്തിയെടുക്കണം.

ഈ ശിബിരത്തിൽ കേട്ട തത്വങ്ങളും മറ്റു കാര്യങ്ങളും മനനം ചെയ്ത് മനസ്സിൽ ഉറപ്പിക്കണം. ശ്രദ്ധയോടും, വിശ്വാസത്തോടും കൂടി ഉപാസനാനുഷ്ഠാനാദികൾ ചെയ്താൽ ഫലം സിദ്ധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിനുദാഹരണമായി പല കൃഷ്ണലീല കഥകളുമുണ്ട്. താളപത്രി എന്ന ഗ്രാമത്തിൽ ഹരിദാസ് ശ്രീകൃഷ്ണലീലകൾ വർണ്ണിക്കുകയുണ്ടായിരുന്നു. ശ്രീകൃഷ്ണന്റെ മയിൽപ്പീലി ചൂടിയ മുടിക്കെട്ടും, ചേതോഹരങ്ങളായ നയനാരവിന്ദങ്ങളും, ആരേയും ആകർഷിക്കുന്ന മുഖാംഭോജവും മറ്റും തന്മയത്വത്തോടെ വർണ്ണിച്ചു. മഞ്ഞപ്പട്ടുടുത്ത് കാതിലും കഴുത്തിലും മറ്റും സ്വർണ്ണാഭരണങ്ങൾ ധരിച്ച ആ കമനീയ രൂപം കൺമുമ്പിൽ കാണുന്ന വിധത്തിൽ ആ ഹരിദാസ് വിവരിച്ചു. ജ്യേഷ്ഠനായ ബലരാമനും ആഭരണങ്ങളണിഞ്ഞ് മറ്റു ഗോപകുമാരന്മാരുമായി ഗോക്കളെ മേയ്ക്കുവാൻ കാനനത്തിലേക്ക് പോകുന്ന രംഗം വിസ്തരിച്ചു. സദസ്സിൽ ഒരു കള്ളനും ഇതു ശ്രദ്ധിച്ചുകൊണ്ടിരുന്നു. കഥാകഥത്തിനു ശേഷം ആളുകൾ പിരിഞ്ഞു. ഒടുവിൽ ഹരിദാസ് ഒറ്റയ്ക്കായപ്പോൾ കള്ളൻ ഹരിദാസന്റെ നേരെ ചാടി കത്തി കാണിച്ചു ഭീഷണിപ്പെടുത്തി. എവിടെയാണ് കൃഷ്ണനും രാമനും? എനിക്കു ഉടനെ അറിയണം. ഹരിദാസ് ദുർഘടത്തിലായി. കൃഷ്ണനും രാമനും അങ്ങകലെ മഥുരയിലെ വൃന്ദാവനത്തിലാണ് വാഴുന്നത്. ഗോക്കളെ മേയ്ക്കാൻ വനത്തിലേക്ക് പോകുന്നു. യമുനാനദീതീരത്ത് ഒരു കദംബവൃക്ഷമുണ്ട്. അതിന്റെ ശീതളഛായയിൽ ശ്രീകൃഷ്ണനും രാമനും മറ്റു കൂട്ടുകാരും കളിക്കാറുണ്ട്. എന്നെല്ലാം ഹരിദാസ് സംഭീതനായി പറഞ്ഞു. ഇതുകേട്ട് ആ കള്ളൻ വിശ്വാസത്തോടെ വൃന്ദാവനത്തിൽ ചെന്ന് കൃഷ്ണനെ കാണണമെന്നും ആഭരണങ്ങൾ മോഷ്ടിക്കണമെന്നും മനസ്സിൽ കരുതി യാത്ര തുടങ്ങി. ദിവസങ്ങളും, ആഴ്ചകളും, മാസങ്ങളും യാത്ര ചെയ്തു. ഒരേ ലക്ഷ്യം ലാക്കാക്കി ഒടുവിൽ വൃന്ദാവനത്തിലെത്തി. യമുനാ നദിയും കദംബവൃക്ഷവും കണ്ടുപിടിച്ചു. നേരം വെളുത്തപ്പോൾ കദംബവൃക്ഷത്തിൽ കയറി കൃഷ്ണനെയും രാമനേയും കാത്തിരിപ്പായി. നേരം വെളുത്തു. കള്ളൻ നാലുപാടും നോക്കിയപ്പോൾ അങ്ങകലെ നിന്നും അതാ പശുക്കളും പിന്നാലെ ഒരു കൂട്ടം കുട്ടികളും വരുന്നുണ്ട്. സർവ്വാഭരണഭൂഷിതരായി കൃഷ്ണനും രാമനുമുണ്ട് കൂട്ടത്തിൽ. ഇവരുടെ ആഭരണങ്ങൾ കിട്ടിയാൽ പിന്നെ ജീവിതത്തിൽ ഒരിക്കലും മോഷ്ടിക്കേണ്ടി വരില്ല. അത്രയേറെയുണ്ട് ആഭരണങ്ങൾ. കള്ളൻ മനസ്സിൽ കരുതി. അവർ കദംബവൃക്ഷഛായയിൽ വന്നിരുന്നു. കൃഷ്ണന്റെ കമനീയ രൂപം കണ്ട് കള്ളൻ മറ്റെല്ലാം മറന്നുപോയി. സുന്ദരവും, ആകർഷണീയവുമായ ആ രൂപം നോക്കി കള്ളൻ കുറെ നേരം ഇരുന്നു. ഒടുവിൽ ഈ ദൃശ്യങ്ങളെല്ലാം പെട്ടെന്ന് അപ്രത്യക്ഷമയി. എന്നാൽ കള്ളന് മാനസാന്തരമുണ്ടാവുകയും പിന്നീട് ശ്രീകൃഷ്ണന്റെ രൂപഭംഗിയും, ലീലകളും വാഴ്ത്തി ജീവിതം നയിക്കുകയും ചെയ്തു.

പുരാതനകഥകൾ വെറും എഴുതിക്കൂട്ടിയ നോവലുകളല്ല. അങ്ങനെ നോവലുകളാണെന്നു കരുതുന്നത് അപകടമാണ്. ദൈവത്തെ നമുക്ക് അനുഭവത്തിലൂടെ ദർശിക്കാം.

കഷ്ടപ്പെടുന്നവന്റെ കഷ്ടത പ്രാർത്ഥനയിലൂടെ അകലുമ്പോൾ കർമ്മരൂപേണ ദൈവം അവന് പ്രത്യക്ഷപ്പെടുന്നു എന്നു പറയാം. പലർക്കും ഇത്തരത്തിൽ ആപത്ഘട്ടങ്ങളിൽ ദൈവം സഹായത്തിനെത്തിയിട്ടുണ്ട്. ക്ഷേത്രങ്ങളിലും മറ്റു പ്രത്യക്ഷ ദൈവത്തെ നമുക്ക് കാണാൻ സാധിക്കണം. നാമദേവർ ദൈവത്തെ ഊട്ടിയതും പിന്നീട് ശകാരിച്ചതും മറ്റും നിങ്ങൾ കേട്ടിട്ടില്ലേ? ഈശ്വര ചിന്തയിൽ മുഗ്ദ്ധനായാൽ ദൈവം നമ്മോടൊപ്പം എപ്പോഴും ഉണ്ടായിരിക്കും.

നമ്മൾ പ്രഥമമായും പ്രധാനമായും ആചരിക്കേണ്ട സന്ധ്യാവന്ദന ജപാദികൾ ശ്രദ്ധാപൂർവ്വം നിരന്തരം അനുഷ്ഠിച്ചാൽ മറ്റുള്ളതെല്ലാം താനെ പിന്നാലെ വന്നുകൊള്ളും. ഇങ്ങനെ ധർമ്മാധിഷ്ഠിത കർമ്മാനുഷ്ഠാനത്തോടെ ജീവിക്കുവാനും അതുവഴി നിങ്ങൾക്കും, സമാജത്തിനും നന്മവരാനും ഇടയാക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഏവരേയും ആശീർവദിക്കുന്നു.

ഗ്രാമ സ്വയംസേവക് ശിബിരം – 1985

# 6. ശിബിര സമാപന പ്രവചനം

ഈശ്വര പ്രാർത്ഥനയോടെ പ്രീതി പൂർവ്വകം ഏവരേയും ആശീർവദിക്കുന്നു. മൂന്നു ദിവസമായി ജി. എസ്സ്. ബി. മഹാസഭയുടെ സ്വയം സേവക ശിബിരം നടക്കുന്നു. ഇരുന്നൂറിലേറെ അംഗങ്ങൾ ഇതിൽ പങ്കെടുത്തു. ഓരോ വ്യക്തിയും, സന്തോഷത്തോടും, ഉത്സാഹത്തോടും കൂടി ഇതിൽ പങ്കെടുത്തു എന്നത് ചാരിതാർത്ഥ്യജനകമാണ്. സ്വയം സേവകർ, സംഘാടകർ, പ്രബന്ധകർ, ദേവസ്വം അധികാരികൾ എന്നിങ്ങനെ ഇതിനോട് ബന്ധപ്പെട്ട എല്ലാവരും അവരവരുടെ പങ്ക് നന്നായി നിർവഹിച്ചു. ഏവരും സമർപ്പിച്ച സേവ ഈശ്വര കാരുണ്യത്തോടെ സ്വീകരിക്കട്ടെ. എല്ലാവരെയും ഈശ്വരൻ അനുഗ്രഹിക്കട്ടെ.

രാവിലെ 6 മണി മുതൽ രാത്രി 10 മണിവരെ തുടർച്ചയായി പരിപാടികൾ. എല്ലാം അടുക്കും ചിട്ടയുമായി നിയമിതമായി നടക്കുന്നു. സമയപരിപാലനം ജീവിതത്തിൽ ഒരാവശ്യമാണ്. നിയമാനുസൃതമല്ലാത്ത, അച്ചടക്കമില്ലാത്ത ജീവിതം വ്യർത്ഥമാണ്. ഇതൊക്കെ അഭ്യസിപ്പിക്കുവാനുള്ളതാണ്, ഈ ശിബിരം. ആറുമണിക്കാണ് ഉണരേണ്ടതെങ്കിലും പലരും അതിനു മുമ്പുതന്നെ ഉത്സാഹത്തോടെ ഉണർന്നു. ആരും വൈകിയില്ല. തിരിച്ചു വീട്ടിൽ പോയാലും ഇതു മറക്കാതിരിക്കുവിൻ. ശിബിരത്തിൽ സമയം പോയത് ആരും അറിഞ്ഞില്ല. എല്ലാവരും ആത്മാർത്ഥമായി ഇതാസ്വദിച്ചുവെത്രെ! പുതിയ അനുഭവങ്ങൾ പലർക്കുമുണ്ടായി ഇതിനെല്ലാം ഈശ്വര കൃപതന്നെയാണ് കാരണം. പ്രതിവർഷം ഇത്തരത്തിൽ ശിബിരം വേണമെന്ന് പലരും അഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നു.

ഗൗഡ സാരസ്വത ബ്രാഹ്മണ സമാജാംഗങ്ങളായ നമ്മൾ സമാജത്തിനോട് കടപ്പെട്ടിരിക്കുന്നു. സമാജത്തിനോടുള്ള ഈ കടപ്പാട് നിറവേറ്റുവാൻ സ്വയം സേവകരായ നിങ്ങൾ സ്വമേധയാ മുന്നോട്ടുവന്നിരിക്കുന്നു. ബുദ്ധിമുട്ടുകളും, വിരസതയും, മുഷിച്ചിലും മറ്റുമില്ലാതെ സുഗമമായി ഗ്രാമസഭാ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുവാൻ ജഗദീശ്വരൻ നിങ്ങൾക്ക് വേണ്ട ബുദ്ധിയും മനോധൈര്യവും നൽകി അനുഗ്രഹിക്കട്ടെ.

അമൂല്യവും, അസുലഭവുമായ ഈ ജന്മം നിഷ്ഫലമാക്കുവാൻ നിങ്ങൾ ഒരിക്കലും അനുവദിക്കരുത്. ഈ ജന്മംകൊണ്ട് നേടുവാൻ കഴിയുന്നത്ര നേട്ടങ്ങൾ നാം നേടിയെടുക്കണം. ശിബിരത്തിൽ പങ്കെടുത്തവരെല്ലാവരും ഉപാസനാനുഷ്ഠാനങ്ങൾ വേണ്ടവിധത്തിൽ നടത്തിയതായി നാം അറിയുന്നു. ഈ വിഷയങ്ങൾ നിങ്ങൾ മറ്റുള്ളവരേയും അറിയിക്കുക. സ്ത്രീകൾക്കും മറ്റുള്ളവർക്കും അവരുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ നടത്തുവാനും സമാജസേവ ചെയ്യുവാനും ഈ ശിബിരം കൊണ്ട് സാധിക്കും.

എന്നിരുന്നാലും അല്ലറ ചില്ലറ അപാകതകൾ വന്നുപെടാം. ബാലകാശ്രമത്തിലും കുട്ടികൾക്ക് ഇതുപോലെ നിയമങ്ങളുണ്ട്. അഞ്ചാറുകൊല്ലം അവിടെ താമസിച്ച് അഭ്യസിച്ച് പരിചയിച്ച കുട്ടികൾ തിരിച്ചു വീട്ടിൽ ചെല്ലുമ്പോൾ വീട്ടിലെ പതിവുകൾ തികച്ചും വ്യത്യസ്തമാകാം. അവിടെ രാവിലെ ചായയും കാപ്പിയും മറ്റും പതിവാണ്. ഈ കുട്ടികൾ ബാലകാശ്രമത്തിൽ അഭ്യസിച്ച ദിനചര്യകൾ വിട്ടു ക്രമേണ വീട്ടിലെ പതിവുകൾ സ്വീകരിക്കുന്നു. സ്വയം സേവകരായ നിങ്ങളുടെ കാര്യത്തിൽ ഇങ്ങനെ സംഭവിക്കരുത്. നിങ്ങൾ തിരിച്ച് വീട്ടിലേക്കു ചെല്ലുമ്പോൾ അവിടത്തെ അന്തരീക്ഷം വ്യത്യസ്തമാണെങ്കിലും നിങ്ങൾ അതിൽ ലയിക്കരുത്. മറ്റുള്ളവരെയും പ്രേരിപ്പിച്ച് നിങ്ങളുടെ മാർഗ്ഗത്തിൽ കൊണ്ടുവരണം.

കുളിക്കാതെ ചായ കാപ്പി കുടിക്കുന്ന സ്വഭാവം വിടുക. കുളികഴിഞ്ഞ് ആഹാരം കഴിക്കുന്നതിനുമുമ്പ് കുറച്ചു ഗന്ധപ്രസാദം കഴിക്കുക. അപ്പോൾ തുടർന്നുകഴിക്കുന്ന ആഹാരമെല്ലാം പ്രസാദം പോലെ അമൃതതുല്യമായി ഭവിക്കും.

ഈ വിഷയങ്ങൾ നിങ്ങൾക്കനുവദിച്ചു കിട്ടിയ വീടുകളിൽ പറയുവാൻ മടിക്കേണ്ട. "ബാലാദപിശുകാദപി" എന്നാണ് പ്രമാണം. നല്ല കാര്യങ്ങൾ കുട്ടികൾ പറഞ്ഞാലും സ്വീകാര്യമായിക്കും. അതുകൊണ്ട് നിങ്ങൾ വീടുകൾ തോറും ഈ സന്ദേശം എത്തിക്കുക.

പരിഷ്ക്കാരത്തിന്റെ പേരിൽ അരുതാത്തതു പലരും ചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ വിഹിതമല്ലാത്ത കാര്യങ്ങൾ ചെയ്ത് മനുഷ്യൻ മൃഗമായി മാറുകയാണ് ചെയ്യുന്നത്. ഈശ്വരനുണ്ടെന്നും ഈശ്വരനോട് പ്രാർത്ഥിക്കണമെന്നുമൊക്കെ ഒരു മൃഗത്തോടു പറഞ്ഞാൽ അതിനു മനസ്സിലാകുമോ? അതനുസരിക്കുമോ? ചില പശുക്കൾ ഉണക്കാനിട്ടിരിക്കുന്ന വസ്തുക്കൾ തിന്നാൻ വരും. അടികൊണ്ടാൽ ഓടി ദൂരെപ്പോകും. വീണ്ടു വരും വീണ്ടു തല്ലു കൊള്ളാൻ. ഒരു മനുഷ്യശിശു അങ്ങനെയല്ല. അതിനഭിമാനമുണ്ട്. ഒരിക്കൽ അപമാനക്കപ്പെട്ടാൽ അതു രണ്ടുവട്ടം ആലോചിച്ചതിനുശേഷമേ വീണ്ടും അടുക്കുകയുള്ളൂ. സദ്ജീവിതം നയിക്കുവാൻ നല്ല മനക്കരുത്തും വേണം.

ശിബിരം ഏവരും സന്തോഷപൂർവ്വം ആസ്വദിച്ചു. ഭാവിയിൽ ഈശ്വരാനുഗ്രഹത്താൽ ഇത്തരത്തിലുള്ള സംരംഭങ്ങൾ വിജയിക്കട്ടെ. എല്ലാവരിലും ആത്മവിശ്വാസവും മനക്കരുത്തും വളരട്ടെ. സമാജത്തിന്റെ സർവ്വതോമുഖമായ ഉന്നമനത്തിന് പരമാത്മാവും, വ്യാസരഘുപതിയും. വരാഹദേവരും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ച് ആശീർവദിക്കുന്നു.

ഗ്രാമ സ്വയംസേവക് ശിബിരം – 1986

# 7. ഗുരുവര്യരുടെ ഉദ്ഘാടന പ്രവചനം

ഈശ്വരസേവ, ധർമ്മസേവ, സമാജസേവ ചെയ്യണം എന്ന സദുദ്ദേശത്തോടെ, അതു ചെയ്യുന്നത് നല്ലതെന്ന വിശ്വാസത്തോടെ ഈ ശിബിരത്തിൽ പങ്കെടുക്കാൻ നിങ്ങൾ എത്തിച്ചേർന്നിരിക്കുന്നു. നിങ്ങൾക്കേവർക്കും ആശീർവാദം.

പ്രധാനപ്പെട്ട ഒരു വസ്തുത എന്തെന്നുവെച്ചാൽ നമുക്കു ചുറ്റും കാണുന്ന ലോകത്തിലെ വ്യവസ്ഥ നോക്കിക്കണ്ട് ഈശ്വരന്റെ ഇച്ഛ എന്താണെന്ന് നാം ഗ്രഹിക്കണം. ഈ ഭൂമിയിൽ എത്രയോ ലോഹങ്ങൾ നാം കാണുന്നുണ്ട്. സ്വർണ്ണശേഖരം മറ്റുള്ളവയെ അപേക്ഷിച്ച് വളരെ കുറവാണ്. ഇരുമ്പ്, ചെമ്പ് മുതലായ ലോഹങ്ങൾ വളരെയധികമുണ്ട്. എന്നാൽ മേന്മയും ഗുണവും അധികമുള്ളത് സ്വർണ്ണത്തിനാണ്. ഇതരലോഹങ്ങൾക്ക് താരതമ്യേന ഗുണങ്ങൾ കുറവാണ്. ഈശ്വരസൃഷ്ടിയിൽ നാം ഇപ്രകാരം കാണുന്നു. മനുഷ്യരെ സംബന്ധിച്ചിടത്തോളം തന്നെ നോക്കുക. ശ്രേഷ്ഠരും ഗുണസമ്പന്നരും സംഖ്യയിൽ കുറവാണ്.

മറ്റുള്ളവരെ അപേക്ഷിച്ച് നല്ല ഉദ്ദേശത്തോടെ നിങ്ങൾ വന്നിരിക്കുന്നതിൽ നമുക്കു സന്തോഷം തന്നെ. നല്ല മനസ്സോടെ നിങ്ങൾ എത്തിയിരിക്കുന്നു. തിന്മയോ, ദുഷിപ്പോ നിങ്ങളിൽ കടന്നുകൂടാതിരിക്കാൻ നിങ്ങൾ ആദ്യമായി ശ്രദ്ധിക്കണം; പ്രയത്നിക്കണം. മോശമായിട്ടുള്ളത് എന്തെങ്കിലും അല്പം കലർന്നാൽ മതി, നല്ലവരായിരുന്നവരുടേയും മേന്മ ഇല്ലാതാകും. ചെമ്പു കലരുമ്പോൾ സ്വർണ്ണത്തിന്റെ തനിമ കുറയുന്നതു കണ്ടിട്ടില്ലേ. ഉദാഹരണത്തിന് നിങ്ങൾ സന്ധ്യാവന്ദനം അനുഷ്ഠിക്കുന്നവരാണ്. അതനുഷ്ഠിക്കാത്തവർ അധികംപേർ കാണും. അവരെ കണ്ട് കഴിയുമ്പോൾ തങ്ങൾക്ക് മാത്രം എന്തിനീ അനുഷ്ഠാനങ്ങളും ഉപാസനകളും എന്ന് തോന്നിപോകരുത്. നാം നല്ല വ്യായാമം ചെയ്യുന്നു. നല്ല ഭക്ഷണം കഴിക്കുന്നു. തന്മൂലം ശരീരപുഷ്ടിയും ആരോഗ്യവും നമുക്ക് ലഭിക്കുന്നു. ചോദിച്ചേക്കാം, അനുഷ്ഠാനം കൊണ്ടെന്തുഫലം? ഒറ്റനോട്ടത്തിൽ നേട്ടമൊന്നുമില്ലായിരിക്കാം. പക്ഷേ നിത്യേന അനുഷ്ഠാനാദികളുള്ള ഒരുത്തന് നല്ലതു മാത്രമേ തോന്നൂ. ഒരു കൊച്ചുകുട്ടിയെ എന്നും വൃത്തിയാക്കി നല്ല വസ്ത്രം ധരിപ്പിച്ച് വളർത്തുന്നുണ്ടെങ്കിൽ ശരീരത്തിലോ വസ്ത്രത്തിലോ വല്ലപ്പോഴും ചെളി പുരണ്ടു കണ്ടാൽ അവൻ അതു കളയണമെന്നോ മാറ്റണമെന്നോ പറഞ്ഞ് വാവിട്ട് കരയുന്നത് കാണാം. മുഷിഞ്ഞ വസ്ത്രം അവൻ വേണ്ടെന്നു പറയും. ഇതു മനുഷ്യരെ സംബന്ധിച്ചിടത്തോളം എന്നു കരുതാം. നമ്മുടെ വളർത്തു മൃഗമായ പശുവിന്റെ കാര്യം നോക്കുക. എന്നും അതിനെ കുളിപ്പിച്ച് തൊഴുത്ത് കഴുകി വൃത്തിയാക്കി സൂക്ഷിക്കുന്ന പതിവുള്ള സ്ഥലത്ത് ചാണകത്തിൽ നിന്നൊക്കെ ആ പശു എന്നും മാറികിടന്ന് ഉറങ്ങുന്നതു കാണാം. മാനസിക വിഷയങ്ങളും ഇപ്രകാരം തന്നെ. പതിവായി ക്ഷേത്രത്തിൽ പോയി ദർശനം നടത്തുന്നവന് യാദൃച്ഛികമായി ഒരു ദിവസം അതിനു തരപ്പെടാതിരുന്നാൽ വലിയ മനോവിഷമം അനുഭവപ്പെടും. ക്ഷേത്രത്തിൽ പ്രതിവർഷം ഉത്സവം നടക്കുന്നു. ആറാട്ടിന് പ്രസിദ്ധമായ ഗരുഡോത്സവമുണ്ട്. ആഭരണ അലങ്കാരാദികൾ കൊണ്ട് വിഭൂഷിതനായ ദേവനെ സ്വർണ്ണഗരുഡനിൽ എഴുന്നെള്ളിക്കുമ്പോഴുള്ള അമോഘമായ ദർശനം! ആ സമയത്ത് ദേവരെ തൊഴുത് ഉള്ളലിഞ്ഞ് പ്രാർത്ഥിക്കുന്നതെന്തും സാർത്ഥകമാകുന്നു. അഭീഷ്ടസിദ്ധിയുണ്ടാകുന്നു. ആ പർവ്വകാലത്താണ് പനി ബാധിച്ച് ഒരു ഭക്തൻ കിടക്കുന്നതെങ്കിൽ അവന്റെ മനസ്സ് എത്ര വേദനിക്കും! ഇതൊക്കെ പതിവായി പോകുന്നവർക്ക് മാത്രമുള്ള അനുഭവങ്ങൾ. അവരാണ് സജ്ജനങ്ങൾ. അവർ തിന്മക്ക് ഒരിക്കലും കൂട്ടു നിൽക്കുകയില്ല. ആരെങ്കിലും തിന്മ ചെയ്യുന്നതു കണ്ടാൽ അവർക്ക് മനപ്രയാസം ഉണ്ടാകും.

മനസ്സും ചിന്തയും എപ്പോഴും ശുദ്ധവും നിർമ്മലവുമായി കാക്കണം. അത് സാധിക്കുവാനായി സ്വയം സേവകരായ നിങ്ങൾ തദനുസൃതമായി ജീവിതം നയിക്കണം. നിങ്ങൾക്കതിന് കഴിവുണ്ടാകും. സ്വയം സേവകർക്കുള്ള നിർദ്ദേശങ്ങളെല്ലാം നിങ്ങൾ അനുസരിക്കണം. നിങ്ങൾക്ക് നൽകുന്ന നിത്യകർമ്മാനുഷ്ഠാനങ്ങൾ ശ്രദ്ധിച്ചു പഠിക്കുക. ശ്രദ്ധയോടും ഭക്തിയോടും വിശ്വാസത്തോടുംകൂടി എന്നും കാലത്ത് സ്നാനവും സന്ധ്യാവന്ദനവും ചെയ്യുക. അതിനുശേഷം സന്തോഷത്തോടെ ഇഷ്ടദേവതാ കുലദേവതാ ധർമ്മപീഠങ്ങളെ മനസാസ്മരിച്ച് ന്യൂനാതിരിക്ത അപരാധങ്ങളെ ക്ഷമിച്ച് ചെയ്ത കർമ്മാനുഷ്ഠാനങ്ങൾ സ്വീകരിക്കണേ അനുഗ്രഹിക്കണേ എന്ന് പരമാത്മാവിനോട് പ്രാർത്ഥിക്കണം. ആരാണിഷ്ടദേവതാ - എറണാകുളത്തുള്ളവർക്ക് ഇവിടത്തെ വെങ്കടാചലപതി, കൊച്ചിയിലുള്ളവർക്ക് അവിടത്തെ വെങ്കിടാചലപതി, ചേർത്തലയിലുള്ളവർക്ക് അവിടത്തെ വെങ്കടാചലപതി, തുറവൂരിലുള്ളവർക്ക് അവിടത്തെ നൃസിംഹദേവർ.....

അങ്ങനെ! കുലദേവതാ ആരെന്ന് വ്യക്തമായി നിശ്ചയമില്ലാത്തവരാരെങ്കിലുമുണ്ടെങ്കിൽ അവർ തൽക്കാലം കുലദേവതാ എന്നു മാത്രം മനസ്സിൽ സ്മരിച്ചാൽ മതി. ധർമ്മപീഠം എന്നുവെച്ചാൽ സ്വാമികൾ. അനന്തരം കാലത്തു ചൊല്ലേണ്ട പ്രാർത്ഥനാശ്ലോകങ്ങൾ ഉരുവിട്ട് ശ്രീഗന്ധപ്രസാദം സ്വീകരിച്ചതിനുശേഷമേ കാലത്തെ വല്ലതും കഴിക്കാവൂ. ദിവസത്തിൽ ഒരിക്കലെങ്കിലും മുടങ്ങാതെ അമ്പലത്തിൽ ചെന്ന് തിരുനടയിൽ നമസ്കരിച്ച് ഒന്നോ രണ്ടോ അതിലധികമോ പ്രദക്ഷിണം വെച്ച് വീണ്ടും നമസ്കരിച്ച് തീർത്ഥപ്രസാദം വാങ്ങി ശ്രദ്ധാഭക്തി വിശ്വാസത്തോടെ കഴിക്കണം. രാത്രി ഉറങ്ങുന്നതിനുമുമ്പ് പ്രാർത്ഥനാശ്ലോകങ്ങൾ ചൊല്ലി ശരണാഗതനായി ക്ഷമായാചനം ചെയ്ത് തന്റെ വീട്ടിലെ എല്ലാവർക്കും അതുപോലെ തന്റെ വിഹിതമായ വീടുകളിലെ എല്ലാവർക്കും തന്റെ സമുദായത്തിനും ദേശത്തിനും എല്ലാ തിന്മകളും അകറ്റി നന്മകളെല്ലാം നൽകി രക്ഷിക്കണേ എന്ന് ജഗദീശ്വരനോട് പ്രാർത്ഥിക്കണം. പവിത്രമായൊരു ജീവിതം നയിക്കാനുള്ള ആദ്യത്തെ പടിയാണിത്. ക്രമേണ മറ്റുള്ളവരേ നിങ്ങളുടെ വഴിക്ക് നയിക്കുവാൻ കഴിയും. അതിനുള്ള കഴിവും കെല്പും നിങ്ങൾക്ക് താനേയുണ്ടാകും. തങ്ങൾക്കുവേണ്ടി മാത്രമല്ല കുടുംബത്തിനും സമാജത്തിനും ദേശത്തിനുംവേണ്ടി..... പ്രാർത്ഥിക്കുക പ്രവർത്തിക്കുക; ഇതുമൂലം മനസ്സ് എത്ര വിശാലമാകുന്നു. വൈഷ്ണവരായ നമ്മൾ ശരണാഗതരാകുന്നത് എത്ര പ്രധാനമാണ്.

ഇക്കുറി സ്വയംസേവകർ മാത്രമാണ് ശിബിരത്തിനെത്തിയിട്ടുള്ളത്. കഴിഞ്ഞവർഷം ശിബിരം ഒരു ധാർമ്മിക അന്തര്യോഗം പോലെയായിരുന്നു. നിങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് നിങ്ങൾ ചെയ്തേ തീരു. ക്രമേണ നിങ്ങൾ വിശാലഹൃദയരും നന്മചെയ്യുവാനുള്ള മനോധർമ്മമുള്ളവരുമായിത്തീരും. അതിൽനിന്നും അവാച്യമായ സന്തോഷം നിങ്ങൾക്കനുഭവപ്പെടുകയും ചെയ്യു.

ലോകഗതിയൊന്നു നോക്കുക. ഒരു ചുമർ വെള്ളപൂശിയാൽ കാണാൻ ചന്തമുണ്ടാകുന്നു. പക്ഷേ അതങ്ങനെ സൂക്ഷിക്കുക, നിലനിർത്തുക എന്നത് കുറച്ചുപ്രയാസമുള്ള കാര്യമാണ്. അന്തരീക്ഷത്തിൽ നിന്നും പൊടിയോ മറ്റോ പറ്റിപിടിച്ചും വികൃതികളായ കുട്ടികൾ കുത്തിവരച്ചും അതാകെ എളുപ്പം വൃത്തികേടാക്കും. അതുപോലെതന്നെ, സ്വയം ശുദ്ധരാകുന്ന നിങ്ങളേയും പ്രതികൂല ഘടകങ്ങൾ ബാധിച്ചേക്കും. കല്മഷവും അഴുക്കും പലവഴിക്കും പിടിപെടും. ചിലപ്പോൾ മിത്രങ്ങൾ വഴിക്കുമാകാം. ഓരോ പ്രായക്കാരോടും വിഭാഗക്കാരോടും ബന്ധുക്കളോടും അവസരോചിതം അനുനയത്തോടെ സംസാരിച്ച് നിങ്ങൾ അവരെ കീഴ്പ്പെട്ട് വ്യക്തിത്വം കളഞ്ഞുകുളിക്കാതെ വസ്തുതകൾ ശരിയായവണ്ണം പറഞ്ഞവരെ ധരിപ്പിക്കണം. അതു നിങ്ങളുടെ കടമയാണ്.

തിന്മചെയ്യാത്തവന് ആനന്ദമുണ്ടാകുന്നു. തിന്മചെയ്യുന്നവനോ? മനപ്രായാസം, ദുഃഖം, കഷ്ടപ്പാട് ഇവയൊക്കെ തീർച്ചയായും അവനുണ്ടാകും സ്വയം സേവകരായി മുന്നോട്ടു വന്നിരിക്കുന്ന നിങ്ങൾ സ്വയം സേവകരായിതന്നെ പറഞ്ഞ പ്രായപരിധിവരെ തുടരുക. വേണ്ടെന്നോ അരുതെന്നോ തോന്നരുത്. തോന്നാതിരിക്കട്ടെ. ഈശ്വരപ്രീതിക്കായി സത്കർമ്മങ്ങൾ ചെയ്യണം. ദോഷങ്ങളുള്ളവന് ഈശ്വരനോട് ചെല്ലുക സാദ്ധ്യമല്ല. രാത്രികാലത്തും പ്രാർത്ഥിക്കണം. നിസ്സാരമെന്നു തോന്നാം. പക്ഷേ ഒരിക്കലും അങ്ങനെയല്ല. ജഗദീശ്വരാ, എനിക്ക് എല്ലാം അങ്ങുതന്നെ. അങ്ങയുടെ പ്രീതിക്കായി എന്നെക്കൊണ്ട് അധികാധികം സത്കർമ്മങ്ങൾ ചെയ്യിക്കണേ. ദോഷങ്ങൾ അകറ്റണേ. ജന്മസാഫല്യം നൽകണേ, എന്ന് ഉള്ളലിഞ്ഞ് പ്രാർത്ഥിക്കണം.

പ്രഥമ ശിബിരത്തിൽ പങ്കെടുത്ത 46 പേർ ഈ രണ്ടാം ശിബിരത്തിന് വന്നിട്ടുണ്ട്. പുതുതായി എത്തിയിട്ടുള്ളവർ 129 പേരും. ദക്ഷിമണദ്ധ്യേ മേഖലകളിൽ മാത്രം മൊത്തം 81 ഗ്രാമസഭകളുണ്ട്. ഒരു ഗ്രാമസഭയ്ക്ക് ശരാശരി 70 വീടെന്ന് കണക്ക് കൂട്ടിയാൽ 6000 വീടുകളോളം കാണും. ഒരു വീടിന് 7 പേർവെച്ച് ഉദ്ദേശം കണക്കാക്കിയാൽ 42,000 അംഗങ്ങൾ ദക്ഷിണമദ്ധ്യമേഖലകളിൽ സമാജത്തിനുണ്ടായിരിക്കും. ഒരുവട്ടം അവരുമായി ബന്ധപ്പെടാൻ തന്നെ ധാരാളം സ്വയം സേവകർ വേണം. ഒരു സ്വയം സേവകന് അഞ്ചോ ആറോ വീടുകളനുവദിച്ചാൽ പ്രവർത്തനത്തിന് സൗകര്യമായി. കൂടുതൽ അനുവദിച്ചാലോ പ്രവർത്തനം പറയത്തക്ക രീതിയിൽ എളുപ്പമല്ലാതാകും. അപ്പോൾ കുറഞ്ഞത് 1000 സ്വയംസേവകരെങ്കിലും നമുക്ക് വേണമെന്ന് വ്യക്തമാകുന്നു. കൂടുതൽ സ്വയംസേവകരെ എങ്ങനെ ആകർഷിക്കാം എന്ന് നാം ആലോചിക്കണം. പുതിയ പുതിയ അംഗങ്ങൾക്ക് പ്രചോദനം ലഭിക്കണം. പരിചയ സമ്പന്നരിൽ നിന്നോ മുതിർന്നവരിൽ നിന്നോ ഇതാകാം. ഗ്രാമസഭാതലത്തിലും മേഖലാതലത്തിലും നല്ല കുട്ടികളെ പ്രേരിപ്പിച്ച് സ്വയം സേവകരാക്കി ചേർക്കണം. അവരെ ശ്രദ്ധിച്ചു നയിക്കണം. കഴിഞ്ഞവർഷത്തെ ശിബിരത്തിൽ 234 പേർ പങ്കെടുത്തിരുന്നു.

ഇക്കുറി 211 ആയി. ഒരു കാരണം നിബന്ധനകൾ കർക്കശമാക്കിയതായിരിക്കാം. അഥവാ ക്യാമ്പിൽ പങ്കെടുത്ത് അപ്രകാരം പ്രവർത്തിക്കാം എന്ന് സ്വാമികൾക്ക് നേരിട്ട് വാക്ക് കൊടുത്ത് പിന്നീട് തദനുസൃതം പ്രവർത്തിക്കാതിരുന്നാലോ എന്ന് ഭയന്നാകാം. ചിലർ മാറിനിന്ന് നിരീക്ഷിച്ച് മനസ്സിലാക്കുന്നതുമാകാം.

സ്വയം സേവകർ ചെയ്യേണ്ടതെല്ലാം അവർ ആദ്യം ചെയ്യണം. മറ്റുള്ളവർ ചൂണ്ടിക്കാണിക്കാനോ വഴി പറയാനോ ചോദിക്കാനോ ഇടവരരുത്. തന്റെ വിഹിതത്തിൽപ്പെട്ട വീടുകളിലെ എല്ലാവരുമായും പരിചയപ്പെടുക. ആ വീടുകളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ പോഷിപ്പിക്കുവാൻ വേണ്ടതെല്ലാം ചെയ്യുക. ആ വീടുകളിലെ അംഗങ്ങളെ ഈശ്വരാരാധനാദികളിൽ പ്രചോദിപ്പിക്കുക. ആ വീടുകളിലെ സുഖദുഃഖങ്ങളും ക്ഷേമവും അന്വേഷിച്ചറിയുക. അവരുടെ നേട്ടങ്ങളും ദുർബലതകളും ഗ്രാമസഭയെ അറിയിക്കുക. ഉദാഹരണത്തിന് ഒരു ദുർബലാംഗ വീട്ടിൽ പ്രായമായിട്ടും കുട്ടിക്ക് ഉപനയനം നടക്കാതിരിക്കുന്നുവെങ്കിൽ ആ വിവരം ഗ്രാമസഭയെ അറിയിച്ച് വേണ് സഹായം ചെയ്തുകൊടുക്കുക. വിഹിത വീടുകളിലെ ജനനമരണ വിവാഹാദികളെക്കുറിച്ച് ഗ്രാമസഭാസമിതിക്കു റിപ്പോർട്ട് നൽകുക. മേൽപറഞ്ഞ സംഗതികൾക്കായി ആഴ്ചയിൽ കുറഞ്ഞത് ഒരിക്കലെങ്കിലും ഓരോ വീടും സന്ദർശിക്കണം. ആരേയും ദുഃഖിപ്പിക്കാതെ പ്രവർത്തിക്കുവാൻ എല്ലാവിധത്തിലും പ്രയത്നിച്ച് പരിശീലിപ്പിക്കണം. വീട്ടിലെ യജമാനനോടൊ ഗൃഹണിയോടൊ വിവരങ്ങൾ ചോദിച്ചറിയണം. പ്രശ്നങ്ങൾ ഉണ്ടെങ്ികൽ പരിഹരിക്കാൻ ഗ്രാമസഭയെ അറിയിച്ച് ശ്രമിക്കണം. ഇതിനായി സ്വയം സേവകർ തങ്ങളുടെ വിഹിത വീടുകളേതെന്ന് അറിയണ്ടേ! അതിൽ ഗ്രാമസഭയും മേഖലാസമിതിയും സ്റ്റേറ്റുകമ്മിറ്റിയും സശ്രദ്ധം പ്രവർത്തിക്കണം.

ജീവിതം വളരെ അമൂല്യമാണ്; അമോഘമാണ്. ജനിക്കുന്നവൻ ഒരു ദിവസം മരിക്കുന്നു; മരിക്കുന്നവൻ വീണ്ടും ജനിക്കുന്നു. പക്ഷേ അതു മനുഷ്യനായി തന്നെ വേണമെന്നില്ല. പുഴുവോ, പ്രാണിയോ, പക്ഷിയോ, കഴുത, പോത്ത്, കുറുക്കൻ... തുടങ്ങിയ ഏതെങ്കിലും മൃഗമോ ആകാം. നമുക്ക് ജന്മാന്തരഗതി നിർണ്ണയിക്കുവാൻ കെല്പില്ല. പിന്നെ ഒരുപാധിയുണ്ട്. നാം മനുഷ്യരാണ്. മനുഷ്യർ ചെയ്യേണ്ടതുമാത്രം ചെയ്യണം. ഒരിക്കലും ഇനിയും താഴ്ന്നു അധോഗതിയിലേക്ക് പോകരുത്. മരണാനന്തരം ജന്മമുള്ളവർ മനുഷ്യരെങ്കിലുമാകണം. മരിച്ചാൽ സദ്ഗതി കിട്ടണം; ദുർഗതിയിൽ പതിയ്ക്കരുത്. നാം ബ്രാഹ്മണരുമാണ്. നാം നമ്മുടെ ധർമ്മം കാക്കാതിരുന്നാൽ ഈശ്വരകോപത്തിന് ഇരയായതുതന്നെ. ശരിയായി പ്രവർത്തിക്കുന്ന സ്വയംസേവർക്ക് അധോഗതിയില്ലെന്ന് തീർത്തു ഉറപ്പിക്കാം.

ത്യാഗം, ഭോഗം എന്നൊക്കെ നാം കേൾക്കാറുണ്ട്. ഭോഗമധികമായാൽ രോഗം കണിശം. ത്യാഗമേറിയാലോ യോഗം തന്നെ, സദ്സംഗംയോഗം. ഭോഗം നാശകാരണമാകുന്നു. അതു ജീവിതം വ്യർത്ഥമാകുന്നു. 24 മണിക്കൂറുള്ള ഒരു ദിവസത്തിൽ നിങ്ങൾ 1 മണിക്കൂർ സ്വന്തം അനുഷ്ഠാനത്തിനും 1 മണിക്കൂർ ഗൃഹസന്ദർശനം മുതലായതിനും വിനിയോഗിക്കണം. ഇതും ഒരു ത്യാഗമാണ്.

നാം ഉറച്ചബുദ്ധിയുള്ളവരാകണം. ദൃഢവ്രതരാകണം. പ്രതിജ്ഞാബദ്ധരാകണം. മുമ്പൊക്കെ പ്രതിജ്ഞയെടുക്കുന്നവർ വളരെ കുറവായിരുന്നു. കാരണം പ്രതിജ്ഞയെടുത്താൽ മാത്രം പോരാ; അതു പാലിക്കണം. ഇപ്പോഴൊ? ധാരാളം പേർ ധാരാളം പ്രതിജ്ഞയെടുക്കുന്നു, പാലിക്കേണ്ടതില്ലെന്നായി. ഭീഷ്മർ ചെയ്ത പ്രതിജ്ഞപോലെ ഉറച്ചതായിരിക്കണം നമ്മുടെ പ്രതിജ്ഞ. ഭീഷ്മരെ പിതാമഹൻ എന്നു വിളിച്ചിരുന്നു. ഹൃദയത്തിൽ ദൈവത്തെ കണ്ടുവസിച്ചവരാണ് ഭീഷ്മർ. നമ്മളും ഇതുപോലെ നിഷ്ക്കർഷയുള്ളവരായിരിക്കണം.

രണ്ടാം ശിബിരം ഇപ്പോഴാരംഭിക്കുന്നു. വിജയപ്രദമായിതു നടക്കട്ടെ. ഭാവിയിൽ ഇനിയും ബലവത്തായി അതു വളരേണ്ടതുണ്ടു. 1000 പേർ വേണ്ടിടത്ത് 175 പേർ മാത്രമാണ് ഈപ്പോൾ സന്നദ്ധരായിരിക്കുന്നത്. ശതമാനം തുലോം കുറവ്. ഇതു പോരാ.

നിങ്ങളിൽ കഴിവും പ്രാപ്തിയും സമാർത്ഥ്യവുമുള്ളവർ കൂടുതൽ സ്വയം സേവകരെ ചേർക്കണം. ഉത്സാഹം പകരണം. എല്ലാ തലത്തിലുള്ളവരും ഇതു മനസ്സിലാക്കി പ്രവർത്തിക്കണം. എല്ലാവർക്കും അതിനുള്ള സദ്ബുദ്ധിയും വേണ്ട മാർഗ്ഗദർശനവും ഈശ്വരൻ നൽകട്ടെ. വ്യാസരഘുപതി ദേവരും വെങ്കടാചലപതി ഭഗവാനും കനിഞ്ഞ് ഈ സംരംഭം വിജയലാളിതമാകട്ടെ എന്ന് ആശീർവദിച്ച് അനുഗ്രഹിക്കുന്നു.

ഗ്രാമ സ്വയംസേവക് ശിബിരം – 1986

# 8. പ്രഥമദിന സായാഹ്ന പ്രവചനം

വൈകുന്നേരം കൃത്യം 7.30ന് ശിബിരവേദിയിൽ സന്നിഹിതരായ ധർമ്മഗുരുവര്യർക്ക് അന്ന് നടന്ന ഗ്രൂപ്പ് ചർച്ചയുടെ സംഗ്രഹ കുറിപ്പുകൾ സമർപ്പിക്കപ്പെട്ടു. കുറിപ്പുകൾ സൂക്ഷ്മമായി വായിച്ചുകഴിഞ്ഞ് ഈശ്വര സ്മരണയോടെ ശിബിരാംഗങ്ങളെ ആശീർവദിച്ച് ഗുരുവര്യർ പ്രവചനമാരംഭിച്ചു.

ഇന്നത്തെ കാര്യക്രമത്തിലെല്ലാം നിങ്ങൾ ശ്രദ്ധയോടെ പങ്കെടുത്തെന്നറിയുന്നു. ഏവരും അവരവരുടെ കർത്തവ്യം ഭംഗിയായി നിർവ്വഹിച്ചു എന്നറിഞ്ഞ് നാം സന്തോഷിക്കുന്നു.

കഷ്ടപ്പെടാതെ ഇഷ്ടസിദ്ധി സാദ്ധ്യമല്ല. പരീക്ഷയ്ക്ക് പാസാകണം എന്ന് വയ്ക്കുക. വെറുതെ സ്വപ്നം കണ്ടും, പൊളി പറഞ്ഞും ഇരുന്നാൽ മതിയോ, അനുബന്ധ പാഠ്യവിഷയങ്ങളെല്ലാം ശ്രദ്ധിച്ചു പഠിച്ചു മനസ്സിലിരുത്തണം. അതിന് നന്നായി കഷ്ടപ്പെടണം; പ്രയത്നിക്കണം. അപ്പോൾ നന്നായി ജയിക്കാൻ കഴിയുന്നു. കുട്ടി സുഖമില്ലാതായി. പ്രീതിപൂർവ്വം അമ്മ ശുശ്രൂഷിക്കുന്നു. വിശപ്പുപോലും മറന്നും അവഗണിച്ചും ജാഗ്രതയോടെ കുട്ടിയെ പരിചരിക്കുന്നു. ശരീരത്തിന് അല്പം കഷ്ടപാട് അനുഭവപ്പെട്ടാലും ആ അമ്മയുടെ മനസ്സിന് സന്തോഷമുണ്ടാകുന്നു. ആ കഷ്ടമെല്ലാം ഇഷ്ടമായി ഭവിക്കുന്നു. നിസ്വാർത്ഥവും നിർമ്മലവും ആയ പ്രതീതിയോടെ നിഷ്ക്കളങ്കമായ സ്നേഹത്തോടെ അമ്മ ആ സേവനം ചെയ്യുന്നു. കുട്ടിയുടെ നോവും ദുഃഖവും അകറ്റാൻ അമ്മയുടെ ആത്മാർത്ഥമായ സ്നേഹം! അതു നമുക്കു ഉദാഹരണമാകണം. നാം സമാജാംഗങ്ങളാണ്. സമാജത്തിൽ കോട്ടങ്ങളും കുറവുകളും ഉണ്ട്. സമാജത്തിനുവേണ്ടി കഷ്ടപ്പെട്ട് പ്രവർത്തിക്കുന്നതാകട്ടെ നമ്മുടെ ഇഷ്ടം. ഈ ആശയം നാം സ്വീകരിച്ചാൽ ദുഃഖം, ദുരിതം, അവഗുണങ്ങൾ മുതലായത് ദുരീകരിക്കുവാൻ സമാജത്തെ യശഗുണപൂരിതമാക്കുവാൻ നമ്മെക്കൊണ്ടു സാധിക്കും. അതിനായി ആദ്യമായി നമുക്ക് വേണ്ടതൊന്നുണ്ട് – സമാജാഭിമാനം. നമ്മുടെ സമാജം നന്നാകണം; രോഗവിമുക്തമാകണം. തിന്മകളില്ലാത്തതാകണം എന്ന് നമുക്ക് തോന്നണം. നാം ആരാധനയ്ക്ക് പോകുന്ന നമ്മുടെ ക്ഷേത്രത്തിലെ ഉത്സവം കേമം, സന്തോഷകരം, വൈഭവബഹുലം ആകണമെന്ന ഇച്ഛയോടെ നാം അതിനായി എത്ര ആസുത്രിതരായി അർപ്പണ ബോധത്തോടെ കഷ്ടപ്പെട്ട് പ്രവർത്തിക്കുന്നു. അതുമൂലം ഉത്സവം സമംഗളം നടന്നുകണ്ട് നാം വളരെയധികം സന്തുഷ്ടരാകുന്നു. വളൻണ്ടിയിർമാർ അതുപോലെ ജാഗ്രതയോടെ ഉത്സുകരായി ശ്രദ്ധിച്ച് സമാജ നന്മക്ക് മുന്നിട്ടിറങ്ങണം. അരിഷ്ടങ്ങൾ, അനിഷ്ടങ്ങൾ, ദോഷങ്ങൾ അകറ്റാൻ സഭ ശ്രമിച്ചു കൊണ്ടിരിക്കണം. അത് പ്രയാസമാണ്. കഷ്ടമാണ്, അസാദ്ധ്യമാണ് എന്ന് അവർക്ക് തോന്നരുത്. തോന്നുകയുമില്ല. മറ്റുള്ളതെല്ലാം കളഞ്ഞുപേക്ഷിച്ച് ഇതിനായി ഇറങ്ങി പുറപ്പെടണമെന്നല്ല. നമ്മുടെ വീട്ടിൽ തന്നെ പോരായ്മകളും കുറവുകളും ഉണ്ടെങ്കിൽ നാം കിണഞ്ഞ് ശ്രമിച്ച് അതു നികത്തുന്നില്ലേ? പോംവഴി കാണുന്നില്ലേ? സമാജത്തിന്റെ മൊത്തം നന്മയിലും ഇതുപോലെ ഒരു ശ്രമം ആവശ്യമാണ്. നമുക്ക് അറിയാത്തതുകൊണ്ടോ അറിവില്ലാ ത്തതുകൊണ്ടോ അല്ല. പക്ഷേ അറിയുന്നത് എല്ലാം ചെയ്യാൻ നമുക്ക് സാധിക്കുന്നില്ല. ദൈവം ഇതിന് തുണ നിൽക്കണം. നമ്മുടെ സമാജത്തോടുള്ള കടപ്പാടും, കർത്തവ്യവും നിറവേറ്റാൻ അനുഗ്രഹത്തിനായി നാം ദൈവത്തോട് പ്രാർത്ഥിക്കണം. ഇന്നത്തെ ചർച്ചയിൽ എത്രയേറെ വിഷയങ്ങളും വസ്തുതകളും ഉയർന്നുവന്നിട്ടുണ്ട്. ഒരുകാര്യം നാം കാലത്ത് തന്നെ സൂചിപ്പിച്ചിരുന്നുവല്ലോ, മദ്ധ്യമേഖലയിലും ദക്ഷിണമേഖലയിലും മാത്രമായി ഉദ്ദേശം ആറായിരം സമാജവീടുകൾ നമുക്കുണ്ട്. സുഗമമായ സമാജ പ്രവർത്തനത്തിന് കുറഞ്ഞത് 1000 സ്വയംസേവകരെങ്കിലും വേണം താനും. മൊത്തത്തിലുള്ള അവലോകനത്തിൽ നമ്മുടെ സമാജം ഭേദംതന്നെ, നല്ലതുതന്നെ. എന്നാൽ ചിലേടത്ത് ചിലരിൽ ദുർഗുണങ്ങളും കടന്നു കൂടുന്നുണ്ട്. അതിന് നിയന്ത്രണം വേണം. അവരിൽ നിന്നും ദോഷങ്ങൾ അകലണം; അകറ്റണം അതിനായി ശ്രദ്ധാപൂർവ്വം ശ്രമിക്കണം. ഇത്തരക്കാരെ അവരിൽ നിന്നും അവരെ ബാധിച്ചിരിക്കുന്ന ദോഷങ്ങൾ അകലുന്നതുവരെ സ്വയം സേവകരാക്കേണ്ട. ന്യൂനതകൾ അനസ്യൂതം അകറ്റി സമാജത്തിൽ പൂർണ്ണത കൈവരിക്കണം. സ്വയം സേവകൾ മുഖേന ഉദ്ദേശിക്കുന്ന ഒരു പ്രധാന പ്രവർത്തനവും ഇതുതന്നെ. ഗ്രാമസഭകൾ നല്ല നിലയിലെത്തിയിരിക്കുന്നു എന്ന് തുറന്നു പറയുവാൻ ഇപ്പോൾ കഴിയുന്നില്ല. അഥവാ വേണ്ടും വണ്ണം ഗ്രാമസഭകൾ പ്രവർത്തിക്കുന്നു എങ്കിൽ സ്ഥിതിഗതികൾ ഇതാകുമായിരുന്നില്ല. ഇപ്പോൾ കാണുന്നതിലും എത്രയോ അധികം അംഗങ്ങൾ ഈ ശിബിരത്തിൽ തന്നെ സന്നിഹിത രാകമായിരുന്നു. എന്നുവെച്ച് ഗ്രാമസഭ പ്രവർത്തനം സ്തംഭിച്ചു എന്നും അർത്ഥമാക്കേണ്ട.

മുതിർന്നവർ ഇളയവരോട് തീർച്ചയായും പറയാം, എടാ ക്യാമ്പിൽ പങ്കെടുത്ത് അവിടെ എന്തെന്തു നടക്കുന്ന എന്ന്

ഒന്ന് മനസ്സിലാക്ക്! എത്രപേർ ഇങ്ങനെ പറഞ്ഞുകാണം, പ്രേരിപ്പിച്ചുകാണും, പ്രോത്സാഹിപ്പിച്ചുകാണും, പ്രേരിപ്പിച്ചിരുന്നെങ്കിൽ ഇത്രയും പേരെ നമുക്ക് കിട്ടിയാൽ മതിയോ? ഇങ്ങനെയൊക്കെയായാലും നല്ല നിലയിൽ തന്നെ ഈ പ്രസ്ഥാനം മുമ്പോട്ടുപോകും എന്ന് നാം വിശ്വസിക്കുന്നു. ഈ ലക്ഷ്യത്തിനായി ഓരോരുത്തരും തങ്ങളുടെ ചുമതല മനസ്സിലാക്കുവിൻ.

അമ്മമാർ ക്യാമ്പിന് പോകുവാൻ ആഹ്വാനം ചെയ്തിരുന്നുവെങ്കിൽ കുട്ടികൾക്ക് ഉത്സാഹം കൂടിയേനേ. അമ്മമാർ പറയേണ്ടേ? ഇതര ചില സമൂദായങ്ങൾ കണ്ടു മനസ്സിലാക്കണം. ഒരു വീട്ടിൽനിന്നും ഒരുത്തനെയെങ്കിലും സമാജസേവനത്തിനായി നിർബന്ധമായി അവർ അയക്കുന്നു. അയയ്ക്കാതിരുന്നാൽ അയൽപക്കക്കാർ പോലും കാരണം തെരയുന്നു; അന്വേഷിക്കുന്നു. എന്നിട്ടും അവരിൽ മാറ്റം കാണുന്നില്ലാ എങ്കിൽ അവരുടെ മതമേലാളർ ചോദ്യം ചെയ്യുന്നു. നമ്മളും ഒത്തുശ്രമിക്കണം. ദൈവം അതിന് തുണ നിൽക്കട്ടെ.

സ്വയം സേവകരുടെ സംഖ്യ വർദ്ധിച്ചാൽ എത്രയോ കാര്യങ്ങൾ സാധിക്കുമെന്നാണ് നമ്മുടെ അഭിമതം. സ്വയം സേവകർ മാത്രം പോരാ ഗ്രാമസഭ സമിതികളും ഊർജ്ജിതമായി പ്രവർത്തിക്കണം. സോണൽ കൗൺസിലുകൾ പ്രവർത്തനലക്ഷമങ്ങളാകണം. കത്തിടപാടിലൂടെയെങ്കിലും പുരോഗതി ശ്രദ്ധിച്ചുകൊണ്ടിരിക്കണം. നാം പലവട്ടം പറഞ്ഞു ഇനിയും എല്ലാ ഗ്രാമസഭകൾക്കും ഓഫീസുകളായോ എന്തോ! പ്രത്യേകം കെട്ടിടമില്ല. എങ്കിലും അമ്പലത്തിൽ ചെറിയ ഒരു മുറിയെങ്കിലും ഒരുക്കിക്കൂടേ? അവിടെ ഒരു അലമാര, വേണ്ട മറ്റു പ്രധാന സാധന സാമഗ്രികൾ മുതലായവ സജ്ജീകരിച്ച് ആഴ്ചയിൽ ഒരിക്കലെങ്കിലും ഒത്തുകൂടിക്കൂടേ? ഇതിനൊക്കെ ആര് പ്രചോദനം നൽകണം. സ്റ്റേറ്റ് കമ്മറ്റിയും പലതും ശ്രദ്ധിക്കേണ്ടതുണ്ട്. അധികാര ഭാവേന വേണ്ട. അനുനയത്തോടെ സൗമ്യതയോടെ നീങ്ങണം. ഇന്ന് ഒരംഗം നമ്മുടെ അഭിമുഖ സമയത്ത് സൂചിപ്പിച്ചതുപോലെ പ്രവർത്തനരഹിതർക്കതിരെ അച്ചടക്ക നടപടികളൊക്കെ തൽക്കാലം വേണ്ട. സംഘടനക്കാദ്യം ഒരു കെട്ടുറപ്പുണ്ടാകട്ടെ. സഹകരണത്തോടെ സൗഹാർദ്ദപൂർവ്വം പ്രവർത്തിക്കാം. അങ്ങനെ പ്രവർത്തിക്കണം എന്നതാണ് മറ്റൊരു പ്രധാന കാര്യം. അച്ഛനും മകനും ആയുള്ള ബന്ധത്തിൽ അച്ഛൻ നല്ല കാര്യങ്ങൾ പറയണം, മകനനുസരിക്കണം. പ്രായവും നല്ല മിടുക്കുമുള്ളവനാണെങ്കിൽ മകന്റെ അഭിപ്രായം അച്ഛനും കേൾക്കണം. അച്ഛൻ പ്രായമായ മകനോട് ഒന്നും ആലോചിക്കാതെ എല്ലാം ചെയ്താൽ അയാൾക്ക് എത്ര വിഷമം അനുഭവപ്പെടും. അച്ഛാ ഒരു വാക്ക് എന്നോട് പറഞ്ഞിട്ട് ചെയ്യാമായിരുന്നില്ലേ, എന്ന് ചിലപ്പോൾ മനസ്സു നൊന്തു മകൻ ചോദിച്ചെന്നു വരാം, പറയുന്ന സന്ദർഭത്തിന്റെ സാംഗത്യവും പ്രസക്തിയും നിങ്ങൾക്ക് വ്യക്തമാകുന്നു എന്ന് കുരുതട്ടെ. കൂലിക്കാരും മുതലാളിയും എന്ന ഭാവത്തിൽ സഭാപ്രവർത്തകൾ പരസ്പരം ഭാഷ ഒരിക്കലും പ്രയോഗിക്കരുത്. മറ്റുള്ളവരേയും വിശ്വാസത്തിലെടുത്ത് സംസാരിക്കണം. പണ്ടത്തെപ്പോലെ മക്കളുമായി ആലോചിക്കാതെ അഥവാ മുതിർന്നവരിരുന്ന് ചർച്ച ചെയ്യുന്നിടത്തു നിന്ന് മക്കളെ പുറത്തു പറഞ്ഞുവിടുന്ന കാലംമൊക്കെ മാറി, ഈ വ്യതിയാനം നമ്മുടെ ഇടയിൽ മാത്രമല്ല, ലോകഗതിയിലെ വലിയ മാറ്റത്തിന്റെ പ്രസരം മാത്രമാണിത്. എല്ലാ സമാജങ്ങളേയും ഇതു ബാധിച്ചിട്ടുണ്ട്. പണ്ടു പ്രായമുള്ളവരുടെ വാക്കിന് മറുവാക്കില്ല. ഇന്ന് സരസമായി നല്ല ചാതുര്യത്തോടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതാണ് ഉത്തമം. പറയുന്നവനും അനുസരിക്കുന്നവനും വേണം. പറയേണ്ടത് എന്താണെന്ന് നന്നായിട്ടറിഞ്ഞിരിക്കണം. മഹാസഭയ്ക്ക് ഭരണഘടനയും നിയമാവലിയും ഉണ്ട്. അതനുസരിച്ച് പ്രവർത്തിക്കുവാൻ എല്ലാവരും ബാദ്ധ്യസ്ഥരാകുന്നു. പറയേണ്ടതേ പറയാവൂ. അവനവൻ തോന്നുന്നത് പറയുന്നതല്ല, ഭരണഘടന ചൂണ്ടിക്കാണിക്കുന്നതാണ് പ്രമാണം. അതനുസരിച്ച് മുന്നോട്ടുപോയാൽ ഐക്യരൂപമുള്ള പ്രവർത്തനമായി. വേദത്തെ മാനിക്കണം. വേദം അനാദികാലം മുതൽക്കേ മാനിക്കപ്പെട്ടതാണ്. വേദവാക്യം ഏവരും അനുസരിക്കണം. ഇതു ധർമ്മ പ്രമാണമാണ്. സഭാ പ്രവർത്തനത്തിലും അതുപോലൊരു കാഴ്ചപ്പാടുണ്ടാകണം. ഇപ്പോൾ ത്യാഗബുദ്ധിയോടെ സേവിക, സേവകന്മാർ വന്നിട്ടുണ്ട്. ഈ മൂന്നു ദിവസത്തെ ത്യാഗം കൊണ്ട് ഒരു വർഷത്തെ പ്രവർത്തനം കഴിഞ്ഞു എന്ന് അനുമാനിക്കരുത്, 16 വയസ്സുള്ളവർക്ക് സ്വയം സേവകരാകാം. പക്ഷേ അവരുടെ കഴിവിന് പരിമിതികളുണ്ട്. അവർക്ക് നല്ല ഒരു പശ്ചാത്തലം കിട്ടുവാൻ പരിശീലന ക്ലാസ്സുകൾ നടത്തണം. 16-20 വയസ്സിനു മദ്ധ്യേയുള്ള യുവതീയുവാങ്ങളും സ്വയം സേവികാസേവകരായി ഗൃഹസന്ദർശനത്തിന് പോകുമ്പോൾ അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഏകത്രിതമായ രീതിയിലുള്ള മറുപടി പറയാൻ ആയത് തയ്യാറാക്കി കിട്ടിയാൽ കൊള്ളാമെന്ന് ഒരു സ്വയം സേവക് ചർച്ചാമദ്ധ്യേ പറയുകയുണ്ടായി. നല്ലൊരു കാര്യമാണതെന്ന് നമുക്ക് തോന്നുന്നു. ഇതിനുള്ള ഒരുക്കങ്ങൾ ചെയ്യാം.

മറ്റൊരു പ്രധാനകാര്യം ജനസംഖ്യാ കണക്കുകളെ

സംബന്ധിച്ചുള്ളതാണ്, കാലാകാലങ്ങളിൽ വിവരങ്ങൾ പുതുക്കി പൂർണ്ണത വരുത്തിയ പക്കാ സെൻസ്സസ് ഇന്ന് ഏതു ഗ്രാമത്തിലുണ്ട്? വേണ്ട് മാറ്റങ്ങളും സംയോജനങ്ങളും സമയത്ത് നടന്നിട്ടുണ്ടോ? തൊഴിൽ രഹിതർ, അവിവാഹിതർ ഈ കോളങ്ങളിലെ മാറ്റങ്ങൾ കുറിച്ചെടുക്കപ്പെടുന്നുണ്ടോ? പഴയ ഷീറ്റുകൾ നോക്കി ഇപ്പോൾ സ്ഥിതിഗതികൾ കണക്കുകൂട്ടി വിലയിരുത്തുന്നതിൽ ഇപ്പോൾ വല്ല പ്രയോജനമുണ്ടോ? അതൊന്ന് പുതുക്കിയാലല്ലേ അതുകൊണ്ട് ഉപകാരമുള്ളൂ. നാം അത് ചെയ്യുന്നുണ്ടോ? ജനനം, മരണം, വിവാഹം, ഉപനയനം, ഉദ്യോഗം ലഭിക്കാൻ ഇതൊക്കെ കുറിച്ചെടുക്കപ്പെടുന്നുണ്ടോ? ക്യാമ്പ് കഴിഞ്ഞ് നാട്ടിലേക്ക് മടങ്ങിയാൽ ഗ്രാമസഭാസമിതിയും സോൺകൗൺസിലും ഈ ദിശയിലേക്ക് ജാഗരൂകരും ഉത്സുകരുമാകേണ്ടതാവശ്യമാണെന്ന് നമുക്ക് തോന്നുന്നു.

ബുളറ്റിൻ വേണമെന്ന് അഭിപ്രായം ഉയർന്നിട്ടുണ്ട് ബുള്ളറ്റിനുകളിലൊക്കെ ആദ്യം ‘About Ourselves’ (ഞങ്ങളെപ്പറ്റി) എന്നൊരു പംക്തി വേണമല്ലോ. നാമിപ്പോൾ എഴുതാൻ പര്യാപ്തരും പരസ്പരസംബന്ധിതരും ആയോ? നമ്മിൽ നല്ല കഴിവും കെല്പും ഉള്ളവരുണ്ട്. ഒരു മത്സരം ഒക്കെ വെച്ച് അതു ക്രിയാത്മകമാക്കി വളർത്തണം. ഇതൊക്കെ ആരുചെയ്യണം. ധാരാളം പ്രവർത്തനം വേണം; പ്രവർത്തകർ വേണം. മനസ്സതിലർപ്പിക്കണം. സ്വയം സേവകരും ഗ്രാമസഭാസമിതിയും മാത്രമല്ലല്ലോ ബാക്കി എത്രയോ മടങ്ങ് സമാജജനമുണ്ട്. അവർക്ക് സഭയോട് എതിർപ്പും വിരോധവുമൊന്നുമില്ല. അതുകൊണ്ട് മാത്രമായില്ലല്ലോ. അവർക്ക് സഭാ പ്രീതിയുണ്ടാകണം.

സന്ധ്യാവന്ദനത്തിന്റെ അർത്ഥസാഹിത്യമുള്ള ഗ്രന്ഥം വേണമെന്നാണ് മറ്റൊരു ഗ്രൂപ്പ് മുന്നോട്ടുവച്ചിട്ടുള്ള ആശയം. ആശയം നല്ലതാണ്. പക്ഷേ ഇതുപോലുള്ള വിഷയം കൈകാര്യം ചെയ്യാൻ പ്രാജ്ഞരും വാഗ്‌വിലാസമുള്ളവരും ആശയവ്യക്തത പ്രകടമാക്കാൻ കഴിവുള്ളവരും സ്വംയ അറിഞ്ഞ് മുന്നോട്ടിറങ്ങണം. 50 വർഷംമുമ്പ് സമാജത്തിൽ എന്തൊക്കെ ആചാര വിചാരങ്ങൾ നിലനിന്നിരുന്നു. അന്നത്തെ ആചരണ അനുഷ്ഠാന ക്രമങ്ങളെന്തൊക്കെയായിരുന്നു. താരതമ്യേന ഇപ്പോഴത്തെ നിലവാരം എങ്ങനെയിരിക്കുന്നു- എന്നൊരു വിഷയം ചർച്ചക്ക് വന്നാൽ അത് ഗഹനവും വസ്തുനിഷ്ഠവുമായി പഠിച്ചിട്ടുവേണ്ടേ തയ്യാറാക്കുവാൻ. ഉദാഹരണത്തിന് ഉത്സവകാര്യം തന്നെ നോക്കാം. ഉത്സവത്തിന് എത്രയെത്ര സേവകൾ ഏതേതുതരത്തിൽ ചെയ്യാവുന്നതാണ്. ഇന്നോ ആഢംബരം വളരെ കൂടിയിട്ടുണ്ട്. താത്വികബോധം കുറയുകയാമ് എന്നു തോന്നിപ്പോകുന്നു. ദൈവം സവാരിക്കെഴുന്നള്ളുന്നു. (ദേവു ബൊംവുചാക്ക് എത്താ) എത്ര പരിശുദ്ധിയോടുകൂടിയും മനശുദ്ധിയോടുകൂടിയുമാണ് നാം ദൈവത്തെ ആനയിക്കേണ്ടത്, ആനയിച്ചിരുന്നത്. ദൈവം യഥാർത്ഥത്തിൽ ഗ്രാമദിഗ്‌വിജയത്തിനാണല്ലോ എഴുന്നുള്ളുന്നത്. ഒരു ലഘുപൂജ തന്നെ നടത്തിയാണ് ഓരോ വീട്ടുകാരും ദൈവത്തെ സ്വീകരിക്കുന്നത്. ഓരോ വീടിനു മുന്നിലും പല്ലക്കു നിൽക്കുന്നു. തേങ്ങവെച്ച് യജമാനൻ നമസ്കരിക്കുന്നു. നമ്മുടെ മുന്നിൽ ആഗതനായിരിക്കുന്ന ഇഷ്ടദേവനോടു നാം ഗദ്‌ഗദ്ത്തോടെ പ്രാർത്ഥിക്കുന്നു. സങ്കടകഷ്ടദുരിതാദികൾ ഇല്ലാതാക്കി സദ്‌ഗതി നൽകണേ ഈശ്വരാ എന്ന് ഉള്ളലിഞ്ഞു പ്രാർത്ഥിക്കുന്നു. ഇന്ന് ഇതും വെറും ഒരു ചടങ്ങായി ചിലർ മാറ്റുന്നുണ്ട്. തനിക്ക് വേണ്ടിയും കാണിക്യം അർപ്പിക്കാൻ ആ ദേശം കൊടുത്ത് സ്ഥലം വിടുന്നവരുണ്ട് ചിലർ. പണ്ട് ദേവർ എഴുന്നെള്ളുമ്പോൾ കാണിക്യ അർപ്പിക്കാൻ വരണേ എന്ന് ക്ഷണിക്കുമായിരുന്നു. ബന്ധുമിത്രാദികൾ കണിശമായും വന്നെത്തുമായിരുന്നു. ഓരോരുത്തരും സ്വന്തം കൈകൊണ്ട് കാണിക്യയിട്ട് വണങ്ങാനുള്ള മംഗല അവസരമാണത്. ദൈവം കടന്നുപോകാത്ത വഴിയിൽ താമസിക്കുന്നവർ വേറെയിടങ്ങളിൽ ചെന്നെങ്കിലും കാണിക്യം അർപ്പിച്ചിരുന്നു. സാമിയാരുടെ ദിഗ്വിജയത്തിനും തതുല്യ പ്രാധാന്യവും പവിത്രതയും നൽകിയിരുന്നു.

ആറാട്ടിന് ദേവരെ വാഹനത്തിലെഴുന്നെള്ളിക്കാറുണ്ട്; സ്വർണ്ണഗരുഡനിൽ അല്ലെങ്കിൽ അതാതിടത്തെ ഏറ്റവും വലിയ വാഹനത്തിൽ. തദവസരത്തിൽ തങ്ങളുടെ വിശുദ്ധ കടമയായി, ധർമ്മകർത്തവ്യമായി കരുതി ചെന്ന് സമാജാംഗങ്ങൾ നിർബന്ധ വ്രതനിഷ്ഠയോടെ ആരതി അർപ്പിച്ച് തൊഴുതു പ്രസാദം വാങ്ങുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇന്നും അവരവർ സ്വയം ചെന്ന് തന്നെ അതർപ്പിക്കണം. ഏകാദശിതിഥി അറിയുന്ന വീടുകൾ എത്രയുണ്ടിന്ന്? പണ്ടങ്ങനെയല്ലായിരുന്നു. പണ്ടെന്നുവെച്ചാൽ പുരാതന കാലത്തെകാര്യമല്ല. ഒരു തലമുറ മുൻപുവരെയുള്ള കാര്യമാണിത്. അന്നൊക്കെ വീട്ടിൽ ചോദിക്കും ഇന്ന് പലഹാരമല്ലേ അതോ..? ഇന്നു ചോദിക്കുകയേ വേണ്ട! ഏന്തു മാറ്റം. ജന്മാഷ്ടമി- ഗോകുലാഷ്ടമിക്ക് ക്ഷേത്രത്തിൽ പോകുന്ന പതിവ് ഇന്നെത്രപേർക്കുണ്ട്. പഞ്ചഗദായം, ഹലുവാ, ഏത്തക്കപൊട്ട് എന്തൊക്കെയാണെന്നും സ്വാദും മറ്റും എങ്ങനെയാണെന്നും ഇന്നുമറിയാം! അർഘ്യം മുതലായതു അറിയില്ല, ഓരോ സുദിനത്തിനുമുണ്ട് പ്രാധാന്യം. ഇപ്പോൾ

പലഹാരമുണ്ടാക്കി കഴിക്കുന്നതിൽ അതൊതുക്കുന്നു. ദീപാവലിക്ക് അവിൽ. ശയനദ്വാദശിക്ക് (ലഗ്ഗച്ചിപ്റ്ബ്) ഇട്ടപ്പം ഒക്കെ നമ്മൾ മറക്കാതെ ഉണ്ടാക്കുന്നു. അതും വേണ്ടതാണ്. പക്ഷേ അതു മാത്രം മതിയോ? ആണ്ടുവിശേഷങ്ങളുടെ മഹത്വമെന്ത്? പണ്ടെന്തു ചെയ്തിരുന്നു? നാം മറക്കുന്നുവോ? ഇങ്ങനെ പോയാൽ സംസ്കാരനിലവാരം എങ്ങു ചെന്നെത്തും? അങ്ങനെ സന്ധ്യാവന്ദനത്തിന്റെ അർത്ഥം മാത്രമല്ല, അറിയേണ്ടത് പലതും നമുക്ക് അറിയാതായിരിക്കുന്നു. ആരും ചോദിക്കുന്നില്ല. എന്തും ചെയ്യുന്നു. ഫലമോ? തദനുസൃതം തന്നെ! ഇതുപോലുള്ള ഗൗരവമേറിയ സംഗതികൾ എത്രയോ ഉണ്ട്.

ഒന്നു പറയാം. സന്ധ്യാവന്ദനക്രമത്തിൽ ഗായത്രി ജപത്തിന് വളരെ വളരെ പ്രാധാന്യമുണ്ട്. "വേദ മാതാതു ഗായത്രി", വേദത്തിൽ പറഞ്ഞിട്ടുള്ളതെല്ലാം ഗായത്രിയിലടങ്ങിയുട്ടുണ്ട്. അപ്പോൾ ഗായത്രിയുടെ അർത്ഥം പറയുക എന്നുവെച്ചാൽ വേദാർത്ഥം പറയുക എന്നാകുന്നു. അത് ആരെക്കൊണ്ട് എത്ര കാലം കൊണ്ട് സാധിക്കും. ഗായത്രിജപം പരമപ്രധാനം എന്ന് ആദ്യം തന്നെ വിശ്വസിക്കുക. മാർജ്ജന, ബൃഹത് മാർജ്ജന, ആപപ്രാശനം ഇതൊക്കെ അതിനുള്ള ഒരുക്കങ്ങൾ. അഘമർഷണം മുതലായത് പാപശുദ്ധിക്കും ദോഷനിവാരണത്തിനും അനുഷ്ഠിക്കുന്നു. സൂര്യാർഘ്യം കഴിഞ്ഞാണ് ജപം. ജപം കഴിഞ്ഞ് തർപ്പണം, ഉപസ്ഥാനം സർവ്വകല്യാണ പ്രാർത്ഥന ഇത്രയാണ് സന്ധ്യാവന്ദനക്രമം, ഓംകാരാർത്ഥം തന്നെ എത്രയോ ബൃഹത്താണ്. "ഓം ഇത്യേന അക്ഷന്തം സർവ്വം". ഭൂമിയിൽ ഉള്ളതിലും കാണുന്നതിലും അധികം സമുദ്രത്തിലുണ്ട്. അതിലേറെ ഭൂമിക്ക് മുകളിലുണ്ട്. ഇതെല്ലാം അറിഞ്ഞ് കഴിഞ്ഞ് ഓകാരാർത്ഥം എങ്ങനെ ഗ്രഹിക്കും! അചഞ്ചലമായ വിശ്വാസം ഇതിൽ നമുക്കുവേണം എന്നതാണ് പ്രാധാനം. ഈശ്വരനെ വന്ദിക്കുക എന്നാൽ എന്താണ്? അതുപോലെ ഉത്തമവിശ്വാസത്തോടുകൂടി സന്ധ്യാവന്ദനം ചെയ്യുക.

യുവതികൾ വിവാഹംവരെ അവർക്ക് നൽകിയിട്ടുള്ള സ്തോത്രങ്ങൾ മഹാലക്ഷ്മീസ്തോത്രം തുളസീസ്തോത്രം നിയമിതമായി ഉരുവിടണം. കല്യാണത്തിനുശേഷം അവർക്കും പുജാർഹതയുണ്ട്. മഹാലക്ഷ്മീപൂജ മുതലായത് അവർക്കും ചെയ്യാം. ധർമ്മാഗ്രന്ഥാടിസ്ഥാനത്തിൽ സ്ത്രീകൾക്ക് വേദാധികാരമില്ല. മഹാലക്ഷ്മേനമഃ ധ്യാനം സമർപ്പയാമി..... ഓരോ തവണയും പുഷ്പങ്ങൾ അർപ്പിക്കണം. നിരാഞ്ജനം സമർപ്പിച്ച് ഉള്ളലിഞ്ഞ് തുളസി വൃന്ദയോട് പ്രാർത്ഥിക്കുക. ദേവപൂജയുടെ ഫലം തന്നെ അവർക്ക് ലഭിക്കും. പുരാതനകാലത്ത് സ്ത്രീകളിലും അപാരജ്ഞാനവും സിദ്ധിയും നിഷ്ഠയുള്ളവരുണ്ടായിരുന്നു. മൈത്രേയിയുടെ യോഗ്യത ഇന്ന് ഒരു സ്ത്രീക്കും അവകാശപ്പെടാൻ കഴിയില്ല. നമ്മുടെ സ്ത്രീ ജനങ്ങൾ മുകളിൽ പറഞ്ഞപോലെ ലഘുവായ ഉപാസന നടത്തിയാൽ മതി. സ്നാനശേഷം തുളസിത്തറയിങ്കിൽ ചെന്ന് കലശത്തിൽ ജലം നിറച്ച് പ്രാർത്ഥിച്ച് ഒഴിച്ച്, പുഷ്പം, കുങ്കുമം മുതലായതും സമർപ്പിച്ച് മംഗല്യ പ്രാർത്ഥന നടത്തണം. മഹാലക്ഷ്മീ, സരസ്വതി, പാർവ്വതി ദേവിമാരുടെ പൂജ സ്ത്രീകൾക്ക് ആകാം. മംഗാലാപുരത്ത് തൃതീയക്ക് ഗൗരിപൂജാ സമ്പ്രദായമുണ്ട്. കൂടാതെ സ്ത്രീകൾ ഒത്തുകൂടി നല്ല കാര്യങ്ങൾ ചർച്ച ചെയ്യണം; പാരായണം ചെയ്യണം. ഉദാഹരണത്തിന് കൊച്ചിയിൽ ഇപ്പോൾ ശ്രീമതി ടീച്ചർ, സ്വർണ്ണലതാപൈ എന്നിവർ ധാരാളം സ്ത്രീകളെ വിളിച്ചുകൂട്ടി നല്ല പാരായണ സദസ്സ് നടത്തുന്നുണ്ട്. സ്ത്രീകൾ എന്നുവെച്ചാൽ അമ്മമാർ! അമ്മയുടെ സ്വാഭാവത്തിനനുസരിച്ചു കുട്ടികൾ വളരും. അമ്മയിൽനിന്ന് കുട്ടികളുടെ സ്വഭാവ നിർമ്മാണമാരംഭിക്കുന്നു. അമ്മ നന്നായി കുട്ടികളെ വളർത്തിയാൽ അത് എത്ര നല്ല ഫലമുളവാക്കും. പലപ്പോഴും നാം കാണാറുള്ളതാണ് - കുട്ടിയുടെ കൈയ്യിൽ കാശും കൊടുത്ത് കാണിക്യ അർപ്പിച്ച് പ്രസാദം വാങ്ങാനയ്ക്കും. നാണയം തട്ടത്തിലിട്ട് കൈകൾ കൂട്ടിപിടിക്കുന്നതിനും വളരെ അകത്തിപിടിച്ച് കുട്ടി നില്ക്കുന്നു. പ്രസാദം എങ്ങനെ കൊടുക്കാനൊക്കും. അവരെ കൂടെ കൊണ്ടുവന്നു കുറെ നാൾ കാണിച്ചു മനസ്സിലാക്കി പഠിപ്പിക്കേണ്ടേ? വെള്ളം കോരി വെച്ച് "കുളിക്ക് " എന്നു പറഞ്ഞയച്ചാൽ പാവം കുട്ടി കുറെ വെള്ളം കോരി അവിടവിടെ ഒഴിച്ച് തേച്ചുതേച്ചില്ല എന്നാക്കി കുളികഴിഞ്ഞു എന്നു പറഞ്ഞ് വരുന്നതുകണ്ടിരിക്കും. അങ്ങനെ വിടരുത്. ഊട്ടാൻ, ഉടുക്കാൻ, ഉറങ്ങാൻ അതുപോലെ എല്ലാത്തിനും അവരെ ക്രമമായി പഠിപ്പിക്കണം അമ്മ പഠിപ്പിക്കുന്നത് കുട്ടികൾ ജീവിതത്തിൽ പകർത്തി തുടങ്ങും. എന്നും നല്ലനല്ല മഹാഭാരത പുരാണ കഥകളൊക്കെ കുട്ടികളുടെ സംസ്ക്കാരോചിതമായ വളർച്ചയ്ക്ക് വളരെ സഹായകങ്ങളാണ്. വളർന്നു വലുതാകുന്ന ഘട്ടത്തിൽ തന്നെ അമ്മമാർ കുട്ടികളുടെ ശീലങ്ങളെ ശ്രദ്ധിച്ച് നിയന്ത്രിച്ചാൽ വളരെ നല്ലത്.

ഇന്ന് വളരെ നല്ല കാര്യങ്ങൾ ചർച്ചാവിഷയങ്ങളായി. മുന്നോട്ട് നല്ല ഒരു നീക്കത്തിന് ഇതു കാരണമാകട്ടെ. ശിബിരത്തിന് പോയത് ഒരനുഗ്രഹമായി, അനുഭവമായി എന്നു തോന്നത്തക്കവിധത്തിലാകട്ടെ എന്ന് ആശീർവദിക്കുന്നു.

**സ്വയംസേവക് ശിബിരം 1986**

# 9. ദ്വീതീയ ദിന പ്രഭാത പ്രവചനം

സമാജസേവയ്ക്ക് സ്വയം അർപ്പിക്കാൻ ഒത്തുകൂടിയ നിങ്ങൾ ഒരു ദിവസം ഇവിടെ കഴിച്ചു കൂട്ടി. രണ്ടാം ദിവസത്തെ കാര്യക്രമം സന്തോഷപൂർവ്വം ആരംഭിച്ചിരിക്കുന്നു. സമംഗളം ഈ സംരംഭം നടക്കുവാൻ, നിർവിഘ്നം പരിപാടികൾ നടക്കുവാൻ ഈശ്വരൻ കനിയട്ടെ എന്ന് പ്രാർത്ഥിച്ച് ആശീർവദിക്കുന്നു.

സേവാ-സേവിക്കുക അഥവാ സേവനം ചെയ്യുക എന്ന് നാം പറയുമ്പോൾ അർത്ഥമാക്കുന്നതെന്താണ്? സ്തകർമ്മങ്ങൾ ചെയ്യുക എന്നു മാത്രം ഉദ്ദേശിക്കുന്നു. ഭജസേവായാം എന്നു പറയുന്നു. സേവ്യ-സേവ സ്വീകരിക്കുവാൻ യോഗ്യൻ-അതാരാണ്? ദൈവം ഒരുത്തൻ മാത്രം. സേവ ദൈവ പ്രീതിക്കായി ചെയ്യണമെന്നാണ് ശാസ്ത്രാഹ്വാനം.

ഏതു സത്കർമ്മം ചെയ്യുമ്പോഴും സങ്കല്പത്തിന് പ്രധാന സ്ഥാനമുണ്ട്. സങ്കല്പം എന്നപദം കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് മനസ്സിന്റെ അവസ്ഥയെയാണ്. സങ്കല്പാനുസൃതമായാണ് ഫലം ലഭിക്കുന്നത്. ഒരാൾ മറ്റൊരുത്തനെ മർദ്ദിക്കുന്നു എന്നുവെയ്ക്കുക. ഒറ്റ നോട്ടത്തിൽ അത് ഹിംസയായി. പക്ഷേ ചീത്ത പ്രവൃത്തി ചെയ്യുന്ന ഒരുത്തനോട് എത്ര പറഞ്ഞു നോക്കിയിട്ടും ഫലമില്ലെങ്കിൽ അവനെക്കൊണ്ട് സഹികെടുന്നുവെങ്കിൽ ആ തെറ്റുചെയ്യുന്നവൻതന്നെ പിന്നീട് വലിയ കഷ്ടപ്പാട് അനുഭവിക്കാതിരിക്കുവാൻ 'തല്ലു'മെന്ന് പറഞ്ഞ് ഭയപ്പെടുത്തുന്നു, വിരട്ടുന്നു. എന്നിട്ടും മാറ്റമില്ല, മാനസാന്തരമില്ല, അനുസരണമില്ലാ എങ്കിൽ വാക്ക് വിലയ്ക്കായി തല്ലേണ്ടിവരുന്നു. തിന്മയിൽനിന്നും പിന്തിരിപ്പിക്കുവാനുള്ള തല്ലാണത്. ഇവിടെ സങ്കല്പം എത്രയോ നല്ലതാണ്. അതുകൊണ്ടുതന്നെ ഈ തല്ല് ഹിംസയുമല്ല. സർവ്വേശ്വരൻ രക്ഷിക്കുക മാത്രമല്ല ചെയ്യുന്നത് ചിലപ്പോൾ ശിക്ഷിക്കുകയും ചെയ്യുന്നു. ദൈവം ഹിംസ ചെയ്യുന്നുവോ എന്ന് ചോദ്യം ചെയ്യാമോ? ഒരിക്കലും പാടില്ല. പക്ഷേ വസ്തുതകൾ മനസ്സിലാക്കണം കാളിയനെ ദൈവം മർദ്ദിച്ചു. ആ സമയത്ത് എന്താണ് കാളിയൻ കാട്ടിക്കൂട്ടിക്കൊണ്ടിരുന്നത്. ഉഗ്രവിഷമുള്ള സർപ്പമായിരുന്നു കാളിയൻ. ഗരുഡൻ എവിടെ കണ്ടാലും അവനെ ഹിംസിക്കും. അതറിഞ്ഞ് ഗരുഡന് പ്രവേശനമില്ലാത്ത മേഖലയിൽ കഴിഞ്ഞാണ് കാളിയൻ പരാക്രമം കാണിച്ച് വിലസിയിരുന്നത്. യമുനാ നദിയിൽ അവൻ അഭയം തേടിയിരുന്നു. ഒരു ഋഷി ശാപം കാരണം ഗരുഡന് ആ ഭാഗത്ത് പ്രവേശിച്ചുകൂടായിരുന്നു. ഒരിക്കൽ എന്തോ മാംസ ഭക്ഷണം റാഞ്ചിക്കൊണ്ടുപോകുമ്പോൾ അവിടെ തപസ്സിരുന്ന ഋഷിയുടെ ആശ്രമപ്രദേശത്ത് വീഴുക നിമിത്തം ഋഷി കോപത്തിനിരയായി ഗുരഡന് ആ ഭാഗത്ത് ഇനി പ്രവേശിച്ചാൽ മരണശിക്ഷ കിട്ടുമെന്ന് ശാപം ലഭിക്കയാൽ ആ പ്രദേശം കാളിയന്റെ വിഹാര രംഗമായി മാറി. പരമദ്രോഹമാണ് അവിടെ കിടന്ന് കാളിയൻ മറ്റുള്ളവർക്ക് ചെയ്തുകൊണ്ടിരുന്നത്. ഉഗ്രവിഷംകൊണ്ട് ഗോക്കളേയും മറ്റു മൃഗങ്ങളേയും വൃക്ഷലതാദികളേയും നശിപ്പിച്ചു കൊണ്ടിരുന്നു. പരിധിവിട്ടുള്ള ദുഷ്കർമ്മങ്ങളാണ് മദവും അഹങ്കാരവും മൂത്ത് കാളിയൻ ചെയ്തുപോന്നത്. ദുഷ്ടരെ നിഗ്രഹിക്കാനായി ശ്രീകൃഷ്ണൻ അവതരിച്ചു. "ജാത കംസവധാർത്ഥയ'' എന്നാണല്ലൊ കൃഷ്ണനെ വിശേഷിപ്പിക്കുന്നത്. കാളിയനെ നിലയ്ക്ക്നിർത്താൻ കൃഷ്ണൻ ഒരുമ്പെട്ടു. നദിയിൽ ചാടി തന്റെ നേരെ അടുത്ത് കൃഷ്ണനെ കാളിയൻ ചുറ്റി വരിഞ്ഞു. മത്സ്യംതെന്നി മാറുന്നതുപോലെ കാളിയന്റെ പിടിയിൽനിന്നും വഴുതിമാറി ഗോപാലകൃഷ്ണൻ കാളിയന്റെ മർമ്മസ്ഥാനമായ ഫണങ്ങളിൽ ചവിട്ടി നൃത്തമാടി പാദങ്ങൾകൊണ്ട് ശക്തിയായി പ്രഹരിച്ചുതുടങ്ങി കാഴ്ചയിൽ ചെറുപ്പമായിരുന്നു എങ്കിലും കൃഷ്ണപാദശക്തി കഠിനമായിരുന്നു. യശോദയെ ഒരിക്കൽ കുഴക്കിയതുപോലായിരുന്നു ഈ ശക്തി പ്രഹരവും. ഒരിക്കൾ യശോദ ഒരു ദിവസം പതിവുപോലെ കൃഷ്ണനെ കളിപ്പിച്ചുകഴിഞ്ഞ് നല്ല വസ്ത്രമുടുപ്പിച്ചു. പൂ ചൂടി പൊട്ടുതൊട്ട് മടിയിലിരുത്തി ലാളിക്കുകയായിരുന്നു. കൃഷ്ണന് ഭാരം കൂടിക്കൂടി തുടങ്ങി യശോദ അതിശയിച്ചു. ഭാരം സഹിക്കവയ്യാതായപ്പോൾ നിസ്സഹായയായി യശോദ കൃഷ്ണനെ മടിയിൽ നിന്നും താഴെയിറക്കി. കൊടുങ്കാറ്റടിച്ച് തൃണാവതൻ വന്നത് അപ്പോഴാണ്. ശ്രീകൃഷ്ണൻ അവനെ നിലംപരിശാക്കുന്നു. അതുപോലെ തന്നെയാണ് കാളിയ മസ്തകത്തിൽ ചവുട്ടി നിന്നപ്പോഴും കൃഷ്ണൻ ശരീരഭാരം വർദ്ധിപ്പിച്ച് കാളിയനെ അവശനാക്കിയത്. കണ്ടുനിന്ന കാളിയപത്നി കൃഷ്ണന് ശരണം ചെന്ന് കേണു. പതിയെ സംഹരിച്ചു തന്നെയും കുഞ്ഞുങ്ങളെയും ദുഃഖത്തിലാഴ്ത്തരുതെന്നും അപരാധങ്ങൾ പൊറുക്കണമെന്നും

കാളിയന് സദ്ബുദ്ധിയും ഗതിയും നൽകണമെന്നും അവർ യാചിച്ചു. ശരണാഗത വത്സലനായ ശ്രീകൃഷ്ണൻ തദവസരത്തിൽ കാളിയനും രക്ഷ നൽകി. വളരെ കഴിഞ്ഞ് അവശതയെല്ലാം തെല്ലൊന്ന് ശമിച്ച് കാളിയൻ വന്നപ്പോൾ വേണ്ട വരം ചോദിക്കാൻ ശ്രീകൃഷ്ണൻ അനുവാദം നൽകി. മർദ്ദിക്കത്തക്ക കഠോര അപരാധം ചെയ്തവനും ശ്രീകൃഷ്ണൻ വരം നല്കാനൊരുങ്ങുന്നു. ഹാ, ദൈവമേ! എനിക്ക് നൽകുവാനുള്ളതെല്ലാം അങ്ങ് നൽകി കഴിഞ്ഞിരിക്കുന്നു. അതെന്തെന്നാരാഞ്ഞ ശ്രീകൃഷ്ണനോട് കാളിയൻ ഇപ്രകാരം മറുപടി പറഞ്ഞു. ഞാൻ ദുഷ്ടനും, ഗർവിഷ്ടനും, ദുഷ്ക്കർമ്മിയും പാപിയും ആയിരുന്നും. കുറെയധികം അപരാധം ഞാൻ ചെയ്തു. ശിക്ഷനൽകി അങ്ങ് എന്നെ ഗർവ്വും പാപവും ഇപ്പോഴില്ലാതായിരിക്കുന്നു. അങ്ങ് നൽകിയ ശിക്ഷ എനിക്ക് വലിയ വരം തന്നെയായി. എന്നും മഹാലക്ഷ്മി പരിചരിക്കുന്ന അങ്ങയുടെ ശ്രീപാദങ്ങൾ എന്റെ ശിരസ്സിലമർന്നതോടുകൂടി ഞാൻ യഥാർത്ഥത്തിൽ ഭാഗ്യമുള്ളവനായി, നല്ലവനായി. ദൈവശിക്ഷ ഇവിടെ രക്ഷയായി പരിണമിച്ചിരിക്കുന്നു. ദുഷ്ടരെ അമർത്തുകമൂലം ഈശ്വരനെകൊണ്ട് ശിഷ്ടർക്ക് ശാന്തിയും സമാധാനവും കിട്ടുന്നു. ശിക്ഷ ലഭിക്കുന്നതോടെ ദുഷ്ടർക്കും അതു രക്ഷയാകുന്നു. പീനൽ കോഡിനെപ്പറ്റി നിങ്ങൾ കേട്ടിട്ടില്ലേ. തെറ്റു ചെയ്യുന്നവനെ സർക്കാർ ശിക്ഷിക്കുന്നു. പ്രജകളെ രക്ഷിക്കേണ്ടേ? തെറ്റു ചെയ്യുന്നവന് ശിക്ഷ കിട്ടന്നു എന്നായാൽ പിന്നെ തെറ്റു ചെയ്യുന്നവർ കുറയും.

നാം ചെയ്യുന്ന സേവ ഈശ്വരസേവായെന്നു സങ്കല്പിക്കണം. ആറാട്ടിന് സമാരാധനയ്ക്കു ശേഷം എച്ചിൽ വരാറുണ്ട്. അതു മനുഷ്യസേവയെന്ന് പറയാറില്ല. ഈശ്വര സേവ എന്നു പറയുന്നു. ''ആവേശ'' സമയത്ത് സങ്കടം ഉണർത്തുന്നവർക്ക് പരിഹാരരൂപേണ മഞ്ചേശ്വരത്ത് പറയാറുണ്ട്, ഷഷ്ഠിക്ക് (അവിടത്തെ പ്രധാന ഉത്സവം) എത്തണം. എച്ചിൽ വാരണം. തീവെട്ടി പിടിക്കണം, അങ്ങനെ മഞ്ചേശ്വര സേവ ചെയ്യണം. നിന്നെ ദൈവം രക്ഷിക്കും. പൊന്നാനിയിൽ ഒരു ഗുജറാത്തി താമസിച്ചിരുന്നു. എന്തോ അപരാധത്താൽ കുഷ്ഠം പിടിപ്പെട്ടു. ആരോ പറഞ്ഞറിഞ്ഞ് ആ മനുഷ്യൻ മഞ്ചേശ്വരത്തെ "ആവേശ" ദർശനത്തിനുവന്നു. ഒരു കൊല്ലം ഇവിടെ താമസിക്കണം. എന്നും ശേഷതീർത്ഥത്തിൽ (ക്ഷേത്രകുളം) സ്നാനം ചെയ്യണം ക്ഷേത്ര പ്രദക്ഷിണം വെയ്ക്കണം. പരമാവധി തവണ നമസ്കരിക്കണം. ദൈവപ്രസാദം മാത്രം ആഹാരമായി കഴിക്കണം. പച്ചവെള്ളം പോലും നിവേദിച്ചു മാത്രമേ കുടിക്കാവൂ! തെല്ലിട തെറ്റാതെ അനുസരിച്ചു. ഒരു വർഷം കഴിഞ്ഞു. മരുന്നുകൊണ്ട് മാറാത്ത മഹാരോഗം മാറി. അയാൾ പൂർണ്ണ ഉത്സവ (സമാരാധന) ശാശ്വത വഴിപാട് ക്ഷേത്രത്തിൽ കൃതജ്ഞതാപുരസ്സരം പണമടച്ചു തുടങ്ങിയിട്ടുണ്ട്.

സ്വയം സേവകർ വന്നിട്ടുണ്ട്. എന്തിനാണ് വന്നിരിക്കുന്നത്. സ്വയം ആരുടെയും സമ്മർദമില്ലാതെ സമാജസേവ ചെയ്യുവാൻ; ഇതു ദൈവപ്രീതിക്ക് എന്നുകൂടി കൂട്ടിച്ചേർക്കുവിൻ. നിഷ്കാമ ഭാവനയോടെയാണ് നിങ്ങൾ വന്നിരിക്കുന്നത്. നിങ്ങൾ ഒന്നും കാംക്ഷിക്കുന്നില്ല. ദൈവ പ്രീതിക്കായി പ്രാർത്ഥിക്കുന്നു. പ്രവർത്തിക്കുന്നു. അപ്രകാരം തുടരുക, സമാജസേവചെയ്യുക, ദൈവാനുഗ്രഹം നിങ്ങൾക്ക് ലഭിക്കും.

പുണ്ഡലികനെപ്പറ്റി കേട്ടിരിക്കും. വലിയൊരു പാണ്ഡുരംഗ ഭക്തൻ. ''പുണ്ഡലികാവരദാ പാണ്ഡുരംഗാ'', എന്നു പറയാറില്ലേ? ഈശ്വരഭക്തനായിരുന്നു. നല്ലൊരു മാതൃപിതൃഭക്തനും വയസ്സായ അമ്മയച്ഛന്മാരെ കാവിടിയിൽ ഇരുതട്ടിലുമിരുത്തി ചുമലിലേറ്റി ഗംഗാസ്നാനസങ്കല്പത്തോടെ കാശിയാത്രക്ക് പുറപ്പെട്ടു. നടന്നുനടന്ന് ചന്ദ്രഭാഗാ തീരത്തെത്തി. തളർന്ന് അവശനായി. കാശി ഇനിയും എത്ര അകലെ! ഈശ്വരാ എന്തുചെയ്യാം. ശരീരത്തിന് വയ്യാതായി. എന്റെ സങ്കല്പം സാധിക്കില്ലേ... വൃദ്ധരായ അച്ഛനമ്മമാരെ സേവിച്ച് വിലപിച്ച് വിഷമിച്ച പുണ്ഡലികൻ പ്രാർത്ഥിച്ചു. വിഠളൻ പ്രത്യക്ഷപ്പെട്ടു. വിഠളൻ കൃഷ്ണൻതന്നെ - ഒരു ശംഖ്, ഒരു പുല്ലാകുഴൽ കൈകളിൽ, ചുമലിൽ ഒരു കമ്പിളിവസ്ത്രം. പശുക്കളെ നയിക്കുന്ന വിഠളനായി. പുണ്ഡലികനോട് വരം ചോദിക്കുവാൻ പറഞ്ഞു. ദൈവമേ ഞാനെന്തു പറയും. അങ്ങേയ്ക്കെല്ലാം അറിയാം. അങ്ങയുടെ സേവയ്ക്ക് ഞാനിതാ എത്തിക്കഴിഞ്ഞു. മാതാപിതാക്കളുടെ ഈ ശുശ്രൂഷ ഒന്നു പൂർത്തിയാക്കട്ടെ എന്ന് പറഞ്ഞ് ഒരു ഇഷ്ടിക വിഠളന് എറിഞ്ഞുകൊടുത്തുകൊണ്ട് പുണ്ഡലികൻ അച്ഛനേയും അമ്മയേയും പരിചരിച്ചുകൊണ്ടിരുന്നു. ദൈവം വിഠളന് വേണ്ടി കാത്തുനിന്നു. പിന്നീടനുഗ്രഹിച്ചു സങ്കല്പസിദ്ധിക്ക് അവസരവും നൽകി. മാതാപിതാസേവാ ഹരിസേവയായി പരിണിക്കുന്നതല്ലെ നാം ഇതിൽ നിന്ന് മനസ്സിലാക്കുന്നത്. സമാജസേവയും അതുപോലെ ഹരിസേവയായി കരുതി ചെയ്യണം. അതിനായി മാർഗ്ഗദർശനവും പ്രചോദനവും തേടിയെത്തിയിരിക്കുന്ന നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ.

സ്ത്രീ പുരുഷന്മാരുടെ കാര്യം നോക്കുക. സത്രീകൾ ചെയ്യുന്ന ഒരു ജോലി അത്ര ലാഘവത്തോടെ, മിടുക്കോടെ ചെയ്യുവാൻ പുരുഷന്മാരെക്കൊണ്ട് സാധിക്കുന്നില്ല.

വീടുകളിൽ സാധന സാമഗ്രികൾ അതാതിടങ്ങളിൽ ഒതുക്കി സൗകര്യ പ്രദമായി വെയക്കൽ വീട് ശുചിയായും ഭംഗിയായും സൂക്ഷിക്കൽ മുതലായതിനുള്ള ചാതുര്യം പുരുഷന്മാർക്ക് അത്രയ്ക്ക് ഉണ്ടാവില്ല. വീടു നടത്തിക്കൊണ്ടു പോകലൊരു കലയാണ്. സ്ത്രീകൾക്ക് അതു സ്വതസിദ്ധമായ കലയാണ്. അപ്രകാരം ചെയ്യാൻ സാധിക്കുന്നതുതന്നെ ഈശ്വരദയയാണ്. എല്ലാവരെകൊണ്ടും ഇതു സാധിച്ചെന്നുവരില്ല. ചിലർ ഇതു നന്നായി നിർവ്വഹിക്കും. ഇനിയും ചിലർക്കിതു വശമേ ഇല്ല. പുരുഷന്മാർ സാമാനങ്ങൾ വാങ്ങിച്ചു കൊണ്ടുവരും. മുമ്പൊക്കെ പ്രതിവാര ചന്തയായിരുന്നല്ലോ. ഇപ്പോൾ ചന്ത ദിവസേനയുണ്ടെന്ന് തോന്നുന്നു. മേടിച്ചു കൊണ്ടുവരുന്ന സാധനങ്ങൾ ഉപയോഗിക്കാനും ഒരു കഴിവുവേണം. ഇല്ലെങ്കിൽ ചിലത് ചീഞ്ഞു നശിച്ചുപോകും. ഇവിടെയാണ് കഴിവും കലയും പ്രകടിപ്പിക്കേണ്ടത്. ഇപ്പോൾ ഗൃഹശാസ്ത്രമായി പഠിപ്പിക്കുന്നു. സയൻസ് വിജ്ഞാനമാണ്, ജ്ഞാനമല്ല, വിജ്ഞാനിയുടേയും ജ്ഞാനിയുടെയും കാഴ്ചപ്പാടിൽ വ്യത്യാസമുണ്ട്.

കടകളിൽ ഇന്ന് എല്ലാം കിട്ടുന്നുണ്ടത്രേ! ഇതുമൂലം പലതിലും നമ്മുടെ ശ്രദ്ധകുറയുന്നു. പണ്ടൊക്കെ ദീർഘ വീക്ഷണത്തോടെയുള്ള തയ്യാറെടുപ്പുകളുണ്ടായിരുന്നു. അതായത് നെല്ലിക്ക വളരെ സമൃദ്ധമായി ലഭിക്കുന്ന സമയത്ത് വിലയും നന്നേ കുറവായിരിക്കും. കുറച്ചധികം വാങ്ങിച്ച് ഉണക്ക അച്ചാറോ, ഉപ്പിലിട്ടതോ ഉണ്ടാക്കി സൂക്ഷിക്കും. ചെറുനാരങ്ങ സീസണിൽ ചെറു നാരങ്ങാകൊണ്ടുണ്ടാക്കാവുന്നതൊക്കെ ഉണ്ടാക്കിവെയ്ക്കും. ചുരുങ്ങിയ ചിലവിൽ സമർത്ഥമായി അടുത്ത് സീസണിൽ വരെ വേണ്ടത് രുചിപ്രദമായി കഴിക്കാൻ അങ്ങനെ തയ്യാറാക്കിവെയ്ക്കും. ഇന്ന് റെഡിമെയ്ഡ് കിട്ടുന്നുണ്ടത്രെ! ഏതുസമയത്തും കിട്ടുമത്രേ! എന്തൊക്കെയോ ഏതൊക്കെയോ വിധത്തിൽ തയ്യാറാക്കി കിട്ടുമായിരിക്കും; അത്രതന്നെ അതിന്റെ ഗുണവും! പിന്നെ സ്ത്രീകൾ വീട്ടിലെന്തിന് എന്നു ചോദിച്ചാൽ....! നമ്മുടെ സ്ത്രീകൾ പാചകകലയിൽ നീപുണരായിരുന്നു. ഇന്ന് പറമ്പുകളും ഇല്ലാതാകുന്നു. പണ്ടു സമയത്ത് പറമ്പിലിറങ്ങി ഏതൊക്കേയോ (അവർക്ക് അതു നന്നായറിയാം) ഇലകൾ പറിച്ചെടുത്ത് കഴുകി നുറുക്കി എടുത്തപടി കുറച്ചു മുളക്, കടുക്, തേങ്ങ, എണ്ണ വേണ്ടുംപടി ചേർത്ത് കറിവെച്ചിരുന്നു. എത്ര നല്ല സ്വാദ്! പഴങ്ങളും പച്ചക്കറികളും ചാതുര്യത്തോടെ വെച്ചു പിടിപ്പിച്ചുല്പാദിപ്പിച്ച് ഉപയോഗിച്ചിരുന്നു. തുമ്പ, കയ്പചീര..... തുടങ്ങിയ നല്ല പോഷക പ്രദങ്ങളായ ഇനങ്ങൾ എത്രയെത്ര ഉപയോഗിച്ചിരുന്നു. ഇന്നോ പലതും നമുക്ക് അറിയുന്നതുപോലുമില്ലെന്നായി. ഹിമാലയ സാനുക്കളിൽ നിന്നും ഔഷധച്ചെടികൾ പറിച്ചെടുത്ത് ഗുളികളുണ്ടാക്കി വിദേശത്തു നിന്നും ഇവിടെ വരുന്നു. ഹൃദ്രോഗത്തിന് മരുന്നായി ഉപയോഗിക്കുവാൻ! നോക്കണം സംഗതികളുടെ പോക്ക്.

പിന്നെ ചിലർക്കൊക്കെ ഒരു സംശയമുണ്ട്. ലോകം മുന്നോട്ട് കുതിക്കുമ്പോൾ നാം പിറകോട്ട് പോകുകയോ! ചിലർക്ക് തോന്നുന്നു. വീട്ടിൽ ചോറുവെയ്ക്കുന്നതുപോലും പഴഞ്ചൻ രീതിയാണെന്ന്. ഹോട്ടിലിൽ ചെന്ന് കഴിക്കുക. അഥവ ഹോട്ടലിൽ നിന്ന് വാങ്ങി കൊണ്ടു പോയി കഴിക്കുക, എളുപ്പമായില്ലേ. നമുക്കതു വേണ്ട. നമ്മുടെ സമാജത്തിലെ പ്രായമുള്ള വിവരമുള്ള സ്ത്രീകൾ ചെറുപ്പക്കാരികൾക്കും പറഞ്ഞു മനസ്സിലാക്കണം. സരളമായ നാട്ടുപാധികളിലൂടെ പല ചികിത്സകളും ചെയ്യുവാൻ അവർക്കറിയാം. ഉദാ: കുട്ടികളുടെ വയറ്റിലെ കൃമികൾ നശിക്കുവാൻ പപ്പങ്ങകൊണ്ടുള്ള നല്ലകറിവെച്ച് അവർ കുട്ടികൾക്ക് കൊടുക്കുന്നു. പപ്പങ്ങയുടെ ഔഷധഗുണം ഇന്ന് ശാസ്ത്രം പുറത്തുകൊണ്ടു വന്നിട്ടുണ്ടല്ലോ.

യാതൊരുജോലിയും ചെയ്യാതെ വെറും തിന്നുക മാത്രം ചെയ്യുന്നത് മൃഗത്വമാകുന്നു. മനുഷ്യത്വമല്ല. കാക്കയെ കണ്ടിട്ടില്ലേ. തിന്നുക തീറ്റിതേടി നടക്കുക. തിന്നാൻ വേണ്ടി മാത്രം ജീവിതം! മൃഗങ്ങളെയും പക്ഷികളെയും പ്രാണികളേയും പോലെ ആയിപോകരുത്. "എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം" എന്നാണ് പഴഞ്ചൊല്ല്. നന്നായി പണിയെടുക്കണം, വേണ്ടതു വേണ്ടത്രമാത്രം ഭക്ഷിക്കണം. ഇതോരോരുത്തരും അറിഞ്ഞിരിക്കണം. ഇപ്പോൾ പണിയെടുക്കാതെ തിന്നുന്നവനത്രേ കേമൻ. നാം അതിലേക്ക് അധികം കടക്കണ്ട, അതു രാഷ്ട്രീയമായേക്കും. നമ്മുടെ ചെറിയ കുട്ടിവരെ പ്രയത്നിക്കണം. അദ്ധ്വാനിക്കണം. ചെറുപ്പം മുതലേ ഈ ശീലം വളർത്തണം. അതു നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ തിരികെ സ്വീകരിച്ച് വികസിപ്പിക്കണം. സ്വയം സേവകർ ഇതു ചെയ്തു തുടങ്ങിയാൽ അതു മറ്റുള്ളവർക്ക് പാഠമാകും.

സ്വയം സേവകർ നല്ലതുചെയ്താൽ അതു എങ്ങനെ 'അറുത്തുകളയണം', 'തകർക്കണ'മെന്ന് ചിലർക്ക് തോന്നുന്നു. അവർക്ക് ഒരുതരം വയറുകടിയാണ്. അവർ നിരുത്സാഹപ്പെടുത്തും. ദൈവം മാത്രമല്ല ദൈത്യരുമുണ്ടല്ലോ. ഈശ്വരൻ ഇരന്നാൽ മാത്രം നൽകുന്നവനാണ്. ദൈത്ത്യർ മര്യാദകെട്ടവരാണ്. ദൈവം സത്കർമ്മത്തിൽ പ്രസാദിക്കും. ദൈത്ത്യർ ദുഷ്ക്കർമ്മതിത്ലും ദൈത്ത്യർ വിളിക്കാതെ തന്നെ

വന്നെത്തുന്നവർ. ചില മനുഷ്യരിൽ ദൈത്യർ പ്രവേശിക്കുന്നു. നിങ്ങളെ ആരു പിന്തിരിപ്പിച്ചാലും പിന്മാറരുത്. നിങ്ങൾക്ക് സംശയം അരുത്. എല്ലാവരും പറയുന്നതുകേൾക്കുക. വിരോധിക്കുകയോ വിവാദത്തിലേർപ്പെടുകയോ വേണ്ട അതിനായി സമയം പാഴാക്കണ്ട. മനസ്സിലുറച്ചതു ചെയ്തുകൊള്ളുക. എതിർക്കുന്നവരെ ജയിക്കാമെങ്കിൽ മാത്രം വാഗ്വാദത്തിന് മുതിർന്നാൽമതി. ഗുരുവര്യർ നല്ലതെന്ന് പറഞ്ഞത് സ്വയം തോന്നി തങ്ങൾ ചെയ്യുന്നു. എന്ന് വിശ്വസിച്ച് മുന്നോട്ടു പോകുവിൻ.

ശക്തി വളരാനും ബുദ്ധി വികസിക്കുവാനും നല്ല മനുഷ്യരായിത്തീരാനുമാണ് സന്ധ്യാവന്ദനം. അതാതുകാലത്തെ അന്തരീക്ഷാവസ്ഥയ്ക്കൊത്ത് ചൂടും തണുപ്പും ദേഹത്തിനനുഭവപ്പെടും. ശരീരത്തിന് കാലാവസ്ഥയുമായി സ്വയം പൊരുത്തപ്പെടാനുള്ള കഴിവുണ്ട്. ചൂടുകാലത്ത് വിയർക്കുന്നു.ശരീര താപനില നിലനിർത്താനാണത്. ഊഷ്മാവ് നിയന്ത്രിക്കാനുള്ള സംവിധാനം ശരീരത്തിനുണ്ട്. അന്തരീക്ഷതാപം $100^0$ F ലും ഏറെയാകാറുണ്ട്. ശരീരത്തിനോ $98.4^0$ F കൂടുതലായാൽ പനി പിടിപെട്ടു എന്നു പറയും ഇതൊഴിവാക്കാനാണ് വിയർക്കുന്നത്. ആഹാരം പോലെയും ശരീരം വളരും. പതിവായി കുറച്ചു വ്യായാമം എങ്കിലും ശരീരത്തിന് വേണ്ടതാണ്. അറിയുന്നവരോട് ചോദിച്ച് ആദ്യം പരിശീലിക്കണം. ഏറ്റവും നല്ലത് യോഗാസനങ്ങളാണ്. സൂര്യനമസ്കാരവുമാകാം. വിദേശീയ കസർത്തും കളിയും ഒന്നും വേണ്ട. ശരീരത്തിന് ഈ പേരിൽ അതി ആയാസവും പാടില്ല. വേണ്ടത്ര വ്യായാമം ചെയ്യുന്നവന് മടിപിടിപെടില്ല. അവൻ എപ്പോഴും ഊർജ്ജസ്വലനായിരിക്കും. അത് വളരെ നല്ലതാണ്. വ്യായാമം കഴിഞ്ഞ് ഭക്ഷണത്തിന് കുറവ് വരുത്തരുത്. അധിക വ്യായാമവും ഭക്ഷണ ഉപേക്ഷയും അരുത്. സൂര്യനമസ്കാരം ശരിയായി ചെയ്താലും ഉണർവ്വുണ്ടാകും. ശരീരദോഷങ്ങളില്ലാതാകും. ആഹാരവും ഉറക്കവുമായി സംബന്ധമുണ്ട്. ആഹാര് അല്പം കൂടിയാൽ ഉറക്കം പുറകെ വന്നുകൂടും അമിതാഹാരം പാടില്ലെന്ന് സ്ക്കൂളിൽ പഠിപ്പിക്കാറില്ലേ? വിശപ്പു കുറച്ചു ബാക്കിയുള്ളപ്പോൾ ഭക്ഷണം കഴിക്കുന്നത് മതിയാക്കണം. ആരോഗ്യം ഉണ്ടെങ്കിലേ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ചെയ്ത്തീർക്കാൻ കഴിയൂ. സ്വയംസേവകർ മേൽപറഞ്ഞ പ്രകാരം നല്ല വ്യായാമം ചെയ്യുന്നവരാകണം. സ്വതവേ അതിന് കെല്പില്ലാത്തവർ പ്രാണായാമം എങ്കിലും ചെയ്യേണ്ടതാണ്. ക്ഷീണിതർക്ക് വ്യായാമം ശരിയാവില്ലെന്ന് ആയുർവേദം പറയുന്നു. അവർക്ക് വ്യായാമം പ്രാണായാമം മതി, മനസ്സ് അതുകൊണ്ട് സ്വച്ഛമാകും. പ്രണായാമം ശ്വാസോച്ഛ്വാസ വ്യായാമമാണ്.

സ്ത്രീകൾക്കും പ്തമാസനം മുതലായ യോഗാനസങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. പ്രാണായാമസമേതമായുള്ള ആസന്യാഭ്യാസം കൂടുതൽ ഫലദായകമാണ്. ഇതിനൊക്കെ സമയം വേണ്ടേ എന്ന് ചിലർ ചോദിക്കും. വേണ്ടതിന് സമയം വിനിയോഗിക്കുക; ബാക്കിയുള്ളത് ഒഴിവാക്കുക. അത്യാവശ്യമുള്ളതിന് സമയം കണ്ടേ തീരൂ. സ്നാനം, സന്ധ്യാവന്ദനം. ഉചിതവ്യായാമം ഇതിനൊക്കെ സമയം മാറ്റി വെച്ചേ മതിയാകൂ. പത്രവായന, റേഡിയോ ശ്രവണം, ടി.വി. കാണൽ ഇതിനൊക്കെ സമയം ക്ലിപ്തപ്പെടുത്താവുന്നതുമാണല്ലോ. പ്രാധാന്യം വേണ്ടതിനെ പ്രാധാന്യം കല്പിക്കാവു.

സ്വയം സേവകർ കുറവാണ്. ബുദ്ധിസാമർത്ഥ്യമുള്ള, ചുറുചുറുക്കുള്ള നേതാക്കൾ പ്രവർത്തനത്തിനാവശ്യമാണ്. കുട്ടികളെ പറഞ്ഞുവിടാൻ മുതിർന്നവരേ പ്രേരിപ്പിക്കണം. 40 ന് ഒന്നെന്ന തോതിൽ $2^1/_2$% പേരെങ്കിലും സമാജസേവനത്തിന് മുന്നോട്ടുവരണം. സ്വയം സേവകർ ഉറച്ച മനസ്സുള്ളവരാകുക. അവരുടെ പ്രവർത്തന പരിപാടി നാം വിശദീകരിച്ചു. ആരേയും നോവിക്കാതെ അനുഷ്ഠാനബദ്ധരായി ധർമ്മാനുസരിം മുന്നേറുക. പശ്ചാതലവും അടിസ്ഥാനവും ഇതുതന്നെയാക്കി പ്രവർത്തിക്കുക. വ്യാസരഘുപതി ദേവരും വെങ്കടാചലപതി ഭഗവാനും നിങ്ങളെ സംതൃപ്തരാക്കും. അനുഗ്രഹിക്കും എന്നാശീർവദിക്കുന്നു.

**സ്വയംസേവക് ശിബിരം 1986**

# 10. ദ്വിതീയ സായംകാല പ്രവചനം

ഈശ്വര സ്മരണയോടെ എല്ലാവർക്കും ആശീർവാദം. നാലഞ്ചു ബാച്ചുകളായി നല്ല ചർച്ച ഇന്നും ഇവിടെ നടന്നിട്ടുണ്ട്. നല്ലതു ചെയ്യണം. സമാജയശസ്സിനു യോജിച്ചതു ചെയ്യണം, സമാജം ഗുണാഢ്യമാക്കണം, ദോഷ വിമുക്തമാക്കണം എന്ന് എല്ലാവർക്കും വിചാരമുണ്ട്. ഇതിൽ രണ്ടുപക്ഷമില്ല. എത്രയോ കാലമായി പല നല്ല ആചാരസംസ്കാരങ്ങളും സമാജം തുടർന്നുവരുന്നുണ്ട്. എന്നാലും അല്പാല്പം മാറ്റങ്ങളും കണ്ടുതുടങ്ങിയിരിക്കുന്നു. ഇതിന് കാരണങ്ങളെന്ത്? വസ്ത്രധാരണത്തിലും ഇതരകാര്യങ്ങളിലും പ്രകടമായ മാറ്റം കാണപ്പെടുന്നുണ്ട്. ഓടുന്ന വണ്ടിയിൽ ഉറച്ചിരുന്നാലും അവനവൻ ഓടാതിരുന്നാലും വണ്ടിയോടുന്നതുകണ്ട് ഇരിക്കുന്നവനും അറിയാതെതന്നെ ഓടുന്നുണ്ടാകും. അതുപോലെ ആഹാരവിഹാരാദികളിലും വിവിധ ജീവിതതുറകളിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. നാം പ്രകൃതിയ്ക്കധീനരാണ് പ്രകൃതി നമ്മെക്കൊണ്ട് ചെയ്യിക്കുന്നു. ''പ്രകൃതിസ്ത്വാം നിയോക്ഷ്യതി'' എന്നാണ് ഗീതയിൽ പറഞ്ഞിട്ടുള്ളത്. നാം പറയാറില്ലേ അവന്റെ പ്രകൃതിസൗമ്യം, മറ്റവന്റെ പ്രകൃതി കോപിഷ്ടം. ചിലരുടേത് ചീത്ത പ്രകൃതി എന്നൊക്കെ. പ്രകൃതിസ്വഭാവം ആരോഗ്യാദികൾക്കുള്ളതാണ്. ഗുണദോഷങ്ങൾ നമ്മുടെ കുടപിറവികളാണ്. ബുദ്ധിയും മനസ്സും വേദാന്ത പ്രകൃതിയിൽ ലീനയാണ്; നമ്മുടെ ഓരോ ചെയ്തികളും അതിന്റെ കരങ്ങളും. ഇതൊക്കെ ദൈവത്തിനധീവും! അല്ലാതെ അവനവന്റെ ഇച്ഛാനുസരണമല്ല. ബ്രഹ്മാവ് മുതൽക്കിങ്ങോട്ട് എല്ലാം പ്രകൃതിയ്ക്കകത്ത്; പ്രകൃതിക്ക് പുറത്ത് പരമാത്മാവ് മാത്രം. ''ദൈവീതേഷാ ഗുണമയി, മമമായഗുണത്യയാ. മാമേവയേപ്രപദ്യതേ''..... പ്രകൃതി ദിവ്യയാണ്. സത്വരജതമ ഗുണമയിമയ ദൈവാധീനയാണ്; ഈശ്വരന് മാത്രം ശരണം ചെല്ലുന്നവന് മായാതീതനാകാം. സൃഷ്ടി ആരു നിയന്ത്രിക്കുന്നു - പ്രകൃതിതന്നെ. കുമ്പളങ്ങ, മത്തങ്ങ മുതലായവയുടെ വല്ലി പൂക്കുന്നു. ആൺ, പെൺ പൂക്കൾ വിരിഞ്ഞ രണ്ടു വല്ലികൾ ഉണ്ടെന്നുവെയക്കുക. (കാർക്കളിലെ ഒരു തോട്ടത്തിൽ വെച്ച് നിരീക്ഷിച്ചതാണീ വസ്തുത) ആൺപൂവ് പെൺപൂവിനെ അഭിമുഖീകരിച്ച് നിൽക്കുന്നു. ശലഭങ്ങൾ വന്ന് പരാഗം വിതറുന്നു. പ്രകൃതി പരിണാമിനി - പ്രകൃതി മാറികൊണ്ടേയിരിക്കുന്നു. അതിനുള്ളിൽ കഴിയുന്ന നമ്മളും മാറുന്നു. നാമതറിയുന്നില്ല. കൊച്ചുകുട്ടികളുടെ കാര്യം നോക്കുക. ആൺകുട്ടി ചുറുചുറുക്കോടെ ചാടികളിക്കും. പെൺകുട്ടി സൗമ്യയും ശാന്തപ്രകൃതക്കാരിയുമായി കഴിയുന്നു. വലുതാകുമ്പോഴും സ്വഭാവം ഈ പ്രകൃതിയ്ക്കനുസരിച്ചുതന്നെ. ഇതെല്ലാം നാമെന്തിന് ചിന്തിക്കുന്നു. ധാരാളം അഭിപ്രായങ്ങളും ആശയങ്ങളും പൊന്തിവന്നിട്ടുണ്ട്. അതു പ്രാവർത്തികമാക്കാൻ ദൃഢചിത്തർ വേണം. ചഞ്ചലമനസ്കരാകരുത്. നമ്മുടെ പ്രയത്നം വേണം; ദൈവീകമായ പ്രയത്നം. സന്ധ്യാവന്ദനാദികൾ മാനസികമോ ദൈവീകമോ ആയ നിഷ്ഠകളല്ല, ദൈവീക കർമ്മങ്ങളാണ്. നിങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള അച്ചടിച്ച ലഘുലേഖകളിൽ ഇതു പറഞ്ഞിട്ടുണ്ട്. പ്രകൃതിയിൽ കിടന്നുഴലാതെ മുന്നേറാൻ ഉപാസനയുണ്ടെങ്കിൽ നല്ലത്. ഉപാസനയുള്ളവർക്ക് പ്രകൃതിബാധ കുറയും. അനുഷ്ഠാനങ്ങൾ ക്രമാനുസൃതമായി ചെയ്താൽ ബുദ്ധി, വിചാരം, ഉറപ്പ് ദൃഢത മുതലായത് നിറഞ്ഞതാകും. പ്രവർത്തനലക്ഷ്യം തീരുമാനിക്കുമ്പോൾ എല്ലാവരും കൈപൊക്കി പ്രവൃത്തി പഥത്തിലെത്തി തിരിഞ്ഞുനോക്കുമ്പോൾ വേണ്ടത്ര ആളുകൾ പിൻബലത്തിനും പ്രവർത്തനത്തിനുമില്ലെങ്കിൽ ആകെ പ്രയാസമാവില്ലേ! ഉദാഹരണത്തിന് ബുള്ളറ്റിൻ, ഭാഗവത പുരാണചർച്ച ഒക്കെ ഇന്നത്തെ വിഷയങ്ങളായി ഉയർന്നുവന്നിട്ടുണ്ട്. ഇതൊക്കെ നടത്തുമ്പോഴൊ സംഘടിപ്പിക്കുമ്പോഴൊ ആകർഷകമാകണം. രസം, രുചി, മാധുര്യം, സന്തോഷം മുതലായതു പ്രദാനം ചെയ്യുന്നതുമാകണം. ഇത് സാധിക്കാൻ മുതിരുന്നവർ കർമ്മാനുഷ്ഠാനമുള്ളവരാകണം; ധൈര്യവും സ്ഥൈര്യവും വീര്യവും ഉള്ളവരാകണ്. കഴിഞ്ഞവർഷം ശിബിരത്തിൽ പങ്കെടുത്ത 46 പേർ രണ്ടാമതും വന്നിട്ടുണ്ട്. അവർ അഭിരുചിയുള്ളവരാണെന്ന് കരുതാം. ഇക്കൊല്ലം പുതുതായി വന്നിരിക്കുന്ന 129 പേരിൽ എത്രപേർ അടുത്തകൊല്ലം വരുന്നുണ്ടെന്ന് നോക്കാം. ഏതെങ്കിലും പ്രവർത്തനപദ്ധതിക്ക് 25 പേർ വേണ്ടിടത്ത് 27 പേരുണ്ടെങ്കിൽ മുന്നോട്ടു പോകുന്ന കാര്യം ആലോചിക്കാവുന്നതാണ്. 25 പർ വേണ്ടിടത്ത 50 പേർ ഉണ്ടെങ്കിൽ ധൈര്യമായി മുന്നോട്ടുപോകാം, രണ്ടുമൂന്നുവർഷം ജാഗ്രതയോടെ വീക്ഷിക്കാം. എന്നുവെച്ച് ഇപ്പോൾ യാതൊരു നേട്ടവുമില്ലെന്ന് പറയാൻ കഴിയില്ല. ഇന്ന് കേരളത്തിലാകമാനമുള്ള നമ്മുടെ എത്രയോ സമാജകേന്ദ്രങ്ങളിൽ സമൂഹപ്രാർത്ഥന ആരംഭിച്ചിട്ടുണ്ട്. ഇതു ശ്രദ്ധേയമായ ഒരു

നേട്ടം തന്നെയാണ്. ഈശ്വരന് മുന്നിൽ ധാരാളം പേർ അണിനിരന്ന് പ്രാർത്ഥിക്കുന്നു. അതിന്റേതായ ഫലം തീർച്ചയായും ഉണ്ട്, ഉണ്ടാകും.

ആശാജനകവും സന്തോഷപ്രദവുമായ ഉത്സാഹം ഈ രണ്ടാം ശിബിരം പകരുന്നുണ്ട്. ശരീരത്തിൽ നിന്നും ആത്മാവ് വിടപറഞ്ഞു പോയാൽ അതു പിന്നെ ശവമായി. അത് പിന്നെ സംസ്കരിക്കുകയേ തരമുള്ളൂ. അപ്പോൾ പ്രാധാന്യം കല്പിക്കേണ്ടത് ആത്മാവിനാണ്. നന്നേ ചെറുപ്പമായവർക്ക് ഇതത്ര മനസ്സിലായില്ലെങ്കിലും 20 വയസ്സുള്ളവർക്ക് എങ്കിലും മനസ്സിലായി കാണും- ശാരീരിക വിഷയങ്ങളേക്കാൾ ആത്മീയ വിഷയങ്ങൾക്ക് പ്രാധാന്യമേറും എന്ന്. ആത്മോദ്ധാരണത്തിന് വേണ്ട കാര്യങ്ങൾ അതു കൊണ്ടുതന്നെ കൂടുതൽ ചെയ്യണം. വീട്, കാറ്, ടി.വി, ഫ്രിഡ്ജ്, ഇതെല്ലാം ആത്മനന്മയ്ക്കുവേണ്ടിയുള്ള അത്ര പ്രധാന ഇനങ്ങൾ അല്ലെന്ന് മനസ്സിലാക്കണം. അതിനുള്ള പക്വത വരണം. ഒരേവിഷയം 50,40,30,20 വയസ്സു പ്രായക്കാരിൽ ചെന്നു പതിക്കുന്നത് പലവിധത്തിലാണ്. 20 വയസ്സുകാരൻ സാധാരണഗതിയിൽ എത്ര ഉറച്ചുനേരെ തന്നെ നോക്കിയിരുന്ന് പറയുന്നതുകേട്ടാലും മനസ്സുറച്ചിരുന്നു കേട്ടു എന്നുവരില്ല. 30,40,50 ഗ്രൂപ്പികാരുടെ മനഃചാഞ്ചല്യവും 15-20 വയസ്സുകരുടെ മനഃചാഞ്ചല്യവും തമ്മിൽ സാരമായ വ്യത്യാസമുണ്ട്. ഈ വസ്തുതകൾ മനസ്സിലിരുത്തിത്തന്നെ പ്രവർത്തകർ ശ്രദ്ധയും പ്രയത്നവും കൂടുതൽ വേണ്ടിടത്ത് അത്രക്ക് ചെലുത്തണം. പ്രകൃതി ചഞ്ചല തന്നെ. എന്നാൽ ഒരു ചൊല്ലുണ്ട്, "ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷരുള്ളകാലം''. ചെറുപ്പം മുതലേ സ്തോത്രങ്ങളും ശ്ലോകങ്ങളും ഉരുവിട്ട് ശീലിച്ചവർ എത്ര വയസ്സായാലും അതാവർക്കിക്കും. ഉടുപ്പിയിൽ ഒരു വാസുദേവാചാര്യ ഉണ്ടായിരുന്നു. ചെറുപ്പം മുതലേ അദ്ദേഹം ഈ പറഞ്ഞതുപോലെ നല്ലകാര്യങ്ങൾ ചെയ്തിരുന്നു 32 കൊല്ലം ജീവമാനത്തിന് ജോലി ചെയ്തു. പെൻഷൻപറ്റി 45 കൊല്ലം ജീവിച്ചു. കണ്ണുകൾക്ക് കാഴ്ച കുറഞ്ഞു എന്നാലും അനുഷ്ഠാനം സ്തോത്ര നാമോച്ചാരണങ്ങൾ മുതലായത് നിഷ്ഠയോടെ ചെയ്യുമായിരുന്നു. പുണ്യവാനായ ആ സജ്ജനത്തിന് മനസ്സ് മടുത്തതേയില്ല. ഒരു ഭിത്തിയിൽ സിമിന്റ് തേച്ച ഉടനെ തന്നെ അതിൽ വല്ലതും ആലേഖനം ചെയ്താൽ ആ ലിഖിതം അതിലുറയ്ക്കും. കോഴിക്കോട് അഞ്ചുവർഷം മുമ്പുനടന്ന മഹാസമ്മേളത്തിലും നാം ഒരുപാട് കാര്യങ്ങൾ പറഞ്ഞിരുന്നു. കുട്ടികളെ നാലഞ്ചു വയസ്സുമുതൽ തന്നെ നല്ല ശീലം അഭ്യസിപ്പിച്ച് വളർത്തേണ്ടത് സ്ത്രീകളുടെ ധർമ്മമാണ്. അങ്ങനെ ശീലിച്ചവർ ഉപനയനത്തിനുശേഷം യാതൊരു മടിയുമില്ലാതെ ആരും സമ്മർദ്ദം ചെലുത്താതെ സന്ധ്യാവന്ദനം മുതലായത് തീർച്ചയായും ചെയ്യും. നാമസങ്കീർത്തനമൊക്കെ ചെയ്യുമ്പോൾ കൊച്ചുകുട്ടികളേയും മടിയിലിരുത്തി, അമ്മ ഭക്തിപുരസ്സരം നന്നായി ചൊല്ലണം. ക്രമേണ അമ്മയുടെ കൂട്ടത്തിൽ മെല്ലെ മെല്ലെ കുഞ്ഞുഭാഷയിൽ കുട്ടിയും ഏറ്റുപറഞ്ഞു തുടങ്ങും.

ഈ കുലത്തിൽ പിറക്കുന്ന നമുക്ക് ഒരു വേദപുരുഷാജ്ഞയുണ്ട്. ആത്മവാഹരേ ദൃഷ്ടവ്യഃ, ശ്രോതവ്യഃ, മന്തവ്യഃ, നിധിധ്യാസിതവ്യഃ ജനംമുതൽ തന്നെ ഈശ്വരദർശനത്തിന് ഇച്ഛയുണർത്തണം ഈശ്വര സാക്ഷാത്ക്കാരം ലക്ഷ്യമാക്കണം. ഉത്തമഭക്തർക്ക് ഈശ്വരൻ എങ്ങനെയാണ് ദർശനം നൽകിയിട്ടുള്ളത്. ഓരോ പരീക്ഷയിലും അവർ ജയിച്ചു. പിന്നീട് എങ്ങനെ ഈശ്വരദർശനമുണ്ടായി എന്ന് ഭക്തചരിതമാല, ഭാരതം, രാമായണം മുതലായ വിശുദ്ധ ഗ്രന്ഥങ്ങൾ നിന്ന് ക്രമേണ കേട്ടു വായിച്ചു മനസ്സിലാക്കുക. കേൾക്കണം, വായിക്കണം, പിന്നെ മനനം ചെയ്യണം. ശ്രദ്ധിക്കുക, പ്രവർത്തിക്കുക പിന്നീട് അനുഭവപ്പെടുക. നമ്മുടെ പരമ (MAIN & ULTIMATE) ലക്ഷ്യം ഈശ്വരദർശനം ലഭിക്കണം എന്നുള്ളതാകണം. അതിനാശിക്കണം, നേരാംവണ്ണം പ്രവർത്തിക്കണം ടെൻസിങ്ങ് ഹിമാലയ കൊടുമുടിയിൽ കയറി; പക്ഷേ നാം കൊച്ചുമല ചവിട്ടി കേറുമ്പോഴേക്കും വീഴുന്നു- എന്ന് സംശയിച്ച് വിമുഖരായി ഇരിക്കുന്നത് ശരിയല്ല. നിരന്തരം ശ്രമിക്കുക; ഒരിക്കൽ സഫലമാകും. മനുഷ്യജന്മത്തിൽ അതിനൊത്ത സാഹചര്യം കൂടുതലാണ്. അഥവാ ഇങ്ങനെ പ്രയത്നിക്കുകയെങ്കിലും ചെയ്താൽ പ്രാണിജന്തു യോനികളിൽ വീണ്ടും ജനിക്കാത്ത മനുഷ്യൻ തന്നെയായി പിറന്ന് ലക്ഷ്യത്തേക്കുള്ള ശ്രമം തുടരാൻ അവസരം ലഭിക്കും.

ധാർമ്മിക പ്രഭാഷണം ചെയ്യാൻ കഴിവുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കാൻ കഴിഞ്ഞവർഷം പറഞ്ഞിരുന്നു. ഈ ക്യാമ്പ് കഴിഞ്ഞ് ഈ പ്രവർത്തനം ശരിപ്പെടുത്തണം, സുഗമമാക്കണം, ഒന്നു വിലയിരുത്തി നോക്കുക - ഇതുവരെ ഒന്നും നടന്നില്ലേ? നടന്നു. നടക്കുന്നില്ലേ? നടക്കുന്നു. വേണ്ടത് വേണ്ടത്രയില്ലെന്നു മാത്രം. എല്ലാവരും ഒത്തുചേർന്ന് ഉത്സാഹിച്ച് ശ്രമിച്ചാൽ കൊള്ളാം.

ഷോഡശസംസ്ക്കാരങ്ങൾ തുടങ്ങിയ ശാസ്ത്രാചാരവിഷയങ്ങൾ ഭഗവത്ഗീത, ഉപനിഷത്ത്, തുടങ്ങിയ ആദ്ധ്യാത്മവിഷയങ്ങൾ ഇതൊക്കെ കേൾക്കാം, മനസ്സിലാക്കാം,

ഉപനയനം ഒരു ആത്മസംസ്കാരമാണ്. ആത്മവിന്റെ യോഗ്യതക്കായി ഉപദേശിക്കുന്നു. അതിനുഅള്ള ഒരു ഉപാധിയായിട്ടാണ് പൂണൂൽ ധരിക്കുന്നത്. പിന്നെ ശ്രോതസ്മാർത്ത കർമ്മാനുഷ്ഠാന സിദ്ധ്യർത്ഥം ഗഹനമായ പലതും കേട്ടുമനസ്സിലാക്കാം. എന്നിട്ടോ?

പ്രഹ്ലാദകഥ നാം കേണ്ടിട്ടുണ്ട്. ഏവർക്കും ദാതാവ് ദൈവം എന്ന് പ്രഹ്ളാദൻ പറഞ്ഞിരുന്നു. പറയിച്ചിരുന്നു. നാം ചെയ്യേണ്ടത് എന്ത് എന്ന് പുരാണങ്ങൾ വ്യക്തമാക്കുന്നു. ക്രിയാരൂപേണ അവയിൽ വിഷയങ്ങൾ പ്രതിപാദിച്ചിരിക്കുകയാണ്. പുരാണം സരളമാണ് ഭക്തചരിതം വളരെ സരളമാണ്. അത് വായിച്ചറിഞ്ഞ് നാം ഉൽകൃഷ്ടരാകണം.

ഒരിക്കൽ നാമദേവന് ദേഷ്യം വരുത്തുന്നവന് സമ്മാനം പ്രഖ്യാപിക്കപ്പെട്ടു. സമ്മാന കൊതിപൂണ്ട ഒരു ബ്രാഹ്മണൻ ഇതിനിറങ്ങി തിരിച്ചു. നാമദേവന്റെ വീട്ടിൽ ചെന്നുകൂടി. ഉച്ചക്ക് രണ്ടുപേരും ഉണ്ണാനിരിക്കുകയാണ്. നാമദേവപത്നി മറ്റെല്ലാം വിളമ്പിക്കൊടുത്ത് നെയ്യ് വിളമ്പുകയായിരുന്നു. അതിഥി അവരുടെ പുറത്തുചാടി കയറി ഇരിപ്പായി. നാമദേവന്റെ പ്രതികരണം ശ്രദ്ധിക്കുക, നമ്മുടെ അതിഥി ഒരു കൊച്ചുകുട്ടിയെപോലെ തന്നെ. അതിഥി ലജ്ജിതനായി. തന്റെ ബുദ്ധിമോശം മനസ്സിലാക്കിയ അയാൾ നാമദേവ ശിഷ്യനായി തൽക്ഷണം മാറുകയാണുണ്ടായത്. ഇതുപോലുള്ള കഥകൾ നമ്മുടെ മനസ്സിനെ നിയന്ത്രിക്കാൻ സഹായകമാകും. ഹരിശ്ചന്ദ്രൻ എത്രമാത്രം കഷ്ടതകൾ അനുഭവിച്ചു. പക്ഷേ സത്യത്തെ മുറുകെ പിടിച്ചു. ഒരിക്കലും അതിലയഞ്ഞില്ല. ഇതുപോലുള്ള കഥകളും കൃതികളും ഒരാൾ വായിക്കുക. വായിക്കുന്നവനും കേൾക്കുന്നവനും മനോവ്യഥയിൽ കഴിയുന്നവനും സന്തോഷവും ശാന്തിയും തന്മൂലം ലഭിക്കും. തത്വം ( THEORY) ധാരാളമായി മനസ്സിൽ നിറച്ചുവെച്ചതുകൊണ്ട് കാര്യമില്ല. പ്രയോഗികമായി അത് പ്രകടിപ്പിക്കുമ്പോൾ മാത്രമാണ് ഫലമുണ്ടാകുന്നത്. വേദാന്തം, ശാസ്ത്രം ഇതെല്ലാം വളരെ ഗഹനങ്ങലാണ്; പുരാണം, ഭാരതം, ഭാഗവതമെല്ലാം അവയുടെ പ്രായോഗികദർശനവും.

ഭക്തന്റെയും ഹരിയുടേയും വിഷയങ്ങൾ കേട്ട് കേട്ട് കഷ്ടവും നഷ്ടവും ഇഷ്ടവുമെല്ലാം നിസ്സാരവും തൃണതുല്യവുമായി മാറും. അങ്ങനത്തെ അവസ്ഥയിൽ ഇഷ്ടപ്രാപ്തി ഗർവ്വ് വരുത്തുകയില്ല. കഷ്ടപ്പാട് ഭയം തോന്നിക്കുകയില്ല. പുരാണങ്ങൾക്ക് അതു കൊണ്ടുതന്നെ സ്ഥാനവും പ്രാധാന്യമുമേറുന്നു. പണ്ട് കാവ്യങ്ങൾക്കും നല്ല സ്ഥാനമുണ്ടായിരുന്നു. രാവണൻ തിന്മകൾ ചെയ്തു. അതിന് ശിക്ഷയും കിട്ടി. ദോഷങ്ങൾ ചൂണ്ടിക്കാണിക്കാൻ സ്വപത്നി കഥകളിലൂടെ വസ്തുതകൾ ധരിപ്പിക്കുന്നു. നേരിട്ട് പറയുകയല്ല. പ്രീതിയും ചാതുര്യവും ഇവിടെ ആധാരമാക്കുന്നു. ഇപ്പോഴൊ? കാവ്യങ്ങളിൽ എന്തുമാകാം. “മര്യാദാ പ്രോക്തം കാവ്യം” എന്നത് മാനിക്കപ്പെടുന്നേയില്ല. യാതൊരു പാഠവും പ്രേരണയുമില്ലാത്ത വെറും ശൃംഗാരലോല വികാരങ്ങൾ ഉണർത്തുന്ന കഥകളും കവിതകളും ഇഷ്ടം പോലെ കുമിഞ്ഞു കൂടുകയാണിപ്പോൾ. തത്വദർശനവും ഉദ്ദേശശുദ്ധിയും ലക്ഷ്യബോധവുമില്ലാത്ത സാഹിത്യം എന്നു ചുരുക്കം. എന്നാൽ ശാകുന്തളം നാടകം നോക്കുക. ഭാരതസംസക്കാര മഹിമ അതിൽ പ്രതിഫലിക്കുന്നു. ജീവിതപ്രശ്നങ്ങളും പരിഹാരവും സമർത്ഥമായി അതിൽ കൈകാര്യം ചെയ്യുന്നു. അതുകൊണ്ട് അവയ്ക്കുള്ള പ്രസക്തിയും പ്രാധാന്യവും മങ്ങാതെ നിലകൊള്ളുന്നു. വെങ്കടകല്യാണത്തിലെ ഒരുദാഹരണം നോക്കുക, വരെനെഴുന്നെള്ളിപ്പാണ് പശ്ചാത്തലം. മനോജ്ഞമായ സന്നിവേശം ബ്രഹ്മാവ്, മക്കൾ പേരക്കിടാങ്ങൾ.... 33 കോടി ദേവന്മാരും ആ വരവേൽപിലെ പ്രധാനഭാഗം അലങ്കരിക്കുകയാണ്. വരനെഴുന്നള്ളിപ്പ് വെങ്കടഗിരിയിൽനിന്നും പ്രാശന്തമായ നാരായണപുരത്തേക്ക് നീങ്ങുന്നു. വഴിമദ്ധ്യേയാണ് ശൂകമഹർഷിയുടെ ആശ്രമം. മഹർഷി ഇറങ്ങിവന്ന് ശാസ്ത്രാനുസൃതം വരവേൽപിനെ ആദരിച്ചു വണങ്ങി. ശ്രീ വെങ്കടരമണനെ ക്ഷണിച്ച് ആശ്രമത്തിലേക്ക് ആനയിച്ചുകൊണ്ടുപോയി. ഉപചാരം കഴിഞ്ഞ് ലഘുപലഹാരമായി രണ്ടു നെല്ലിക്ക നൽകി. മറ്റു ദേവന്മാർക്ക് അതിൽ അൽപം മനക്ലേശമായി - വരനെ മാത്രം സ്വീകരിച്ചല്ലോ. ശ്രീമന്നാരായണൻ തിരിച്ചു വന്ന് ഒരു ഏമ്പക്കമിട്ടപ്പോഴേക്കും എല്ലാ ദേവന്മാരുടേയും വയറുനിറഞ്ഞു പിന്നീട് ഉപചാരത്തിന് ക്ഷണിക്കപ്പെട്ട ദേവന്മാർ വിശപ്പില്ലാതായതുമൂലം തൃപ്തിയും സന്തോഷവും അറിയിക്കുന്നു! ഹരിലീല നോക്കണം.

നാം നമ്മുടെ നാട്ടിലെ ക്ഷേത്രമൂർത്തിയെ പ്രസാദിപ്പിക്കണം. കൃഷ്ണാവതാരത്തിലും ഉണ്ട് ഒരു നല്ല ഉദാഹരണം. കൃഷ്ണൻ നന്നേ ചെറുപ്പമാണ്. ഒരു പരീക്ഷണഘട്ടത്തിൽ ഗോവർദ്ധന പർവ്വതം ചെറുവിരലിൽ ഏഴുദിവസം ഉയർത്തിപിടിക്കുന്നു. ഏഴുവയസ്സുള്ള കുട്ടിക്ക് എന്തുയർത്താൻ കഴിയും എന്ന് നമുക്ക് തോന്നാം. അഭയം ചെന്ന ആയിരങ്ങൾ 7 ദിവസം വിശപ്പ് ഉറക്കം ഒന്നും അറിഞ്ഞതേയില്ല. പ്രകൃതിക്കതീതനായ ശ്രീകൃഷ്ണക്ക് മുന്നിൽ

ഇതൊരു വെറും സ്വപ്നമായിട്ടാണ് അനുഭവസ്ഥർക്ക് തോന്നിയത്. പുറമേ നിന്നു കാണുന്നവർക്കല്ലേ ഏഴുദിവസവും വയസ്സും മറ്റുമൊക്കെ.

ദിവസങ്ങളോളം നിരാഹാരത്തിൽ കഴിഞ്ഞ മീരബായി വിഷപാനം ചെയ്തിട്ടും മരിച്ചില്ല. ഇനിയും എത്രയെത്ര ദൃഷ്ടാന്തങ്ങൾ ഇതുപോലുണ്ട്.

സന്ധ്യാവന്ദന അർത്ഥം ഗ്രഹിക്കണമെന്ന് നിർബ്ബന്ധം പിടിക്കേണ്ട, അതിനായി മാസങ്ങൾ ചിലവഴിക്കേണ്ട. പ്രയോഗികമായി വേണ്ടതു ചെയ്തുകൊള്ളുക. ഗായത്രിമഹിമ അതിപ്രാധാനമാണെന്ന് ധരിച്ചുകൊള്ളുക. ഒരിക്കൽ ഒരിതര സമുദായ ബ്രാഹ്മണന് മന്ത്രവാദം പഠിക്കണമെന്ന് ആഗ്രഹം തോന്നി. കൊല്ലൂരിലെ ഒരു സിദ്ധനോട് ഇതിനുവേണ്ടി പുറപ്പെട്ടുപോയി. ചെന്ന സമയത്ത് സിദ്ധൻ വീട്ടിലുണ്ടായിരുന്നില്ല. സംഗതികളൊക്കെ വിശദമായി പറഞ്ഞ് വീട്ടിൽ താമസാനുവാദം വാങ്ങി. കുളിയൊക്കെ കഴിഞ്ഞ് ഈ ബ്രാഹ്മണൻ തന്റെ നിത്യകർമ്മങ്ങൽക്കുശേഷം ജപിക്കാനിരുന്നു. 1008 ഗായത്രി പതിവായി ജപിക്കുന്നവനായിരുന്നു ആ ബ്രാഹ്മണൻ. ഇതിനകം സിദ്ധനും എത്തി. നവാഗതനെ വീട്ടിൽ കണ്ട് വിവരം വീട്ടുകാരോട് അന്വേഷിച്ചറിഞ്ഞു. സിദ്ധന് ദ്വേഷ്യം വന്ന് കുറച്ചു പ്രാണികളെ മന്ത്രിച്ചുണ്ടാക്കി ബ്രാഹ്മണന്റെ നേർക്കുവിട്ടു. അതിശയംതന്നെ! പ്രാണികൾ ബ്രഹ്മണനെ സ്പർശിച്ചില്ലെന്നുമാത്രമല്ല വളരെ ദുരെമാറി വെറുതെ ചുറ്റിനടക്കുകയാണുണ്ടായത്. ജപം കഴിഞ്ഞ് ബ്രാഹ്മണൻ ധ്യാനവിമുക്തനായി. സിദ്ധനെ കണ്ട ഉടനെ ബ്രാഹ്മണൻ അവനുവണങ്ങി. ഇംഗിതം പറഞ്ഞു. സിദ്ധൻ മറുപടി പറഞ്ഞു. ഒന്നും വേണ്ടാ, ഇപ്പോതന്നെ ഏതാണ്ട് ജപിച്ചിരുന്നില്ലേ. അത് എത്രയോ ശക്തിമത്താണ്. ബ്രാഹ്മണന് ഗ്രായത്രി മഹിമ മനസ്സിലായി. ആരംഭദശയിലുള്ള നിങ്ങൾ പൂർണ്ണവിശ്വാസത്തോടെ പഠിച്ച് പ്രവർത്തിക്കുക. ബാക്കി ജ്ഞാനവും മറ്റും ഇതിന്റെ പ്രഭാവം കൊണ്ട് ഏതാനും വർഷങ്ങൾക്കകം അനുഭവപ്പെടും എന്നാശീർവദിക്കുന്നു.

**സ്വയംസേവക് ശിബിരം 1986**

# 11. തൃതീയ ദിന പ്രഭാതപ്രവചനം

മൂന്നാം ദിവസമാരംഭിച്ചു. രണ്ടു ദിവസം നല്ല കാര്യക്രമം ഇവിടെ നടന്നു. ഇന്നും അപ്രകാരംതന്നെ സന്തോഷകരമായി വിജയപ്രദമായി എല്ലാം നടക്കണം. നടക്കും നടക്കട്ടെ എന്നാശീർവദിക്കുന്നു.

പലർക്കും പലതരത്തിലാണ് പ്രാരബ്ധം. പിറന്ന് വരുന്ന മനുഷ്യനോടൊപ്പം അതും കൂടെ പോരുന്നു. യാത്രാസമയത്തു കഴിക്കാൻ നാം ഭക്ഷണം പൊതിയാക്കി കൂടെകരുതുന്നു. പക്ഷേ ജീവതമാകുന്ന ഉല്ലാസയാത്രക്ക് നമ്മുടെകൂടെ സ്വയമേവ ചേരുന്നതാണ് പ്രാരബ്ധം. ഇന്നകുലത്തിൽ ഇന്ന മാതാപിതാക്കളുടെ മകൻ/മകൾ ആയിപിറക്കുക-അതു ദൈവകല്പനയാണ്. നാം ബ്രാഹ്മണകുലത്തിൽ പിറന്നവരാണ്. വർഷങ്ങൾ പലതും ജീവിത്തിൽ കടന്നുപോയി. പ്രാരബ്ധം അനുഭവിക്കുന്നു. അതിൽ സുഖവും ദുഃഖവുമുണ്ട് ഭക്ഷണം മോശമായാൽ നമുക്ക് കളയാം. പക്ഷേ സുഖദുഃഖങ്ങൾ അനുഭവിച്ചേതീരൂ. അതിന്റെ അടിസ്ഥാനത്തിലാണ് ജീവിതം നീങ്ങുന്നത്. മാനവർക്ക് ഈശ്വരദത്തമായ സവിശേഷ സ്വാതന്ത്രമുണ്ട്. അതുകൊണ്ടാണ് മനുഷ്യരും ഇതരജീവി ജന്തുക്കളും അന്തരം കാണുന്നത്. ബുദ്ധി, മനഃശക്തി വിവേചനാശക്തി മുതലായത് ദൈവം മനുഷ്യന് പ്രത്യേകമായി നൽകിയിട്ടുണ്ട്. നാം അനുഗ്രഹീതരെന്ന് മനസ്സിലാക്കി ഈ സന്ദർഭത്തിൽ എത്രയെത്ര നല്ലകാര്യങ്ങൾ ചെയ്തു തീർക്കുവാൻ സാധിക്കുന്നുവോ അത്രയും ചെയ്യണം. ബുദ്ധിമോശം കൊണ്ട് അമൂല്യമായ ഈ മാനവജന്മം നാം പാഴാക്കി കളയരുത്. കബീർ, തുക്കാറാം, പുരന്ദരദാസ് ഇങ്ങനെ എത്രയോ സാധുസന്തന്മാർ നമ്മെ ഉദ്ബോധിപ്പിച്ചിരിക്കുന്നു. നാം സാരസ്വത ബ്രാഹ്മണരും കൂടിയാണ്. വളരെ പവിത്രമായ ചരിത്രമാണ് നമുക്കുള്ളത്. ശ്രീരാമചന്ദ്രഭഗവാൻ നമുക്ക് മര്യാദയും മാന്യതയും നൽകി. പരശുരാമൻ നമ്മുടെ പൂർവ്വികരെ ഗോമന്തകത്തിൽ കൊണ്ടുപോയി യാഗാദികൾ ചെയ്യിച്ചു. ആ വംശത്തിൽ പിറന്ന് വെറും തിന്നും, വ്യാപാരം, ഉദ്യോഗം മുതലായവ ചെയ്തും നാം കഴിഞ്ഞാൽ മതിയോ? ചിലർ പറയാറുണ്ട്, അച്ഛൻ പണമൊന്നും സമ്പാദിച്ചില്ല. ഞാൻ കഷ്ടപ്പെട്ട് പഠിച്ച് ഡിഗ്രിയൊക്കെ എടുത്ത് വളരെയധികം സമ്പാദിച്ചു. നല്ല വീടുവെച്ചു, കാറുവാങ്ങി, പ്രശസ്തനായി, സർക്കാർ പോലും പലതിനും തന്നോടാലോചിക്കുന്നു. ശരി മതിയോ ഇതൊക്കെ ആർക്കുവേണ്ടി, ശരീരത്തിനോ, ആത്മാവിനോ? ആത്മാവിനുവേണ്ടി ഇത്രയും കാലത്ത് വല്ലതും ചെയ്തോ? പഠിപ്പില്ലാത്തവന് പണമില്ലാത്തവന് എന്തിനും മൃഗത്തിനുപോലും ദൈവം മുക്തിനൽകിയ എത്രയെത്ര സംഭവങ്ങളുണ്ട്. അപ്പോൾ ഇതിലുപരിയായി മാന്യത കിട്ടികഴിയുന്നവൻ എന്തുവേണം. നമ്മുടെ നേട്ടങ്ങളും പെരുമയുമെല്ലാം മുൻസുകൃത ഫലമായിട്ടാകാം. ദേഹം അസ്ഥിരം എന്നറിഞ്ഞിട്ടും ഇത്രയൊക്കെ അനുകൂലസാഹചര്യം കിട്ടിയിട്ടും ആത്മാവിനു വേണ്ടി ഒന്നും, ചെയ്യാതിരുന്നാൽ...! പട്ടി തെണ്ടി നടക്കുന്നു. മഴവെള്ളം കേറിയാൽ വെള്ളമൊഴിഞ്ഞ ഇടത്തുചെന്ന് ചുരുണ്ടു കൂടിക്കിടക്കുന്നു. നാം മെത്തയിലോ പായയിലോ ഉറങ്ങുന്നു. തണുപ്പും, ചൂടും മാറുന്നതനുസരിച്ച് കമ്പളി പുതച്ചോ ഫാൻ കറക്കിയോ ഉറങ്ങുന്നു. എന്നിട്ടും മനസ്സിൽ വല്ല പ്രയാസമുള്ളവന് ഉറക്കമില്ല. നായക്ക് വല്ല രക്തസമ്മർദ്ദമോ നെഞ്ചസുഖമോ ഉണ്ടോ? മനുഷ്യർക്കില്ലാത്തതെന്തുണ്ട്? അപ്പോൾ നിദ്രാസുഖം ഭക്ഷണരസം മുതലായത് മനുഷ്യർക്ക് മാത്രമല്ല മൃഗങ്ങൾക്കും ഉണ്ട്. പലകാര്യങ്ങളിലും മൃഗങ്ങളും ഉണ്ട്. പല കാര്യങ്ങളിലും മൃഗങ്ങൾ നിശ്ചിന്ത്യൻ. ശരീരദൃഷ്ട്യേണ മൃഗങ്ങൾ മനുഷ്യരെക്കാൾ മെച്ചമാണ്. പക്ഷേ ആത്മകാര്യത്തിലും മറ്റുന്നതമൂല്യങ്ങളിലും മനുഷ്യൻ മുന്നിലാണ്.

നമുക്ക് പലതിനോടും കടപ്പാടുണ്ട്-കുടുംബം, തടവാട്, സമാജം, ഗ്രാമം, ദേശം....! ഓരോകടപ്പാടും തീർത്തുവരണം. സമാജകടപ്പാട് തീർക്കാൻ സ്വയം സേവകരായി നിയോഗിക്കുന്നു. ആത്മാനുഷ്ഠാനങ്ങൾ മുറുകെ പിടിച്ചു മുന്നേറുക; കടപ്പാടുകൾ തീർക്കുവാൻ കഴിയും. വ്യാസരാജസ്വാമികൾ ബുദ്ധിവികസിച്ചനാൾ മുതൽ ഓരോ ദിവസവും, ചെയ്തു പോകുന്ന പ്രാരബ്ധങ്ങൾക്ക് കുറവു വരുത്തുവാൻ അനുഗ്രഹിക്കണേ എന്ന് പ്രാർത്ഥിക്കുമായിരുന്നു. സപ്തപർവ്വതത്തിൽ കാൽമുട്ടുകൾകൊണ്ടു കയറി സ്വാമി തിരുപതി ഭഗവാന്റെ ദർശനം നടത്തിയത്രേ.

നാം സ്വയം നന്നാകണം. പിന്നെ മറ്റുള്ളവരെ നമ്മുടെ വഴിക്ക് നയിക്കണം. ഈശ്വര കൃപയുണ്ടെങ്കിൽ ഇതു സുസാദ്ധ്യം തന്നെ. ചിലപ്പോൾ നാം ചെയ്യുന്ന നല്ലകാര്യം പോലും പലരേയും വേദനിപ്പിക്കും. നിത്യക്ഷമാപണം ചെയ്യുക

അപരാധം കുറയും. നമുക്ക് ജലം, ഭക്ഷണം, ചൂട്, വായു എല്ലാം വേണം. ഏറ്റവും പ്രധാനമാണ് വായു. മുഖ്യപ്രാണൻ ഹനുമാൻ വഴി നമുക്ക് അനുഗ്രഹം ലഭിക്കാൻ എളുപ്പമുണ്ട്. ഹരിയും വായുവും അങ്ങനെ പ്രധാനം തന്നെ. ചിലർ ഹരിയും ഗുരുവും എന്നു പറയാറുണ്ട്. മാധ്വർക്ക് ധർമ്മഗുരു പ്രധാനം!

ആരോഗ്യവും പ്രധാനമാണ്. സാധന മാർഗ്ഗത്തിൽ യമനിയമ ആസനവ്യായാമം ആവശ്യമാണ്. ഉണർവ്വിനും ഉന്മേഷത്തിനും അതുവേണം പിന്നെ വേണ്ടത് മാനസികോന്മേഷം. രാമായണം ഭാഗവതൊക്കെ പറയേണ്ടതുപോലെ പറയണം. ഒരിക്കൽ ഒരു ബ്രഹ്മണ കുടുബത്തിലെ ഏകപുത്രൻ എന്തോ ദൗർഭാഗ്യത്താൽ ദേഹ വിയോഗം പ്രാപിച്ചു. അമ്മയും മരുമകളും നന്നേ വ്യസനിച്ചു. പക്ഷേ ആത്മഹത്യ ചെയ്യരുതെന്ന് അവർക്കുതോന്നി. അവർ നല്ല പുസ്തകങ്ങൾ വായിച്ചു തുടങ്ങി. കൃഷ്ണഗാഥ വായിച്ച് മരുമകളുടെ കണ്ണുകൾ നിറഞ്ഞു. ദശമസ്കന്ധം അവർ വീണ്ടും വീണ്ടും വായിച്ചു തുടങ്ങി. എന്തെന്നില്ലാത്ത ആനന്ദം അവർക്കുളവായി. കൃഷ്ണന്റെ സൗന്ദര്യം മനനം ചെയ്തു ചിത്രണം ചെയ്തു മനസ്സുനിറച്ചു. ഒരു ദിവസം കഥ പറയവേ ശ്രീകൃഷ്ണന്റെ അലങ്കാരം വർണ്ണിച്ച് രൂപം സ്വരൂപിച്ച്, സങ്കൽപിച്ച് അതിൽ ലീനയായി കൃഷ്ണദർശനം കണ്ടു തുടങ്ങി. പിന്നെ പതിവായി കൃഷ്ണദർശനം ഉണ്ടായി തുടങ്ങി. കൃഷ്ണയശോദരൂപം ദർശിച്ച് പിന്നെ ശരീരം വിടുന്നു. ഭക്ത ചരിതമാലയിൽ ഇങ്ങനെയൊരു കഥയുണ്ട്.

നാം വായിക്കണം, കേൾക്കണം, സ്വാംശീകരിക്കണം. പറയുന്നവർ വ്യക്ത്മായി പറയണം. അതു ശ്രദ്ധിച്ചു കേൾക്കുന്നവരിൽ നിന്ന് പ്രശ്നങ്ങൾ ഉയരും. പ്രഭാഷണം കഴിഞ്ഞാൽ പ്രശ്നങ്ങൾ ക്ഷണിക്കാറുണ്ട്. കേൾക്കുന്നവർക്കെ പ്രശ്നങ്ങളുദിക്കുകയുള്ളു. പുരാണം, ഹരികഥാ തുടങ്ങിയ ദൈവീക വിഷയങ്ങൾ കേട്ടുകൊണ്ടു തന്നേയിരിക്കണം. പറയുന്നവന് നല്ല അറിവുവേണം. പ്രശ്നങ്ങൾക്ക് മറുപടി പറയാൻ കഴിവുവേണം.

കഴിഞ്ഞ ക്യാമ്പിനുശേഷം ധാരാളം സത്യനാരായണ പൂജകളും ധാർമ്മിക പ്രഭാഷണങ്ങളും നടക്കുന്നതായറിയുന്നു. വളണ്ടിയർമാർ ഇതിൽ പങ്കെടുക്കണം. പ്രചരിപ്പിക്കണം, സഹകരിക്കണം. ഇരുനൂറുപേരെ ഉള്ളൂ എന്നു തോന്നണ്ട. കഴിയുന്നതു ചെയ്യുക. ദൈവത്തിനു സമർപ്പിക്കുക; താനേ ശക്തി കൂടുതൽ കിട്ടും.

പതിനാറാം അദ്ധ്യായത്തിൽ ഗീതാ ദൈവീ ആസ്മരിസമ്പത്ത് വിഭാഗയോഗത്തിൽ - പ്രതിപാദിക്കുന്നു. അഭയം സത്ത്വസംശുദ്ധിർ.. അഭയം ഭയമില്ലായ്മ എന്നുവെച്ചാൽ ദൈവത്തെ മാനിക്കുന്നവർക്ക് അഭയമുണ്ട്. സ്വത്വസംശുദ്ധി എന്നു പറയുന്നത് അഹങ്കാരതത്വം 25 തത്വങ്ങളിൽ ഒന്നാണത്. ആ തത്വം ശുദ്ധമാകണം, ശുദ്ധമായാൽ ബാക്കിയെല്ലാം ശുദ്ധമാകും. എത്രപഠിച്ചു എന്നു ചോദിച്ചാൽ പത്തുവരെ എന്നു മറുപടി കിട്ടുന്നു. അതിനോടു ഈശ്വരകൃപയാൽ എന്ന് കൂട്ടിചേർത്താൽ തത്വശുദ്ധിയായി. പുരന്ദരദാസരുടെ ഒരു രുദ്രകീർത്തനമുണ്ട്. തദ്രകൃപകൊണ്ട് നമുക്ക് ഈശ്വരഭക്തി ഉണ്ടാകുന്നു. അന്തഃകരണശുദ്ധിക്ക് സ്വധർമ്മമനുഷ്ഠിക്കണം. ആദ്യം വേണ്ടത് അന്തഃകരണശുദ്ധിയാണ്. ഈ കാര്യത്തിൽ വിവിധപക്ഷ ആചാര്യന്മാർക്ക് മതഭേദമില്ല. ആചാരം വളരെ പ്രധാനമാണ്. കർത്തവ്യം പാലിച്ചാൽ ലഭിക്കേണ്ടതു ലഭിക്കും. അപ്രകാരം ചെയ്യാതിരുന്നാൽ തെറ്റ് നമ്മുടേതായി ജീവിതത്തിലെ കുറച്ചു സമയം ആത്മോദ്ധാരണത്തിന് വിനയിഗിക്കുക. ഭൗതികോന്നതിക്ക് വേണ്ടി പ്രവർത്തിക്കുവാൻ ധാരാളം പേർ മുതിരുന്നു. ധർമ്മാഭിവൃദ്ധിക്കായിട്ടാണ് ഗ്രാമസഭാ മഹാസഭ പ്രവർത്തനം. ഭൗതികവിഷയം വേണ്ട എന്നർത്ഥമല്ല. ഭൗതികോന്നതി ഗണ്യമായി കൈവരിച്ച പല ലോക രാഷ്ട്രങ്ങൾപോലും ധർമ്മം പഠിക്കാൻ ശാന്തി ലഭിക്കാൻ ഭാരതത്തെ ഉറ്റുനോക്കുന്നു. അപ്പോൾ നാം അപധൈര്യപ്പെടാതെ, എന്തിനെന്ന് സംശയിച്ച് നില്ക്കാതെ സുധീരം മുന്നോട്ടു പോകുക തന്നെ. അതു സാധിക്കട്ടെ എന്നാശംസിച്ച് ആശീർവദിക്കുന്നു.

**സ്വയംസേവക് ശിബിരം 1986**

# 12. ശിബിര സമാപന പ്രവചനം

ജി. എസ്. ബി. മഹാസഭ കേരളയുടെ ആഭിമുഖ്യത്തിൽ ഇവിടെ എസ്. എസ്. കലാമന്ദിരത്തിൽ കഴിഞ്ഞ മൂന്നു ദിവസമായി നടന്നു വരുന്ന ദ്വിതീയ സ്വയം സേവക ശിബിരം ഈശ്വരാനുഗ്രഹത്താൽ സമംഗളം സമാപിക്കുകയാണ്. ഈശ്വരകൃപകൊണ്ട് നന്മവരും എന്ന് വിശ്വസിച്ച് സമാജസേവയ്ക്കായി ഇവിടെ ഇത്രയും പേർ ഒത്തുകൂടിയിരിക്കുന്നു. പ്രബന്ധകരും നല്ലസേവന മനുഷ്ഠിച്ചിട്ടുണ്ട്. നിർവിഘ്നം എല്ലാം ചിട്ടയോടെ നടന്നിട്ടുണ്ട്. സമാജത്തോടുള്ള പ്രീതി, ആദരവ് ഇത്രയും പേർ പ്രകടിപ്പിച്ചിരിക്കുന്നു. ദൈവം ഇതു നടത്തിച്ചു എന്നു കരുതിയാൽ മതി. തുടർന്നും ദൃഢബുദ്ധിയും വിശ്വാസവും നിർദ്ധാരവും ഏവർക്കും ദൈവം പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവസന്തോഷത്തിന് ഇതു കാരണമാവട്ടെ. ദൈവം പ്രസാദിച്ചാൽ സഫലമായി. നല്ലമനസ്സോടെ ചെയ്യുന്ന നല്ലകാര്യം ദൈവസന്തോഷത്തിന് ഹേതുവാകും.

സമാജം കഴിഞ്ഞ ഏതാനും ദശകങ്ങളായി പുരോഗമിക്കുന്നുണ്ട്. വിദ്യാസമ്പന്നർ വർദ്ധിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥന്മാർ ധാരാളം പേരുണ്ട്. ഇഞ്ചിനിയർമാർ, ഭിഷഗ്വരന്മാർ, വക്കീലന്മാർ കുറവല്ല. സാമ്പത്തികമായി ഇത്രയൊക്കെ വികസിച്ചിട്ടും ധാർമ്മികമായി നാം മുന്നേറി എന്നു പറയാനാവുന്നില്ല. ഇനിയും ധാരാളം പേർ പഠിക്കും. വളരും, വികസിക്കും സംശയം ലേശംവേണ്ട. സമാജാംഗങ്ങൾ സാമാന്യം നല്ല ബുദ്ധിയുള്ളവരാണ്. ഭൗതികമായി, വലിയ പ്രയത്നം കൂടാതെ വളരുവാൻ അവർക്കു കഴിയും. ധാർമ്മികോന്നതിക്ക് ഇത് കാരണമാകുന്നില്ല. അതിനായി മഹാസഭ ശ്രമിക്കുന്നു. വിദ്യാഭ്യാസ പ്രായത്തിലുള്ള എല്ലാ കുട്ടികളും പഠിക്കണം. അവർ അലഞ്ഞ് നടക്കരുത്. നമുക്ക് വിധിച്ചുട്ടുള്ള ഉപാസനയും ആരാധനയും ഓരോരുത്തനും ചെയ്യണം.

രണ്ടാമതായി വേണ്ടത് സമാജ ബോധമാണ് - ഏകതാഭാവം തന്നിഷ്ടമായാൽ സമാജം എന്നുപറയില്ല. രീതിയും നീതിയും കൽപിച്ച് സമാജത്തിന് ഐക്യരൂപം നൽകിയിട്ടുണ്ട്. ഗ്രാമസഭകൾ അത് ഉദ്ബോധിപ്പിക്കുന്നു. പ്രചരിപ്പിക്കുന്നു. സ്വയം സേവകർക്ക് ഇതുവരെ കാര്യമായൊന്നും ചെയ്യാനൊത്തിട്ടില്ല. അതവരുടെമാത്രം തെറ്റുകൊണ്ടല്ല. ഇതൊക്കെ രൂപം കൊണ്ട് ഏതാണ്ട് മൂന്നുവർഷം ആകുന്നതേയുള്ളൂ എന്നാൽ ഇത്രയുംകാലം കൊണ്ട് നാം പഴയതിലും എത്രയോ മുന്നേറിയിരിക്കുന്നു. ഇന്ന് ഗ്രാമസഭകളെപ്പറ്റി അറിയാത്തവരില്ല. ഇനിയും ശക്തിപ്രാപിച്ച് സംഘടിതരായി അഭിവൃദ്ധിപ്പെടേണ്ടതുണ്ട്. ഇത് ലക്ഷ്യവും കർത്തവ്യവുമായി കരുതുക.

സ്വയം സേവകർ വന്ന് അന്വേഷണങ്ങൾ നടത്തുമ്പോൾ ആരും അവരെ നിരുത്സാഹപ്പെടുത്തരുത്. സ്വാമികൾ നിയോഗിച്ചവരെ വേണ്ടതുപോലെ പ്രോൾസാഹിപ്പിക്കാതിരിക്കരുത്. ഇത്രയും പൊതു അംഗങ്ങളും എത്തിയിരിക്കുന്ന ഈ സദസ്സിൽ നാം പ്രത്യേകം പറയുന്നു.

സംസ്കാരം എന്തെന്നറിയാത്തവരാകുരുത്. നമ്മുടെ സ്വയം സേവകർ,ക്ലാവ് പിടിച്ച പാത്രത്തിൽ എത്ര നല്ല സാധനമെടുത്താലും അതും ഉപയോഗശൂന്യമാക്കുകയേ ഉള്ളൂ. പുളിതേച്ച് ക്ലാവൊക്കെ വടിച്ച് ഈയമൊക്കെ പൂശിയാൽ പാത്രം നന്നാകും. “സംസ്ക്രിയതേ അനേന ഇതി സംസ്കാര”. ഇരുമ്പ് പലനിലവാരത്തിലുണ്ട് - പച്ചിരുമ്പ്, ഉരുക്ക്... അങ്ങിനെ പലതരം. നമ്മുടെ സംസ്കാരങ്ങൾ ആത്മശുദ്ധിയാണ്. ഇപ്പോൾ സാംസ്കൃതിക പരിപാടി ഒരുക്കുന്നതും ഗുണവും മേന്മയും കുറഞ്ഞ ഇനങ്ങൾ ചേർത്താണ്. ഉപനയനം കഴിഞ്ഞ് വേദപാഠത്തിനുള്ള അധികാരം കൈവരിച്ച് ജ്ഞാനം സമ്പാദിക്കലാണ്. സാംസ്കാരം.

ഒരിക്കൽ നാം തിരുമലയിലേക്ക് പോകുകയായിരുന്നു. ഗാലി ഗോപുരത്തിനടുത്ത് കാർ അൽപനേരത്തേക്ക് നിർത്തി. പത്മപുരാണികനോട് കുശലം പറഞ്ഞു നിന്നു. തിരിഞ്ഞപ്പോൾ അവിടെ താമസിക്കുന്ന നമ്മുടെ ഒരു സമാംജാംഗം തൊഴുതു നില്ക്കുന്നതു കണ്ടു താൻ കുളിച്ച് ശുചിയായി വന്നിട്ടുണ്ടെന്നും നമസ്കരിച്ച് ഒരു ആരതി അർപ്പിക്കാൻ ആഗ്രഹമുണ്ടെന്നും പറഞ്ഞു. അയാൾക്ക് സ്വാമി സന്നിധിയിൽ ഏന്തുവേണം എങ്ങനെ വേണം എന്നറിയാമായിരുന്നു. അതു സംസ്കാര ഗുണം. മറ്റൊരിക്കൽ വിദേശത്തു വെച്ച് ജനിച്ചവനത്രെ, ഒരു സമാജ ബാലൻ ആദ്യമായി ഭാരതത്തിൽ വന്നു. സ്വാമികളെ വണങ്ങാൻ എത്തി അവർ നന്നായി നമ്മുടെ ഭാഷ സംസാരിച്ചു. നമസ്കരിച്ചു. ഇതൊക്കെ അമ്മ അവനെ പഠിപ്പിച്ചതാണത്രേ. ഇഷ്ടദേവനായ വെങ്കിടാചലപതി, കലദേവതാ ദാമോദരൻ, സ്വാമികൾ മുതലായവരുടെ ഛായാചിത്രങ്ങൾ അവർ വിദേശത്തെ വസതിയിലെ

പൂജാമുറിയിൽവെച്ച് പതിവായി പ്രാർത്ഥിക്കാറുണ്ടത്രേ! എന്നാൽ വേറെ ചിലതുണ്ട് ഗോത്രം ചോദിച്ചാൽ അമ്മയ്ക്കറിയാം തനിക്കറിയില്ല എന്നും പറയുന്നു. അങ്ങിനെ സംസ്കാര യുക്തരും സംസ്കാര രഹിതരും ഉണ്ട്.

സ്വയം സേവകർക്ക് വ്യായാമം തീർച്ചയായും വേണം. ആരോഗ്യമില്ലെങ്കിൽ ബുദ്ധിയുണ്ടായിട്ടും ഫലമില്ലാതാകും. ബലിമില്ലെങ്കിൽ ഇച്ഛയുണ്ടെങ്കിലും പ്രാവർത്തികമാക്കാൻ കഴിയില്ല. ആഹാരം ദഹിക്കാനും വ്യായാമം വേണം. സംസ്കാരോചിതമായ വ്യായാമം വേണം, പാശ്ചാത്യമല്ല. യോഗാസനങ്ങൾ സൂര്യനമസ്കാരങ്ങൾ മുതലായതു ശീലിക്കുക. ശീലിച്ച് സംഘടിതരായി അഭ്യസിക്കണം. ഭക്ഷണകുറവുമൂലം ചിലകുട്ടികൾ പഠിത്തത്തിൽ പിന്നിലാകുന്നു.

ശിബിര പങ്കാളിത്തത്തിന് 16-40 പ്രായപരിധിയൊക്കെ വെച്ചതുകൊണ്ട് അംഗങ്ങൾ ഇക്കുറി കുറഞ്ഞു. പക്ഷേ ശിബിരം നന്നായി എന്ന് അനുഭവസ്ഥർ പറഞ്ഞത് നിങ്ങളിപ്പോൾ കേട്ടു. ഇതു പ്രചരിക്കും. നല്ലലക്ഷണമാണ്. വരും വർഷത്തിൽ സംഖ്യ വർദ്ധിക്കുമെന്നു കരുതാം.

സാങ്കേതങ്ങളാലാകമാനം ഗ്രാമസഭകളുടെ ആഭിമുഖ്യത്തിൽ പ്രഭാഷണങ്ങൾ മുതലായത് ഒരുക്കി വരുന്നുണ്ട്. ഒരേ വിഷയത്തിൽ വീണ്ടും വീണ്ടും പുതിയ പുതിയ പലരെകൊണ്ടും പറയിപ്പിക്കുന്നതിൽ വിരോധമില്ല. പുതിയ ആശയങ്ങൾ നമുക്ക് ലഭിച്ചതുകൊണ്ടുവിരോധമില്ല. പുതിയ ആശങ്ങൾ നമുക്ക് ലഭിക്കും. കൊച്ചിയിലെ തിരുമലഗ്രാമസഭ പ്രതിവർഷം പലപല നല്ല പരിപാടികൾ നടത്തുന്നുണ്ടെന്ന് അവരുടെ റിപ്പോർട്ടുകളിൽ കണ്ടുകാണും. ഇതു നല്ലതാണ്.

സ്വയം സേവകർക്ക് വിഹിത വീടുകൾ നിർണ്ണയിച്ചുകൊടുക്കുക, ഗ്രാമസഭാ സമിതികളും സോണൽ കൗൺസിലുകളും പ്രചോദനം നല്കികൊണ്ടിരിക്കുക, വീടുസന്ദർശന സമയത്ത് സ്വയം സേവകരെയും കൊണ്ടുപോയി ആദ്യമൊന്നു പറഞ്ഞു പരിചയപ്പെടുത്തുക. പരിശഈലിപ്പിക്കുക. പ്രതിമാസം ഒരിക്കലെങ്കിലും സന്ദർശന സമയത്ത് സ്വയം സേവകരോടൊപ്പം പോകുക. ഏതുതലത്തിലുള്ളവരായാലും മഹാസഭ, സോണലംഗങ്ങൾ, ഗ്രാമസഭ സമിതി അഗംങ്ങൾ ആരായാലും ഉത്സാഹം കുറയരുത. ഒരാൾ അടുത്തയാളെ ഉണർത്തണം. അങ്ങനെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. ഇവർ ചെയ്യുന്നത് നല്ല കാര്യമാണെന്ന് മറ്റുള്ളവർക്ക് അനുഭവപ്പെടണം, ബോധ്യപ്പെടണം. അവർ പറഞ്ഞ് ഈ ശുഭ സന്ദേശം പ്രസിദ്ധമാകണം. വ്യാസ രഘുപതിയും വെങ്കടാചലപതിയും അഭയവും ജ്ഞാനവും ഉത്സാഹവും പ്രദാനം ചെയ്ത് അനുഗ്രഹിക്കട്ടെ എന്നാശീർവദിക്കുന്നു.

ഗ്രാമ സ്വയംസേവക് ശിബിരം 1987

# 13. തൃതീയ ശിബിര ഉദ്ഘാടന പ്രവചനം

മഹാസഭയുടെ മൂന്നാമത് സംസ്ഥാന സ്വയം സേവക ശിബിരത്തിൽ പങ്കെടുക്കുവാൻ സൻമനസ്സോടെ എത്തിച്ചേർന്നിരിക്കുന്ന നിങ്ങളേവരെയും ഈശ്വരനെ സ്മരിച്ചുകൊണ്ട് പ്രീതിപൂർവ്വം ആശീർവദിക്കുന്നു. വളരെ നല്ല രീതിയിൽ ശിബിരം ആരംഭിച്ചിരിക്കുന്നു. ഇതു സ്വയം സേവക ശിബിരമാണ്. ഈ ശിബിരത്തിന് ഒരു ലക്ഷ്യമുണ്ട്. സർവ്വതോൻമുഖമായ സമാജനൻമയ്ക്കായി രൂപീകരിച്ചിട്ടുള്ള മഹാസഭയുടെ ഉത്തമ ലക്ഷ്യങ്ങൾ എങ്ങനെ പ്രാവർത്തി കമാക്കാം? ആ ദൗത്യനിർവ്വഹണത്തിനായി സ്വയംസേവകരും സേവികരും സ്വമേധയാ സസന്തോഷം മുന്നോട്ട് വന്നിരിക്കുകയാണ്. വേണ്ടതായ വസ്തുക്കളും നിർദ്ദേശങ്ങളും വ്യക്തമായി മനസ്സിലാക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. ഇതെല്ലാം വിവരിക്കുകയും പഠിപ്പിക്കുകയും പരിശീലിപ്പി ക്കുകയുമാണ് ശിബിര ലക്ഷ്യം. ഇതുൾക്കൊള്ളിച്ചുകൊണ്ടാണ് രാവിലെമുതൽ രാത്രി വരെയുള്ള കാര്യക്രമങ്ങൾ ഇണക്കിയിരിക്കുന്നത്. ധാർമ്മിക പ്രഭാഷണങ്ങൾ, സമാജ ക്ഷേമകാര്യചർച്ച, ആദ്ധ്യാത്മിക പരിപാടികൾ ഇങ്ങനെ ബഹുമുഖ കാര്യപരിപാടികൾ ഇവിടത്തെ കാര്യക്രമത്തിൽ അടങ്ങുന്നു.

ജീവിതത്തിൽ നമുക്കെന്തൊക്കെയാണ് ആവശ്യം? ശരീരം കാക്കുന്നതിനും ആരോഗ്യം രക്ഷിക്കുന്നതിനും നല്ല ആഹാരം വേണം. മനസ്സിന്റെ വളർച്ചയ്ക്ക് നല്ല ആചാരവിചാരങ്ങൾ വേണം. മനോല്ലാസത്തിന് നല്ല വിഹാരം വേണം. ഇതെല്ലാം കൊണ്ട് ശരീരം വികസിക്കും, ശക്തിയും പ്രാപിക്കും. എന്നാൽ ആത്മാവ് അതിലുമുപരിയാണ്, സുപ്രധാനമാണ്. ബുദ്ധി മനസ്സ് ഇന്ദ്രിയങ്ങൾ എല്ലാം ആത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നു. കേവല ദേഹോദ്ധാരമോ ഇന്ദ്രിയസുഖമോ മാത്രം പോരാ. ആത്മോദ്ധാരണം അനിവാര്യമാകുന്നു. അതിന് ധാർമ്മാധിഷ്ഠിതമായ അദ്ധ്യയനവും അനസ്യൂതമായ അഭ്യാസവും നമുക്ക് വേണം. ധർമ്മം അത്രയ്ക്ക് മഹത്താണ്. വ്യാപാരത്തിന് വിദ്യാഭ്യാസത്തിന് ....... ഓരോ വൃത്തിയ്ക്കും ചെയ്തിയ്ക്കും അതിന്റെതായ ധർമ്മമുണ്ട്. അപ്രകാരം തന്നെ ബാല്യം യൗവനം ഗാർഹസ്ഥ്യം വാർദ്ധക്യം തുടങ്ങിയ അവസ്ഥകളിലും അനുയോജ്യമായ ധർമ്മ മനുഷ്ഠിക്കേണ്ടതുണ്ട്. ധർമ്മം വെടിഞ്ഞാൽ ആത്മനാശം സംഭവിക്കുന്നു. ആത്മാവിന് പതനം സംഭവിക്കുന്നു. അത് സുനിശ്ചിതമാണ്. ആത്മാവിന് പക്ഷേ നാശമില്ല. അതിനാൽ ആത്മവിനാശം എന്നതിന്റെ വിവക്ഷ ആത്മപതനമെന്നാണ്. ധർമ്മം വെടിഞ്ഞുള്ള കാമക്രോധലോഭങ്ങൾ നരകത്തിലേക്ക് നയിക്കുന്ന മൂന്നു കവാടങ്ങളാണ്. ഏതു വിഷയത്തിലും അമിതമായ ആസക്തി അഥവാ അത്യാസക്തി ഒരിക്കലും പാടില്ലാത്ത താകുന്നു. നിത്യാനന്ദ സ്വരൂപിയായ ഈശ്വരന്റെ പ്രതിബിംബമാണ് ജീവൻ. പ്രതിബിംബം ശക്തി ഹീനമാണ്. ബിംബത്തിലെ വ്യതിയാനങ്ങൾ പ്രതിബിംബത്തിലും താനേ പ്രതിഫലിക്കുന്നത് കണ്ടിരിക്കും. ബിംബത്തിന് തലപ്പാവ് ചുറ്റിയാൽ പ്രതിബിംബ ത്തിലും തലപ്പാവ് താനേ പ്രത്യക്ഷപ്പെടും.

ആത്മാവിന് 16 കലകളുണ്ട്. മാലിന്യമില്ലാതായാലെ ആത്മാവിന് തേജസ്സ് ലഭിക്കുകയുള്ളൂ. ആത്മാവ് മലീമസമാകുന്നത് മനസ്സിലൂടെയും ബദ്ധിയിലൂടേയുമാണ്. ദുഷിച്ച ബുദ്ധിയോ മനസ്സോ ശുദ്ധീകരിക്കാനോ അഥവാ മനസ്സും ബുദ്ധിയും ദുഷിക്കാതിരിക്കാനോ ആണ് സാധന നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ മനസ്സും ബുദ്ധിയും സംശുദ്ധമായിരിക്കാനും സാധനവേണമെന്ന് ചുരുക്കം. ഇതു നേടുവാനുള്ള ഒരു പരിശീലനകേന്ദ്രമയിട്ടാണ് ശിബിരം സംഘടിപ്പിക്കുന്നത്. വളരെ സരളമായി വിശകലനം ചെയ്താൽ ഇവിടെ പ്രഭാതനിത്യകൃത്യങ്ങൾ സ്നാനം, അനുഷ്ഠാനം, പ്രാർത്ഥന മുതലായവ കഴിഞ്ഞാണ് ചായ നൽകുന്നത്. ഇവിടെനിന്നു പോയിക്കഴിഞ്ഞാലും നിത്യജീവിതത്തിൽ ഈ ശീലം പകർത്തുക. ഇതൊരു പ്രാഥമികവും ലളിതവുമായ ധാർമ്മികാഭ്യാസവുമാകുന്നു.

നാം നന്നാകണം എന്നാൽ നാം മാത്രം നന്നായാൽ പോരാ നമ്മെക്കൊണ്ട് ലോകത്തിനാകെ നൻമയുണ്ടാകണം. ഈലോകം യജ്ഞമില്ലാത്തനവില്ല; പരലോകം തീർത്തും ഇല്ല. വളരെ നല്ല പ്രവർത്തികൾ ചെയ്യുവാൻ മാനവജന്മം ഉപയുക്തമാണ്. ഇതിനുശേഷമുള്ളതോ? അതു നിശ്ചയിക്കുന്നത് നമ്മുടെ ജീവിതത്തിലെ സത്കർമ്മങ്ങളുടെ ആകെ തുകയാണ്. യജ്ഞം, ഹോമം അഗ്നിഹോത്രി എന്നൊക്കെ കേട്ടിരിക്കും. യജ്ഞത്തിന്റെ ജീവൻ ത്യാഗമാണ്. ത്യാഗമില്ലാതെ നല്ലതൊന്നും നേടുവാൻ സാദ്ധ്യമല്ല. ഭാരതത്തിൽ ത്യാഗത്തിന് ഉന്നതസ്ഥാനമാണ് കൽപ്പിച്ചിരിക്കുന്നത്. ജീവിതം യജ്ഞമയമാകണം. കാവിവർണ്ണം ത്യാഗത്തിന്റെ നിറമാണ്. കാഷായവസ്ത്രവും യോഗദണ്ഡും ധിരിച്ചവരെ നമസ്ക്കരിക്കണമെന്ന് ധർമ്മഗ്രന്ഥങ്ങൾ നിഷ്കർഷിക്കുന്നു. ത്യാഗപൂർണ്ണമായ ജീവിതം നാം നയിക്കണം. ശരീരസുഖത്തിന് അമിതപ്രാധാന്യം കൊടുത്താൽ ത്യാഗം അസാദ്ധ്യമാകുന്നു. പൂ പോലെ മേനി കാക്കണമെന്ന് കരുതുന്നവന് ത്യാഗമനോഭാവം എവിടുന്നുണ്ടാകാൻ? തണുപ്പുകാലത്ത് കുട്ടി പുതച്ച് മെത്തയിൽ സുഖമായി ഉറങ്ങുന്നു. നേരം പുലർന്നാലും ഉണരുന്നില്ല. തട്ടിയുണർത്തിയാലും ചുരുണ്ടുകിടക്കുന്നു. തണുത്തവിരലുകൾ നെറ്റിയിൽ തടവിയോ, എങ്ങിനെയോ കുട്ടിയെ നിർബന്ധമായി ഉണർത്തുന്നു കാരണം എന്താണ്? അല്ലെങ്കിൽ കുട്ടിക്ക് മടിപിടിക്കും. ഒന്നും ചെയ്യാതെ ചടഞ്ഞു കൂടുന്നത് നല്ലതാണെന്ന് തോന്നിയേക്കാം. പക്ഷേ ക്രമേണ അവൻ കൊടും മടിയനായി മാറും. വ്യായാമം ചെയ്യുന്നതും ചെയ്യേണ്ടതും അതുകൊണ്ടുതന്നെ. വ്യായാമം

ചെയ്യുന്നവൻ ഊർജ്ജസ്വലനാകുന്നു. നാം ഈ ശിബിരത്തിൽ സൂര്യനമസ്ക്കാരവും ആരംഭിച്ചിരിക്കുന്നത് ഈ ഉദ്ദേശം മുൻനിർത്തിയാണ്.

സ്ത്രീകളുടെ സംഗതിതന്നെ നോക്കുക. കുറെക്കാലം മുമ്പുവരേയും ഗർഭകാലത്ത് പോലും സ്ത്രീകൾ നല്ലപോലെ അദ്ധ്വാനിച്ചിരുന്നു. ഭൂരിഭാഗം പേർക്കും സുഖപ്രസവത്തിന് അത് സഹായവുമായിരുന്നു. ഇന്നോ ഗർഭം ധരിച്ചതുമുതൽ തന്നെ ശരീരം അനങ്ങുന്നില്ല. മാംസപേശികൾ വഴങ്ങാതാകുന്നു. പ്രസവം സിസേറിയനാകുന്നു പ്രസവിച്ച സ്ത്രീയ്ക്കാകട്ടെ പണ്ടത്തെ സ്ത്രീകളെപോലെ ആരോഗ്യം പുഷ്ടിപ്പെടുന്നില്ലെന്നു മാത്രമല്ല ദുർബലകളായിത്തീരുകയും ചെയ്യുന്നു. ചെയ്യേണ്ടത് അതാതു സമയത്ത് ചെയ്തേ മതിയാവൂ.

ക്രമബദ്ധമായ അനുദിന ജീവിതചര്യ അവംലംബിക്കണം അനുസൻന്ധിതരാകണം. ശരീരവും മനസ്സു അതുമൂലം ആരോഗ്യസമ്പന്നമാകുന്നു. മുമ്പൊക്കെ കർക്കിടക മാസത്തിൽ പ്രത്യേകിച്ചു വിശേഷാൽ പൂജകളും മറ്റും 8 മണിമുതൽ ഉച്ചയ്ക്ക് രണ്ടുമണിവരെ അചഞ്ചലരായി നടത്തിയിരുന്നു. ഇന്നത് അസാദ്ധ്യമായി തോന്നുന്നു. ശീലമില്ല എന്നതുതന്നെ കാരണം. ധ്രുവൻ അനങ്ങാതെ നിന്നനില്പിൽ മാസങ്ങളോളം നിന്ന് തപസനുഷ്ഠിച്ചു. ബലിഷ്ഠപുണ്യാത്മാക്കൾക്ക് അതുസാധിക്കും. ഇന്നു അതൊക്കെ തീർത്തും അസാദ്ധ്യ മാണെന്ന് പറയുവാൻ വയ്യ. കലിയുഗത്തിൽ അതത്ര എളുപ്പമല്ല. പോരെങ്കിൽ ആരും അതിനൊട്ടു തുനിയാറുമില്ല.

വിദ്യാർത്ഥികളെക്കൊണ്ട് വലിയ ധാർമ്മിക ചർച്ചകളൊന്നും നടത്താൻ കഴിഞ്ഞെന്നു വരില്ല. പാഠ്യവിഷയങ്ങൾ ധാരാളം കാണും. അതിനു പുറമെ കുറച്ചുസമയം വേണ്ട നല്ല കാര്യങ്ങൾ ശീലിക്കുവാൻ തരപ്പെടും. ഗൃഹപാഠമൊക്കെ കഴിഞ്ഞ് കുറച്ചു സമയം ഹരികഥയോ മറ്റോഉള്ളപ്പോൾ കേൾക്കുവാൻ പോകണം. പല നല്ല കാര്യങ്ങൾ ഗ്രഹിക്കുവാൻ അതുപകരിക്കും.അല്ലാതെ വിരസമായ, സമയം പാഴാക്കുന്ന കളികൾ കണ്ടു നിന്ന് മനസ്സ് പൊള്ളയാക്കരുത്. ധർമ്മവിഷയങ്ങൾക്ക് ജിവിതത്തിൽ പ്രധാന്യം നൽകി തുടങ്ങണം. സ്വയംസേവകർ ഇതു തീർച്ചയായും ചെയ്യണം. അതുകൊണ്ടാണ് നല്ല ഒരു ജീവിതമാണ് നിങ്ങൾക്ക് കൈവരുന്നത്.

ഇത് കേട്ടുകൊണ്ടിരിക്കുന്ന ഈ സമയത്ത് ഇതുപോലെയെല്ലാം ചെയ്യണം അനുഷ്ഠിക്കണം എന്ന് തോന്നും. ആ ആഗ്രഹം തീരുമാനമാകണം. ദൃഢനിശ്ചയ മായതുമാറ്റണം. സ്വയം നിരീക്ഷിച്ചു തിരുത്തി വിലക്കി നല്ലൊരു ജീവിതക്രമത്തിലെക്ക് കടക്കണം. അർജ്ജുനനെ ഗുഢാകേശ നെന്ന് വിളിക്കുന്നു. ഉറക്കം പോലും അർജ്ജുന്റെ പൂർണ്ണ നിയന്ത്രണത്തിലായിരുന്നു. അതുകൊണ്ടാണ് ജീതേന്ദ്രിയൻ എന്ന് വിഖ്യാതനുമായി. ആ നിലയിലെത്തുക അത്ര എളുപ്പമല്ല. വളരെ പ്രയാസപ്പെടേണ്ടിവരും. എന്നിരുന്നാലും നല്ലതിനായി കുറച്ചെങ്കിലും ശ്രമിക്കുക.

പ്രഥമശിബിരത്തിൽ അംഗങ്ങൾ മൊത്തത്തിലെത്തി ച്ചേരുകയുണ്ടായി. ഒരു പ്രാരംഭ സംരംഭമെന്ന നിലയ്ക്ക് നടക്കുന്നതും പറയുന്നതും എന്തെന്നറിയാനുള്ള ആകാംക്ഷയും ഉത്സാഹവുമായിരുന്നു അതിന് നിദാനം. എറണാകുളത്ത് രണ്ടാമത് ശിബിരം നടന്നപ്പോൾ പങ്കെടുക്കുവാൻ സ്വയംസേവകരും പ്രബന്ധകരും മാത്രമായി. അതനുസരിച്ചുള്ള നിബന്ധനകളേർപ്പെടുത്തിയിരുന്നുവല്ലൊ ! ഈ ശിബിരത്തിൽ യഥാർത്ഥ പ്രവർത്തകരുടെ അംഗസംഖ്യ വർദ്ധിച്ചിരുന്നതായി കണുന്നു.

ഇവിടെ സ്വയം സേവകരായിട്ടാണ് നിങ്ങൾ വന്നിരിക്കുന്നത്. മൂന്നുനാളുകൾക്കു ശേഷം സ്വന്തം കേന്ദ്രങ്ങളിലേക്ക് നിങ്ങൾ തിരിച്ചുപോകും. ഇവിടെ പരിചയിക്കുന്ന കാര്യങ്ങൾ ചെയ്യുന്നതിനുശേഷം പാലിക്കുക, പരിശീലിക്കുക, പ്രത്യക്ഷത്തിൽ ആദ്യമൊക്കെ അനാകർഷകമായി തോന്നി യേക്കാം. ഈശ്വരകടാക്ഷവും ഗുരുകൃപയും പിൻബലമായു ണ്ടെന്ന് തീർത്തും ധരിച്ചുകൊള്ളുക. നൻമ ഭവിക്കും എന്നുറച്ച് വിശ്വസിച്ച് പ്രവർത്തിക്കുക. ഈ ദൃഢനിശ്ചയം ഒരിക്കലും കൈവിടരുത്. അയഞ്ഞുപോകുകയുമരുത്. കഴിഞ്ഞ ശിബിരത്തിലും നാം പ്രസ്താവിച്ചിരുന്നു വീണ്ടും അത് ഇപ്പോൾ അനുസ്മരിക്കുകയാണ്, ആവർത്തിക്കുകയാണ്. ദക്ഷിണമദ്ധ്യ മേഖകളിലായി 88 ഗ്രാമസഭകൾ ഇപ്പോഴുണ്ട്. ഇവിടെ ഉദ്ദേശം 5000 സമാജ വീടുകളുമുണ്ട്. അഞ്ചോ ആറോ വീടുകൾക്ക് സ്വയംസേവകനെന്ന നിലയിൽ കണക്കാക്കിയാൽ എതാണ്ട് 800 സ്വയം സേവകർ നമുക്ക് ആവശ്യമുണ്ട്. ഇപ്പോൾ മൊത്തം 400ൽ താഴെ സ്വയം സേവകരെയുള്ളൂ. സംഘാടകരുടെയും മറ്റു ഭാരവാഹികളുടെയും ശ്രദ്ധ പതിക്കാൻ ഇതൊന്നു സൂചിപ്പിച്ചുവെന്നുമാത്രം. സ്വയം സേവകർ വീഴ്ച വരുത്താതെ ഗൃഹസന്ദർശനം നടത്തണം. നല്ലവരായ സ്നേഹിതരെ സ്വയംസേവകരാക്കണം. സ്വയംസേവകർ കുറഞ്ഞാൽ പ്രവർത്തനഭാരം ഏറും. കാര്യക്ഷമത വേണ്ടത്ര കണ്ടെന്നുവരില്ല. അതുകൊണ്ട് വേണ്ടത്ര പ്രവർത്തകരെ ചേർക്കുവാൻ കഴിയും. കാരണം അവർ തമ്മിൽ നിരന്തര സമ്പർക്കമുണ്ടല്ലോ. അതുകൊണ്ട് ഈ ചുമതല നിങ്ങളെ ഏൽപ്പിക്കുന്നു. ആരെയും ഒരു വിധത്തിലും ഒട്ടും നോവിക്കരുത്. നിങ്ങളുടെ കടമകൾ കണിശമായി ചെയ്യുക. സമാജത്തോടുള്ള കടപ്പാട് അറിയുക. ആത്മപരിശോധന നടത്തി പോരായ്മകൾ നികത്തി ആദർശശാലികളാകുവാൻ യത്നിക്കുക.

ഏതു നല്ല കാര്യത്തിനും ഈശ്വരാനുഗ്രഹം കൂടിവേണം സ്വയം സേവകർ അനുവർത്തിക്കേണ്ട കാര്യങ്ങൾ ചെയ്യുവാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ തുടർന്നുള്ള കാര്യക്രമം ഭംഗിയായി നടക്കട്ടെ എന്നാശീർവദിക്കുന്നു.

സ്വയംസേവക് ശിബിരം 1987

# 14. ഗുരുവര്യരുടെ പ്രഥമദിന സായംകാല പ്രവചനം

ഈശ്വരനെ സ്മരിച്ച് ഉപസ്ഥിതരായിരിക്കുന്ന നിങ്ങളെ പ്രീതിപൂർവ്വം ആശീർവദിക്കുന്നു. വളരെ ഉത്സാഹത്തോടെ എല്ലാവരും ഇന്നു നടന്ന കാര്യക്രമങ്ങളിൽ സജീവമായി പങ്കെടുത്തു എന്നറിയുവാൻ അതിയായ സന്തോഷമുണ്ട്. ചർച്ചയിൽ പ്രവർത്തനരംഗത്തുണ്ടായിട്ടുള്ള അനുഭവങ്ങൾ, അഭിപ്രായങ്ങൾ, പ്രശ്നങ്ങൾ ഇതെല്ലാം പരാമർശിക്കപ്പെട്ടതായി കാണാം. ഏതു നല്ല കാര്യത്തിനും ബുദ്ധിമുട്ടുകളും പ്രതിബന്ധങ്ങളും അനുഭവപ്പെട്ടെന്നുവരാം. ജീവിതത്തിൽ സമ്മിശ്ര അനുഭവങ്ങൾ ഉണ്ടാകുന്നില്ലേ? എന്നുവെച്ച് നിരുൽസാഹരാകാരുണ്ടോ? പ്രശ്നങ്ങൾക്ക് ആലോചിച്ച് പരിഹാരം കണ്ടുപിടിക്കണം. ഗ്രാമസഭകൾ നിലവിൽ വന്നിട്ട് ഇപ്പോൾ നാലുകൊല്ലങ്ങളായി. മഹാസമ്മേളനം 81 ൽ നടന്നെങ്കിലും ആലപ്പുഴ ചാതുർമാസ്യ വ്രതകാലത്ത് ഗ്രാമസഭാപ്രവർത്തനത്തെപ്പറ്റി കാര്യമായൊന്ന് ആലോചിച്ച് വിലയിരുത്തിയത്. ചെറായിൽ പ്രഥമ ശിബിരം നടന്നു കഴിഞ്ഞതിനു ശേഷമാണ് പ്രവർത്തനം പുരോഗമിച്ചു തുടങ്ങിയത്.

ആളുകൾ പല പ്രകൃതക്കാരാണ്. ധാർമ്മിക ഉപാസന, സന്ധ്യാവന്ദനം ഇതൊക്കെ മാത്രം ചെയ്താൽ മതിയോ? ചിലർ ചോദിച്ചെന്നിരിക്കും. ഇത്തരത്തിലുള്ള നിഷ്ഠകൾക്കൊണ്ട് പ്രകടമയുള്ള ഫലം പെട്ടെന്ന് കണ്ടെന്ന് വരില്ലല്ലോ. പലർക്കും തൽക്ഷണ ഫലത്തിവാണ് നോട്ടം. ഒരു വിദ്യാലയം തുടങ്ങിയെന്നു വെയ്ക്കുക. തൊഴിലവസരങ്ങളായി. വിദ്യ അഭ്യസിക്കുവാൻ സൗകര്യമായി. അതുപോലെ പാഠശാല ആരംഭിക്കുന്നത് നല്ലൊരു ഉദ്യമമായി പരിണമിക്കും. രോഗബാധിതർക്ക് വൈദ്യശ്രുശ്രൂഷ ലഭ്യമാക്കുന്നത് നല്ല സേവനമാണ്. ഇതൊന്നും അരുതെന്നോ പാടില്ലെന്നോ പറഞ്ഞ് ആരേയും വിലക്കിയിട്ടില്ല. എത്രഎത്രയിടങ്ങളിൽ ഫീസ്, വസ്ത്രം, പഠനോപകരണങ്ങൾ മുതലായവ ഗ്രാമസഭകൾ നൽകിവരുന്നു. അപ്പോൾ നാം അതിന് പ്രാധാന്യം കൽപ്പിക്കുന്നില്ല അഥവാ അവഗണിക്കുന്നു എന്നു കരുതുന്നതിൽ കഴമ്പൊട്ടുമില്ല. പക്ഷെ ആരംഭദശയിലെ പ്രസ്ഥാനത്തിന് അതിന്റേതായ പരിമിതികളുണ്ട്. വിദ്യാഭ്യാസം മാത്രംകൊണ്ട് എല്ലാമായി എന്നു ഇക്കാലത്ത് കരുതുന്നതും അബദ്ധമാണ്. ദേശത്തും വിദേശത്തും പഠിച്ച് ഉന്നതബിരുദ്ധങ്ങളെടുത്ത് പ്രഗത്ഭരായി പേരു സമ്പാദിച്ചവർ ധാരളമുണ്ട്. ഒന്നുരണ്ടു ഉദാഹരണങ്ങൾ തന്നെ ഓർക്കുന്നു. വലിയവലിയ ഡിഗ്രികളെടുത്ത് പേരുറ്റ ഭിഷഗ്വരനായി. പക്ഷേ ധർമ്മം ദൈവം എന്നൊക്കെ കേട്ടാൽ പിടിക്കാതായി. എല്ലാവരും അത്തരക്കാരായി മാറുന്നു എന്നു പറയാൻ കഴിയില്ല. അങ്ങനെയുള്ളവരെ തൽക്കാലം ഗൗനിക്കാതിരിക്കുക. എന്നതുമാത്രമാണ് നമുക്കിപ്പോൾ കരണീയമായിട്ടുള്ളത്. ഏതു തുറയിലൂടെ വിശകലനം ചെയ്താലും നാം നല്ലൊരു പ്രവർത്തനത്തിലാണ് ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. ഏതു സേവനവും ധർമ്മാധിഷ്ഠിതവും ഈശ്വര കടാക്ഷം ലഭിക്കുന്നതുമായിക്കണം. അങ്ങനെ ഹരിഗുരു കൃപാകടാക്ഷത്തിനർഹനാക്കുന്ന സൽ പ്രവർത്തിയാണെന്ന് ഉറപ്പുവരുത്തി അതിലേർപ്പെടുകയാണ് വേണ്ടത്. ചിലർ സർവ്വസമത്വത്തിലൂന്നൽ നൽകുന്നു. മത്സരമുള്ളിടത്ത് വഴക്കുണ്ടാകും. അസൂയ, ദ്വേഷ്യം മുതലായവയും വഴക്കിന് വളം വെയ്ക്കുന്നു. പണം മാത്രം ലക്ഷ്യമാക്കി കുതിക്കുന്നവർക്ക് വെറുപ്പ്, വിദ്വേഷം, മുതലായവ പിടിപ്പെടുന്നു. സമ്പത്തും, സമൃദ്ധിയും ഭൗതികമായി കുമിഞ്ഞുകൂടിയിട്ടും വൻശക്തികളായി എന്നു ധരിച്ചിട്ടും രാഷ്ട്രങ്ങൾ തമ്മിൽ തന്നെ മത്സരം കാണുന്നു. വിദ്യാഭ്യാസരംഗത്ത് നോക്കുക. ഒരേതരക്കാർ ഒരേ സാഹചര്യം ഒരേ പഠന സൗകര്യം ഇതൊക്കെ ഉണ്ടയിട്ടും ചിലർ പിന്നോക്കമാവുന്നു. എല്ലാതുറകളിലും എല്ലാവർക്കും ഡാക്ടർമാരാകണം ഇഞ്ചനീയർമാരാകണം......... എന്നാഗ്രഹമുദിച്ചാൽ അതു നടപ്പില്ലല്ലോ!

സ്വയംസേവകർ ഗൃഹന്ദർശത്തിനു പോകുമ്പോൾ ചിലപ്പോൾ കുത്തുവാക്കുകൾ കേട്ടെന്നുവരും. ചില കയ്പേറിയ അനുഭവങ്ങൾ ഉണ്ടായെന്നുവരും. ഒരേ സമാജത്തിലെ അംഗങ്ങളാണ് ഒരേ സംസ്ക്കാരാനുഗാമികളാണ്, ഭാഷക്കാരാണ് എന്നിരുന്നാലും സാമാന്യനിലവാരം അത്തരത്തിലാണിന്നുള്ളത്. മാനസികാവസ്ഥ പലരിലും വ്യത്യസ്ഥപ്പെട്ടാണിരിക്കുന്നത്. ഐക്യവും പൊരുത്തവും കുറവാണെന്നർത്ഥം. മഹാസഭാ പ്രസ്ഥാനത്തെപ്പറ്റി തന്നെ നിങ്ങൾക്ക് ലഭിച്ചിട്ടുള്ളത്ര അറിവോ പരിചയമോ വീക്ഷണമോ അവർക്കുണ്ടെന്നു അനുമാനിക്കുവാൻ വയ്യ. ക്രമേണ അനുനയത്തോടെ അവരെ ബോധവാന്മാരാക്കുക, അങ്ങനെ ഉയർത്തി ഐക്യം വളർത്തുക എന്നതാണ് കടമ. പ്രവർത്തകർ പക്വമതികളാകണം. അരുചികരമായി ആരെങ്കിലും പ്രതികരിച്ചാൽ നിരാശപ്പെടരുത്, ക്ഷോഭിക്കരുത്,

കർക്കശമായി മറിച്ചു പറയരുത്. നിങ്ങൾക്ക് വേണമെന്ന് നിർഷക്കർഷിച്ചിട്ടുള്ള ഗുണങ്ങൾ സ്വായത്തമാക്കി നിസ്സംഗരായി കടമകൾ നിറവേറ്റണം. വളരെ നല്ല പ്രോത്സാഹനവും സ്വീകരണവും ലഭിച്ചാലും അഥവാ വിപരീതമായി അഭിമുഖീകരിച്ചാലും സമചിത്തതയോടെ ശാന്തരായി മുന്നോട്ടുപോകണം. ഇതൊരു ഹരിഹുരു സേവാദൗത്യമായി കരുതി ആത്മാർത്ഥതയോടെ പരിശ്രമിക്കണം. പ്രതിഫലം കാംക്ഷിക്കരുത്. ഇതൊരു മൂന്നാം കിട പ്രവർത്തനമാണ്. കാലത്തിന് യോജിക്കാത്തതാണ് എന്നൊക്കെ ചിലർ ആക്ഷേപിച്ചു ഹീനിക്കുന്നു എന്ന് ആരോ പറഞ്ഞതായി സംഗ്രഹ കുറിപ്പിൽ കാണുന്നു. കുചേലൻ ദരിദ്രനായി. പലരും പരിഹസിച്ചു. അചഞ്ചലനായി സുചിന്തിതനായി ക്ഷമയോടെ സന്മാർഗ്ഗം വെടിയാതെ പ്രാരബ്ധം സഹിച്ചുകഴിഞ്ഞ കുചേലനെ ദൈവം കൈവിട്ടില്ല. കുചേലൻ അനശ്വരനായി, അമരനായി. ഇതിഹാസപാത്രമായി. ലോകമെങ്ങും കുചേലൻ അറിയപ്പെടുന്നു. അന്ന് കുചേലനെ അപഹസിച്ചവർ ഇന്നറിയപ്പെടുന്നുണ്ടോ? ആര് നിങ്ങളെ വെറുപ്പിച്ചാലും ഉദ്ദേശശുദ്ധിയോടെ പ്രവർത്തിക്കുക. ദൈവം സന്തോഷിക്കും. ഈശ്വരപ്രീതിയ്ക്കായി സന്മനസ്സോടെമാത്രം കാര്യങ്ങൾ ഭംഗിയായി നടത്തുക. നമുക്ക് വേണ്ടത് അത്രമാത്രം. ഈശ്വരപ്രീതി ലഭ്യമായാൽ ധന്യരായി. വിഖ്യാതരായ ഭക്തന്മാരുടെ ചരിത്രം ജ്ഞാനികൾ വളരെ താല്പര്യത്തോടെ വായിക്കുന്നു. മനനം ചെയ്യുന്നു. ആനന്ദം നുകരുന്നു. തുക്കറാമിന്റെ ശുഭനാമം ഉദ്ഘോഷിച്ച് സങ്കീർത്തനം ചെയ്ത് ലക്ഷം ലക്ഷം സജ്ജനങ്ങൾ നൃത്തം ചെയ്യുന്നു. ആനന്ദം നുകരുന്നു. കണ്ണിൽ കണ്ടവരുടെ പേര് വിളിച്ച് അങ്ങനെ ചെയ്യാറില്ല. നാം ചെയ്യുന്നത് നല്ലതാണെന്ന് മനസ്സിലാക്കുക. തുടർന്ന് ചെയ്യുക. ചിലരെ സംബന്ധിച്ചടുത്തോളം ഇതൊക്കെ നിസ്സാരമാണെന്നു പറഞ്ഞല്ലോ.അവർക്ക് വലിയ ലക്ഷ്യങ്ങൾ ഉണ്ടാകും. നേട്ടങ്ങളിൽ നോട്ടം കാണും. ചിലർക്ക് രാഷ്ട്രീയം വേണം. അവർ ആ വഴിക്ക് പൊയ്ക്കോട്ടെ. നാം അതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടതില്ല. ധാരാളം അഭിലാഷങ്ങൾ മാത്രം വെച്ചുപുലർത്തിയിട്ട് എന്തുകാര്യം! വിഭവങ്ങൾ വളരെയുണ്ട്. പക്ഷേ നാവിന് സ്വാദില്ലെങ്കിൽ? ധാർമ്മികവിഷയങ്ങൾ പാടെ ത്യജിച്ച് ജീവിതരുചി തന്നെ അനുഭവിക്കാൻ സാദ്ധ്യമല്ലാതായിത്തീരും. ചിലർക്ക് ഓരോ പ്രദേശത്തും സ്ക്കൂളുകൾ തുടങ്ങണമെന്നഭിപ്രായം (ചർച്ച സംഗ്രഹക്കുറിപ്പിൽ പരാമർശിച്ചിട്ടുള്ളതാണ്) തുടങ്ങട്ടെ! നമ്മുടെ നിസ്സഹരണമുണ്ടാവില്ല. അവർ മുന്നോട്ടുവരണം. നമ്മുടെ പ്രവർത്തകർക്ക് ഇപ്പോൾ വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ട്. കാലകാലങ്ങളിൽ വേണ്ട തീരുമാനങ്ങൾ എടുത്തുവരുന്നുമുണ്ട്. പ്രവർത്തനം വിപുലപ്പെടുത്തി വരുന്നു. പയ്യെ മെല്ലെ മുന്നോട്ടുപോകുക. അനുസൻഡിതരായി അച്ചടക്കമുള്ളവരായി പ്രവർത്തിക്കുക.

വലിയ വലിയ പദവികളിൽ കയറിപ്പറ്റിയവർ ശരീരശാസ്ത്രം പഠിച്ചവർ ഒക്കെപ്പോലും ചിലപ്പോൾ ആത്മഹത്യ ചെയ്യുന്നതായി വായിച്ചിരിക്കും. ചെറിയ മാനസികാഘാതം പോലും താങ്ങാൻ അവർക്ക് കെല്പില്ലാതാകുന്നു. മാനസിക അടിസ്ഥാനം ഉറച്ചതല്ലാത്തതാണ് കാരണം. എന്തിനേയും നേരിടാനുള്ള കരുത്താർജ്ജിക്കണെങ്കിൽ ധാർമ്മികചിന്ത കൂടിയേ തീരു. ഇപ്പോൾ ഭാരതത്തിലും ധാരാളം ഡോക്ടർമാരും ഇഞ്ചിനീയർമാരും മറ്റു ശാഖകളിലെ അഭ്യസ്ഥവിദ്യരുമുണ്ട്. കുറച്ചുവർഷം മുമ്പ് പാശ്ചാത്യനാടുകളിൽ മാത്രമായിരുന്നു ശാസ്ത്രമുന്നേറ്റം. ഇവിടെയുള്ളവർ സുഖം അവിടെയാണെന്നു കരുതി. പക്ഷേ അവരിപ്പോൾ സംഗതികൾ മനസ്സിലാക്കി സുഖവും ശാന്തിയും തേടി ഇന്ത്യയെ ഉറ്റുനോക്കുന്നു. ഇവിടെ വരുന്നു. മാനസികരോഗം അത്ര മാരകമായി അവിടെ പകരുന്നത്രേ! മോചനം നേടാൻ ഹരേകൃഷ്ണ തുടങ്ങിയ പ്രസ്ഥാനങ്ങളിൽ അവർ ശരണം പ്രാപിക്കുന്നു. അമേരിക്കയിൽ പരീക്ഷിച്ച് നിരീക്ഷിച്ച് ഗവേഷണം ചെയ്ത് ബോദ്ധ്യപ്പെട്ട് സസ്യാഹാരം ഉത്തമമാണെന്ന് മനസ്സിലാക്കി അതനുവർത്തിച്ച് തുടങ്ങിയിരിക്കുന്നു. ഇതിനുവേണ്ടി ഒരു വൻ നീക്കവും (Movement) അവർ ആരംഭിച്ചിട്ടുണ്ട്. നമ്മുടെ വന്ദ്യവയോധികരായ ഋഷിപുംഗവന്മാർ എത്രയോകാലം മുമ്പ് ആവിഷ്ക്കരിച്ച് പ്രദാനം ചെയ്ത കുറ്റമറ്റ വ്യതങ്ങൾ സയൻസിലൂടെ ഗ്രഹിച്ച് ഇപ്പോൾ അവർ സ്വീകരിക്കുന്നു.

ഉന്നതവിദ്യാഭ്യാസം ലഭിച്ച വളരെയധികം അംഗങ്ങൾ നമ്മുടെ ഇടയിലുമുണ്ട് എന്നൊരു അംഗം ഒരവസരത്തിൽ പറഞ്ഞു. അവരിൽ അധികം പോരും ധാർമ്മിക ആത്മീയ ദൈവീക, രാഷ്ട്ര നന്മയ്ക്കുള്ള കാര്യങ്ങളിൽ നിന്ന് മാറിനിൽക്കുന്നു. സ്വന്തം കാര്യങ്ങളിൽ മുഴുകയിരിക്കുന്നു. വ്യാപാരവും മറ്റു തൊഴിലുകളും ചെയ്യുന്നവർപോലും ഒരു വിഹിതം ധാർമ്മികകാര്യങ്ങൾക്ക് സസന്തോഷം ചിലവഴിക്കുന്നുണ്ട്. നമ്മുടെ ഉന്നത അഭ്യസ്തവിദ്യരും കുറച്ചുകഴിഞ്ഞെങ്കിലും വസ്തുക്കൾ മനസ്സിലാക്കും. “സാവിദ്യ യാ വിമുക്തയോ’’ അതാണ് മഹത്വം. പരമാത്മാവിന്റെ വിഷയത്തിൽ വലിയ വിശ്വാസം, വലിപ്പം, കാണുകയാണ് ഏറ്റവും ശ്രഷ്ഠമായ വിദ്യ. നാം അസ്വസ്ഥരാകരുത്. ചഞ്ചലരാകരുത്. ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കുകയും

വേണം. എങ്കിൽ നന്മയുണ്ടാകും. ഉറച്ച വിശ്വാസം ഉചിതമായ പ്രവർത്തനം ഇതാണ് .അറിയേണ്ടത് അറിയണം, പറയേണ്ടത് പറയേണ്ടതുപോലെ പറയണം. സാധിക്കുന്നതൊക്കെ ലക്ഷ്യബദ്ധമായി ചെയ്യണം. എന്നർത്ഥം പരിധിയിൽ കവിഞ്ഞതേറ്റെടുത്ത് വിഷമിക്കണമെന്നല്ല.

പല രംഗത്തും സമീപനം ദുഷിച്ചുവരികയാണ്. വെറും ഒരുപോറൽ ഏറ്റതിന് ഒരുത്തന് ഡോക്ടർമാർ പലരും മാറി മാറി പരീക്ഷിച്ചു കണ്ടമാനം പരിശോധനകൾ നടത്തി വളരെയധികം പണം പിഴിഞ്ഞെടുത്തതായി ഒരു സംഭവം കേട്ടു. നമ്മുടെ ഡോക്ടർമാർ പരസ്പരം സഹകരിക്കണം. അവശരെ അറിഞ്ഞ് സഹായിക്കണം. മാനുഷികബോധവും മൂല്യവും കണ്ടുകൊണ്ട് പെരുമാറണം വിദ്യ പ്രധാനമാണ് എന്നാൽ ബുദ്ധി അതിലുപരിയായിരിക്കും.

മാംഗളൂർ ഗണേശ് ബീഡി, ഭാരത് ബീഡി തുടങ്ങിയ വലിയ സ്ഥാപന ഉടമകൾ സമാജാംഗങ്ങളാണ്. ഇവയ്ക്ക് പറയത്തക്ക വിദ്യാഭ്യാസയോഗ്യതകൾ ഒട്ടുമില്ല. പക്ഷേ സമാജസേവാരംഗത്ത് അവരെന്നും മുൻപന്തിയിലാണ്. ധർമ്മോദ്ധാരത്തിന് അവർ സമ്പാദ്യത്തിന്റെ നല്ലൊരു പങ്ക് വിനിയോഗിക്കുന്നു. ബൺട്ടവാളിലെ വലിയ ഗോപുരം, കാർക്കളയിലെ ഹാൾ......... ഇതൊക്കെ അവരുടെ വിലയേറിയ സംഭാവനകളിൽ ചിലതു മാത്രമാണ്. കഠിനാദ്ധ്വാനം, ശരിയായ വീക്ഷണം, ലക്ഷ്മി അവരെ കടാക്ഷിക്കുന്നു. കോടിക്കണക്കിന് ഉല്പന്നങ്ങൾ അവർ ഉണ്ടാക്കുകയും വില്ക്കുകയും ചെയ്യുന്നു. ചെറിയ തുടക്കത്തിൽ നിന്ന് വലിയ വികാസം, നല്ല ബുദ്ധി, നല്ല മനസ്സ്, മാത്രമല്ല ആശ്രിതരോട് ഉദാരമനസ്ഥിതി. ജീവനക്കാരുടെ ക്ഷേമം അവർ ശ്രദ്ധിക്കുന്നു, കാക്കുന്നു, ഭാഗ്യം കൈവരുന്നത് വലിയ കാര്യമാണ്. അതു ശരിയായി വിനിയോഗിക്കുക എന്നതിലും പ്രധാനപ്പെട്ട കാര്യമാണ്. കൊച്ചി ക്ഷേത്രത്തിൽ നടയിലിരുഭാഗത്തും വലിയ ഹാളുകൾ (ശീവേലിപ്പന്തലിന് എക്സ്റ്റൻഷനായി) നിർമ്മിച്ചിട്ടുണ്ട്. ആ നല്ല കാര്യം ചെയ്തിരിക്കുന്നത് വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്ത ഒരു സമാജാംഗമാണ്. ഈശ്വരനിൽ മനസ്സർപ്പിച്ച് ഭാഗ്യത്തിന്റെ സദ്‌വിനിയോഗം ചെയ്തു. പരോപകാരാർത്ഥം ചിലവു ചെയ്തു. ഭാഗ്യം അങ്ങനെ ചിലവഴിക്കപ്പെടണം. ദൗർഭാഗ്യം പാപഫലമാകുന്നു. സത്ക്കർമ്മങ്ങൾ ചെയ്യുന്നവർക്ക് സദ്ബുദ്ധിയുണ്ടാകും.

പ്രസ്ഥാനത്തിന് ഇപ്പോൾ വളർച്ച വന്നുതുടങ്ങി. സ്വയംസേവകരും വർദ്ധിക്കുന്നു. നമുക്ക് ഭാവിയിൽ ശുഭപ്രതീക്ഷയുണ്ട്. അവഹേളനം ആരും കണക്കിലെടുക്കണ്ട. ഈശ്വരന്റെയും ഗുരുവിന്റെയും അനുഗ്രഹമുണ്ട്. ഒന്നും കിട്ടാനായില്ല, നിഷ്ക്കാമകർമ്മം - പുണ്യകർമ്മം! നിഷ്ക്കാമ കർമ്മത്തിന് മഹത്തായ ഫലമുണ്ടാകുമെന്ന് ഗീതയിൽ പ്രതിപാദിച്ചിരിക്കുന്നു.

ഫാഷനായി നടക്കുന്നത് ചിലർക്ക് വലിയ കാര്യമാണ്. വസ്ത്രം വിലക്കൂടിയതെടുത്തു, സുഗന്ധം പൂശി, പക്ഷേ രോഗിക്കതുകൊണ്ട് സുഖമെവിടെ? തരാതരം ഉടുപ്പില്ല എങ്കിലും വേണ്ടതുണ്ട് തിന്നാൽ ദഹിക്കുന്നു, സുഖനിദ്ര ലഭിക്കുന്നു എങ്കിൽ വേറെന്തുവേണം. ''ആരോഗ്യമേവ സൗഭാഗ്യം''. സദ്ബുദ്ധി തന്നെ മഹാഭാഗ്യം. സദ്ശീലം വലിയ ഭാഗ്യം. "ഗുണാപൂജാസ്ഥാനം". സദ്ഗുണങ്ങൾ വളർത്തണം. അതിനായി വഴിയൊരുക്കുന്നതാണ്, ഉതകുന്നത് നമ്മുടെ പ്രവർത്തനം.

നിങ്ങൾക്ക് ഇപ്പോൾ ചെറുപ്പമാണ്. കടുത്തവാക്കുകൾ പെട്ടെന്ന് സഹിക്കാൻ കഴിഞ്ഞില്ലെന്നുവരും. പക്ഷേ നല്ല പ്രവർത്തകർ ധാരാളമുണ്ട്. അവരോട് ആത്മാർത്ഥമായി സഹകരിക്കുക. കൂട്ടുകൂടുക. യാതൊരു പ്രതിഫലേച്ഛയുമില്ലാതെ അർപ്പണബോധത്തോടെ അവർ പ്രവർത്തിക്കുന്നു. അവരോടൊത്ത് ചേരുക.

സ്റ്റേറ്റ് കമ്മിറ്റിയും മേഖലാസമിതികളും ഗ്രാമസഭാ കൺസിലുകളും സ്വയംസേവകരും പരസ്പര ധാരണയോടെ സഹകരണത്തോടെ ഒറ്റക്കെട്ടായി മുന്നോട്ടുനീങ്ങണം. പ്രവർത്തനത്തിനായി മുന്നോട്ടിറങ്ങുന്നവർ ചുവട് പിൻവലിക്കരുത്. ഉറച്ചുനിന്ന് നിരന്തരം പ്രവർത്തിക്കുക. സധൈര്യം മുന്നോട്ടുപോകുക. നമ്മുടെ ജീവിതം ഇതുമൂലം സാർത്ഥകമാകും. നമുക്ക് സ്വയം കൃതാർത്ഥത തോന്നും. സമാജത്തിനും പരക്കെയും നന്മയും ഭവിക്കും.

നാം സാരസ്വത ബ്രഹ്മണരാണ്. അനാദികാലം മുതൽ ദൈവത്തേയും ധർമ്മത്തെയും ആദരിച്ച് അനുസരിച്ച് പോഷിപ്പിച്ച് വന്നവരാണ്. ഭയഭക്തി ഭാവനയോടെ ജീവിച്ചുപോന്നവരാണ്. മറ്റുള്ളവർക്ക് നാം മാതൃകയായിരുന്നു. ഇന്നൊരുപക്ഷേ പ്രൗഢി അല്പം മങ്ങിയിരിക്കാം. പ്രഭാവികളും പണ്ഡിതന്മാരും കുറഞ്ഞിരിക്കാം. പക്ഷേ ഇനിയുണ്ടായേക്കും. നഷ്ടചൈതന്യം വീണ്ടെടുക്കാൻ സന്മനസ്സോടെ മുന്നോട്ടുപോകാം. അതിന് കരുണ്യമയനായ ദൈവം കനിയട്ടെ എന്ന് പ്രാർത്ഥിച്ച് അപ്രകാരം ഭവിക്കും എന്നാശീർവദിക്കുന്നു.

സ്വയംസേവക് ശിബിരം 1987

# 15. ഗുരുവര്യരുടെ ശിബിര ദ്വിതീയദിന പ്രഭാതപ്രവചനം

ശിബിരാംഗങ്ങളെ പ്രീതിപൂർവ്വകം ആശീർവദിച്ചുകൊണ്ട് ഗുരുവാര്യർ പ്രവചനം ആരംഭിച്ചു.

ജീവിത സാഫല്യത്തിന് മാനവജന്മം വളരെ ഉപയുക്തമാണ്. ആത്മാവിനോടും മനസ്സിനോടും ചേർന്നിട്ടുള്ള മാലിന്യം കഴുകി കളയുവാൻ മനുഷ്യനെ കൊണ്ടു സാധിക്കും എന്നതാണ് ഇതരചരാചരങ്ങളെ അപേക്ഷിച്ചൊരു പ്രത്യേകത. അതിനുള്ള പരിശീലനമാണ് ശിബിരത്തിലും നൽകുന്നത്.

സമാജധർമ്മം നിലനിർത്തുകയാണ് മഹാസഭയുടെ ലക്ഷ്യം എന്ന് ചുരുക്കത്തിൽ പറയാം. ആത്മാവ് സ്വതഃ ദൈവപ്രതിബിംബമാണ്. ഈശ്വരസാക്ഷാൽക്കാരം കിട്ടുവാൻ ആത്മാവ് സത്ചിതാനന്ദമാക്കിത്തീർക്കുവാൻ ശ്രമിക്കണം. നല്ലതേതോ അതാണ് സത്; ചീത്തത് അസത്. ചിത് എന്നുവച്ചാൽ എല്ലായ്പ്പോഴും ഉൻമേഷമുള്ളതു എന്നാണ്. ചേതക് എന്നുവെച്ചാൽ അലസതയില്ലാത്തത് (NOT IDLING) അഥവാ അലസമാകുന്നു എങ്കിൽ അതുമായി ചേർന്നിരിക്കുന്ന മാലിന്യങ്ങളാണ് അതിന് കാരണം. ആത്മാവിന് ചെളിയുണ്ടെങ്കിൽ ദുഃഖത്തിന് കാരണമാകുന്നു. ആ മാലിന്യം കുറഞ്ഞാൽ ആനന്ദം പ്രകടമാകും. ഭയാനകമായ കൂരിരുട്ടിൽ കുറച്ചു വെളിച്ചത്തിനും വലിയ സ്ഥാനമുണ്ട്. ആത്മതത്വം ശുദ്ധമായാൽ സാഫല്യത്തിന് വഴിയായി എന്ന് കരുതാം. ആത്മാവിന് സ്വത: ചില ഗുണങ്ങളുണ്ട്. അതിലൊന്നാണ് ദയ. രാക്ഷസൻമാരുണ്ട്. അവർക്കും ഉണ്ട് ആത്മാവ്. അപ്പോൾ അവർ എങ്ങിനെ നിർദയരാകുന്നു എന്ന് ചോദ്യം ഉദിക്കുന്നു. അവിദ്യയും ദുർവാസനകളും അടിഞ്ഞുചേർന്ന് അങ്ങനെയാകുന്നതാണ്. അതിനാലാണ് ദയ വേണമെന്ന് പറയുന്നത്. ദയാലു ഹിംസ ചെയ്യില്ല. അതുകൊണ്ട് ഭൂതദയ വികസിപ്പിക്കണം. വിത്ത് പാറയിൽ വിതച്ചാൽ കിളിർക്കില്ല. നല്ലപോലെ ഉഴുത് വളം ചേർത്ത മണ്ണിൽ വിതച്ച് നനച്ച് വളർത്തണം. ദയാശീലം വളരാനും ശക്തിയും യുക്തിയും മാത്രം പോരാ. അതുകൊണ്ടാണ് ഈശ്വരാരാധന ചെയ്യുന്നത്.

ആരോടും അപകാരം ചെയ്യരുത്. ആർക്കും ഉപകാരം ചെയ്യണം. ആരോടും സ്നേഹം പ്രകടിപ്പിക്കണം. ഇഷ്ടമില്ലെങ്കിൽ പോകട്ടെ ദ്വേഷ്യപ്പെടരുത്. അന്യരെ സഹായിക്കണം. സഹായിക്കുവാൻ കഴിയുന്നില്ലെങ്കിൽ അവരുടെ വഴിയിൽ തടസ്സവും വിഘ്നങ്ങളും സൃഷ്ടിക്കരുത്. നന്നായി സംസാരിക്കുവാൻ കഴിയുന്നില്ലെങ്കിൽ ആരെയും നിന്ദിക്കരുത്. നുണ പറയരുത്. ഇങ്ങനെയൊക്കെ സ്വഭാവഗുണമുള്ളവരായിരിക്കുവാൻ ഇച്ഛയുണ്ടാകണം. കൂടെ കൂടെ അങ്ങനെ ചിന്തിക്കണം. തെറ്റ് സംഭവിച്ചാൽ ഖേദിക്കണം. ഭഗവാനോട് പ്രായശ്ചിത്തം പറയണം. പശ്ചാത്താപിക്കണം. ഇങ്ങനെയായിത്തീർന്നാൽ ദയാഗുണം അങ്കുരിക്കും.

വഴക്കും വക്കാണവും കൊള്ളരുതാത്തതാണ്. അത് ദുഷിച്ച പ്രവണതയാണ്. വഴക്കടിയ്ക്കുകയില്ല എന്ന് നിശ്ചയിക്കണം. എന്നിരുന്നാലും മറ്റുള്ളവർ പരിഹസിച്ചാൽ പറയാത്തത് പറഞ്ഞു എന്നാരോപിച്ചാൽ നുണചേർത്തു കാര്യങ്ങൾ പറഞ്ഞാൽ ദേഷ്യം വന്നേക്കും. അന്യരെ നിന്ദിക്കുന്നത് വളരെ വൃത്തികെട്ട സ്വഭാവമാണ്. നിന്ദിക്കുന്നവരെ പന്നിയോടാണുപമിക്കാറ്. പന്നിയുടെ ആഹാരം അഹാരം അഴുക്കും വിസർജ്ജ്യവുമാണല്ലൊ. നിന്ദിക്കുന്നവർ നല്ല മനുഷ്യരുടെ ദോഷങ്ങൾ ഇല്ലാതാകുന്നു. പാപം ആരെങ്കിലും ചെയ്താൽ നാമത് ഏറ്റു പറഞ്ഞുനടക്കരുത്. നമ്മുടെ നാക്ക് അങ്ങനെ ദുഷിപ്പിക്കരുത്. തരംകിട്ടിയാൽ മറ്റുള്ളവരെ വെറുതെ വാട്ടി കരയിക്കുന്നവരുണ്ട്. അവർക്കതു രസമാണ്. പിന്നീടത് വഴക്കിന് കാരണമാകുന്നു. ഒരുത്തൻ ഒരു ആറാട്ടുൽസവത്തിനു പോയി. എത്രയോ നല്ല കാര്യങ്ങൾ അവിടെ നടന്നു. ചെറിയൊരു ചില്ലറ വഴക്കുമുണ്ടായവിടെ. പക്ഷേ ഈ പോയവൻ നല്ലതു നടന്നതെല്ലാം മറച്ചുവെച്ച് അതിനെപ്പറ്റി ആരോടും ഒരക്ഷരവും ഉരിയാടാതെ അവിടെ നടന്ന വഴക്ക് വെറുതെ പെരുപ്പിച്ച് നാടെങ്ങും വിളിച്ചോതി നടക്കുന്നു. എത്ര മോശമാണത്. ഇത്തരക്കാർ വളരെയധികമുണ്ട്. ഇതുപോലുള്ള ദുസ്വഭാവം അവരെ സ്വയം വഷളാക്കുന്നു. ഭാവി ഇരുണ്ടതാകുന്നു. കാപ്പി എന്ന പദം ശരിയ്ക്കുച്ചരിക്കുവൻ അറിയാത്ത ഒരു കുട്ടി! ആ പോരായ്മയ്ക്ക് അയാളെ ഇരട്ടപേരിട്ട് കളിയാക്കി തുടങ്ങി. വഴക്കായി. വല്ല പ്രയോജനമുണ്ടോ. സ്വയംസേവകർ ഒരിക്കലും അത്തരക്കാരാകരുത്. ആരംഭത്തിൽ ഇതു തമാശയായി തോന്നും. പക്ഷേ ചീത്തസ്വഭാവമാണത് എന്നോർത്തു കൊള്ളുക. കുറെ കുട്ടികൾ ആൽത്തറയിലിരുന്ന് വഷളത്തരം കാണിക്കുന്നത് കണ്ട് നല്ലവനായ ഒരു മുതിർന്നയാൽ അവർ ചെയ്യുന്നത് ശരിയല്ലെന്ന് സൗമ്യമായി അവരോട് തന്നെ

പറഞ്ഞു. അവർക്കുടനെ ചൊടിച്ചു. ചൂടായി, അനുസരണക്കേട് അവർ കാണിച്ചു. അതൊരു വീമ്പായി അവർക്കു തോന്നി. ജീവിതം ക്രമേണ പാഴാകുന്നത് തങ്ങളുടേതാണെന്ന് അവരുണ്ടോ ഓർക്കുന്നു! വാക്കുകളിൽ തുടങ്ങി വൃത്തികളിൽ കടന്ന് സ്വഭാവമായി മാറുന്നു. ജീവിതമങ്ങനെ തകരുന്നു.

ആരെയും നോവിച്ചുകൊണ്ടുള്ള ഫലിതമേ വേണ്ട കളി കാര്യത്തിൽ കലാശിക്കരുത്. അമ്പലപരിസരത്ത് അധികം തങ്ങുകയോ കറങ്ങുകയോ അരുതെന്ന് പറയാറുണ്ട്. അവിടങ്ങളിൽ സ്കൂളിൽ പോകാതെയും ഒളിച്ചും പാത്തും ചടഞ്ഞും കൂടുന്ന സംഘങ്ങൾ തമ്പടിക്കാറുണ്ട്. ആ അവസ്ഥ മാറ്റണം. ക്ഷേത്രാന്തരീക്ഷം പവിത്രമാക്കണം. അത്തരക്കാരെ വീണ്ടും വിണ്ടും പറഞ്ഞു മനസിലാക്കണം. നല്ലത് ചെയ്യേണ്ടതും ചെയ്യിക്കേണ്ടതും നമ്മുടെ കർത്തവ്യമാണ്. നമുക്ക് കിട്ടേണ്ടത് ദൈവകൃപയും ഗുരുആശീർവാദവും; വേറൊന്നും വേണ്ട. നല്ലതാണ് ചെയ്യുന്നതെന്ന് പൂർണ്ണവിശ്വാസവും വേണം.

എത്ര പറഞ്ഞാലും വേണ്ടത് സമയത്ത് ചിലപ്പോൾ ഓർക്കില്ല. ശാസ്ത്രാനുസരണം ചെയ്യുന്നില്ല എന്നു മാത്രമല്ല വിരുദ്ധമായി ചെയ്യുന്നു. സുഖം പരാംഗതി മരണാന്തര ആത്മമോക്ഷം ഇതൊന്നും അങ്ങനെയായാൽ കിട്ടുകയില്ല രാജാധിരാജർ പോലും തന്നിഷ്ടംപറയൂല്ല. പ്രവർത്തിക്കൂല്ല. ശ്രീരാമചന്ദ്രൻ സർവ്വഞ്ജൻ, സകല കലാവിശാദൻ എന്നിട്ടുപോലും പ്രധാന കാര്യങ്ങളെല്ലാം വസിഷ്ഠ ഗുരുവിനോട് ആലോചിച്ചിരുന്നു. അറിയാഞ്ഞിട്ടാണോ? പുരോഹിതരുമായി ആലോചിച്ച് ശാസ്ത്രോക്തം മനസ്സിലാക്കി ഉറപ്പുവരുത്തി ചെയ്യുന്നു. ഇഷ്ടം പറഞ്ഞ് പറഞ്ഞ് കഷ്ടം വരും. ക്രമേണ ഭാര്യയും മക്കളും മറ്റംഗങ്ങളും തന്നിഷ്ടം തുടങ്ങും കുടുംബമാകെ സങ്കഷ്ടത്തിലാകും. തെറ്റുകൾ മനസ്സിലാക്കി അപ്പപ്പോൾ തിരുത്തണം. എങ്കിൽ ഉത്തമം സ്വാത്വികത വെടിഞ്ഞാൽ രാജസം, രാജസവും വെടിഞ്ഞാൽ താമസം തന്നെ ഗതി. ഒറ്റയടിക്ക് എല്ലാം സ്വായത്തമാക്കാമെന്നോ നേരെയാക്കാമെന്നോ കരുതേണ്ട, സാധിയ്ക്കുകയില്ല.

ഗായത്രി ജപിക്കുന്നതിനാണ്. ബ്രാഹ്മണനായിട്ടും ഗായത്രി ജപിക്കാത്തവൻ പതിതനാകുന്നു. നരകം വിളിച്ചു വരുത്തുന്നു. ഗായത്രി ഉപാസന സദ്ബുദ്ധി നൽകും. അതുകൊണ്ട് തന്നെ ആ അനുഷ്ഠാനം ശ്രദ്ധാഭക്തിയോടുകൂടി ചെയ്യണമെന്ന് പറയുന്നു.

ഒരു ക്യാമ്പിൽ വന്ന മിക്ക സ്വയംസേവകരും അടുത്ത ക്യാമ്പിൽ വരുന്നില്ല. മൂന്നാംതവണ ശിബിരത്തിന് വന്നിരിക്കുന്നവരുടെ ആകെ അംഗസംഖ്യ 24ഉം രണ്ടാംതവണ വന്നിരിക്കുന്നവരുടെ സംഖ്യ 45ഉം ആണ്. ചിലർ ഈ രംഗത്ത് നിന്ന് പിൻമാറിയതായിരിക്കും. ചിലർക്കിതു പരീക്ഷ സമയമാണ്. അത് ശ്രദ്ധിക്കണം. പ്രവർത്തകർ സംഖ്യ കുറിച്ചെടുത്ത് ഒഴിഞ്ഞുമാറി കാരണമില്ലാതെ നടക്കുന്നവരോട് അവരുടെ ചെയ്തി ശരിയല്ലെന്ന് പറയണം. വസ്തുതകൾ വ്യക്തമായി അവരെ ധരിപ്പിക്കണം.

ഈ പ്രസ്ഥാനം എന്താണെന്ന് ഇനിയും സംശയം വേണ്ട. നല്ലവരായ നമ്മുടെ പൂർവ്വികർ ചെയ്തതു തന്നെ കലോചതമായി നാം തുടരണമെന്ന് ആഹ്വാനം ചെയ്യുന്നു. അശോക ചക്രവർത്തിയുടെ കാലത്ത് ഭാരതത്തിലും ഏഷ്യയിലാകെയും ബുദ്ധമതാധിപത്യത്തിന്റെ പ്രഹര കാലമായി. ബ്രാഹ്മണർക്ക് അദ്ധ്യായനത്തിന് കേന്ദ്രങ്ങ ളില്ലാതായി. മൂന്നു ബ്രഹ്മണർ ജ്ഞാനസമ്പാദന തൃഷ്ണയോടെ ബുദ്ധമതാദ്ധ്യയന കേന്ദ്രങ്ങളിൽ കടന്നുകൂടി. വേദങ്ങളെ അപലപിച്ച് അവിടെ പറയുന്നതു കേട്ട് അവർ സങ്കടപ്പെട്ടു. അതുകണ്ട് അദ്ധ്യാപകർക്ക് ഇവർ ബ്രഹ്മണരാണെന്ന മനസിലായി. വേദങ്ങളെ നിന്ദിക്കുന്നത് ബ്രഹ്മണത്വം സംരക്ഷിച്ചു. ധർമ്മം സംരക്ഷിച്ചി. നാം പിറന്നിരിക്കുന്നതും ശ്ളാഘനീയമായ ബ്രഹ്മണകുലത്തിലാണ്. ധർമ്മിഷ്ടരായി ജീവിച്ച് ധർമ്മാവനതി തടഞ്ഞ് നാം ചാരിതാർത്ഥ്യം നേടണം. സ്ഥിതിഗതികൾ പടിപടിയായി സാവധാനം മെച്ചപ്പെടും എന്നതിൽ ഇനി സംശയം വേണ്ട.

**സ്വയംസേവക് ശിബിരം 1987**

## 16. ഗുരുവര്യരുടെ ദ്വിതീയ ശിബിരദിന സായംകാല പ്രവചനം

ഉപഃസ്ഥിതരായവരെ വാൽത്സ്വല്യപൂർവ്വം ആശീർവദിച്ച് ഗുരുവര്യർ പ്രവചനമാരംഭിച്ചു.

രണ്ടുദിവസത്തെ കാര്യപരിപാടികൾ വളരെ ഭംഗിയായി നടന്നിരിക്കുന്നു. ധാരാളം സ്വയംസേവകർ ഗ്രൂപ്പുകളിൽ മനസ്സിരുത്തി ശ്രദ്ധയോടെ പങ്കെടുത്തിട്ടുണ്ട്. അപ്രകാരം ചിന്തിക്കുമ്പോൾ നല്ല ആശയങ്ങൾ ഉയർന്നുവരും. നല്ല ആശയങ്ങൾ നടപ്പിലാക്കാൻ നല്ല പ്രവർത്തനവും വേണം. ഓരോരുത്തനും ആത്മപരിശോധന നടത്തണം. ഓരോ ഗ്രാമസഭാ കൗൺസിലും നിർദ്ദേശിക്കപ്പെട്ടത് ചെയ്യുന്നുണ്ടോ? പ്രശ്നം ഉയർന്നിരിക്കുകയാണ്. യോഗം കൂടുന്നു. നന്നായി സംസാരിക്കുന്നു, വീട്ടിലേക്ക് മടങ്ങുന്നു. പിന്നെ എല്ലാം മറക്കുന്നു. അങ്ങനെ മതിയോ?

ദുർവാസനകളും ദുർനടപടികളും അകറ്റാനും ഇല്ലാതാക്കാനും പല അഭിപ്രായങ്ങളും ഉരുത്തിരിഞ്ഞിട്ടുണ്ട്. CREATING VIRTUES-ERADICATING EVILS അതാണ് മഹാസഭയുടെ മുഖ്യലക്ഷ്യം. അവ നവൻ ചെയ്യേണ്ടത് ഓരോരുത്തരും ചെയ്യണം. അതുതാത്തത് ആരും ചെയ്യരുത്. ബലഹീനനായ ഒരുത്തൻ മറ്റൊരുത്തനെ എങ്ങനെ പിടിച്ചുപൊക്കുവാൻ ശ്രമിക്കും? ആദ്യം തന്നെ അവനവന്റെ ദൂഷ്യങ്ങളില്ലാതാക്കണം. സദ്ഗുണങ്ങൾ വികസിപ്പിച്ച് ശീലിച്ചെടുക്കണം. നിയതമായി നിയമിതമായി സതതമായി നല്ല കാര്യങ്ങൾ ചെയ്താൽ നല്ലഫലം തീർച്ചയായും കിട്ടും. അപ്രകാരം ചെയ്താൽ മാത്രമേ ഇതു സംഭവിക്കുകയുള്ളൂ. ഓരോ വീട്ടിലും ചെന്ന് അവിടെയുള്ളവരുടെ ക്ഷേമാന്വേഷണം നടത്തണമെന്ന് സ്വയംസേവകരോട് നിർദ്ദേശിച്ചിട്ടുണ്ട്. അവർ ഗൃഹസന്ദർശമം നടത്തുന്നു. റിപ്പോർട്ട് സമർപ്പിക്കുന്നു ഗ്രാമസഭ കൗൺസിലും മേഖലാ സമിതിയും അതിൻമേൽ എന്തുനടപടി എടുക്കുന്നു. അങ്ങനെ യാതൊന്നും നടക്കാതിരിക്കുന്നത് ശരിയല്ല. അത് നല്ല പ്രവണതയുമല്ല. ആൺകുട്ടികളും വളരുന്നു, പെൺകുട്ടികളും വളരുന്നു. വിവാഹങ്ങൾ നടക്കുന്നില്ല. ഒരിക്കൽ ബൻട്വാളിൽ വെച്ച് നമ്മുടെ സദ്ഗുരുവാര്യരുടെ സാന്നിദ്ധ്യത്തിൽ ഒരു മഹായോഗം ചേർന്നു. സ്ത്രീധനസമ്പ്രദായം ഇല്ലാതാക്കുന്നതിനെപ്പറ്റി പലരും നന്നായി പ്രസംഗിച്ചു. വ്യക്തിഗത സന്ദർഭങ്ങൾ വന്നപ്പോൾ ഓരോരുത്തരും പ്രസ്താവിച്ചതിൽ നിന്ന് പിൻവലിക്കുകയോ വ്യതിചലിക്കുകയോ ചെയ്തുതുടങ്ങി. ആരെങ്കലും ചൂണ്ടിക്കാണിച്ചാൽ വിഷമമായി. നിങ്ങൾ ആരാണ് എന്റെ കാര്യത്തിലിടപ്പെടാൻ എന്ന് ചോദിച്ച് ആ സഹൃദയന്റെ നേരെ കയർത്തുതുടങ്ങി. നിങ്ങൾ നിങ്ങളുടെ പോട്നോക്കി പോയാൽ മതി! എന്നൊരു മുട്ടന്യായവും പറഞ്ഞു. നമ്മുടെ സ്വയംസേവകർ തീരുമാനിക്കണം. സ്ത്രീധനമില്ലാതെ വിവാഹം ചെയ്യുമെന്ന്. അമ്മ സമ്മതിക്കുന്നില്ല എന്ന് ചിലർ പറയും, കുടുംബം പുലർത്തേണ്ട മറ്റു ചിലർ കാരണം കണ്ടുപിടിക്കും. എത്രയോ സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതികളുണ്ട്. ഇതൊക്കെ ആരും പ്രയോജനപ്പെടുത്തുന്നു. തിരിച്ചടിക്കേണ്ടേ? പേടിയാണത്രേ! നന്നാകാൻ വഴിയുണ്ട്. നാം അദ്ധ്വാനിക്കണം. ആത്മാർഥതയോടെ വേണ്ടവിധം പരിശ്രമിക്കണം. പിന്നെ തിരിച്ചടക്കേണ്ട പ്രശ്നവും പ്രയാസവുമെവിടെ? അമ്പലമേട് വാർഷികാഘോഷ സദസ്സ് കൂടുമ്പോൾ കൊല്ലംതോറും പോളിടെക്നിക്കിന്റെ വിഷയം പ്രതിപാദിക്കപ്പെടുന്നു. സംസാരിക്കുവാൻ ആരും മുന്നോട്ടു വരുന്നു? ആരതിന് ബുദ്ധിമുട്ടുന്നു? ആര് പ്രയത്നിക്കുന്നു?

അർപ്പണബോധമുള്ള പ്രവർത്തകർ വർദ്ധിക്കണം. നിസ്വാർത്ഥ പ്രവർത്തകർ രംഗത്തെത്തണം. അപ്പോഴേ ഇതൊക്കെ പ്രാവർത്തികവാകു. പഠിത്തം കഴിയുമ്പോഴേക്കും ആപ്പീസ് ബാങ്ക് ജോലി വേണം. ജോലി കിട്ടുന്നതുവരെ മടിപിടിച്ച് ചുരുണ്ടുകൂടി കഴിയുന്നു. പ്രായപരിധി കവിയുമ്പോൾ മറ്റു ഉപാധികൾ തേടുന്നു. തന്റെ യോഗംപോലെ കിട്ടും നടക്കും എന്നുറച്ച് മുന്നോട്ടുപോകാൻ ധൈര്യം വേണം. സ്വതവേ അതുണ്ടാകണം അല്ലാതെങ്ങനെ? എന്തു ചെയ്യണമെങ്കിലും ചെയ്യിക്കണമെങ്കിലും ആൾബലം വേണം. പരിചയസമ്പന്നരെ വിളിച്ചാൽ ഉയർന്ന പ്രതിഫലം ചോദിക്കും. അത് പ്രാരംഭഘട്ടത്തിൽ നടപ്പില്ല. ആളില്ലാതെ സംഗതികൾ മുന്നോട്ടു പോകുകയുമില്ല. ചില സമയത്ത് ഒരു പാചകക്കാരന്റെ തസ്തികയിൽ പോലും പറ്റിയ ആളിനെ കിട്ടാതായിട്ടുണ്ട്. ഉള്ള സ്ഥാപനങ്ങളിൽ തന്നെ ഇതുപോലുള്ള പ്രശ്നങ്ങളാണെങ്കിൽ പുതിയവ നമുക്ക് എങ്ങനെ തുടങ്ങാൻ കഴിയും?

ബാലവിഭാഗം തുടങ്ങണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതാരംഭിച്ച് പോഷിപ്പിക്കുവാൻ ഒരു ഘടകത്തിൽ മൂന്നാലുപേരെങ്കിലും വേണം. ഇത്രയും പേർ ഇപ്പോൾ എവിടന്നു കിട്ടുന്നു? ആളുകൾ സന്നദ്ധരായി വന്നാൽ ആശയം

നടപ്പാകേണ്ട എന്നും പറയേണ്ടിവരില്ല. വാകൊണ്ട് പറയുന്നതല്ലാതെ പ്രവർത്തകർ ഒന്നും ഉദ്ദേശിച്ചത്ര നമുക്ക് അനുഭവംവെച്ച് സൂചിപ്പിച്ചും എന്നേയുള്ളൂ.

തിൻമകൾ ഉള്ളവരെ മനസ്സിലാക്കണം. അവരുമായി ഇണങ്ങണം. സാവധാനം നയപരമായി അവരെ സ്വാധീനിച്ച് തിരുത്തി ശരിയാക്കാൻ ശ്രമിക്കണം. ഈ ഉദ്യമത്തിനിറങ്ങി നമ്മുടെ സ്വയംസേവകർ അവരുടെ ദൂഷിതവലയത്തിൽ ചെന്നുചാടികുടുങ്ങി പോകരുതെന്ന് വ്യക്തമായി പറയട്ടെ! ഇതിനൊക്കെ നിയന്ത്രണശക്തിയും ആത്മബലവും വേണം.

ഇന്നും പല ഗ്രാമസഭകളും യഥാസമയം പ്രതിമാസ റിപ്പോർട്ട് മേഖലയ്ക്ക് അയച്ചുതുടങ്ങിയിട്ടില്ല. നിസ്സാര കാര്യങ്ങൾ പറഞ്ഞ് പിന്നോക്കം പോകുന്നു. പതിവായി ചെയ്യേണ്ടത് ചെയ്യണം, നിർദ്ദേശങ്ങൾ പാലിക്കണം. പ്രശ്നങ്ങൾ പാലിക്കണം. പ്രശ്നങ്ങളുണ്ടാക്കി പിൻമാറുന്നത് ശരിയല്ല. നാം വേണ്ടത്ര ഇനിയും സംഘടിച്ചിട്ടില്ല എന്നത് പരമാർത്ഥമാണ്.

നിർദ്ദിഷ്ട നിബന്ധനകൾ മാനിക്കാത്തവർ, അവർ എല്ലാം തികഞ്ഞവരാണ്. അവർക്കിനി യാതൊരു പരിശീലനവും വേണ്ട എന്ന് കരുതുന്നുണ്ടോ? മാനസിക ശേഷികവും ശക്തിയും വളർത്തി നല്ല പ്രവർത്തകരുമായി ഒത്തുചേർന്ന് അവരെ പിന്തുണയ്ക്കുകയാണ് വേണ്ടത്. ചർച്ച ചെയ്ത് അതോടെ അവസാനിപ്പിക്കരുത്. പിന്നീട് എന്തൊക്കെ ചെയ്യണമെന്ന് നോക്കി വേണ്ടതു ചെയ്യണം. ഇതര വിഭാഗങ്ങളിൽ ആഹാരവും വസ്ത്രവും മാത്രം സ്വീകരിച്ച് പ്രവർത്തിക്കുന്ന സേവകരുണ്ട്. അവർ ആത്മാർത്ഥതയോടെ ചുമതല നിർവ്വഹിക്കുന്നു. നമ്മുടെ പ്രവർത്തകർക്ക് ശമ്പളം കിട്ടിയാലും അതൃപ്തിയാണ്. ഈ മാനസികനില മാറണം.

ഗ്രാമസഭകൾ ആരംഭിക്കുന്നതിന് മുമ്പുള്ള സ്ഥിതിവെച്ച് താരതമ്യപ്പെടുത്തിയാൽ നമ്മൾ മെച്ചപ്പെട്ടുവരുന്നുണ്ട് എന്ന് കാണാം. പയ്യെ തിന്നാൽ പനയും തിന്നാം എന്നാണല്ലൊ ചൊല്ല്. മൂന്നാം തവണയും രണ്ടാം തവണയും ആയി ശിബിരത്തിൽ വന്നിരിക്കുന്ന 25ഉം 45ഉം ചേർത്ത് 70പേർ നമ്മുടെയൊപ്പം ഇന്നുണ്ട്. പരിശ്രമിക്കുക, വീണ്ടു വീണ്ടും പരിശ്രമിക്കുക. നമ്മുടെ കാര്യങ്ങൾ നടക്കും; തീർച്ചയായും നടക്കും. ഈശ്വരകടാക്ഷമുണ്ട്. രണ്ടു മൂന്നു മുഴുസമയപ്രവർത്തകരെ എടുക്കാമെന്നു കരുതി. ഒരാളെ തിരഞ്ഞെടുത്താൽ മറ്റേയാൾക്ക് പരിഭ്രവമായി. എല്ലാവരും നിപുണൻ മാരാണെന്നാണല്ലൊ ധാരണ. ചില ഗ്രാമസഭകൾ അഞ്ചാറുമാസം പ്രവർത്തിന്നു. ഏഴാം മാസം സ്തംഭിക്കുന്നു. നന്നായി പ്രവർത്തിക്കുന്നവരുമുണ്ട്. ഏഴാംമാസം സ്തംഭിക്കുന്നു. നന്നായി പ്രവർത്തിക്കുന്നവരുമുണ്ട്. അവർ തങ്ങളുടെ കാര്യം മാത്രം നോക്കിയിരിക്കരുത്. അടുത്തുതന്നെ സ്റ്റേറ്റ് കമ്മിറ്റി യോഗമുണ്ട്. ഗാഢമായി ആലോചിക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

നിങ്ങൾ നിർദ്ധാരിതരായി, ദൃഢചിത്തരായി എങ്കിൽ അടുത്തവർഷവും എത്തിച്ചേരും. സ്പോർട്ട്സ്മറ്റ് വേണമെന്ന് ഒരു ആശയം ഉയർന്നിരിക്കുന്നു. അത് ഒരു പ്രാവശ്യം നടത്തിയാൽ മതിയോ? കൊല്ലം തോറും വേണമെന്നാകും. ഗ്രാമസഭകൾ ഒട്ടധികം ഇനിയും നേരെ ചൊവ്വെ പ്രവർത്തനക്ഷമങ്ങളായി കഴിഞ്ഞിട്ടില്ല. കൃത്യനിഷ്ഠ പാലിക്കണം. റിപ്പോർട്ട് അയക്കണം. സമ്പർക്കം പുലർത്തണം. സ്വയം സേവകർ ഗ്രാമത്തിൽ സജീവരാകണം. പ്രശ്നാവലിക്ക് പലേടത്തുനിന്നും ഇനിയും മറുപടി എത്തിയിട്ടില്ല. സ്വയംസേവകർക്ക് ദൈനികകുറിപ്പെഴുതാൻ ഡയറി പുസ്തകം വേണം. കൊല്ലത്ത് അവർ നൽകിയിട്ടുണ്ട്. നാം കണ്ടു. അതുകൊണ്ട് മാത്രമായില്ല. അതു പതിവായി എഴുതുകയും വേണം. ഒന്നും ഇല്ലാത്തയിടത്ത് നിന്ന് തുടങ്ങി ഇവിടെ വരെയെത്തി എന്നാശ്വസിക്കും. പക്ഷേ ഇത്രയും മതിയോ? മേഖവാഹിതം കണക്കുകൾ..... അത്ര സുലഭവും സുഗമവുമല്ലിതൊക്കെ!

ഈ ശിബിരത്തിൽ നിങ്ങൾ പലതും പഠിച്ചു. ആസ്വദിച്ചു. പലതും നിങ്ങളെ ആകർഷിച്ചു. നല്ല പ്രവർത്തകർ ഈ പ്രചോദനംകൊണ്ട് കൂടണം. ആത്മബലമാണ് ഏറ്റവും വലിയ ബലം. ആത്മാവ് പരിശുദ്ധമാകുതോറും ബലം ഏറും. ബുദ്ധിയും മനസ്സും നിർമ്മലമാകണം. ദൈവിക വിഷയങ്ങൾ അതിനുതകുന്നവയാണ്. നല്ല ക്രിയാത്മകമായ സദ്ഭാവനാ സമ്പന്നമായ പരിപാക്വമായ ധാർമ്മിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന സാഹിത്യം തുടർച്ചയായി വായിക്കണം. മനസ്സും ബുദ്ധിയും നേർവഴിയിൽ ഉറപ്പിക്കണം. വെറും യാന്ത്രികമായി പോകരുത്. ശ്രദ്ധയോടെ ഗായത്രി ഉപാസിക്കണം; അതിനു ശേഷം കൃഷ്ണാർപ്പണം ചെയ്യണം. പ്രാർത്ഥനയുടെ അർത്ഥമറിഞ്ഞുകൂടായെങ്കിൽ തന്നെയും പ്രാർത്ഥിച്ചത് സാർത്ഥകമാക്കണേ എന്ന് പ്രാർത്ഥിക്കണം. ന്യൂനാതിരിക്ത ദോഷങ്ങൾ അപ്പോൾ അകന്ന് നന്മ ഭവിക്കും.

ഇന്ന് ഗായത്രി ഉപാസനയും പ്രാധാന്യം കേട്ടു. അത് മറക്കരുത്, കൈവിട്ടുകളയരുത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

പ്രസാദിച്ചാശീർവദിച്ചതിനുശേഷം ഗുരുവര്യർ പ്രവചനം ഉപസംഹരിച്ചു.

**സ്വയംസേവക് ശിബിരം 1987**

# 17. ഗുരുവര്യരുടെ തൃതീയ ശിബിര സമാപന ആശീർവചനം

സമാജത്തിലെ ദോഷങ്ങൾ അകറ്റണം. ഈ സദുദ്ദേശ പ്രാപ്തിക്ക് പ്രവർത്തകരെ പരിശീലിപ്പിക്കുവാനാണ് ശിബിരം നടത്തുന്നത് സ്വയംസേവകർ ആദ്യംതന്നെ അയോഗ്യതകളില്ലാത്തവരാകണം. ഗുണങ്ങൾ ആർജ്ജിച്ചവരാകണം. സ്വയംസേവകർക്ക് വേണ്ട നല്ല ബുദ്ധി, ക്രിയാശക്തി, ഇച്ഛാശക്തി മുതലായത് ലഭിക്കുവാൻ ശിബിരത്തിൽ തക്കതായ നിർദ്ദേശങ്ങളും നൽകുന്നുണ്ട്. സമാജത്തിന്റെ മൊത്തം നിലവാരം ഉയരണം. അതു സാധിക്കുവാൻ പ്രവർത്തകർ നിഷ്ഠബദ്ധരായി ഈശ്വരകൃപയ്ക്ക് പാത്രരാകണം. ഉന്നമനത്തിനായി പ്രവർത്തിക്കുവാൻ ദൃഢമായ സന്മനസ്സുള്ളവരാകണം. ബുദ്ധിയില്ല, തടിമത്രം വളർന്നു വലിപ്പംവെച്ചു. എന്തുഫലം? ചൊല്ല് കേട്ടിരിക്കും പൊണ്ണത്തടിയൻ എന്തിനുകൊള്ളാം....... തൂണിന് കൊള്ളാം.

ഒരു രാജാവിന് മന്ത്രി, കാവൽക്കാർ വിവിധ വകുപ്പു ജോലിക്കാർ ഒക്കെയുണ്ടായിരുന്നു. യോഗ്യത അനുസരിച്ച് രാജാവ് അവരെ നിയോഗിച്ചിരിക്കുകയാണ്. കാവൽക്കാർക്ക് ഒരു തോന്നലുണ്ടായി. എപ്പോഴും കാവൽ നില്ക്കണം, തുച്ഛമായ പരിഗണനയും പ്രതിഫലവും. മന്ത്രിക്കോ കുറച്ചു സമയത്തേക്ക് വന്നാൽ മതി, വലിയ ബംഗ്ലാവ്, ഉയർന്ന ശമ്പളം...... എല്ലാം എല്ലാം! ഈ മുറുമുറുപ്പ് രഹസ്യദൂതൻമാർ വഴി രാജാവിന്റെ ചെവിയിലെത്തി. രാജാവ് ആ കാവൽക്കാരനെ വിളിച്ചു. ജനലിൽകൂടി കാണിച്ച് അകലെ നടക്കുന്ന അനക്കവും തിരക്കും എന്തെന്ന് അന്വേഷിച്ചുവരാൻ പറഞ്ഞു. ആറുതവണ അയാൾ പോയിവന്നു. ഓരോ തവണ വരുമ്പോഴും രാജാവ് ചോദിക്കുന്ന കാര്യം അടുത്തതവണ അന്വേഷിച്ചു പറയും. മൊത്തം പഠനം അയാളെക്കൊണ്ട് സാധിച്ചില്ല. അയാളോടവിടെ നിൽക്കാൻ പറഞ്ഞിട്ട് രാജാവ് മന്ത്രിയെ വിളിപ്പിച്ചു. കാവൽക്കാരനോട് ആദ്യം പറഞ്ഞതുപോലെ മന്ത്രിയോടും പറഞ്ഞു. ഞൊടിയിടയിൽ മന്ത്രി പൂർണ്ണവിവരം സംഗ്രഹിച്ചുമടങ്ങി, പരിഹാരവും മുന്നിൽവെച്ച് ഉത്തരവും കാത്തുനിന്നു. തന്റെ പ്രാപ്തിയുടെ പരിമിതി കാവൽക്കാരന് ബോദ്ധ്യപ്പെട്ടു. മന്ത്രിക്ക് പ്രത്യേക ആനുകൂല്യം ലഭിക്കുന്നതെന്തുകൊണ്ടാണെന്നു മനസ്സിലായി.

ഭൗതികമായ മുന്നേറ്റം മാത്രംപോര, ആത്മീയമായ ഉന്നമനവും വേണം. ഗായത്രി ഉപാസന അതിനാണ്. ബുദ്ധി വികസിക്കുവാൻ ഇതു വളരെ സഹായകമാണ്. ശരീരവും സൗന്ദര്യവും മാത്രം നോക്കി വിശിഷ്ടമനസ്സും ബുദ്ധിയും പാഴാക്കല്ലെ എന്ന് കബീർദാസ് പറയുന്നു. ഈ ശരീരം നൽകിയ ദൈവത്തെ ആദ്യം തന്നെ ഓർക്കണം. കൃതജ്ഞതാപൂർവ്വം വണങ്ങണം. മുമ്പൊക്കെ തൊണ്ണൂറു കഴിഞ്ഞും ജീവിച്ചിരുന്നു. ഇപ്പോൾ അമ്പതിന്റെ പടിവരെ മാത്രം എത്തുന്നു. നിയന്ത്രണങ്ങളില്ലാതാകുന്നു. സംസാരിക്കുവാനും തിന്നുവാനും എല്ലാം തന്നിഷ്ടം! നാല്പതു തികയുന്നതിനു മുമ്പ് ഗ്യാസ്, Sugar B.P വീട്ടിലേതു മതിയാകാതെ സമയാസമയത്ത് ചുമ്മാ എന്നും പറഞ്ഞ് ഹോട്ടലിലും മറ്റും കിട്ടുന്നതു വാരിതിന്നുന്നു. ഇഷ്ടംപോലെയെല്ലാം മുറുകുമ്പോൾ കഷ്ടവും പെരുകുന്നു. കണ്ണുകഴച്ചാലും സിനിമ പിന്നേയും കാണണം. അങ്ങനെ അനാരോഗ്യം വിളിച്ചുവരുത്തുന്നു. നിയന്ത്രിത ജീവിതം തന്നെയാണ് എന്നും നല്ലത്.

ഇപ്പോൾ ഇവിടെ പലതും പഠിച്ചു. രാവിലെ മുതൽ രാത്രിവരെ ഒരു ചിട്ടയും ക്രമവും ജീവിതത്തിലുണ്ടാകണം. ശീലിച്ചാൽ എല്ലാം സുഗമമാകും. ഓരോ ഘടകവും പ്രത്യേകം പ്രത്യേകം സമാജമാണെന്ന് കരുതരുത്. മൊത്തം സമാജത്തിന്റെ ഒരു യൂണിറ്റാണ് നമ്മുടേത് എന്നായിരിക്കണം ധാരണ. ഏകതാമനോഭാവം സഹോദര്യം ഇതെല്ലാം ഈ ഭാവനയിൽ നിന്നുണ്ടാകും.

ഇവിടെ സുകൃതീന്ദ്രാ ചാരിറ്റീസും ഈശ്വരസേവയായി കണക്കാക്കി ശിബിരത്തിന് ഹാൾ നൽകി, മറ്റുള്ള ഒരുക്കങ്ങൾ ഭംഗിയായി ചെയ്തു. ശിബിരം സന്തോഷപ്രദമായി, പ്രബന്ധകരും ആത്മാർത്ഥമായി സഹകരിച്ച് സേവനമനുഷ്ഠിച്ചു.

ഇനി നിങ്ങൾ പ്രവർത്തനകേന്ദ്രങ്ങളിലേയ്ക്കാണ് മടങ്ങുന്നത്. നിങ്ങളെ ആരെങ്കിലും തരംതാഴ്ത്തി പറഞ്ഞാൽ പോലും അത് ആക്ഷേപമായി കരുതരുത്. ഈശ്വരസേവയായി ഗുരുസേവയായി കരുതി സധൈര്യം പ്രവർത്തിക്കുക. വീണ്ടും സർവ്വേശ്വരനോട് പ്രാർത്ഥിച്ച് നിങ്ങളേവരേയും ഹൃദയംഗമായി ആശീർവദിക്കുന്നു.